# കർസോനി -
## ഒരു ഭാഷാശാസ്ത്രവിലയിരുത്തൽ

**മാർക്കോസ് വി.പി.**

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിനായി സമർപ്പിച്ച പ്രബന്ധം

മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
2009

# Karsoni -
## A Linguistic Evaluation

Markose V.P.

Thesis submitted to the University of Calicut
for the Degree of Doctor of Philosophy

Department of Malayalam
University of Calicut
2009

Dr.G. Balasubramanian
Prof.&Head of the Department
Dept.of Dravidian and Computational Linguistics
Dravidian University
Kuppam, Andhra Pradesh.

## Certificate

Certified that the thesis entitled *Karsoni - Oru Bhashashasastra Vilayiruthal (Karsoni - A Linguistic Evaluation)* submitted for the degree of Doctor of Philosophy of University of Calicut is a bonafied record of research work done by MarkoseV.P. under my guidance. It is further certified that the above work has not previously formed the basis for the award of any Degree, Diploma, Associateship fellowship or other similar titles to the candidate.

Kuppam　　　　　　　　　　　　　　　　Dr.G. Balasubramanian

മാർക്കോസ് വി.പി.
ഗവേഷകൻ
മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# പ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ഡോ.ജി.ബാലസുബ്രമണിയന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് തയ്യാറാക്കിയ *കർസോനി - ഒരു ഭാഷാശാസ്ത്ര വിലയിരുത്തൽ* എന്ന ഈ പ്രബന്ധം മറ്റേതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അസോസിയേറ്റ്ഷിപ്പിനോ അതുപോലുള്ള ഏതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

മാർക്കോസ് വി.പി.

# നന്ദി

പ്രബന്ധരചനയുടെ എല്ലാ ഘട്ടങ്ങളിലും വ്യക്തവും കൃത്യവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഡോ. ജി.ബാലസുബ്രമണിയനോട് എനിക്ക് അളവില്ലാത്ത നന്ദിയുണ്ട്. അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ നിർബന്ധവും പിന്തുണയുമാണ് ഈ പ്രബന്ധം പൂർക്കിയാക്കാൻ എന്നെ സഹായിച്ചത്.

പ്രബന്ധരചനയ്ക്കാവശ്യമായ വ്യാകരണചിന്തകളിലും ഭാഷാപഗ്രഥനരീതി കളിലും ഡോ.ടി.ബി.വേണുഗോപാലപ്പണിക്കർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ വിലപ്പെട്ടതാണ്. ഈ ഗവേഷണത്തിനാവശ്യമായ കർസോനി പാഠങ്ങൾ ഭൂരിഭാഗവും ലഭ്യമായത് എറണാകുളം ജില്ലയിലെ പാമ്പാക്കുടയിലുള്ള കോനാട്ട് ലൈബ്രറിയിൽ നിന്നാണ്. ഈ ലൈബ്രറിയിലെ ഫാ.ജോൺസ് കോനാട്ട് പ്രകടിപ്പിച്ച അക്കാദമിക താല്പര്യവും സഹായ മനസ്ഥിതിയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

കോട്ടയത്തെ ദേവലോകം അരമന(പഴയ സെമിനാറി)യിലെയും കോട്ടയത്തെ സീറി(SEERI)യിലെയും തൃശൂർ കൽദായ സഭാ ആസ്ഥാനത്തെയും അധികൃതർ ഈ ഗവേഷണത്തിനാവശ്യമായ പാഠങ്ങൾ ലഭ്യമാക്കുന്നതിന് അവരുടെ ലൈബ്രറികൾ തുറന്നുതന്നിട്ടുണ്ട്. അതോടൊപ്പം കുരിയൻ കണിയാമ്പറമ്പിൽ കോറെപ്പിസ്ക്കോപ്പ യുടെ പക്കൽനിന്നും കർസോനിപാഠം ലഭിച്ചിട്ടുണ്ട്. കർസോനിപാഠങ്ങൾ ലഭ്യമാക്കുന്നതിന് എനിക്കു സഹായം നൽകിയ എല്ലാവരെയും ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

കർസോനിലിപിപഠനത്തിൽ എന്നെ സഹായിച്ച ഫാ.ജോസഫ് ചീരൻ, പ്രബന്ധം ടൈപ്പ് സെറ്റ് ചെയ്തു തന്ന സുഹൃത്ത് സി. ആദർശ്, ക്രിയാത്മക നിർദ്ദേശങ്ങൾ നൽകി പ്രബന്ധരചനയിൽ സഹായിച്ച സുഹൃത്തുക്കൾ ഡോ. ജോസഫ് കെ.ജോബ്, സി.വി.സുധീർ, ഡോ. അജു കെ. നാരായണൻ എന്നിവരോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പല തരത്തിൽ സഹായിച്ചിട്ടുള്ള സുനിൽ ഏബ്രഹാം തോമസ്, വി.അനൂപ്, സ്ലീബ എന്നീ സുഹൃത്തുക്കളോടും എനിക്കു നന്ദിയുണ്ട്.

ഗവേഷണത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളവിഭാഗം മുൻ അധ്യക്ഷൻ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഇപ്പോഴത്തെ അധായക്ഷൻ ഡോ. ടി.പവിത്രൻ, യൂണിവേഴ്സിറ്റി അധികൃതർ എന്നിവരോട് എനിക്കുള്ള നന്ദി അറിയിക്കുന്നു. പഠനത്തിനാവശ്യമായ പുസ്തകങ്ങൾ നൽകിയ കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളവിഭാഗം ലൈബ്രറി ജീവനക്കാരോടും യൂണിയൻ ക്രിസ്റ്റ്യൻ കോളേജ് ലൈബ്രറി അധികൃതരോടും എനിക്ക് കടപ്പാടുണ്ട്. എന്റെ ഗവേഷണത്തെ അനുഭാവപൂർവ്വം പരിഗണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത യൂ.സി.കോളേജിലെ അധികൃതരോടും സഹപ്രവർത്തകരോടും എനിക്ക് നന്ദിയുണ്ട്.

**മാർക്കോസ് വി.പി.**

## ഉള്ളടക്കം


*അധ്യായം ഒന്ന്:* **ഉപോദ്ഘാതം**/1

ഭാഷാസമ്പർക്കം/2
ലിപ്യന്തരണം/6
സുറിയാനി - മലയാളം സമ്പർക്കം/8
പൂർവ്വപഠനങ്ങൾ/12
പഠനലക്ഷ്യം/19
രീതിശാസ്ത്രം/21

*അധ്യായം രണ്ട്:* **കേരളത്തിലെ ക്രിസ്ത്യാനികൾ**/25

ചരിത്രവും വർത്തമാനവും/25
മിഷണറി മലയാളം/35

*അധ്യായം മൂന്ന്:* **കർസോനി: സാമാന്യവിവരങ്ങൾ**/43

ഗ്രന്ഥലിപി/45
വട്ടെഴുത്ത്/46
കോലെഴുത്ത്/47
മലയാണ്മ/48
അറബി-മലയാളം/48
കർസോനി/48
കർസോനിയുടെ പ്രയോക്താക്കൾ/50
കർസോനിരേഖകളുടെ കാലം/55

*അധ്യായം നാല്:* **കർസോനിരേഖകൾ**/69

പ്രാർത്ഥന/72
പ്രസംഗം/വ്യാഖ്യാനം/73
നിഘണ്ടു/73
അനുഷ്ഠാനക്രമം/74
കുറിപ്പ്/74
രേഖകളുടെ വിവരണം/74

*അധ്യായം അഞ്ച്:* **ഭാഷാപഗ്രഥനം**/82

അക്ഷര-ലിപി വിചാരം/82
വ്യഞ്ജനങ്ങൾ/86
കവർഗ്ഗം/86
ചവർഗ്ഗം/91
ടവർഗ്ഗം/92
വർത്സ്യവർഗ്ഗം/93
തവർഗ്ഗം/94
പവർഗ്ഗം/99
മധ്യമങ്ങൾ/101

ഊഷ്മാക്കൾ/103
ഘോഷി/104
അസവർണ്ണ വ്യഞ്ജനസംയുക്തങ്ങൾ/105
ഇരട്ടിപ്പ്/106
സ്വരങ്ങൾ/107
അക്ഷരം വിട്ടുപോകൽ/109
എഴുത്തുസമ്പ്രദായത്തിലെ സവിശേഷതകൾ/110
രൂപിമവിചാരം/113
ക്രിയ/115
പിൻവിനയെച്ചം/120
കാലം/121
വർത്തമാനകാലം/122
ഭാവികാലം/122
ഭൂതകാലം/123
മുൻവിനയെച്ചം/126
പേരെച്ചം/127
നാമനിർമ്മായി ക്രിയാരൂപങ്ങൾ/128
പാക്ഷികവിനയെച്ചം/129
നടുവിനയെച്ചം/130
തൻവിനയെച്ചം/130
ക്രിയാവൽക്കരണം/131
ക്രിയാനാമം/132
നാമം/135
വ്യുല്പന്നനാമങ്ങൾ/137
ലിംഗം/138
വചനം/140
വിഭക്തി/143
പരപ്രത്യയങ്ങളും വിഭക്തിക്കുതുല്യമായ മറ്റു പ്രയോഗങ്ങളും/148
സർവ്വനാമം/151
ദ്യോതകം/155
സ്വതന്ത്രദ്യോതകങ്ങൾ/155
അർദ്ധസ്വതന്ത്രദ്യോതകങ്ങൾ/158
ആശ്രിതദ്യോതകങ്ങൾ/160
പ്രയോഗവിശേഷങ്ങൾ/163
വാക്യങ്ങൾ - സാമാന്യ വിചാരം/165
കേവലവാക്യങ്ങൾ/166
സംയുക്തവാക്യങ്ങൾ/166
സങ്കീർണ്ണവാക്യങ്ങൾ/167
അനുപ്രയോഗം/167
ചർച്ച/169
*അധ്യായം ആറ്:* **പൊതുനിഗമനങ്ങൾ**/177
ഗ്രന്ഥ-ലേഖനസൂചി/185
അനുബന്ധം - 1 രൂപിമസൂചി/ i
അനുബന്ധം - 2 കർസോനിപാഠങ്ങൾ/ xliii

# ഒന്ന്

# ഉപോദ്ഘാതം

1.0 ഒരു ഭാഷ, മറ്റൊരു ഭാഷയുടെ ലിപികളാൽ ലേഖനം ചെയ്യുന്ന സമ്പ്രദായം ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. ഈ ഗണത്തിൽ പെടുത്താവുന്ന ഒന്നാണ് കർസോനി എന്ന എഴുത്തുരീതി. സുറിയാനി ലിപികൊണ്ടു മലയാളം എഴുതുന്ന സമ്പ്രാദയമാണിത്. മിഷണറിമലയാളഗദ്യങ്ങളിൽ ഒരു വിഭാഗം കർസോനിയിൽ എഴുതപ്പെട്ടതാണ്. ചരിത്രപണ്ഡിതരുടെയും ഭാഷാപണ്ഡിതരുടെയും ശ്രദ്ധ മിഷണറിമലയാളത്തിൽ പതിഞ്ഞിട്ടുണ്ടെങ്കിലും കർസോനി ലേഖനസമ്പ്രദായത്തെ അവർ വേണ്ടത്ര പരിഗണിച്ചില്ല. ഈ പ്രകരണത്തിലാണ് കർസോനിയെക്കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യമേറുന്നത്.

1.0.1 ഭാഷയുടെ സ്വത്വരൂപീകരണത്തിൽ ഇതര ഭാഷകളുമായുള്ള സമ്പർക്കസന്ദർഭങ്ങളും ഭാഷകരുടെ മനോഭാവങ്ങളും കൂടി പരിഗണിക്കേണ്ടതുണ്ട്. മലയാള ഭാഷക്ക് ഇതര ഭാഷകളുമായി ഉണ്ടായിട്ടുള്ള സമ്പർക്കങ്ങളെ കുറിച്ചുള്ള പഠനങ്ങളും ഇത്തരത്തിൽ പരിഗണിക്കേണ്ടതാണ്. പ്രാചീനകാലം മുതൽ തന്നെ ഇതര ഭാഷകളുമായി മലയാളത്തിന് (കേരള ഭാഷയ്ക്ക്) സമ്പർക്കമുണ്ടായിട്ടുണ്ടെങ്കിലും ആധുനിക കാലത്തു മാത്രമാണ് അത്തരം സമ്പർക്കങ്ങളെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനങ്ങൾ ഉണ്ടായിട്ടുള്ളത്. ഇതര ഭാഷകളുമായുള്ള സമ്പർക്കത്തിന്റെ വിവിധ വശങ്ങളും ഫലങ്ങളും വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്. അത്തരമൊരു പഠനത്തിനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

1.1 മലയാള ഭാഷക്ക് സുറിയാനിയുമായുണ്ടായിരുന്ന സമ്പർക്കത്തിന്റെ ഫലമായി സുറിയാനിക്രിസ്ത്യാനി മതവിഭാഗത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ ഭാഗമായി രൂപപ്പെട്ടതാണ് കർസോനി. ഭാഷാചരിത്രപരമായും സാംസ്കാരികചരിത്രപരമായും ഏറെ പ്രാധാന്യമർഹിക്കുന്നതും സുറിയാനി ക്രിസ്ത്യാനികളുടെ സ്വത്വബോധത്തിന്റെ സൂചകമായി വർത്തിക്കുന്നതുമായ കർസോ

നിയെക്കുറിച്ച് വിശദമായ പഠനങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

### 1.2 **ഭാഷാസമ്പർക്കം**

വികസിതമായ ആശയവിനിമയ രീതി എന്ന നിലയിൽ ഭാഷ മനുഷ്യനു മാത്രം ലഭിച്ചിട്ടുള്ള സിദ്ധിയാണ്. അതുകൊണ്ടുതന്നെ മനുഷ്യാവസ്ഥയെയും ഭാഷയെയും പരസ്പരം ബന്ധപ്പെടുത്തി പഠിക്കാവുന്നതാണ്. നരവംശശാസ്ത്രത്തിന്റെ പഠനമേഖലയിൽ മനുഷ്യഭാഷ ഉൾപ്പെട്ടത് ഇങ്ങനെയുള്ള നിരീക്ഷണങ്ങളുടെ ഫലമായാണ്. വംശങ്ങളുടെ വിന്യസനവും ഭാഷകളുടെ വിന്യസനവും തമ്മിലുള്ള പൊരുത്തങ്ങളാണ് ഇത്തരമൊരു നിരീക്ഷണത്തിന് അവരെ പ്രേരിപ്പിച്ചത്. ഭാഷയും മനുഷ്യവംശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള നരവംശശാസ്ത്രജ്ഞരുടെ നിഗമനങ്ങൾ 19-ാം നൂറ്റാണ്ടിന്റെ പകുതിയോടെ പുറത്തുവന്നു. വംശവും ഭാഷയും തമ്മിലുള്ള ബന്ധം നിത്യവും കൃത്യവുമാണെന്ന ധാരണയിലാണ് ഇക്കാലത്തെ നരവംശശാസ്ത്രപഠനം എത്തിച്ചേർന്നത്. വംശത്തെക്കാൾ സമൂഹത്തെയാണ് ഭാഷയുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ടത് എന്ന സങ്കല്പവുമായി ഭാഷാപഠനമേഖല മുന്നോട്ടുപോയി. സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ തുടക്കം ഇവിടെനിന്നാണെന്നു പറയാം. ഭാഷാപഠനത്തിൽ മാനകഭാഷ (Standard Langauge)യെ മാത്രം സ്വീകരിച്ചിരുന്ന നിലപാടുകൾക്ക് മാറ്റമുണ്ടായി. സാഹിത്യഭാഷ കൃത്രിമമാണെന്നും ഭാഷയുടെ യഥാർത്ഥവും സർഗ്ഗാത്മകവുമായ ചൈതന്യം ഭാഷാഭേദങ്ങളിലാണ് കുടികൊള്ളുന്നത് എന്നും വിശ്വസിച്ച ഭാഷാപഠിതാക്കൾ വാമൊഴിക്കുള്ള പ്രാധാന്യത്തെയും സാമൂഹികഭാഷാശാസ്ത്രത്തിന്റെ സാധ്യതയെയും ഉയർത്തിക്കാട്ടുകയാണ് ചെയ്തത്.

1.2.1 സാംസ്കാരികമായി വ്യത്യസ്തരായ ജനവിഭാഗങ്ങൾ പലവിധ കാരണങ്ങളാ□ സമ്പർക്കത്തിലേർപ്പെടു□ത് സ്വാഭാവികമാണ്. ഭൂപരമായ അടുപ്പം, യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും തുടങ്ങി പലവിധ കാരണങ്ങൾകൊ□ുള്ള കുടിയേറ്റം, കച്ചവടം, വിദ്യാഭ്യാസം, തൊഴി□, മതപ്രചാരണം എ□ിങ്ങനെയുള്ള വിവിധ കാരണങ്ങൾകൊ□് ജനങ്ങൾക്ക് സ്വന്തം ദേശവും സ്വന്തം സമൂഹവും വിട്ട് മറ്റൊരു

ദേശത്തിലോ മറ്റൊരു സമൂഹത്തിലോ ജീവിക്കേി വരാം. ഇങ്ങനെ അന്യദേശത്ത് അന്യസമൂഹത്തി എത്തിപ്പെടു ജനത അവിടുത്തെ ജനങ്ങളുമായി ഇടപഴ കു. വിഭി ഭാഷാസമൂഹങ്ങൾ തമ്മി ബന്ധപ്പെടുതിന്റെ ഫലമായുാ കു ഭാഷകളുടെ ഇടപഴകലിനെ ഭാഷാസമ്പർക്കം (Langauge Contact) എന്നു പറയാം. ഇങ്ങനെ സമ്പർക്കത്തിലാവുന്നത് വ്യത്യസ്ത ഭാഷകൾ തന്നെയായിരിക്കണമെന്നില്ല; ഭാഷാഭേദങ്ങളോ വ്യക്തി ഭാഷകളോ ആവാം.

1.2.2 ഭാഷാസമ്പർക്കത്തന് പല തരത്തിൽ സാഹചര്യമൊരുങ്ങാം. ഭാഷാപ്രയോഗത്തിൽ പങ്കു ചേരുന്ന വക്താവിന്റെയും ശ്രോതാവിന്റെയും സാമൂഹികാവശ്യങ്ങളെ പൂരിപ്പിക്കുമാറുള്ള ആശയ വിനിമയമാണ് ഭാഷകൊണ്ടു സാധിതമാവേണ്ടത്. അതിനാൽ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന രണ്ടു വ്യക്തികൾ ആശയവിനിമയം നടത്താനായി സന്ധിക്കുന്ന സാമൂഹിക പ്രവർത്തനരംഗങ്ങളെല്ലാം ഭാഷാസമ്പർക്കത്തിന് കാരണമാകും (ജോർജ്ജ്, 1998:40). ഒരു വ്യക്തി താനിടപഴകുന്ന സമൂഹത്തിലെ മറ്റു വ്യക്തികളിൽനിന്നും പലതും സ്വീകരിക്കുകയും സ്വന്തമാക്കുകയും ചെയ്യുന്നു.

1.2.3 സമ്പർക്കസാഹചര്യത്തിലെ ഭാഷകർ സ്വഭാഷകളിലെ പരിമിതികളെ അന്യഭാഷാശബ്ദങ്ങൾ കൊണ്ട് പരിഹരിക്കാറുണ്ട്. സമൂഹത്തിന്റെ മൊത്തം പങ്കാളിത്തത്തോടെ വളരെ അബോധപൂർവ്വമായി നടക്കുന്ന ഒരു പ്രക്രിയ ആണിത്. ഭാഷാസംവ്രജനം (Convergence) എന്നറിയപ്പെടുന്ന ഈ പ്രക്രിയയുടെ ഫലമായി ഭാഷയിൽ മാറ്റങ്ങൾ സംഭവിക്കുന്നു. ഇതൊരു ദീർഘമായ പ്രക്രിയയാണെന്നു പറയാം. സമ്പർക്കം കൊണ്ട് സംഭവിക്കാവുന്ന ഏറ്റവും പ്രാഥമികമായ ഫലമായി ഇതിനെ ഗണിച്ചാൽ, സമ്പർക്കത്തിലാവുന്ന ഭാഷകളിൽ ഒന്ന് ഇല്ലാതാവുകയോ സമ്പർക്കത്തിൽ നിന്ന് പുതിയൊരു ഭാഷ തന്നെ പിറവിയെടുത്ത് നിലനൽക്കുകയോ ചെയ്യുന്നത് ഭാഷാസമ്പർക്ക ഫലങ്ങളുടെ അങ്ങേയറ്റമാണ് എന്നു പറയാം. ഭാഷാസംവ്രജനത്തിന്റെ പ്രത്യക്ഷീകരണങ്ങളിൽ പ്രഥമമായും ധാരാളവുമായി സംഭവിക്കുന്നത് ആദാന(Borrowing)മാണ്. മറ്റൊരു ഭാഷയിൽനിന്ന് ഭാഷാഘട

കങ്ങളെ സ്വീകരിക്കുന്നതിനെയാണ് 'ആദാനം' എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. 'സ്വീകരിക്കൽ' എന്ന അർത്ഥമാണ് ഈ വാക്കിന് വിവക്ഷിച്ചിട്ടുള്ളത്. ആദാനം തന്നെ പല തരത്തിലും പല സാഹചര്യത്തിലും സംഭവിക്കാം എന്ന് വെൻറീച്ച് നിരീക്ഷിക്കുന്നുണ്ട് (Wenreich 1974: 3-4).

1.2.4 സ്വനതലം, വ്യാകരണതലം, അർത്ഥതലം, നിഘണ്ടുതലം, എന്നിങ്ങനെ ഭാഷയുടെ വിവിധ തലങ്ങളിൽ സംവ്രജനം സംഭവിക്കാം. ഇതിൽ വ്യാകരണ തലത്തിലുള്ള സംവ്രജനമാണ് പ്രധാനം. എന്നാൽ നിഘണ്ടുതലത്തിലുള്ള സംവ്രജനമാണ് സാധാരണ കൂടുതലായി സംഭവിക്കുന്നത്. സ്വന/സ്വനിമ, വ്യാകരണ തലങ്ങളെ അപേക്ഷിച്ച് കൂടുതൽ അയവുള്ളതാണ് ഭാഷയുടെ നിഘണ്ടു ഘടന എന്നതു കൊണ്ടാവണം ഇങ്ങനെ സംഭവിക്കുന്നത്. ഭാഷയുടെ നിഘണ്ടുതലത്തിലുള്ള ആദാനം പകരം വെയ്ക്കലോ പൂരിപ്പിക്കലോ മാത്രമായിരിക്കുമ്പോൾ വ്യാകരണതലത്തിലുള്ള സ്വീകരണങ്ങൾ ഭാഷയുടെ ഘടനയെ പൊളിച്ചെഴുതലാണ് എന്നർത്ഥം. 'അവൾ ആശുപത്രിയിലാണ്' എന്ന വാക്യത്തിൽ ആശുപത്രിക്കു പകരമായി 'ഹോസ്പിറ്റൽ' എന്നായാലും അർത്ഥ സംവേദനത്തിന് കോട്ടമൊന്നും സംഭവിക്കുന്നില്ല. കമ്പ്യൂട്ടർ എന്ന പദത്തിന്റെ കാര്യവും ഇതിനു സമാനമാണ്. പകരം വെയ്ക്കാൻ മറ്റൊരു പദമില്ലാത്തതു കൊണ്ട് സ്വീകരിച്ച ഈ പദം വാക്യഘടനയിൽ ചേർന്നുനിന്നുകൊണ്ട് അർത്ഥസംവേദനം സാധ്യമാക്കുന്നുണ്ട്. ഒരു ഭാഷയുടെ പദകോശത്തിലേക്ക് മറ്റൊരു ഭാഷയിൽനിന്നും പദങ്ങൾ കടന്നുവരുന്നു എന്നല്ലാതെ ഭാഷാഘടനയിൽ മാറ്റങ്ങളൊന്നും ഇവിടെ സംഭവിക്കുന്നില്ല. വ്യാകരണഘടനയുടെ പൊളിച്ചെഴുത്ത് എളുപ്പമല്ല എന്ന് മാരാർ *മലയാള ശൈലി*യിൽ കൊടുത്തിരിക്കുന്ന ഉദാഹരണം തെളിയിക്കുന്നുണ്ട്. "മലയാണ്മ അതായത് മലയാളത്തിലെ എഴുത്തുകാർ അഥവാ സാഹിത്യകാരന്മാരുടെ പുതു ശൈലികൾ ആ ഭാഷ, എന്നുവെച്ചാൽ മലയാളത്തിന്ന് തീരെ യോജിച്ചവയല്ല. തഴക്കവും പഴക്കവും ചെന്ന ചില എഴുത്തകാരുടെ രീതി പിടിച്ചെഴുതിയതാണ് ഈ വാചകം – അവരുടെ വാക്യങ്ങളിൽ കാണുന്ന ഒരു തരം വൈകല്യത്തെ മൂന്നു

വട്ടം ആവർത്തിച്ചിട്ടുണ്ടെന്ന അതിശയോക്തിയേ ഇതിലുള്ളൂ. അപഗ്രഥിത കക്ഷ്യയിലുള്ള ഇംഗ്ലീഷ് ഭാഷയിൽ സംബന്ധദ്യോതകങ്ങൾ (പ്രത്യയങ്ങൾ) പ്രകൃതികളിൽനിന്ന് വേർപെട്ട് സ്വതന്ത്രങ്ങളായി നിൽക്കുന്നതിനാൽ 'In Malayanma or Malayalam' എന്നെഴുതിയാൽ ആ 'In' മലയാണ്മയോടും മലയാളത്തോടും ചേർന്നുകൊള്ളും. വൈകൃതകക്ഷ്യയിലേക്കു കടക്കുന്ന മലയാളഭാഷയിലാകട്ടേ, പ്രത്യയങ്ങൾ അതാതു പ്രകൃതികളോട് ഒട്ടിപ്പിടിച്ചു നിൽക്കുന്നവയാണ്; 'മലയാണ്മ അതായത് മലയാളത്തിലെ' എന്നെഴുതിയാൽ പോര 'മലയാണ്മയിലെ അതായത് മലയാളത്തിലെ' എന്നു തന്നെ എഴുതണം. അതുപോലെ 'എഴുത്തുകാർ, ആ ഭാഷ' എന്നിവയിലും യഥോചിതം പ്രത്യയം ചേർത്താലേ അതു മലയാളവാചകമാവൂ" (കുട്ടികൃഷ്ണമാരാർ, 1980:4-5).

1.2.5 ഭാഷാസമ്പർക്കത്തിന്റെ സാഹചര്യ ഭേദമനുസരിച്ച് ആദാനം രണ്ടു തരത്തിൽ സംഭവിക്കുന്നതു കാണാം. മതപ്രചാരണം, കച്ചവടം, തുടങ്ങിയ ആവശ്യങ്ങൾക്കായി ഒരു ദേശത്തുനിന്നും മറ്റൊരിടത്ത് എത്തിച്ചേർന്ന് അവിടുള്ളവരുമായി ഇടപഴകുമ്പോൾ സംഭവിക്കുന്ന സാംസ്കൃതികാദാനമാണ് (Cultural Borrowing)ഒന്നാമത്തേത്. ഇങ്ങനെ എത്തിച്ചേരുന്നവർ വളരെക്കാലം ഒരു ദേശത്ത് വസിക്കുകയും തദ്ദേശീയരുടെ ഭാഷയുമായി ഇടപഴകുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ സാംസ്കാരിക പ്രാധാന്യമുള്ള കുറേ പദങ്ങളായിരിക്കാം ദേശഭാഷയിലേക്ക് കടന്നു ചെല്ലുക. മതപരമായ ആശയങ്ങളെയും ചടങ്ങുകളെയും കുറിക്കുന്ന ശബ്ദങ്ങൾ, ബന്ധനാമങ്ങൾ, നാണയങ്ങളെയും ആയുധങ്ങളെയും കുറിക്കുന്ന ശബ്ദങ്ങൾ എന്നിങ്ങനെ. ഒരു പ്രദേശത്തെ ജനതയെ കീഴടക്കിക്കൊണ്ട് സംഭവിക്കുന്ന കുടിയേറ്റത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഭാഷാസമ്പർക്കവും ആദാനവുമാണ് രണ്ടാമത്തേത്. കീഴടക്കൽ എന്നത് കായികമായി മാത്രം സംഭവിക്കുന്നതാവണമെന്നില്ല; മാനസികമായ കീഴടക്കലും ആവാം. ഇത്തരം സാഹചര്യങ്ങളിൽ കുടിയേറിയവർ ഉത്കൃഷ്ട സംസ്കാരമുള്ളവരെന്നും ദേശവാസികൾ അപകൃഷ്ട സംസ്കാരമുള്ളവരെന്നും മുദ്രകുത്തപ്പെടും. അങ്ങനെ വരുമ്പോൾ

ഉൽകൃഷ്ടഭാഷയിൽനിന്നും അപകൃഷ്ട ഭാഷയിലേക്ക് ഭാഷാമൂലകങ്ങൾ ധാരാളമായി പ്രവഹിക്കും. ഇവിടെ ദേശഭാഷയിലേക്ക് ആദാനം ചെയ്യപ്പെടുന്ന ഭാഷാഘടകങ്ങൾ ആദ്യം പറഞ്ഞതുപോലെ സാംസ്കാരിക പ്രാധാന്യമുള്ളവ മാത്രമാവില്ല. ഇങ്ങനെ പരിധിയില്ലാതെ സംഭവിക്കുന്ന ആദാന പ്രക്രിയയെ സന്നികൃഷ്ടാദാനം (Intimate Borrowing) എന്ന് വിളിക്കാം(ജോസഫ്, പി.എം, 1995: 14).

1.2.6 ഭാഷയുടെ ഉച്ചാരണതലം മുതൽ വ്യാകരണതലം വരെ ഭാഷാ സംവ്രജനത്തിന്റെ ഫലമായുള്ള മിശ്രരൂപങ്ങൾ കാണാവുന്നതാണ്. ഈ മിശ്രരൂപങ്ങൾ വാമൊഴിയിലോ വരമൊഴിയിലോ വരാം. 'ഭാഷാമിശ്രമിതെന്റികഴാതെ' എന്ന കണ്ണശ്ശന്റെ പ്രസ്താവം (മഹാദേവശാസ്ത്രി, 1989:92)വരമൊഴിയിൽ വരാവുന്ന മിശ്രരൂപത്തിന്റെ സാധ്യതയെയാണ് തെളിയിക്കുന്നത്. മിശ്രണവും സ്വാധീനവും പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം പരോക്ഷമായോ ഒറ്റ നോട്ടത്തിൽ കാണാവുന്ന വിധം പ്രത്യക്ഷമായോ സംഭവിക്കാം. വ്യാകരണതലത്തിൽ സംഭവിക്കുന്ന സ്വാധീനവും മിശ്രണവും വളരെ സാവകാശം മാത്രം സംഭവിക്കുന്നതിനാൽ അവ പരോക്ഷങ്ങളായിരിക്കും. പല പ്രത്യക്ഷമിശ്രണങ്ങളും കാലം ചെല്ലുമ്പോൾ പരോക്ഷമായി മാറുന്നതായും കാണാം. കാലം കൊണ്ട് ശീലമാകുമ്പോൾ മിശ്രണങ്ങൾ ഭാഷയുടെ ഭാഗമായിത്തീരുന്നു എന്നതാണ് ഇതിന് കാരണം.

### 1.3 **ലിപ്യന്തരണം**

ഭാഷാസമ്പർക്കത്തിന്റെ ഫലമായി സംഭവിക്കാവുന്ന മറ്റൊരു സ്വാധീനമാണ് ലിപിസ്വീകാരം എന്നത്. സമ്പർക്കത്തിലാവുന്ന ഭാഷകളിൽ ഒന്നിന്റെ ലിപി ഉപയോഗിച്ച് മറ്റൊരു ഭാഷ രേഖപ്പെടുത്തുക എന്നതാണ് ഇതിന്റെ രീതി. വിവർത്തനശാഖയിൽ ലിപ്യന്തരണം (Transliteration) എന്ന് പേരിട്ട് വിളിക്കുന്ന പ്രക്രിയ തന്നെയാണിത്. സ്രോതോഭാഷയിലെ ലിപ്യേകകങ്ങളെ ലക്ഷ്യഭാഷയിലെ ലിപ്യേകകങ്ങൾ(Graphological Units) കൊണ്ട് പകരംവെയ്ക്കുന്ന പ്രക്രിയക്കാണ് ലിപ്യന്തരണം എന്ന് പറയുന്നത് (Catford, 1974:66). ഒരു ഭാഷയിലെ ഓരോ ലിപിക്കും തുല്യമായ ഉച്ചാരണ മൂല്യമുള്ള ലിപിയെ ഇതരഭാഷയിൽനിന്നും കണ്ടെത്തി പ്രയോഗിക്കുകയാണ് അവിടെ ചെയ്യുന്നത്.

1.3.1 മൂന്നു ഘട്ടങ്ങളാണ് ലിപ്യന്തരണത്തിനുള്ളത്.

1. സ്രോതോഭാഷയിലെ അക്ഷര(ലിപി)ത്തെ അതേ ഭാഷയിലെ ഉച്ചാരണ ഏകകമാക്കി മാറ്റുന്നു.സാധാരണയായി വരമൊഴിയെ വാമൊഴിയാക്കുന്ന പ്രക്രിയ തന്നെയാണിത്.
2. സ്രോതോഭാഷയിലെ ഉച്ചാരണഏകകത്തെ ലക്ഷ്യഭാഷയിലെ ഉച്ചാരണ മാക്കിമാറ്റുന്നു.
3. ലക്ഷ്യഭാഷയിലെ ഉച്ചാരണഏകകത്തെ ലക്ഷ്യഭാഷയിലെ അക്ഷര(ലിപി) മാക്കി മാറ്റുന്നു.

രണ്ട് പ്രശ്നങ്ങളാണ് ഈ ലിപ്യന്തരണ പ്രക്രിയയ്ക്കുള്ളതായി കാറ്റ്ഫോർഡ് പറയുന്നത്. സ്രോതോഭാഷയിലെ ലിപ്യേകകത്തിനു തത്തുല്യമായ ഏകകം ലക്ഷ്യഭാഷയിൽ കിട്ടാതെവരും എന്നതാണ് ഒന്നാമത്തേത്. അപ്പോൾ ഒന്നിലധികം ലിപ്യേകകങ്ങളെ ഒരുമിച്ചുപയേഗിച്ച് പ്രശ്നം പരിഹരിക്കാം.

ഉദാഹരണമായി മലയാളത്തിലെ കവർഗ്ഗ അതിഖരമായ 'ഖ'യെ രേഖപ്പെടുത്താൽ ഇംഗ്ലീഷിൽ ഒറ്റ ലിപികൊണ്ട് കഴിയില്ല. അപ്പോൾ രണ്ടു ലിപികൾ ചേർത്തെഴുതി പ്രശ്നം പരിഹരിക്കാവുന്നതാണ്. ഖ - kh -എന്ന്.

രണ്ടാമത്തെ പ്രശ്നം സ്രോതോഭാഷയിലെ ഒരു ലിപിക്ക് രണ്ട് ഉച്ചാരണമുണ്ടാകാം എന്നതാണ്. അപ്പോൾ സന്ദർഭത്തിന് ആവശ്യമായ ഉച്ചാരണത്തെ സ്വീകരിച്ച് ലക്ഷ്യഭാഷയിൽ അതിനു തുല്യമായ ലിപിയേയോ ലിപിസംയുക്തങ്ങളെയോ സ്വീകരിക്കുകയാണ് പരിഹാരം.

ഉദാ: c 


(Circute സർക്യൂട്ട്)

ലിപികൾ ഉച്ചാരണ ഏകകങ്ങളായി രേഖപ്പെടുത്തുന്ന ഭാഷകളിൽ മാത്രമേ ലിപ്യന്തരണം സാധ്യമാകൂ. അർത്ഥം ഏകകങ്ങളായി രേഖപ്പെടുത്തുന്നവയാണ് ലിപികളെങ്കിൽ ലിപ്യന്തരണം സാധ്യമല്ല. (ഉദാ. ചൈനീസ്).

### 1.4 സുറിയാനി – മലയാളം സമ്പർക്കം

ക്രിസ്തു വർഷം ആദിശതകങ്ങളിൽത്തന്നെ കേരളത്തിന് വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. സഞ്ചാരതാല്പര്യംകൊണ്ടും കച്ചവട താല്പര്യംകൊണ്ടും കേരളത്തിലേക്ക് വന്നിട്ടുള്ള വൈദേശികർ ധാരാളമാണ്. ഇങ്ങനെ വന്നിട്ടുള്ളവരുടെ ഭാഷകളുമായി കേരളഭാഷയ്ക്കുണ്ടായിട്ടുള്ള സമ്പർക്കത്തെ തെളിയിക്കുന്ന ധാരാളം വാക്കുകൾ മലയാളത്തിൽ ഉണ്ട്. *മലയാളത്തിലെ പരകീയ പദങ്ങൾ*(ജോസഫ്,പി.എം, 1995:521–3) എന്ന കൃതിയിൽ ഇത്തരം വാക്കുകളുടെ പട്ടിക കാണാവുന്നതാണ്. പേർഷ്യൻ, അറബി, സുറിയാനി, ലാറ്റിൻ, ഫ്രഞ്ച്, ഡച്ച് തുടങ്ങി ഒട്ടേറെ വിദേശഭാഷകളുമായി മലയാളത്തിന് സമ്പർക്കത്തിലേർപ്പെടേണ്ടി വന്നിട്ടുണ്ട്. അവയിൽ വളരെ കുറച്ച് എണ്ണം മാത്രമേ ദീർഘ കാലം കേരളത്തിൽ നിലനിൽക്കുകയുണ്ടായിട്ടുള്ളൂ. സെമിറ്റിക് ഭാഷാഗോത്രത്തിൽപ്പെട്ട സുറിയാനി ഇത്തരത്തിൽ ദീർഘ കാലത്തേക്ക് കേരളഭാഷയുമായി സമ്പർക്കം പുലർത്തിയിട്ടുള്ള ഒന്നാണ്. ആദിമകാലങ്ങളിൽ മതപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് കേരള ക്രൈസ്തവർക്ക് സമ്പർക്കത്തിലേർപ്പെടേണ്ടി വിന്നിട്ടുള്ളത് പ്രധാനമായും സുറിയാനിയുമായിട്ടാണ്. ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമായിരുന്നു എങ്കിലും സുറിയാനി കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നു. സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന സുറിയാനി വാക്കുകൾ ഇതിനു തെളിവാണ്. (ഉദാ:ഓശാന, കപ്യാർ, കുർബാന, കൂദാശ, പർദീസ, പെസഹ, ബാവ,...).

1.4.1 ക്രിസ്തുമത വിശ്വാസവുമായി ബന്ധപ്പെട്ട് നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കേരളത്തിലെത്തിയെങ്കിലും സുറിയാനിഭാഷ മലയാളിയുടെ സാമാന്യവ്യവഹാരത്തിൽ കാര്യമായ സ്വാധീനം ചെയുത്തിയിട്ടില്ല. കേരള ക്രൈസ്തവരുടെ ആരാധ

നാഭാഷയിൽ സുറിയാനി നിലനിൽക്കുമ്പോഴും അവരുടെ വ്യവഹാരഭാഷ മലയാളം (അഥവാ മലയാളത്തിന്റെ പൂർവ്വരൂപം) തന്നെയായിരുന്നു.

നിത്യവ്യവഹാരത്തിനായി കേരളീയർ സുറിയാനി ഉപയോഗിച്ചിരുന്നതിന് തെളിവുകളില്ല. സുറിയാനി കേരള ക്രൈസ്തവരുടെ ആരാധന ഭാഷമാത്രമായിരുന്നു എന്ന് സഭാചരിത്രകാരന്മാരും മതപണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുമുണ്ട്. ഒരേ സമയത്ത് വ്യത്യസ്ത ഭാഷകൾ ഉപയോഗിക്കുന്ന സമൂഹങ്ങൾ പ്രസ്തുത ഭാഷകളുടെ ഓരോന്നിന്റെയും ഉപയോഗതലത്തെ വ്യവച്ഛേദിച്ചുവെയ്ക്കാറുണ്ട്. അതനുസരിച്ച് സുറിയാനി ഭാഷയുടെയും കേരളഭാഷയുടെയും ഉപയോഗതലങ്ങൾ ഏവയാണെന്ന് അന്വേഷിക്കാവുന്നതാണ്. കേരളക്രൈസ്തവരുടെ മതജീവിതവുമായി ബന്ധപ്പെട്ടാണ് സുറിയാനി കേരളത്തിൽ നിലനിന്നത്. എന്നതിനാൽ ക്രിസ്ത്യാനികളുടെ ആരാധനാഭാഷയായി സുറിയാനിയെയും നിത്യവ്യവഹാരഭാഷയായി മലയാളത്തെയും അടയാളപ്പെടുത്താം. വിദേശ സഭാനേതാക്കളോടുള്ള സമ്പർക്കഭാഷയായും സുറിയാനി ഉപയോഗിച്ചിരിക്കാം. ഔദ്യോഗികഭാഷയായും സുറിയാനിയെത്തന്നെ ഗണിച്ചിരുന്നിരിക്കാം എന്നർത്ഥം.

കേരളത്തിലെ ആദിമ ക്രിസ്ത്യാനികൾ ആരാധനയ്ക്കയി സുറിയാനിയാണ് ഉപയോഗിച്ചിരുന്നത് എന്ന് പറയപ്പെടുന്നുണ്ടെങ്കിലും അന്നത്തെ ക്രിസ്ത്യാനികളെല്ലാം സുറിയാനി പഠിച്ചിരുന്നു എന്നു കരുതാൻ വയ്യ. സുറിയാനി പഠിപ്പിക്കുന്നതിനുള്ള ശാലകൾ മധ്യകേരളത്തിൽ പലയിടത്തും ഉണ്ടായിരുന്നതായി തിസ്സരാങ്ങും(1960) വാൻഡർ പ്ലോഗും(1983) രേഖപ്പെടുത്തുന്നുണ്ട്. പൗരോഹിത്യ പഠനത്തിന്റെ ഭാഗമായിട്ടായിരുന്നു സുറിയാനി പഠിച്ചിരുന്നത്. മറ്റുള്ളവർക്ക് സുറിയാനി പഠിക്കേണ്ടതന്റെ ആവശ്യമോ സന്ദർഭമോ ഉണ്ടായിരുന്നില്ല.

1.4.2 സുറിയാനി ഭാഷ ആരാധനയ്ക്കോ കത്തിടപാടുകൾക്കോ ആയി പുരോഹിതന്മാർ ഉപയോഗിച്ചിരുന്നു എന്നല്ലാതെ അത് സംസാരഭാഷയായി ഉപയോഗിച്ചിരിക്കാൻ സാധ്യതയില്ലാത്തത് എന്തു കൊണ്ടാണ് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. സുറിയാനിയോട് സുറിയാനി ക്രൈസ്തവർ ഇന്നും പുലർത്തുന്ന

ഭക്തിയും ആദരവും ആ ഭാഷയ്ക്ക് അവർ കല്പിച്ചിരുന്ന 'ദൈവത്വ'ത്തിന്റെ തെളിവുകളാണ്. സുറിയാനി ഭാഷ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാതിരുന്നതിന് കാരണവും ഇതുതന്നെയാണ്. വിശുദ്ധമെന്നു കരുതുന്ന ഒന്നിനെ മറ്റൊന്നുമായി കൂട്ടിക്കുഴക്കാൻ വിശ്വാസികൾ തയ്യാറാവുകയില്ല. മതവിശ്വാസങ്ങളും ആചാരങ്ങളും പാരമ്പര്യത്തിലും യാഥാസ്ഥിതികതയിലും ഊന്നിയാണ് നിലനിൽക്കുന്നത് എന്നതിനാൽ അവയ്ക്ക് കാലം കഴിഞ്ഞാലും ഏറെയൊന്നും മാറ്റമുണ്ടാവുകയില്ല. അഥവാ പാരമ്പര്യരീതിയുടെ അവശിഷ്ടങ്ങൾ മറ്റൊരു വിധത്തിൽ തുടരുന്നുണ്ടാവും. കേരളക്രൈസ്തവർ ആരാധനയ്ക്ക് മലയാളവും ഉപയോഗിച്ചു തുടങ്ങിയതിനു ശേഷവും ചില സുറിയാനി വാക്കുകൾ ഇപ്പോഴും കാണാപ്പാഠമായി ജനങ്ങൾ ഉരുവിടാറുണ്ട്. ആമീൻ, ബാറെക്മോർ, കുറിയേലായിസോൻ, ഹല്ലേലുയ്യാ... എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ അൽമായർ എന്നു വിളിക്കപ്പെടുന്ന ഭക്തജനങ്ങൾ ആരാധനക്കിടക്ക് ഉരുവിടുന്നത് ഉദാഹരണം. ഈ പറയുന്ന പദങ്ങളുടെ അർത്ഥം കൃത്യമായി അറിഞ്ഞിട്ടല്ല ജനങ്ങൾ അതുപയോഗിക്കുന്നത്. സുറിയാനി പ്രാർത്ഥനക്രമം നിലനിന്നിരുന്ന കാലത്ത് പ്രയോഗത്തിലിരുന്ന രീതികൾ 'അഭിമാന'ത്തോടെ തുടരുക മാത്രമാണ് ഇവിടെ സംഭവിക്കുന്നത്.

1.4.3 ക്രിസ്ത്യൻ ലൈബ്രറികളിൽ ഇന്നും സൂക്ഷിച്ചിട്ടുള്ള മുൻകാല സുറിയാനി പ്രാർത്ഥനകളും വേദഭാഗങ്ങളും പഴയകാല ക്രിസ്തുമത ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന രേഖകളാണ്. ഇത്തരത്തിൽ കേരളത്തിലെ ക്രിസ്തുമത ജീവിതവുമായി അഭേദ്യമായ ബന്ധം ദീർഘകാലം പുലർത്തിയിരുന്ന സുറിയാനി ഭാഷ മലയാളഭാഷയിൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തിന് രണ്ടുതരത്തിലുള്ള പ്രത്യക്ഷീകരണമാണ് കാണാവുന്നത്. ആദാനം, പുതിയ എഴുത്തുസമ്പ്രദായം എന്നിവയാണ് അവ.

1.4.3.1 മറ്റു ഭാഷാതലങ്ങളെ അപേക്ഷിച്ച് കൂടുതൽ അയഞ്ഞ ഘടനയാണ് കോശതലത്തിനുള്ളത് എന്നതിനാൽ ഭാഷാസമ്പർക്കത്തിന്റെ ആദ്യഫലങ്ങൾ ഏറ്റവുമാദ്യം കണ്ടുതുടങ്ങുക ഭാഷയുടെ കോശതലത്തിലായിരിക്കും. അതനുസരിച്ച്

സുറിയാനി മലയാള സമ്പർക്കത്തെ നിരീക്ഷിക്കുമ്പോൾ മലയാളിയുടെ സാമാന്യവ്യവഹാരഭാഷയിൽ സുറിയാനി ഭാഷാപദങ്ങൾ വളരെ കുറവാണ് എന്നു കാണാം. പി.എം.ജോസഫിന്റെ *മലയാളത്തിലെ പരകീയ പദങ്ങൾ* (1995) എന്ന കൃതിയിൽ നൂറ്റിമുപ്പത്തിനാല് സുറിയാനി പദങ്ങളെ മലയാളം സ്വീകരിച്ചിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ പതിനൊന്ന് പദങ്ങൾ മാത്രമേ പ്രസിദ്ധങ്ങളായിട്ടുള്ളൂ. മറ്റുള്ളവ സുറിയാനിക്രിസ്ത്യാനികൾ ആരാധനയിലും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിലും മാത്രം ഉപയോഗിക്കുന്ന പദങ്ങളാണ്.

1.4.3.2 മലയാളം എഴുതുന്നതിന് മറ്റൊരു സമ്പ്രദായം ഉണ്ടായി എന്നതാണ് രണ്ടാമത്തെ പ്രത്യക്ഷീകരണം. മലയാളം സുറിയാനിലിപിയിൽ എഴുതിത്തുടങ്ങി എന്നതാണത്. കർസോനി എന്ന ഈ എഴുത്തു സമ്പ്രദായം മലയാളത്തിന്റെ തന്നെ ഒരു വൈവിധ്യമാണ്. ക്രിസ്ത്യാനികൾ മതചടങ്ങുകൾക്കും പ്രാർത്ഥനയ്ക്കുമായി മലയാളം ഉപയോഗിച്ചു തുടങ്ങിയ കാലത്ത് അതിനായി ഉപയോഗിച്ചിരുന്ന മലയാളം ഇവിടുണ്ടായിരുന്ന വ്യവഹാരഭാഷയുടെ നേർരൂപമായിരിക്കാൻ വഴിയില്ല. അത് മലയാളത്തിന്റെ ഒരു സാന്ദർഭിക വൈവിധ്യം തന്നെയായിരുന്നു. ആ വൈവിധ്യ രൂപത്തിന് ഒരു ധർമ്മം സാന്ദർഭികമായി നിറവേറ്റാനുണ്ടായിരുന്നു, ദൈവാരാധന എന്ന ധർമ്മം. ചുരുക്കത്തിൽ സുറിയാനിഭാഷയും മലയാളഭാഷയും തമ്മിലുണ്ടായ സമ്പർക്കത്തിന്റെ ഫലമായി 'കർസോനി' എന്നൊരു എഴുത്തു സമ്പ്രദായം കേരളത്തിൽ ഉണ്ടായി. സുറിയാനി ലിപിയിൽ മലയാളം എഴുതുന്ന രീതിയാണ് ഇത്. 'മലയാളം കർസോനി' എന്നും ഈ എഴുത്തു രീതി അറിയപ്പെട്ടു. മറ്റു തരം കർസോനികളും ഉണ്ടായിരുന്നു എന്നും കർസോനി എന്നത് ഒരു പൊതുനാമം ആയിരുന്നു എന്നും ധരിക്കാൻ ഈ പേർ ഇടനൽകുന്നുണ്ട്. ഏതായാലും 'അറബി കർസോനി' എന്നൊരു എഴുത്തുമുറയും ഉണ്ടായിരുന്നതിന് രേഖകൾ ഉണ്ട് (Thoma Kathanar, 1997:59). സുറിയാനി ലിപിയിൽ അറബി എഴുതുന്ന രീതിയാണ് ഇത്.

സുറിയാനി ലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമായ മലയാളം കർസോനിയാണ് ഈ പ്രബന്ധത്തിൽ പഠന വിഷയമാക്കിയിട്ടുള്ളത്.

അതുകൊണ്ടുതന്നെ ഈ പ്രബന്ധത്തിൽ കർസോനി എന്നു മാത്രം പ്രയോഗിച്ചാലും മലയാളം കർസോനിയെയാണ് ഉദ്ദേശിക്കുന്നത്.

**1.5 പൂർവ്വപഠനങ്ങൾ**

കേരളത്തിലെ ക്രിസ്ത്യാനികൾ ഭാഷയിലും സാഹിത്യത്തിലും നൽകിയിട്ടുള്ള സംഭാവനകളെ കുറിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും കർസോനിയെക്കുറിച്ച് കാര്യമായ ഗവേഷണപഠനങ്ങൾ ഉണ്ടായിട്ടില്ല. കർസോനിയെക്കുറിച്ചുള്ള പഠനങ്ങളോ കുറിപ്പുകളോ ഉണ്ടാകാൻ സാധ്യതയുള്ള വിവിധതരം കൃതികൾ ഇതിനായി പരിശോധിക്കുകയുണ്ടായി. സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചുള്ള പഠനങ്ങളാണ് അവയിൽ ഒന്നാമത്തേത്. മലയാള ഭാഷാസാഹിത്യ സംബന്ധികളായ പഠനങ്ങൾ, ചരിത്രങ്ങൾ എന്നിവയും നിഘണ്ടുക്കൾ, വിജ്ഞാനകോശങ്ങൾ എന്നിവയും ആണ് രണ്ടാമത്തേത്. മൂന്നാമത്തേത് ലിപികളെക്കുറിച്ചുണ്ടായിട്ടുള്ള പഠനങ്ങളാണ്. ഇവയിൽ ചില കൃതികളിൽ മാത്രമാണ് കർസോനിയെക്കുറിച്ച് പറയുന്നത്. അതുതന്നെ കേവലം പരാമർശങ്ങളോ ചെറുകുറിപ്പുകൾ മാത്രമോ ആണ്.

1.5.1 കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിക്കുന്ന ധാരാളം സഭാചരിത്രഗ്രന്ഥങ്ങളും പഠനങ്ങളും ഉണ്ടായിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ മാർത്തോമ്മാ ക്രസ്ത്യാനികളെയും അവരുടെ സുറിയാനി രേഖകളെക്കുറിച്ചും ജെ.പി.എം.വാൻഡർ പ്ലോഗ് 1983 -ൽ രചിച്ചിട്ടുള്ള കൃതി (Ploeg, 1983), കാർഡിനാൽ തിസ്സരാങ് രചിച്ച് എ.ഡി.മറ്റം, ജെ.തയ്യിൽ എന്നിവർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള *ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ* (തിസ്സരാങ്, 1960), ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ കുറിച്ച് 1956-ൽ എൽ. ഡബ്ല്യൂ.ബ്രൗൺ എഴുതിയിട്ടുള്ള കൃതി (Brown, 1956), *ആൻ ഇൻട്രൊഡക്ഷൻ ടു ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി (ഇന്ത്യൻ സഭാചരിത്രത്തിനൊരു മുഖവുര)* എന്ന പേരിൽ സി.ബി.ഫിർത് രചിച്ചിട്ടുള്ള പുസ്തകം (Firth, 1968), *ദ ആർച്ച് ഡീക്കൻ ഓഫ് ആൾ ഇൻഡ്യ*(Jacob, 1972) എന്ന കൃതി, ജോസഫ് ഇടമറുക് എഴുതിയിട്ടുള്ള

*കേരളസംസ്കാരം*(1971), *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ* (1952) എന്ന കെ.എൻ.ഡാനിയേലിന്റെ പുസ്തകം, *ആദിമകേരള ക്രൈസ്തവർ* (1972) എന്ന എൻ.കെ.ജോസിന്റെ കൃതി, എം.ഒ.ജോസഫിന്റെ *കേരള ക്രിസ്ത്യാനി കൾ*(1966), *കേരളവും ക്രിസ്ത്യൻ മിഷണറിമാരും*(1972) എന്നീ കൃതികൾ , പി. ജെ.തോമസ് രചിച്ച *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* (1935/1989)എന്ന കൃതി, പാറേമാക്കൽ തോമാക്കത്തനാരുടെ *വർത്തമാനപ്പുസ്തകം* (1936), ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളെക്കുറിച്ചുള്ള സ്കറിയാ സക്കറിയ യുടെ പഠനം (1994), *ഭാരതസഭാചരിത്രം* (1998) എന്ന പേരിൽ സേവ്യർ കൂടപ്പുഴ രചിച്ചിട്ടുള്ള സഭാചരിത്രഗ്രന്ഥം, വടക്കേക്കര ബെനഡിക്റ്റ് രചിച്ചിട്ടുള്ള *മാർത്തോമ്മ ക്രിസ്ത്യാനികളുടെ ഉത്ഭവം ഒരു ചരിത്രാന്വേഷണം* (1998) എന്ന കൃതി, വർഗ്ഗീസ് അങ്കമാലിയും ജോമോൻ തച്ചിലും ചേർന്നെഴുതിയിട്ടുള്ള *അങ്ക മാലി രേഖകൾ* (2002) എന്ന കൃതി  എന്നിവ അവയിൽ ചിലതാണ്. എന്നാൽ ഇവരിൽ വളരെക്കുറച്ചു പേർ മാത്രമാണ് കർസോനിയെക്കുറിച്ച് പരാമർശിക്കുക യെങ്കിലും ചെയ്തിട്ടുള്ളത്.

1.5.2 വാൻഡർ പ്ലോഗിന്റെ  ദി സിറിയൻ മാനുസ്ക്രിപ്റ്റ്സ് ഓഫ് സെന്റ് തോമസ് ക്രിസ്ത്യൻസ് എന്ന കൃതിയിൽ (1983:30) കർസോനിയെക്കുറിച്ച് ചെറിയ ഒരു കുറിപ്പ് നൽകുന്നുണ്ട്. “പതിനേഴ് /പതിനെട്ട് നൂററാണ്ടുകളിൽ പുതിയൊരു എഴു ത്തുരീതി പ്രത്യക്ഷപ്പെടുന്നതായി നമുക്കു കാണാം: ചില മലയാള അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് സുറിയാനി ലിപിയിൽ മലയാളം എഴുതുന്നതാണ് അത്. (മലയാള ത്തിന് സുറിയാനിയെക്കാൾ വളരെക്കൂടുതൽ വ്യഞ്ജനങ്ങളുണ്ട്.) ഒരു ലിപി അല്ലെ ങ്കിൽ വേറൊരു ലിപി ഉപയോഗിച്ച് ഒരു ഭാഷ എഴുതുന്ന രീതി മധ്യപൗ രസ്ത്യദേശത്ത് വളരെ പണ്ടു മുതൽത്തന്നെ നിലനിന്നിരുന്നു. അവിടെ ഇതിനെ ഗർശൂനി (കർശൂനി എന്നും എഴുതാം, ഈവാക്കിന്റെ ഉത്ഭവത്തെക്കുറിച്ചു അറി യില്ല, ഒരുപക്ഷേ ഇത് ഒരു വ്യക്തിയുടെ പേരാവാം) എന്നാണ് വിളിക്കുന്നത്. സുറിയാനിലിപി കൊണ്ട് അറബി എഴുതാനാണ് ഇതു കൂടുതലായും ഉപയോഗി

ച്ചിരുന്നത്. ഇന്നത്തെക്കാലത്ത് മലയാളം ഗർശൂനി വായിക്കാൻ കഴിയുന്നവർ വളരെ വിരളമാണ്. മലയാളം ഗർശൂനിയെക്കുറിച്ച് കൂടുതൽ അറിയാൻ ഞാൻ സമീപിച്ച വർ എല്ലാം ഒന്നുകിൽ അങ്ങനെ ഒന്നിനെക്കുറിച്ച് അറിയാത്തവരോ അല്ലെങ്കിൽ കണ്ണടച്ചു നിഷേധിച്ചവരോ ആയിരുന്നു."[1] സുറിയാനി രേഖകളുടെ അന്വേഷണ ത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കർസോനി രേഖകളെക്കുറിച്ചും ഈ കൃതിയിൽ പറയുന്നുണ്ട്.

1.5.3 ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ പ്രസാധനം ചെയ്തു കൊണ്ട് സ്കറിയാ സക്കറിയ(1994) നടത്തുന്ന പഠനത്തിൽ രണ്ടിടത്ത് ആനുഷം ഗികമായി കർസോനിയെ പരാമർശിക്കുന്നുണ്ട്.

1. മൈലാപ്പൂരിലും കോട്ടയത്തും സൂക്ഷിച്ചിട്ടുള്ള പ്രാചീന കൽക്കുരിശു കളെക്കുറിച്ച് പറയുന്നിടത്ത് പഹ്ലവി ഭാഷയിൽ സ്വരരഹിതമായ വ്യഞ്ജനങ്ങൾ മാത്രമായി എഴുതിയിട്ടുള്ള കുറിപ്പിനെക്കുറിച്ച് പറയുന്നുണ്ട്. അതിന്റെ അടിക്കു റിപ്പായി ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "കർസോൻ ലിപി വായിക്കേണ്ടി വരുമ്പോഴും ഇതേ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു"(പു. 29).

2. "...ആ മൂലഗ്രന്ഥങ്ങളും ഇന്നു നമുക്കു ലഭിച്ചിട്ടുള്ള പകർപ്പുകളും തമ്മി ലുള്ള അന്തരം നിർണയിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. സൂനഹദോസിൽ പങ്കെടുത്തവർ ഒപ്പു കുത്തിയ രണ്ടു പകർപ്പുകളിൽ ഒന്ന് മലയാണ്മയിലും മറ്റൊന്ന് കർസോനിയിലുമായിരുന്നു" (പു.57). ഉദയംപേരൂർ സൂനഹദോസിന്റെ കാനോന കളുടെ രണ്ടു പകർപ്പുകളിൽ ഒന്ന് കർസോനിയിലായിരുന്നിട്ടും കർസോനിയെ ക്കുറിച്ചുള്ള അന്വേഷണങ്ങൾ ഈ കൃതിയിലില്ല.

1.5.4 കോട്ടയത്തുനിന്നും പ്രസിദ്ധീകരിക്കുന്ന Harp എന്ന ആനുകാലികത്തിൽ (1997 ലക്കം 1,2 പു. 59-63) കർസോനിയെക്കുറിച്ചുള്ള ചെറുലേഖനം ഉണ്ട്. കൂന മ്മാക്കൽ തോമ്മാക്കത്തനാരാണ് ലേഖകൻ. ഇംഗ്ലീഷിലെഴുതിയിട്ടുള്ള പ്രസ്തുത ലേഖനം മലയാളം കർസോനിയെ പരിചയപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാ ണ്. കർസോനിയെക്കുറിച്ചുള്ള സാമാന്യ വിവരണവും ലിപിപരിചയവും ആണ്

ലേഖനത്തിന്റെ ഉള്ളടക്കം. ഉള്ളടക്കത്തെ ഇങ്ങനെ സംഗ്രഹിക്കാം.

1. അറബികർസോൻ പോലെ തന്നെ മലയാളം കർസോനും സുറിയാനി ലിപിയിൽ എഴുതാറുണ്ട്.
2. കർസോൻ എന്ന പേര് ഈ ലിപി തുടങ്ങിവെച്ച ആളിൽനിന്ന് ലഭിച്ചതാകണം.
3. സുറിയാനി രേഖകളെക്കുറിച്ചുള്ള പഠനം കേരളത്തിൽ അവഗണിക്കപ്പെട്ട നിലയിലാണ്.
4. പൗരസ്ത്യ സുറിയാനി കേരള ക്രൈസ്തവരുടെ ആരാധനാഭാഷയായിരുന്നപ്പോൾ കർസോനി കേരളത്തിൽ വികസിച്ചുവന്നു.
5. സുറിയാനി രേഖകൾ തീയിലിട്ട് നശിപ്പിക്കപ്പെട്ടതിനാൽ ഇന്ന് തെളിയിക്കാൻ കഴിയില്ലെങ്കിലും പോർച്ചുഗീസുകാർക്കു മുമ്പുതന്നെ കർസോനി ഇവിടെ നിലനിന്നിരുന്നു എന്ന് മനസ്സിലാക്കണം.

1.5.5 കർസോനിയെക്കുറിച്ചു പറയുവാൻ സാധ്യതയുള്ള മറ്റൊരു വിഭാഗം കൃതികളാണ് മധ്യകാല മലയാളത്തെ സംബന്ധിക്കുന്ന പഠനങ്ങൾ. സാഹിത്യ പഠനങ്ങളും ഭാഷാപഠനങ്ങളും ഇതിലുൾപ്പെടും. കേരളത്തിലെ ക്രിസ്ത്യാനികളെയും അവരുടെ സാഹിത്യകൃതികളെയും കുറിച്ച് പി.ജെ.തോമസ് നടത്തിയിട്ടുള്ള പഠനവും (തോമസ്, 1989) ആ കൃതിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള സ്കറിയാ സക്കറിയയുടെ ചർച്ചയും പൂരണവും എന്ന പഠനവും ആദ്യകാല മിഷണറി മലയാള ഗദ്യത്തെക്കുറിച്ചുള്ള സ്കറിയാ സക്കറിയയുടെ (Zacharia, 1990) ഗവേഷണപ്രബന്ധവും എസ്.ഗുപ്തൻനായരുടെ *ഗദ്യം പിന്നിട്ട വഴികൾ* എന്ന കൃതിയും (ഗുപ്തൻനായർ, 2001) മലയാളത്തിലെ പരകീയ പദങ്ങളെക്കുറിച്ചുള്ള പി.എം. ജോസഫിന്റെ പഠനവും (ജോസഫ്, പി.എം., 1995) പതിനെട്ടാം ശതകത്തിലെ മലയാള ഗദ്യത്തെക്കുറിച്ച് ജോസഫ് ചീരൻ എഴുതിയിട്ടുള്ള ലേഖനവും (ജോസഫ് ചീരൻ, 1991) പോൾ മണവാളൻ *കേരള സംസ്കാരത്തിൽ* ക്രൈസ്തവ മിഷണറിമാർക്കുള്ള പങ്കിനെക്കുറിച്ചു നടത്തിയിട്ടുള്ള ഗവേഷണവും (പോൾ, 1990) ഈ വിഭാഗത്തിൽപ്പെടുന്ന കൃതികളാണ്.

1.5.5.1 ഇവയിൽ *കേരളസംസ്കാരവും ക്രൈസ്തവ മിഷണറിമാരും* (പോൾ, 1990), *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* (തോമസ്, 1989), *മലയാളത്തിലെ പരകീയ പദങ്ങൾ* (ജോസഫ്,പി.എം, 1995) എന്നീ കൃതികളിൽ മാത്രമാണ് കർസോനിയെക്കുറിച്ചുള്ള പരാമർശങ്ങൾ ഉള്ളത്.

അച്ചടിയുടെ ഉത്ഭവത്തെക്കുറിച്ചു പറയുന്നിടത്ത് "...അക്കൊല്ലം (1602) തന്നെ അവിടെ (വൈപ്പിക്കോട്ട) സുറിയാനി ഗ്രന്ഥങ്ങളും അച്ചടിക്കാൻ തുടങ്ങി. ഈ ഗ്രന്ഥങ്ങൾക്ക് ഒരു മലയാള ടിപ്പണിയും ചേർത്തിരുന്നു. അതും സുറിയാനി ലിപിയിൽ (കർസോൻ) തന്നെയാണ് അച്ചടിച്ചിട്ടുള്ളത് "എന്നിങ്ങനെ പോൾ മണവാളൻ (1990:211) പറയുന്നു.

"പതിനേഴാം ശതാബ്ദത്തിൽ കടവിൽ ചാണ്ടിക്കത്തനാർ വിശുദ്ധ കുർബാനയെക്കുറിച്ചെഴുതിയതായ സ്തോത്ര ഗീതം അതി പ്രസിദ്ധമായ ഒന്നാണ്. ചില നസ്രാണി വൈദികർ അന്നും നാട്ടുഭാഷ പോലും ലേഖനം ചെയ്തിരുന്നത് സുറിയാനി ലിപികളിൽ ആയിരുന്നു. ഈ ലേഖന പദ്ധതിക്ക് കർസോൻ അഥവാ കുരസോനി എന്നാണ് പേർ. നാട്ടിൽ കാണപ്പെട്ട ലിപി വ്യത്യാസങ്ങളുടെ ബാഹുല്യവും അവ്യവസ്ഥിതിയുമായിരിക്കാം ഇതിന് കാരണമായിത്തീർന്നത് " എന്നൊരു പരാമർശമാണ് പി.ജെ.തോമസ് (1989:36) നടത്തിയിരിക്കുന്നത്.

"അറബി - മലയാളം ലിപിപോലെ കഴ്സൻ ലിപി എന്നറിയപ്പെടുന്നതും മലയാള ഭാഷ എഴുതാൻ ഉപയോഗിച്ചിരുന്നതും കൽദായ സുറിയാനിയുടെ ലിപികൾ ചില പരിഷ്കാരങ്ങൾക്ക് വിധേയമാക്കി രൂപപ്പെടുത്തിയതുമായ ഒരു ലിപിമാലയും മലങ്കര നസ്രാണികൾക്കുണ്ടായിരുന്നു." പി.എം.ജോസഫ്(1995:374) മലയാളത്തിലെ സുറിയാനി പദങ്ങളുടെ പട്ടികയ്ക്ക് ആമുഖം കുറിക്കുമ്പോഴാണ് സാന്ദർഭികമായി ഇങ്ങനെ പറഞ്ഞിരിക്കുന്നത്.

1.5.6 കർസോനിയെക്കുറിച്ച് ഇതുവരെ ഉണ്ടായിട്ടുള്ള കുറിപ്പുകളിലും പഠനങ്ങളിലും വെച്ച് ഏറ്റവും ദീർഘമായത് ജോസഫ് ചീരൻ(1997) *ഭാഷാപോഷിണി* ദ്വൈമാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'പതിനെട്ടാം ശതകത്തിലെ മലയാള ഗദ്യം'

എന്ന ലേഖനം ആണ്. കർസോനിയെ സംബന്ധിച്ച് വിവരണാത്മകമായി അല്പ മെങ്കിലും എഴുതപ്പെട്ടിട്ടുള്ളതും ഇതിലാണ്.

കർസോനിയെക്കുറിച്ചുള്ള പഠനം മലയാളഭാഷയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പുതിയ വെളിച്ചം നൽകുന്ന വിവരങ്ങൾ പുറത്തു കൊണ്ടുവരും എന്ന് ലേഖകൻ പ്രസ്താവിക്കുന്നുണ്ട്. എഴുത്തച്ഛന്റെ കാലം മലയാളികൾ വിശ്വസിച്ചു പോരുന്നതുപോലെ 16-ാം നൂറ്റാണ്ടായിരിക്കയില്ലെന്നും അതിലും നവീനമായ ഒരു കാലഘട്ടത്തിലായിരിക്കണം എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്നും ജോസഫ് ചീരൻ ഊഹിക്കുന്നു. 17, 18 നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട കർസോനി രേഖകളിൽ കാണുന്ന വട്ടെഴുത്തിന്റെ സാന്നിധ്യമാണ് ലേഖകനെക്കൊണ്ട് ഇപ്രകാരം ചിന്തിപ്പിക്കുന്നത്. 1789 -ൽ എറണാകുളം ജില്ലയിലെ കരിങ്ങാച്ചിറയിൽ വെച്ച് കർസോനിയിൽ എഴുതപ്പെട്ട ഒരു പ്രാർത്ഥനാക്രമത്തിലെ ഒരു പുറം ഉദ്ധരിച്ച് വിശകലനം ചെയ്യുന്നുണ്ട് അദ്ദേഹം. കർസോനിയിൽ പ്രത്യക്ഷമാകുന്ന ഉച്ചാരണ കാര്യങ്ങൾ, വ്യാകരണകാര്യങ്ങൾ,  പ്രാചീന പദങ്ങൾ എന്നിവയെ സാമാന്യമായി വിവരിക്കുന്നുണ്ട് ഈ ലേഖനത്തിൽ. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നിഗമനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. മണിപ്രവാളത്തിന് സമാന്തരമായി കേരളത്തിലുണ്ടായിരുന്ന സങ്കരഭാഷയാണ് കർസോനി.
2. കർസോനി എന്ന പദത്തിന് കറുത്ത സ്വർണ്ണം എന്നാണർത്ഥം.
3. വിദേശത്തുനിന്നു വന്ന സുറിയാനിമെത്രാന്മാർ മലയാള വാമൊഴി ഒരു വിധം ശീലിച്ചെങ്കിലും മലയാള വരമൊഴി അവർക്ക് വഴങ്ങാതെ നിന്നു. അങ്ങനെ സ്വന്തം ഭാഷാലിപിയിൽ അവർ മലയാളം എഴുതിത്തുടങ്ങി. അതാണ് കർസോനി.
4. മലയാളികളുടെ വാമൊഴിയിലും സുറിയാനിമിശ്രണം സംഭവിച്ചിട്ടുണ്ട്. ഉദാ: 'ബാവാക്കും പുത്രനും പരിശുദ്ധ റൂഹാക്കും'
5. വിദേശ സഭാധ്യക്ഷന്മാർക്കു വേണ്ടിയാണ് രൂപപ്പെട്ടതെങ്കിലും അചിരേണ

അത് കേരളക്രൈസ്തവരുടെ വൈദികഭാഷയായിത്തീർന്നു.

6. പ്രാചീന കേരളത്തിലെ അവിഭക്ത ക്രൈസ്തവസഭയിൽ കർസോനിയുടെ ഭാഷാസങ്കേതങ്ങൾ എല്ലാ വൈദികർക്കും അറിയാമായിരുന്നു.

7. പാശ്ചാത്യമിഷണറിമാർ ഇവിടെ വന്ന് മലയാളം പഠിക്കുന്നതിനു മുമ്പ്, കേരളീയരായ ക്രൈസ്തവവൈദികർ എഴുതിവെച്ചിട്ടുള്ള കർസോനിരേഖകൾ അക്കാലത്തെ ഗദ്യഭാഷാസ്വഭാവം സത്യസന്ധമായി ഉൾക്കൊള്ളുന്നവയാണ്.

ഇതൊക്കെ ലേഖകന്റെ അനുമാനങ്ങൾ മാത്രമാണ്. വേണ്ടത്ര തെളിവുകൾ സമാഹരിച്ച് നിരീക്ഷണ വിശകലനങ്ങളിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളല്ല. അതിന്റേതായ അപക്വത ഈ പ്രസ്താവനകൾക്കുണ്ട്. തന്റെ വാദങ്ങളെ സമർത്ഥിക്കുന്നതിന് തെളിവുകൾ ഒന്നും ഹാജരാക്കാൻ ലേഖകൻ മുതിർന്നിട്ടില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും നിലനിൽക്കുന്നതല്ല.

1.5.7 എൽ.വി.രാമസ്വാമി അയ്യർ(1949, 1973); എസ്.ഗുപ്തൻ നായർ (2001); സി. എൽ.ആന്റണി(1973) എന്നിവരൊക്കെ മിഷണറി മലയാളത്തെക്കുറിച്ച് പഠിച്ചിട്ടുള്ളവരാണ്. ഇവരുടെയൊന്നും കൃതികളിൽ കർസോനി കടന്നുവരുന്നില്ല. ഭാഷാചരിത്രം, സാഹിത്യചരിത്രം, വ്യാകരണകൃതികൾ, വിജ്ഞാനകോശങ്ങൾ, നിഘണ്ടുക്കൾ, എന്നിവയാണ് ഈ വകുപ്പിൽപ്പെടുന്ന ഇതര കൃതികൾ. നിർഭാഗ്യവശാൽ ചില നിഘണ്ടുക്കളിലൊഴികെ ഒന്നിലും കർസോനി പരാമർശിച്ചു കാണുന്നില്ല. *മലയാള മഹാനിഘണ്ടു, ശബ്ദതാരാവലി, കേരള ഭാഷാനിഘണ്ടു* എന്നിവയിലൊക്കെ 'സുറിയാനി ലിപി ഉപയോഗിച്ച് മലയാള വാക്യങ്ങൾ എഴുതുന്ന സമ്പ്രദായം' എന്ന് കർസോനിയെക്കുറിച്ച് പറയുന്നുണ്ട്. 1907ൽ വരാപ്പുഴയിൽനിന്ന് പ്രസിദ്ധീകരിച്ച *സുറിയാനി മലയാള നിഘണ്ടു*വിലും കർസോൻ ലിപിയെ പരാമർശിക്കുന്നുണ്ട്. “നമ്മുടെ വിദ്യാർത്ഥികൾക്ക് സുകരവും സുഗമവുമായ ഒരു നിഘണ്ടു ഇതേ വരെ ഈ ഭാഷയിൽ ഉണ്ടായിട്ടില്ല. മുമ്പ് ഇവിടെ ഉപയോഗിച്ചു വന്നിരുന്നത് 'കർസോൻ' എന്നു പറയപ്പെടുന്ന ഹസ്ത ലിഖിത നിഘണ്ടുക്കൾ ആയിരുന്നല്ലോ...” എന്നിങ്ങനെയാണ് ആ പരാമർശം(മല്പാൻ, 1907).

എന്നാൽ സുറിയാനി പഠിക്കുന്ന (വൈദിക) വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷിൽ രചിക്കപ്പെട്ടിട്ടുള്ള സുറിയാനി വ്യാകരണ കൃതികളിൽ കർസോനി പരാമർശിക്കപ്പെടുന്നുണ്ട്. (Gabriel, 1972, Emmanuel,1961) മലബാറുകാർ മലയാളമെഴുതാൻ സുറിയാനി ലിപി ഉപയോഗിക്കുന്നുണ്ടെന്നും അതിന് കർഷോൻ എന്നാണ് പേരെന്നും മലയാളമെഴുതാൻ സുറിയാനി ലിപി തികയാത്തതിനാൽ പുതുതായി ചില ലിപികൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും മറ്റും പറയുന്ന ഈ വിവരണങ്ങളാണ് കർസോനി വായിക്കുവാൻ നമ്മെ കൂടുതൽ സഹായിക്കുന്നത്. ഇവയിൽ തന്നെ ഗബ്രിയേൽ (1972) രചിച്ചിട്ടുള്ള കൃതിയാണ് എടുത്തു പറയേണ്ടത്.

മൂന്നാമത്തേ വിഭാഗത്തിൽപ്പെടുന്ന കൃതികൾ ലിപികളെക്കുറിച്ചുള്ള പഠനങ്ങളാണ്. കെ.ഏ.ജലീലിന്റെ *ലിപികളും മാനവസംസ്കാരവും* (1989) എന്ന കൃതിയിൽ കേരളത്തിൽ പ്രചരിച്ചിരുന്ന മറ്റു ലിപികളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും കർസോനി പരാമർശിക്കപ്പെടുന്നില്ല. *ഭാരതത്തിലെ പ്രാചീന ലിപികൾ*(1997) എന്ന പേരിൽ എസ്.ജെ.മംഗലം പ്രസിദ്ധീകരിച്ചിട്ടുള്ള കൃതിയിലും കർസോനിയെക്കുറിച്ച് പരാമർശിക്കുന്നില്ല. 1997 ഫെബ്രുവരി ലക്കത്തിലെ *വിജ്ഞാനകൈരളി* മാസികയിൽ 'കേരളത്തിലെ ലേഖന സമ്പ്രദായങ്ങൾ' എന്ന പേരിൽ പി.സുജാത എഴുതിയിട്ടുള്ള ലേഖനത്തിൽ കർസോനിയെ പരാമർശിക്കുന്നുണ്ട്. ഇവിടെയും കർസോനിയെ വിശദമായ വിശകലനത്തിന് വിധേയമാക്കിയിട്ടില്ല.

**1.6 പഠനലക്ഷ്യം**

ഭാഷാസമ്പർക്കത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളിൽ നിന്ന് വിഭിന്നമായ തരത്തിലും ഭാഷകൾ തമ്മിൽ സമ്പർക്കത്തിലാകാം. ഭാഷാസമ്പർക്കത്തിന്റെ ഫലങ്ങളായി എടുത്തു പറയാറുള്ള ഭാഷാസംവ്രജനം മുതൽ വെങ്കലഭാഷ വരെയുള്ള ഒരു തലത്തിലും ഇടം കിട്ടാത്തവിധമുള്ള ഫലങ്ങളും ഉണ്ടാകാം. അത്തരം ഒരു സമ്പർക്കസാഹചര്യവും സമ്പർക്കഫലവുമാണ് കർസോനി വെളിവാക്കുന്നത്. ഭാഷാസമ്പർക്കത്തിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നായിട്ടാണ് മതപ്രചാരണത്തെ സാമൂഹിക ഭാഷാശാസ്ത്രജ്ഞർ കരുതുന്നത് (Wenrich, 1974).

മതപ്രചാരണത്തിനായി ദേശാന്തരങ്ങളിൽ എത്തിപ്പെടുന്നവരുടെ ഭാഷ ദേശഭാഷയുമായി സമ്പർക്കത്തിലാവുന്നതിനെയാണ് അവിടെ വിവക്ഷിക്കുന്നത്. അവിടെയും സമ്പർക്കഫലം മുമ്പു സൂചിപ്പിച്ചതുപോലെ ഭാഷാസംവ്രജനം മുതൽ മിശ്രഭാഷയോ വെങ്കലഭാഷയോ വരെയുള്ള ഏതെങ്കിലും ഒരു തലമായിരിക്കും. ഇതിൽനിന്നു ഭിന്നമായ സാഹചര്യവും ഫലവുമാണ് സുറിയാനി - മലയാളം സമ്പർക്കത്തിൽ സംഭവിക്കുന്നത്. കച്ചവടത്തിനോ മതപ്രചാരണത്തിനോ കേരളദേശത്ത് എത്തിച്ചേർന്ന പൗരസ്ത്യ ദേശീയരായ ക്രിസ്ത്യാനികളിൽ കൂടിയാണ് സുറിയാനി കേരളത്തിൽ എത്തിയത്. കച്ചവടം, കുടിയേറ്റം, മതപ്രചാരണം എന്നിവയെ എല്ലാം ഭാഷാസമ്പർക്കകാരണങ്ങളായി പരിഗണിക്കുന്ന ഭാഷാശാസ്ത്രജ്ഞർ ആ സാഹചര്യങ്ങളിലെ ഭാഷകൾ പരസ്പരം സ്വാധീനിക്കുന്നതായി പറയുന്നുണ്ട് (Fasold, 1987). എന്നാൽ മലയാളിയുടെ സാമാന്യ വ്യവഹാരത്തിൽ സുറിയാനി ഭാഷ സ്വാധീനം ചെലുത്തിയതിന് തെളിവുകളില്ല. ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളുടെ മതജീവിതവുമായി ബന്ധപ്പെട്ടാകട്ടെ ധാരാളം സുറിയാനി വാക്കുകൾ ഉണ്ടുതാനും. ക്രിസ്ത്യാനികളുടെ മതജീവിതവുമായി/ആരാധനയുമായി ബന്ധപ്പെട്ടാണ് സുറിയാനി ഇവിടെ നിലനിന്നിരുന്നത് എന്ന് ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്. കച്ചവടത്തിനോ മതപ്രചാരണത്തിനോ വന്നവരിലൂടെയാണ് സുറിയാനി ഇവിടേയ്ക്കു കടന്നുവന്നതെങ്കിലും സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനാജീവിതവുമായി ബന്ധപ്പെട്ടുമാത്രം അതിന്റെ സ്വാധീനം കാണുന്നു എന്നത് സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന സംഗതിയാണ്. പ്രശസ്തമായ സമ്പർക്കസാഹചര്യങ്ങളോ സ്വാധീനഫലങ്ങളോ അല്ല സുറിയാനി മലയാളങ്ങളുടേത് എന്നത് ഒരു അപൂർവ്വതയാണ്.

സുറിയാനി-മലയാളം സമ്പർക്കത്തിന്റെ ഫലമായുണ്ടായ കർസോനിരേഖകളുടെ സമാഹരണവും ഭാഷാശാസ്ത്രപരമായ വിലയിരുത്തലും നടത്താനാണ് ഈ പ്രബന്ധത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കർസോനിയുടെ അക്ഷരം, ലിപി, രൂപിമം, വാക്യം എന്നീ ഘടകങ്ങളെ വിവരണാത്മകരീതിയിൽ അപഗ്രഥിക്കാനാണ്

ഉദ്ദേശിക്കുന്നത്. പാഠവിശകലനത്തിൽനിന്നു ലഭിക്കുന്ന രൂപിമങ്ങളുടെ ഒരു പട്ടികയും തയ്യാറാക്കുന്നുണ്ട്.

**1.7 രീതിശാസ്ത്രം**

കർസോനിയുടെ ഉത്ഭവത്തിനു കാരണമായ സുറിയാനി-മലയാളം സമ്പർക്കം ഇന്ന് നിലനിൽക്കുന്നില്ല. കർസോനി എന്ന എഴുത്തു സമ്പ്രദായവും ഇന്ന് പ്രചാരത്തിലില്ല. ഒരു പ്രത്യേക വ്യാവഹാരിക ധർമ്മത്തിനുവേണ്ടി നിലനിന്നിരുന്നത് എന്നതടക്കം പല സവിശേഷതകളും ഇതിനുണ്ടായിരുന്നിട്ടും കർസോനിയെക്കുറിച്ച് വിശദമായ പഠനങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ കർസോനിയെക്കുറിച്ചുള്ള ഏതു പഠനവും പ്രസക്തമാണ് എന്നു കാണാം. ഭാഷാശാസ്ത്ര പഠനമേഖലയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കർസോനിയെ വിലയിരുത്താനായി ശ്രമിക്കുന്ന ഈ പഠനം അതുകൊണ്ടുതന്നെ പ്രസക്തമാണ്.

1.7.1 മലയാളഗദ്യചരിത്രത്തിൽ കർസോനി പാഠങ്ങൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് ഉള്ളതെന്നും കർസോനിയുടെ ഭാഷാപഗ്രഥനത്തിലൂടെ മിഷണറിഗ ദ്യത്തിന്റെ കൂടുതൽ സവിശേഷതകൾ വെളിവാകുമെന്നും ഇത്തരം വസ്തുതകൾ ഭാഷാചരിത്രപഠനത്തിൽ കൂടുതൽ തെളിച്ചം നൽകാനും ഈ പഠനം സഹായി ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1.7.2 ഭാഷശാസ്ത്രമേഖലയിൽനിന്നു നോക്കുമ്പോൾ ഗണനീയമായ പഠനങ്ങളൊന്നും ഉണ്ടാകാത്തതിനാൽ ആദ്യത്തെ പഠനം എന്ന നിലയിൽ ഈ ഗവേഷണത്തിന് പല തലങ്ങളെയും സ്പർശിക്കേണ്ടതുണ്ട്. മലയാളികളും കർസോനിയും തമ്മിലുള്ള ബന്ധം, കർസോനിയുടെ പ്രചാരണകാലവും എഴുത്തുരീതിയും, പൊതുമലയാളത്തിൽ കർസോനിയുടെ സ്ഥാനം എവിടെയാണെന്ന അന്വേഷണത്തിന്റെ ഭാഗമായുള്ള ഘടനാപരമായ വിശകലനം എന്നീതലങ്ങളിലാണ് ഗവേഷണം പുരോഗമിക്കുന്നത്. വിവരണാത്മക പഠനത്തിന്റെ രീതികളെ പിന്തുടർന്നാണ് പഠനം നിർവ്വഹിച്ചിട്ടുള്ളത്.

1.7.3 ഇരുപതു പാഠങ്ങളിലായി മുന്നൂറോളം പുറങ്ങളാണ് ലഭ്യമായിട്ടുള്ള കർസോനി രേഖകൾക്കുള്ളത്. കർസോനിപാഠങ്ങൾക്കകത്തുനിന്ന് ലഭിച്ചിട്ടുള്ള സൂചനകളും കർസോനിയെ സംബന്ധിക്കുന്ന ഇതര പരാമർശങ്ങളും താരതമ്യം ചെയ്തും വിശകലനം ചെയ്തുമാണ് കർസോനിയുടെ കാലഘട്ടത്തെ മനസ്സിലാക്കാൻ ശ്രമിച്ചത്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രവും സാമൂഹിക സ്ഥിതിയും അവർക്ക് സുറിയാനിയുമായുണ്ടായ സമ്പർക്കത്തിന്റെ സാഹചര്യങ്ങളും വിശകലനം ചെയ്തുകൊണ്ട് കർസോനിയുടെ ഉത്ഭവത്തെയും ക്രിസ്ത്യാനികൾക്ക് കർസോനിയുമായുള്ള ബന്ധത്തെയും മനസ്സിലാക്കാൻ ശ്രമിച്ചിരിക്കുന്നു.

1.7.4 കർസോനി പാഠങ്ങളിലെ ഭാഷാഘടന മനസ്സിലാക്കുന്നതിന് വിവരണാത്മകപഠനരീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ലിപിതലം, സ്വനതലം, രൂപിമതലം, വാക്യതലം എന്നിങ്ങനെയുള്ള വിവിധ തലങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് പഠനം നിർവ്വഹിച്ചിട്ടുള്ളത്. സ്വന-ലിപി തലങ്ങളെ വിശദീകരിക്കുന്നതിന് ലഭിച്ചിട്ടുള്ള പാഠങ്ങളെ മുഴുവൻ ആധാരമാക്കുമ്പോൾ, രൂപിമ വിശകലനത്തിന് എല്ലാ പാഠങ്ങളുടെയും ഓരോപുറം മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. രൂപിമങ്ങളുടെ മാതൃകാവിശകലനം മാത്രമാണ് ഈ പഠനത്തിൽ നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത് എന്നതിനലാണ് ഓരോപുറം മാത്രം സ്വീകരിച്ചത്. വാക്യതലത്തെക്കുറിച്ചുള്ള സാമാന്യ നിരീക്ഷണങ്ങൾ നടത്താൻ മാത്രമേ ഇവിടെ ശ്രമിച്ചിട്ടുള്ളൂ.

വിവരണാത്മകരീതിയിലുള്ള പാഠവിശകലന രീതി സമകാലിക ഭാഷാ ശാസ്ത്ര പഠനത്തിൽ ഇന്നും സ്വീകാര്യമായ ഒന്നാണ്. കൃഷ്ണഗാഥയെക്കുറിച്ചുള്ള പഠനവും (Prabodhachandran,1973) കണ്ണശ്ശകൃതികളെക്കുറിച്ചുള്ള പഠനവും (Ramachandran,1973)മിഷണറിമലയാളത്തെക്കുറിച്ചുള്ളപഠനവും(Zacharia,1990) മലയാളത്തെക്കുറിച്ചുള്ള പഠനവും(Asher & T.C.Kumari,1997) ഈ തരത്തിൽ നടത്തിയിട്ടുള്ള പുതിയ പഠനങ്ങൾക്കു തെളിവാണ്.

പ്രബന്ധത്തിലെ അധ്യായങ്ങളിൽ പ്രതിപാദിക്കുന്ന ആശയങ്ങളെ ഒറ്റകുത്തിട്ട അക്കങ്ങൾ കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. 1.1.1 എന്നിങ്ങനെ. പാഠവിശകലനത്തിൽ നിന്നും ലഭിച്ചിട്ടുള്ള രൂപിമങ്ങളെ സൂചിപ്പിക്കുന്നതിന് രോധിനി ചിഹ്നം ഇട്ട് അക്കങ്ങൾ നൽകിയിരിക്കുന്നു. 1:1:1:1 എന്നിങ്ങനെ. ഒന്നാം പുസ്തകം ഒന്നാം പുറം ഒന്നാം വരി ഒന്നാം പാദം എന്നാണ് ഇതിനർത്ഥം. വിശദവിവരം അനുബന്ധം 1–ന്റെ ആമുഖത്തിൽ പറയും.

1.7.5 'കർസോനി– ഒരു ഭാഷാശാസ്ത്ര വിലയിരുത്തൽ' എന്ന ഈ പ്രബന്ധം ഭാഷാശാസ്ത്രത്തിന്റെ എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടല്ല തയ്യാറാക്കിയിരിക്കുന്നത്. കർസോനി രേഖകളുടെ സമാഹരണവും സാമാന്യവിശകലനവുമാണ് പഠനലക്ഷ്യമെന്നതുകൊണ്ട് അത്തരമൊരു പഠനത്തിനാണ് മുതിർന്നിട്ടുള്ളത്. ഈ പ്രബന്ധത്തിന് ആറ് അധ്യായങ്ങളാണുള്ളത്. ഉപോദ്ഘാതം എന്ന ഒന്നാമത്തെ അധ്യായത്തിൽ ഭാഷാസമ്പർക്കത്തിന്റെ വിവിധവശങ്ങളെക്കുറിച്ചും ഇവിടെ നടക്കുന്ന പഠനത്തിന്റെ രീതിയെക്കുറിച്ചും വിവരിക്കുന്നു. കേരളത്തിലെ ക്രിസത്യാനികൾ എന്ന രണ്ടാമധ്യായത്തിൽ മലങ്കരക്രിസ്ത്യാനികളുടെ ചരിത്രത്തിന്റെയും സാമൂഹികസ്ഥിതിയുടെയും പശ്ചാത്തലവിവരണവും മിഷണറിമലയാളത്തിന്റെ സാമാന്യവിവരണവും നടത്തിയിരിക്കുന്നു. കർസോനി സാമാന്യ വിവരങ്ങൾ എന്ന മൂന്നാമധ്യായത്തിൽ കർസോനി എന്ന എഴുത്തു സമ്പ്രദായത്തിന്റെ അടിസ്ഥാനവിവരങ്ങളെക്കുറിച്ചും അതിന് സുറിയാനി, മലയാളം എഴുത്തുരീതികളുമായുള്ള ബന്ധത്തെക്കുറിച്ചും കർസോനിയുടെ ഉത്ഭവം, അതിന് കൃസ്ത്യാനികൾക്കിടയിലുള്ള പ്രാധാന്യം എന്നിവയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. കർസോനി രേഖകൾ എന്ന നാലാമധ്യായത്തിൽ ഈ പഠനത്തിന് ആധാരമായിട്ടുള്ള കർസോനി രേഖകളെക്കുറിച്ചുള്ള വസ്തുതാവിവരണം നടത്തിയിരിക്കുന്നു. ഭാഷാപഗ്രഥനം എന്ന അഞ്ചാമധ്യായം കർസോനിപാഠങ്ങളിലെ ലിപി, സ്വനം, രൂപിമം, വാക്യം എന്നീ ഘടകങ്ങളുടെ വിശകലനമാണ്. ആറാമധ്യായം പൊതു

നിഗമനങ്ങളാണ്. ഈ ഗവേഷണ പഠനത്തിലൂടെ ലഭിച്ച ഉൾത്തെളിച്ചങ്ങൾ ഇവിടെ ക്രോഡീകരിക്കുകയും നിഗമനങ്ങൾ എടുത്തുകാട്ടുകയും ചെയ്യുന്നു. ഈ പഠനത്തിന് ആധാരമാക്കിയിട്ടുള്ള ഗ്രന്ഥങ്ങളുടെയും ലേഖനങ്ങളുടെയും പട്ടിക ഗ്രന്ഥ-ലേഖനസൂചിയിൽ ചേർത്തിരിക്കുന്നു. അഞ്ചാമധ്യായത്തിലെ രൂപിമവിശകലനത്തിൽ നിന്നും ലഭിച്ചിട്ടുള്ള രൂപങ്ങളുടെ വിശദമായ പട്ടിക അനുബന്ധം-1 എന്ന പേരിൽ ചേർത്തിട്ടുണ്ട്. രൂപിമവിശകലനത്തിന് ആധാരമാക്കിയിട്ടുള്ള മാതൃകാപാഠങ്ങൾ അനുബന്ധം-2 ആയി അവസാനം ചേർത്തിരിക്കുന്നു.

### കുറിപ്പുകൾ

1. "In the 17/18th century we observe the appearance of a new kind of writing: Malayalam written in Syrian characters, with the addition of some Malayalam letters. (Malayalam has many consonants than Syrian). The Practice of writing a language in a script of another one is very old in the middle East, Where it is now called Garsuni (written also Karsuni a word of unknown origin, perhaps the name of a person?, mostly Arabic in Syriac Characters. At present the persists who can read the Malayalam Garsuni are rare: most of those whom I approached for explanations did not even know of its existence or even flatly denied it." (1983:30)

# രണ്ട്

# കേരളത്തിലെ ക്രിസ്ത്യാനികൾ

2.0 കേരളത്തിലെ ക്രിസ്ത്യാനികളുടെ ഉത്ഭവത്തെക്കുറിച്ച് കൃത്യമായ ചരിത്ര രേഖകളൊന്നും തന്നെയില്ല. ഏ.ഡി. 52–ൽ ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് കേരളത്തിൽ എത്തുകയും മതപ്രചാരണം നടത്തുകയും ചെയ്തു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത്. എന്നാൽ ചരിത്രകാരന്മാരോ മതപണ്ഡിതന്മാർ പോലുമോ ഇക്കാര്യം ഉറപ്പിച്ചു പറയുന്നില്ല.

## 2.1 ചരിത്രവും വർത്തമാനവും

സെന്റ് തോമസ് കേരളത്തിൽ വന്നു എന്നു വിശ്വസിക്കുന്നവരുടെ പ്രമാണം ഏ.ഡി. 2–4 നൂറ്റാണ്ടിൽ ഏഡേസായിൽ ഉണ്ടായ *യൂദാത്തോമ്മായുടെ നടപടികൾ*[1] എന്ന ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിന്റെ പ്രാമാണികതയെക്കുറിച്ച് ചരിത്രകാരന്മാർക്ക് യാതൊരു മതിപ്പുമില്ല. “ചരിത്രവസ്തുതകളോടുള്ള സമീപനം പരിഗണിക്കുമ്പോൾ ഈ ഗ്രന്ഥത്തെ നമ്മുടെ കേരളോൽപ്പത്തികളോടാണ് ഉപമിക്കേണ്ടതെന്നു തോന്നുന്നു” എന്നാണ് സ്കറിയാ സക്കറിയ(1994:15) രേഖപ്പെടുത്തുന്നത്. റമ്പാൻ പാട്ട്, മാർഗ്ഗംകളിപ്പാട്ട് തുടങ്ങിയ കൃതികളും സെന്റ് തോമസിന്റെ വരവിനെ കുറിച്ച് പറയുന്നുണ്ടെങ്കിലും ഇവയൊന്നും പരമ്പരാഗത ചരിത്രരചനയുടെ ഉപാദാനസാമഗ്രികളായി അംഗീകരിക്കപെട്ടിട്ടുള്ളവയല്ല.

2.1.1 സെന്റ് തോമസിന്റെ നേതൃത്വത്തിലുള്ള മതപ്രചാരണത്തിന്റെ ഭാഗമായി കേരളത്തിലെ നിരവധി നമ്പൂതിരി(ബ്രാഹ്മണ) കുടുംബങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു എന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുണ്ട്. എന്നാൽ പിൽക്കാല ചരിത്രകാരന്മാർ ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്. സംഘകാലമെന്നറിയപ്പെട്ടിരുന്ന ക്രിസ്തുവർഷം ആദിശതകങ്ങളിൽ കേരളത്തിൽ ജാതി സമ്പ്രദായമോ ബ്രാഹ്മണാധിപത്യമോ നിലനിന്നിരുന്നില്ല എന്നതാണ് ഇതിനു കാരണമായി അവർ എടുത്തുകാണിക്കുന്നത്. എം.ഒ.ജോസഫ്(1996), ജോസഫ് ഇടമറുക്(1971), എൻ. കെ.ജോസ്(1972), സ്കറിയാ സക്കറിയ(1994), പി.എം.ജോസഫ്(1995) തുടങ്ങിയ

വരുടെ നിരീക്ഷണങ്ങൾ കേരളത്തിലെ ആദിമ ക്രൈസ്തവർ ബുദ്ധമതത്തിൽ നിന്നും വന്നിട്ടുള്ളവരാകാമെന്ന സാധ്യതയെയാണ് അംഗീകരിക്കുന്നത്.

2.1.2 ക്രിസ്ത്യാനികളുടെ ഉത്ഭവവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മറ്റൊരു ഐതിഹ്യം ക്നായിത്തൊമ്മന്റെ വരവും സുവിശേഷ വേലയുമാണ്. ഏ.ഡി.345-ൽ കൊടുങ്ങല്ലൂരിലെത്തിയ പേർഷ്യൻ വ്യാപാരിയാണ് ക്നായിത്തൊമ്മനെന്നും അദ്ദേ ഹവും സംഘവും നടത്തിയ മതപ്രചാരണവും വാണിജ്യപ്രവർത്തനങ്ങളും ക്രിസ്ത്യാ നികൾക്ക് സമൂഹത്തിൽ ഉന്നതപദവി നേടിക്കൊടുത്തു എന്നുമാണ് പ്രസ്തുത ഐതി ഹ്യത്തിന്റെ ഉള്ളടക്കം. ഏ.ഡി. 4 മുതൽ 9 വരെയുള്ള വിവിധ നൂറ്റാണ്ടുകൾ ക്നായി ത്തൊമ്മന്റെ വരവുമായി ബന്ധപ്പെടുത്തി പറഞ്ഞു പോരുന്നുണ്ട്. ക്നായിത്തൊ മ്മന്റെ പ്രവർത്തനങ്ങളിൽ മതിപ്പുതോന്നിയ ചേര ചക്രവർത്തി 72 പദവികൾ അനുവദിക്കുന്ന ഒരു ചെപ്പേട് അദ്ദേഹത്തിനു നൽകി എന്നൊരു അനുബന്ധം കൂടി ഈ ഐതിഹ്യത്തിനുണ്ട്. ഏതായാലും ക്നായിത്തൊമ്മന്റെ പേരിൽ കേരള ക്രിസ്ത്യാനികൾ വടക്കുംഭാഗരെന്നും തെക്കുംഭാഗരെന്നും രണ്ടായി തിരിഞ്ഞിട്ടു ണ്ടെന്നത് ചരിത്രവസ്തുതയാണ് (ജോസഫ് ചാഴിക്കാട്ട്, 1940; ജോസഫ് കൂർമ്മാങ്കൻ, 1944).

2.2 മേൽപ്പറഞ്ഞ ഐതിഹ്യങ്ങളുടെ നിജസ്ഥിതി എന്തായിരുന്നാലും പോർച്ചുഗീസുകാരുടെ വരവിനു മുമ്പുതന്നെ ദീർഘമായ ഒരു ക്രിസ്ത്യൻ പാര മ്പര്യം കേരളത്തിലുണ്ടായിരുന്നു എന്ന വസ്തുതയെ ചരിത്രകാരന്മാർ നിഷേ ധിച്ചിട്ടില്ല. ക്രിസ്തു വർഷം ആദിശതകങ്ങൾ മുതൽതന്നെ ക്രിസ്തുമതം ഇവിടെ പ്രചരിച്ചിരുന്നിരിക്കണം. വിദേശങ്ങളുമായി ഉറച്ച വാണിജ്യ ബന്ധങ്ങളുണ്ടായി രുന്ന അക്കാലത്ത് ക്രിസ്തുമത പ്രചാരകരും ഇവിടെ വന്നിട്ടുണ്ടാവും. വിദേശ സഞ്ചാരികളുടെ വിവരണങ്ങളും തരിസാപ്പള്ളി ചെപ്പേടുകൾ പോലുള്ള രേഖ കളും ഉദയംപേരൂർ സൂനഹദോസ് കാനോനാകളും എല്ലാം ഈ ചരിത്ര വസ്തു തയിലേക്ക് വെളിച്ചം വീശുന്ന തെളിവുകളാണ്. കൊല്ലവർഷാരംഭത്തിൽ പേർഷ്യ യിൽ നിന്നും എത്തിച്ചേർന്ന മറ്റു ചില വ്യാപാരികളെക്കുറിച്ചുള്ള കഥകളും

ക്രൈസ്തവ ചരിത്രത്തിൽ ഉണ്ട്. തരിസാപ്പള്ളി ശാസനത്തിൽ പരാമർശിക്കുന്ന സപീർ ഈശോ ഇവരിൽ ഒരാളായിരുന്നു എന്നാണ് വിശ്വാസം. പോർച്ചുഗീസു കാർ പതിനാറാം നൂറ്റാണ്ടിൽ ഇവിടെ എത്തുമ്പോൾ കേരളത്തിലെ ക്രിസ്ത്യാ നികൾ സാമൂഹികമായും സാമ്പത്തികമായും ഉന്നതമായ നിലയിലായിരുന്നു ഉണ്ടായിരുന്നത്. ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്ന ഉയർന്ന സ്ഥിതിയെ ചരിത്ര കാരന്മാരും മതപണ്ഡിതന്മാരും ശരിവെയ്ക്കുന്നുണ്ട്.[2] വൈദേശികബന്ധത്തിലൂ ടെയും അധ്വാനശീലത്തിലൂടെയും ആർജിച്ച വാണിജ്യ മികവ് കേരളസമൂഹ ത്തിൽ ക്രിസ്ത്യാനികളെ മതിപ്പുള്ളവരാക്കി തീർത്തു. തരിസാപ്പള്ളി ചെപ്പേടും വീരരാഘവ പട്ടയവും പോലുള്ള രേഖകൾ ക്രിസ്ത്യാനികളുടെ അന്നത്തെ സാമൂ ഹികസ്ഥിതിയെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2.3 പോർച്ചുഗീസുകാരുടെ ആഗമനം വരെയുള്ള ക്രൈസ്തവ ചരിത്രത്തിൽ സവിശേഷ പരാമർശം അർഹിക്കുന്ന മറ്റൊന്ന് അവരുടെ ജീവിതരീതിയാണ്. മാർത്തോമ്മാ പ്രചരിപ്പിച്ച ക്രിസ്തുമാർഗ്ഗം സ്വീകരിച്ചുവെങ്കിലും സാമൂഹിക ജീവി തത്തിൽ സ്വദേശീയ രീതിയാണ് അവർ പുലർത്തിപ്പോന്നത്. ദേശജനതയുടെ സാമൂഹികാചാരങ്ങളെയും ജീവിതശൈലിയേയും തീർത്തും കൈയൊഴിയാതെ തന്നെ മറ്റൊരു വിശ്വാസമാർഗ്ഗത്തെ അവർ സ്വീകരിച്ചു.[3] സാമൂഹിക ജീവിത ത്തിൽ ശക്തമായ കൈകടത്തലുകൾ പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പ് ക്രിസ്ത്യാനികൾക്ക് അനുഭവപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. ഐതി ഹ്യമനുസരിച്ച് സെന്റ് തോമസ് നേരിട്ട് മതം മാറ്റിയ നമ്പൂതിരിമാരിൽ നിന്നുമാണ് കേരളത്തിലെ ക്രിസ്ത്യാനികളുടെ ഉത്ഭവം. എന്നാൽ കൊല്ലവർഷാരംഭത്തിനു തൊട്ടു മുമ്പും പിമ്പും ഉള്ള നൂറ്റാണ്ടുകളിൽ മേല്പറഞ്ഞ വിധം സാമ്പത്തി കവും സാമൂഹികവുമായ മെച്ചപ്പെട്ട നില കൈവരിച്ച ക്രിസ്ത്യാനികൾ ജാതി വ്യവസ്ഥയിൽ സവർണരായി കണക്കാക്കപ്പെടുകയാണുണ്ടായത് എന്ന നിരീ ക്ഷണമാണ് (സ്കറിയാ, 1989:72-5)ചരിത്രയുക്തിക്ക് നിരക്കുന്നത്. അക്കാലത്താ ണ് ജാതിവ്യവസ്ഥ കേരളത്തിൽ വേരൂന്നിയത് എന്ന ചരിത്രസാക്ഷ്യം ഇതിനെ

ബലപ്പെടുത്തുന്നുമുണ്ട്. കേരള സമുദായത്തിലെ ജാതിശ്രേണിയിൽ നായന്മാരുടെ സമസ്ഥാനമാണ് ക്രിസ്ത്യാനികൾക്ക് ലഭിച്ചിരുന്നത് എന്ന് ചരിത്രത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്(ബാലകൃഷ്ണൻ, 1983; ശ്രീധരമേനോൻ,1979).[4]

2.3.1 പതിനാറാം നൂറ്റാണ്ടു വരെ കേരള ക്രൈസ്തവസഭയുടെ മേലധ്യക്ഷനെ വിദേശത്തുനിന്നു സ്വീകരിച്ചു വരികയാണ് ചെയ്തിട്ടുള്ളത്. ബാബിലോണിൽ നിന്നു വന്നിട്ടുള്ളവരായ ഈ മെത്രാന്മാരാകട്ടെ ആധ്യാത്മിക കാര്യങ്ങൾ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളൂ. ക്രിസ്ത്യാനികളുടെ സാമുദായിക കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് 'അർക്കദ്യാക്കോനാ'യി വാഴിക്കപ്പെടുന്ന നാട്ടുകാരനായിരുന്നു. മന്ത്രിമാരിൽ പ്രധാനി എന്ന അർത്ഥത്തിലുള്ള ഒരു ഗ്രീക്കു പദമാണ് അർക്കദ്യാ ക്കോൻ. പുരോഹിതന്മാർ തന്നെയായിരുന്നു അർക്കദ്യാക്കോന്മാരായി വാഴിക്ക പ്പെട്ടിരുന്നത്. 'ഇന്ത്യമുഴുവന്റെയും അർക്കദ്യാക്കോൻ' (Archdeacon of all India) എന്നാണ് ഔദ്യോഗികമായി ഇവരെ പരാമർശിച്ചിരുന്നത്. കേരള ക്രൈസ്തവ രുടെ പരമാധികാരി എന്ന നിലയിലാണ് ഈ പദവി കണക്കാക്കിയിരുന്നത്. വെളി യിൽനിന്നും വന്നിരുന്ന മെത്രാന്മാർക്കും അവരുടെ വിദേശീയ മാതൃസഭയ്ക്കും ഇവിടുത്തെ സഭാഭരണകാര്യങ്ങളിലും സാമൂഹിക ജീവിതത്തിലും താല്പര്യമി ല്ലായിരുന്നു എന്നതിന് തെളിവു കൂടിയാണ് ഈ അർക്കദ്യാക്കോൻ പദവി.

2.4 പോർച്ചുഗീസുകാരുടെ വരവോടെ കേരള ക്രൈസ്തവസഭാചരിത്രത്തിൽ ഒരു വഴിത്തിരിവ് സൃഷ്ടിക്കപ്പെട്ടു. കേരളത്തിലെ ക്രിസ്ത്യാനികൾ തുടർന്നുപോന്ന ജീവിതരീതിയേയും വിശ്വാസാചാരങ്ങളെയും അംഗീകരിക്കാൻ പോർച്ചുഗീസുകാർ തയ്യാറായില്ല. അവരെ പുതുമാർഗ്ഗത്തിലേക്കു കൊണ്ടുവരാൻ പോർച്ചുഗീസുകാർ ശ്രമിച്ചു. പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് വിശ്വാസ സംബന്ധമായോ സഭാഭരണ സംബന്ധമായോ കാര്യമായ പ്രശ്നങ്ങൾ കേരള ക്രിസ്ത്യാനികൾക്ക് നേരിടേണ്ടി വന്നിട്ടില്ല. പൗരസ്ത്യ ദേശങ്ങളിൽ നിന്നും ലഭിച്ച വിശ്വാസങ്ങളും മെത്രാന്മാരുമായിരുന്നു കേരളക്രിസ്തുസഭയ്ക്ക് അതു വരെ ഉണ്ടായിരുന്നത്.

2.5 വിദേശീയവും സ്വദേശീയവുമായ ദേശക്കാരുടെയും ഭാഷകളുടെയും പേരിൽ അറിയപ്പെടുന്ന വ്യത്യസ്ത വിഭാഗങ്ങളായാണ് കേരളത്തിലെ ക്രിസ്ത്യൻ സമൂഹം ഇന്നു നിലനില്ക്കുന്നത്. വിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, അധികാര കേന്ദ്ര ങ്ങൾ എന്നിവയിലെ വ്യത്യസങ്ങളാണ് ഇവയെ വ്യതിരിക്തങ്ങളാക്കുന്നത്. എന്നാൽ പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് കേരളത്തിലുണ്ടായിരുന്ന ക്രിസ്ത്യാനി കളെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അല്ലെങ്കിൽ സുറിയാനി ക്രിസ്ത്യാനികൾ എന്നു മാത്രമേ പരാമർശിച്ചു കാണുന്നുള്ളൂ. ബാബിലോണിൽ നിന്നും മറ്റും കേര ളത്തിലേക്കുവന്ന ക്രിസ്തുമതം സുറിയാനി ഭാഷയിലുള്ള പ്രാർത്ഥനകളും ആരാ ധനാക്രമങ്ങളുമാണ് ഇവിടെ പ്രചരിപ്പിച്ചത്. യേശുക്രിസ്തുവിനെ ദൈവപുത്രനായി കാണുന്ന ക്രിസ്ത്യാനികൾ യേശു സുറിയാനി ഭാഷക്കാരനാണെന്നും വിശ്വസി ക്കുന്നു. കേരളീയർക്ക് സുറിയാനിയിലൂടെയാണ് ക്രിസ്തുമതവിശ്വാസം ലഭിച്ചത് എന്നതിനാൽ അവർ ആ ഭാഷയേയും വിശ്വാസത്തിന്റെ ഭാഗമായിത്തന്നെ കണ ക്കാക്കി. അങ്ങനെ സുറിയാനി ഭാഷയോട് കേരളത്തിലെ ആദിമ ക്രിസ്ത്യാനി കൾക്ക് ഒരു വൈകാരികബന്ധം ഉണ്ടായിത്തീർന്നു. അതിന്റെ ആഴവും ദാർഢ്യവും വ്യക്തമാകുന്നത് പോർച്ചുഗീസുകാരുടെ വരവോടെയാണ് എന്നു മാത്രം.

ലത്തീൻ ഭാഷയിലുള്ള ആരാധനാക്രമവും പാശ്ചാത്യമാതൃകയിലുള്ള വിശ്വാസാചാരങ്ങളും പുലർത്തിയിരുന്ന പോർച്ചുഗീസുകാർ കേരള ക്രൈസ്തവരെക്കൂടി തങ്ങളുടെ പാതയിലേക്ക് വരുവാൻ നിർബന്ധിച്ചു. എന്നാൽ മുൻപേ തന്നെ ഉറച്ചുപോയ വിശ്വാസങ്ങളും ആചാരങ്ങളും ജീവിത രീതികളും മാറ്റുവാൻ കേരളീയർ തയ്യാറായിരുന്നില്ല. ക്രിസ്ത്യാനികൾക്കിടയിലുള്ള പ്രവർത്ത നങ്ങളിലൂടെയും രാഷ്ട്രീയ ഇടപെടലുകളിലൂടെയും കേരളക്രൈസ്തവരെ വശ ത്താക്കാൻ പോർച്ചുഗീസുകാർ പലതവണ ശ്രമിച്ചിട്ടുള്ളതായി ചരിത്രകാരന്മാരും മതപണ്ഡിതന്മാരും രേഖപ്പെടുത്തുന്നുണ്ട് (സ്കറിയാ, 1989, 1994; തിസ്സരാങ്, 1960; ഡാനിയേൽ, 1952).

2.5.1 തങ്ങളുടെ പാരമ്പര്യം സുറിയാനിയുമായി ബന്ധപ്പെട്ടതാണെന്ന് കേരള

ക്രൈസ്തവർ തിരിച്ചറിഞ്ഞത് ഒരുപക്ഷേ പോർച്ചുഗീസുകാരുടെ വരവോടെ ആയിരിക്കണം. അപ്പോഴാണല്ലോ മറ്റൊരു ആരാധനാക്രമവും ഭാഷയും അവർക്ക് പരിചയിക്കേണ്ടി വന്നത്. സുറിയാനിയിലൂടെ ലഭിച്ച വിശ്വാസത്തെ അങ്ങനെ തന്നെ സൂക്ഷിക്കുക മത്രമാണവർ ചെയ്തത്. മതവിശ്വസം മാറുകയും ജീവിതരീതി പഴയതുപോലെ തന്നെ തുടരുകയും ചെയ്തിരുന്ന ആദിമ ക്രൈസ്തവരുടെ വിശ്വാസ്യാന്ധ്യത്തെ അവരുടെ പരിമിതിയായി കണക്കാക്കുന്ന സ്കറിയാ സക്കറിയ (1989:320) ഇങ്ങനെ പറയുന്നു: "പാശ്ചാത്യരുടെ ആഗമനം വരെ ഇവിടെ നിലനിന്നിരുന്ന ക്രൈസ്തവ സമൂഹം കേരള ജനതയുടെ ശക്തി ദൗർബല്യങ്ങളെല്ലാം പ്രകടമാക്കിയിരുന്നു. ക്രിസ്തുമതത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് കടകവിരുദ്ധമായ ജാതിചിന്ത പോലും അവർ വെച്ചു പുലർത്തി. ഇവിടത്തെ സാധാരണ ഹിന്ദുക്കളെ പോലെ ക്രൈസ്തവരും മതപഠനവും മതവിജ്ഞാനീയവും ഗൗരവമേറിയ കാര്യങ്ങളായി പരിഗണിച്ചിരുന്നില്ല. മാർത്തോമ്മാ നസ്രാണികളുടെ മതാനുഷ്ഠാനങ്ങൾ സുറിയാനിയിലായിപ്പോയതും ക്രൈസ്തവ മതവിജ്ഞാനീയം കേരള മണ്ണിൽ പൊട്ടിമുളയ്ക്കാഞ്ഞതും ഇക്കാരണത്താലാണ് " കേരളത്തിലെ ആദിമ ക്രൈസ്തവരുടെ ഭാരതീയത/കേരളീയതയെ വെളിവാക്കുവാനും മതവിശ്വാസകാര്യങ്ങളിൽ അവരുടെ നിഷ്ക്രിയതയെ കാണിക്കാനും വേണ്ടി പറഞ്ഞിരിക്കുന്ന ഈ പ്രസ്താവം കേരള ക്രൈസ്തവരുടെ സുറിയാനി പാരമ്പര്യത്തെ കൂടുതൽ ശക്തമായി ഉറപ്പിച്ചെടുക്കുവാൻ കൂടി ഉപകരിക്കുന്നുണ്ട്.

പോർച്ചുഗലിൽ നിന്നുവന്ന പാശ്ചാത്യ ക്രിസ്ത്യൻ സുവിശേഷകരുമായി ഇണങ്ങി റോമൻ ബിഷപ്പിന്റെ കീഴിലേക്ക് മാറണമോ പൗരസ്ത്യ ദേശത്തു (ബാബിലോൺ) നിന്നു ലഭിക്കുന്ന മെത്രാൻമാരുടെ കീഴിൽ തുടർന്നും നിന്നാൽ മതിയോ എന്നതായിരുന്നു പതിനാറാം നൂറ്റാണ്ടിൽ കേരള ക്രൈസ്തവർ നേരിട്ട പ്രശ്നം. ജീവിതരീതിയുടെയും മറ്റും കാര്യത്തിൽ കേരളീയക്രിസ്ത്യാനികൾ പുലർത്തിപ്പോന്നിരുന്ന സ്വാതന്ത്ര്യത്തെ പോർച്ചുഗീസുകാർ അംഗീകരിക്കുന്നില്ല എന്നതും പോർച്ചുഗീസുകാരുടെ നോട്ടത്തിൽ ബാബിലോൺ സഭയുടെ നേതൃത്വം

അക്രൈസ്തവം ആണ് എന്നതുമായിരുന്നു പ്രശ്നത്തിന്റെ കാതൽ. ലത്തീൻ/സുറിയാനി എന്ന (വിരുദ്ധ)ദ്വന്ദ്വത്തിലൂടെയാണ് ഈ പ്രശ്നം അന്ന് ആവിഷ്കരിക്കപ്പെട്ടത് എന്നുമാത്രം.

2.5.2 സഭാഭരണ ക്രമങ്ങളിലും ആരാധനാക്രമങ്ങളിലും സ്വയം കടന്നു ചെന്ന് പോർച്ചുഗീസ് മതാദ്ധ്യക്ഷന്മാർ ദേശക്രിസ്ത്യാനികളിൽ അധികാരം പ്രയോഗിച്ചുകൊണ്ടിരുന്നു. 1595-ൽ അലക്സിസ് ഡി മെനിസിസ് എന്ന പോർച്ചുഗൽ മതമേലദ്ധ്യക്ഷൻ കേരളത്തിൽ വരികയും കേരളക്രൈസ്തവരെ റോമിന്റെ കീഴിൽ കൊണ്ടുവരാൻ പരിശ്രമം തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന അന്റോണിയോ ഗുവയോയുടെ *ജൊർണാദ...*[5] എന്ന ഗ്രന്ഥത്തിൽ മെനസിസിന്റെ ജൈത്രയാത്രയുടെ കഥ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കേരള ക്രൈസ്തവസഭയെ റോമിന്റെ അധികാരത്തിൻകീഴിൽ കൊണ്ടുവരാൻ മെനിസിസ് കഠിനമായി ശ്രമിച്ചു. അതിന്റെ പരിണിതഫലവും പരമകാഷ്ഠയുമാണ് 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. ഉദയംപേരൂരിൽ വെച്ചു ചേർന്ന പള്ളിപ്രതിപുരുഷന്മാരുടെ എട്ടുദിവസം നീണ്ട പ്രസ്തുത സൂനഹദോസിൽ റോമിനനുകൂലമായ തീരുമാനങ്ങൾ എടുക്കുകയും കേരളക്രിസ്ത്യാനികളെക്കൊണ്ട്/അർക്കദ്യാക്കോനെക്കൊണ്ട് അതിൽ ഒപ്പുവെപ്പിക്കുകയും ചെയ്തു എന്നാണ് രേഖകളിൽനിന്നും മനസ്സിലാകുന്നത്.

2.6 ഉദയംപേരൂർ സൂനഹദോസിന്റെ ഫലമായി രേഖയിലെങ്കിലും കേരളത്തിലെ ക്രൈസ്തവരെല്ലാം റോമിലെ പോപ്പിന്റെ ഭരണാധികാരത്തിൻ കീഴിൽ വന്നു. പിന്നീട് മെനിസിസ് മെത്രാന്റെ നേതൃത്വത്തിൽ ക്രിസ്ത്യൻ പള്ളികളിലെല്ലാം സന്ദർശനവും പരിശോധനയും നടന്നു. പള്ളികളിലുണ്ടായിരുന്ന എല്ലാ രേഖകളും പരിശോധനക്കു വിധേയമാക്കിയ പോർച്ചുഗൽ മെത്രാൻ സുറിയാനിയിൽ എഴുതിയിട്ടുള്ളതായ ധാരാളം രേഖകൾ നശിപ്പിച്ചു കളഞ്ഞു (തിസ്സരാങ്, 1960).[6] മെനിസിസിനെ തുടർന്ന് അധികാരമേറ്റ എസ്.ജെ.റോസ് മെത്രാനും ഇതേ പാത പിന്തുടരുകയാണുണ്ടായത്. സഭയുടെ സകല അധികാരങ്ങളും

പോർച്ചുഗലിൽനിന്നും നിയമിക്കപ്പെടുന്ന മെത്രാന്മാരിൽ ചെന്നു ചേർന്നു. കേരളക്രൈസ്തവസഭ അതുവരെ തുടർന്നു പോന്നിരുന്ന ജീവിതരീതിയും റിപ്പ ബ്ലിക്കൻ ഭരണരീതിയും ഉപേക്ഷിക്കപ്പെട്ടു.

2.6.1 കേരള ക്രൈസ്തവർക്ക് സുറിയാനിയോടുള്ള വൈകാരികബന്ധം കണ ക്കിലെടുത്ത് ലത്തീൻ ആരാധനാക്രമം സുറിയാനി ഭാഷയിൽ പൊതിഞ്ഞ് കൊടുത്തുകൊണ്ട് റോസ് മെത്രാൻ കേരളീയരെ വശത്താക്കാൻ ശ്രമിച്ചതായി ക്കാണാം(സ്കറിയാ, 1994: 58,66). ദേശക്രിസ്ത്യാനികൾ പൗരസ്ത്യ സഭയിൽ നിന്നും മെത്രാനെ ലഭിക്കുവാൻ വീണ്ടും പരിശ്രമിച്ചുതുടങ്ങി. അങ്ങനെ അഹ ത്തുള്ളാ എന്നൊരു മെത്രാൻ കേരളത്തിലേക്കു പുറപ്പെട്ടു. അഹത്തുള്ളയെ ഈശോസഭക്കാർ പോർച്ചുഗീസ് സഹായത്തോടെ അറസ്റ്റ് ചെയ്ത് ഗോവയി ലേക്ക് കൊണ്ടുപോയി. ഇതിനെത്തുടർന്ന് ദേശക്രിസ്ത്യാനികൾ സംഘം ചേർന്ന് മട്ടാഞ്ചേരിയിൽ വെച്ച് പ്രസിദ്ധമായ കൂനൻകുരിശുസത്യം(1653) നടത്തി. മേലിൽ ഈശോസഭക്കാരെ അനുസരിക്കുകയില്ല എന്നായിരുന്നു പ്രതിജ്ഞ (Brown, 1956:100; സേവ്യർ, 1980:322). പോർച്ചുഗീസുകാരുടെ വരവിനുശേഷം കേരള ക്രൈസ്തവസഭയിൽ ഉണ്ടായ പ്രശ്നങ്ങൾ 'കൂനൻകുരിശുസത്യ'(1653)ത്തിലാണ് കലാശിച്ചത് എന്നു പറയാം. അതോടെ കേരളക്രിസ്തുസഭ രണ്ടായി പിരിയുക യായിരുന്നു. സുറിയാനി പാരമ്പര്യവും ലത്തീൻ പാരമ്പര്യവും എന്നിങ്ങനെ ആയി രുന്നു ഈ പിരിയൽ.

കൂനൻകുരിശുസത്യത്തിലേക്കു നയിച്ച ഉദയംപേരൂർസൂനഹദോ സിനെക്കുറിച്ച് പറഞ്ഞിട്ടുള്ള മതപണ്ഡിതന്മാർ ഇത്തരമൊരു വിഭജനത്തിന്റെ ആത്യന്തികമായ ഉത്തരവാദിത്വം അലക്സിസ് ഡി മെനിസിസ് എന്ന പോർച്ചു ഗീസ് മെത്രാന്റേതാണെന്ന് കരുതുന്നതായി കാർഡിനൽ തിസ്സരാങ്ങിന്റെ(1960: 69) കൃതിയിൽനിന്നും വ്യക്തമാകുന്നുണ്ട്. ഫാ.സി.ഡി.ക്ലാർക്ക്, ഫാ.ജോനാസ് തളി യത്ത് എന്നിവരെ തിസ്സരാങ്ങ് ഉദ്ധരിക്കുന്നുമുണ്ട്.

16-ാം നൂറ്റാണ്ടിനു മുമ്പ് കേരളത്തിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ

പിന്തുടർച്ചക്കാർ എന്ന അർത്ഥത്തിലാണ് സുറിയാനി ക്രിസ്ത്യാനികൾ എന്ന പേര് ഇന്ന് ഉപയോഗിക്കുന്നത്. പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിപ്പെട്ടിരുന്നവരുടെ പാരമ്പര്യത്തെയാണ് ഈ പേരു കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്ദേശിക്കപ്പെടുന്ന അർത്ഥവും പേരും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നത് സ്പഷ്ടമാണ്. സുറിയാനി ക്രിസ്ത്യാനികൾ എന്നതിലെ സുറിയാനിയെക്കുറിച്ച് അഭിപ്രായ ഭേദങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളസാഹിത്യവും ക്രിസ്ത്യാനികളും എന്ന കൃതിയിൽ പോർച്ചുഗീസുകാർക്കു മുമ്പുള്ള കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ച് പറയുന്നിടത്ത് പി.ജെ.തോമസ് (1989:26–27) ഇപ്രകാരം പറയുന്നുണ്ട്: "സുറിയാനിക്കാർ എന്ന പേര് യഥാർത്ഥത്തിൽ നിരർത്ഥകമാണ്. ഇവർ തനി കേരളീയരാണ്. ഈ വൈദേശിക നാമം ഇവർക്ക് കിട്ടിയത് അവർ സുറിയാനി ജാതിയിൽ പെട്ടവരായതു കൊണ്ടല്ല; പിന്നെയോ സുറിയാനി ഭാഷയിലുള്ള ആരാധന ക്രമം (Liturgy) സ്വീകരിച്ചതു കൊണ്ടു മാത്രമാണ്." കേരളത്തിലെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഇന്ന് തങ്ങളുടെ മഹിമയുടെ അടയാളമായി കൊണ്ടുനടക്കുന്ന ഒന്നാണ് ഈ 'സുറിയാനി'. പാരമ്പര്യത്തിന്റെ ദൈർഘ്യം അവകാശപ്പെടാൻ കൂടി ഈ പേര് ഇന്നുപയോഗിക്കുന്നു.

2.7 സുറിയാനി പാരമ്പര്യത്തെയും ലത്തീൻ പാരമ്പര്യത്തെയും വേറിട്ടു കാണേണ്ടി വന്നപ്പോഴായിരിക്കാം കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ പാരമ്പര്യത്തെ സുറിയാനിയിൽ ഉറപ്പിച്ചു നിർത്തിയത്. മാർത്തോമ്മാ നസ്രാണികളുടെ പരമ്പരാഗത മതഭാഷ സുറിയാനിയായിരുന്നു. ഉദയംപേരൂർ സൂനഹദോസിനു ശേഷവും ഇക്കൂട്ടർ സുറിയാനി ഭാഷ നിലനിർത്തി. അതുകൊണ്ട് അവരെ ലത്തീൻകാരിൽനിന്ന് വേർതിരിച്ചു കാണിച്ച് സുറിയാനിക്കാർ എന്ന് പേരു വിളിച്ചു തുടങ്ങി (സ്കറിയാ, 1989:323) എന്ന് രേഖപ്പെടുത്തുമ്പോൾ സുറിയാനിക്കാർ എന്ന പേര് ഒരു സമൂഹത്തിന്റെ സ്വത്വത്തെ തിരിച്ചറിയാൻ ഉപയോഗിച്ചു എന്നാണ് വരുന്നത്. ഈ പേര് പോർച്ചുഗീസുകാർക്കു ശേഷം വന്ന ഡച്ചുകാരാവാം നൽകിയത് എന്ന് തുടർന്നു വരുന്ന വാക്യത്തിൽ ഗ്രന്ഥകർത്താവ്

സംശയിക്കുന്നുണ്ട്. 1997–ൽ അദ്ദേഹം തന്നെ രചിച്ച *ഓറിയന്റലിസത്തിന്റെ മുഷ്ക്കും നസ്രാണികളുടെ പ്രതിരോധവും* എന്ന കൃതിയിൽ "...നസ്രാണികളുടെ ഇത്തരം മറുപേരുകൾ നൽകിയത്, ഡച്ചുകാരാണ് സുറിയാനിക്കാർ എന്ന പേര് ഉപയോഗിച്ചത്. ഇംഗ്ലീഷുകാരും അവർക്ക് കീഴടങ്ങി ഭരണം നടത്തിയിരുന്ന പ്രൊട്ടസ്റ്റന്റു മിഷണറിമാരുമാണ് ഇങ്ങനെയൊരു വികൃതിപ്പേരു പ്രചരിപ്പിച്ചത്. ഇപ്പോൾ നസ്രാണികളുടെ ആ കോമാളിപ്പേർ ഓമനപ്പേരായി കൊണ്ടു നടക്കുന്നു."(സ്കറിയാ,1997:30) എന്ന് ഈ സംശയം ഉറപ്പിച്ച്, പേരു നൽകിയത് ഡച്ചുകാരാണെന്ന് പറയുന്നുണ്ട്.

2.7.1 സുറിയാനിക്കാർ എന്ന പേര് വികൃതിപ്പേരാണെന്ന് *മലയാളസാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതിയുടെ ചർച്ചയിലും സ്കറിയാ സക്കറിയാ(1989:323) പറയുന്നുണ്ട്. ഇത്തരത്തിൽ വികൃതിപ്പേര്, കോമാളിപ്പേര് എന്നെല്ലാം വ്യവഹരിക്കപ്പെടുന്ന 'സുറിയാനിക്കാർ' എന്ന പേരിൽ ഒരു സമുദായത്തിന്റെ സ്വത്വം ഉള്ളടങ്ങിയിട്ടുണ്ട്. അവർ സുറിയാനി ദേശത്തുനിന്നു വന്നവരാണെന്ന തോന്നൽ ഉണ്ടാക്കുന്നുണ്ടോ എന്നതല്ല സുറിയാനി പാരമ്പര്യം തുടർന്നു പോന്നവരാണ് അവർ എന്ന കാര്യം വെളിപ്പെടുത്താൻ സഹായിക്കുന്നുണ്ടോ എന്നതാണ് ഇവിടെ പ്രധാനമായി എടുക്കേണ്ടത്. 'സുറിയാനിക്കാർ' എന്ന പേര് സുറിയാനി പാരമ്പര്യത്തെക്കുറിക്കാൻ പോന്നതാണ് എന്ന കാര്യത്തിൽ ചരിത്രകാരന്മാരോ മതപണ്ഡിതന്മാരോ എതിരഭിപ്രായമൊന്നും പറഞ്ഞിട്ടില്ല. മാത്രമല്ല ഇതുവരെ കണ്ട എല്ലാ കൃതികളിലും കേരളത്തിലെ ആദിമക്രിസ്ത്യാനികളുടെ മതഭാഷ/ ആരാധനഭാഷ സുറിയാനി ആയിരുന്നു എന്നതും അതുകൊണ്ടാണ് അവർക്ക് സുറിയാനിക്കാർ എന്ന പേര് വന്നതെന്നതും അംഗീകരിക്കപ്പെട്ട കാര്യങ്ങളാണ് (തോമസ്, 1989:27).

പോർച്ചുഗീസു മിഷണറിമാർ ഇവിടുത്തെ സുറിയാനി പാരമ്പ്യര്യത്തോടു പ്രകടിപ്പിച്ച ശത്രുതാമനോഭാവം തദ്ദേശീയ ക്രിസ്ത്യാനികളെ സുറിയാനിയോട് ചേർന്നുനിൽക്കാൻ കൂടുതൽ പ്രേരിപ്പിച്ചിട്ടുണ്ടാകണം. ഉദയംപേരൂർ സൂനഹ

ദോസിൽ വെച്ച് സഭാസംബന്ധമായ പുരാതന രേഖകളെല്ലാം കത്തിച്ചു കളഞ്ഞതായി കാർഡിനൽ തിസ്സരാങ്(1960: xviii) രേഖപ്പെടുത്തുന്നുണ്ട്. ക്രിസ്ത്യൻ സഭയുടെ പ്രാചീന രേഖകൾ സുറിയാനിയിലായിരുന്നു എന്നത് ശ്രദ്ധേയമാണ്. സൂനഹദോസിനുശേഷം കേരളത്തിലെ പള്ളി തോറും സന്ദർശം നടത്തിയ ആർച്ച് ബിഷപ്പ് ഓരോ പള്ളിയിലേയും സുറിയാനി രേഖകൾ പരിശോധിച്ച് നശിപ്പിച്ചതായുള്ള വാൻഡർ പ്ലോഗിന്റെ (Ploeg,1994:54) രേഖപ്പെടുത്തൽ ലത്തീൻ പാരമ്പര്യക്കാർ നടത്തിവന്ന സുറിയാനി തമസ്കരണ പ്രക്രിയയെ നിസ്തർക്കമായി വെളിവാക്കുന്നുണ്ട്. ഈ സുറിയാനി തമസ്കരണപ്രക്രിയ ഒരു സമുദായത്തിന്റെ സ്വത്വതിരസ്കാരത്തിനുള്ള ശ്രമംകൂടിയാണ് വെളിപ്പെടുത്തുന്നുത്. അതുകൊണ്ടു തന്നെ തമസ്കരണശ്രമത്തിനു വിധേയമാകുന്ന സമുദായം തങ്ങളുടെ സ്വത്വത്തിന്റെ ഭാഗമായി സുറിയാനിയെ കൂടുതൽക്കൂടുതൽ തിരിച്ചറിയുകയായിരുന്നു. അതനുസരിച്ച് സുറിയാനി പാരമ്പര്യം സൂക്ഷിക്കേണ്ടത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ/തദ്ദേശീയരായ ക്രിസ്ത്യാനികളുടെ ആവശ്യമായിത്തീർന്നു എന്നതാണ് വാസ്തവം.

### 2.8 **മിഷണറിമലയാളം**

കേരളത്തിലെ ആദിമക്രൈസ്തവരുടെ ചരിത്രവും സാമൂഹികസ്ഥിതിയും ചർച്ചചെയ്യുമ്പോൾ വളരെ പ്രാധാന്യത്തോടെ പരാമർശിക്കേണ്ട ഒന്നാണ് അവരുടെ ഭാഷാസാഹിത്യസംരംഭങ്ങൾ. മിഷണറിമാരുടെ ആദ്യകാല പ്രവർത്തനങ്ങളിൽ വെച്ച് ഭാഷാചരിത്രപഠിതാക്കൾക്ക് ഏറ്റവും പ്രമുഖമായത് ഭാഷാസാഹിത്യമേഖലയ്ക്ക് അവർ നൽകിയിട്ടുള്ള സംഭാവനകൾ തന്നെയാണ്. അക്കാലംവരെ നിലനിന്നിരുന്ന ഗദ്യരീതിയിൽനിന്നും ഭിന്നമായ ഗദ്യമാണ് അവരുടെ വരമൊഴിയിൽ ദൃശ്യമാകുന്നത്. മിഷണറി മലയാളം എന്നാണ് അത് അറിയപ്പെടുന്നത്.

2.8.1 കേരളത്തിലെ ആദ്യകാല ക്രിസ്തുമതപ്രചാരകരുടെ മലയാളം എന്ന അർത്ഥത്തിലാണ് മിഷണറി മലയാളം എന്ന് പറഞ്ഞുപോരുന്നത്. പോർച്ചുഗീ

സുകന്മുടെ വരവിനു ശേഷമുള്ള നാലഞ്ചു നൂറ്റാണ്ടുകൾ വിദേശമിഷണറിമാരുടെ പ്രവർത്തനങ്ങൾ ചരിത്രത്തിൽ പ്രത്യേക ഇടം കണ്ടെത്തിയിട്ടുള്ളതാണ്. മതപ്രചാരണവേലയോടൊപ്പം നാട്ടിലെ സാഹിത്യ-വിജ്ഞാന-വിദ്യാഭ്യാസമേഖലകളെ വികസിപ്പിക്കുന്നതിനും ഈ മിഷണറിമാർ യത്നിച്ചിട്ടുണ്ട്. അച്ചടി, പത്രപ്രവർത്തനം, പാഠപുസ്തക നിർമ്മിതി, വിശ്വാസസംബന്ധിയായ പുസ്തകങ്ങളുടെ പ്രസാധനം ഇങ്ങനെ വിവിധ പ്രവർത്തനങ്ങളിലൂടെ മിഷണറിമാർ തങ്ങളുടെ പാദമുദ്രകൾ ചരിത്രത്തിൽ പതിപ്പിക്കുകയുണ്ടായി. വിദേശമിഷണറിമാർ മാത്രമല്ല സ്വദേശമിഷണറിമാരും ഇത്തരം പ്രവർത്തനങ്ങളിൽ മുൻപിൽ തന്നെ ഉണ്ടായിരുന്നു.

ദേശവാസികളോട് സംവദിക്കുന്നതിന് മിഷണറിമാർ നിർമ്മിച്ചെടുത്ത പ്രത്യേക ഭാഷാരീതിയാണ് മിഷണറി മലയാളം എന്നറിയപ്പെടുന്നത്. "മിഷണറി ഗദ്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത് വിദേശമിഷണറിമാർ കേരളത്തിൽ വന്ന് മതപ്രചാരണങ്ങൾക്കും മറ്റുമുപയോഗിച്ച ഭാഷയെന്നു മാത്രമല്ല അവരുടെ ചുവടുകളെ പിന്തുടർന്ന് ആ ഭാഷാരീതിയോട് സാദൃശ്യം പുലർത്തുന്ന ഭാഷയിൽ നാട്ടുകാരായ ക്രിസ്ത്യൻ പുരോഹിതന്മാരും പുരോഹിതേതരരും തയ്യാറാക്കിയ കൃതികളെക്കൂടിയാണ്" എന്ന് ഇക്കാര്യം സാമുവൽ ചന്ദനപ്പള്ളി (1977: 2-3) കൃത്യമായി പറയുന്നുണ്ട്. മിഷണറിമാരുടെ ഭാഷാസംഭാവനകളിൽ ഏറിയ പങ്കും ഗദ്യ രൂപത്തിലുള്ളവ ആയതിനാൽ മിഷണറിഗദ്യം എന്നും ഇതിനെ വിളിക്കാറുണ്ട്.

2.8.2 മിഷണറിമലയാളത്തിന് കാലഭേദമനുസരിച്ച് വ്യത്യാസം ഉണ്ട്. ആദ്യകാലത്തെ രൂപത്തിൽനിന്ന് വ്യത്യസ്തമായ രൂപത്തിലാണ് പിൽക്കാലത്ത് അത് പ്രത്യക്ഷമായത്. ഈ വ്യത്യാസത്തെ കണക്കിലെടുത്ത് മിഷണറി മലയാളത്തെ രണ്ടുഘട്ടമായി തിരിക്കുന്നുണ്ട് ഭാഷാപഠിതാക്കൾ (തോമസ്,1989; പോൾ, 1990; സ്കറിയാ,1989). 17, 18 നൂറ്റാണ്ടുകളിലെ മിഷണറിഗദ്യത്തെ ഒന്നാം ഘട്ടമെന്നും 19-ാം നൂറ്റാണ്ടിലേതിനെ രണ്ടാംഘട്ടമെന്നുമാണ് അവർ വേർതിരിക്കുന്നത്.

മിഷണറിമാരുടെ ഇടപെടലാണ് മലയാളഗദ്യത്തിന്റെ വികാസത്തിന് വഴിതെളിയിച്ചത് എന്ന നിരീക്ഷണം(ബാലകൃഷ്ണൻ, 1971; ആന്റണി,1973; Ramaswamy Aiyar,1940,1941) അവരുടെ ഭാഷാപോഷണ പ്രവർത്തനങ്ങൾക്കുള്ള സാക്ഷ്യപത്രമാണ്.ആദ്യഘട്ടത്തിലെ ഗദ്യരൂപത്തിൽനിന്നും രണ്ടാം ഘട്ടത്തിലെത്തുമ്പോഴേക്കും ഒരു തരത്തിലുള്ള മാനകീകരണം ഈ മിഷണറി മലയാളത്തിന് സംഭവിച്ചുകഴിഞ്ഞിരുന്നു(പോൾ,1990:251). രണ്ടാംഘട്ടമെന്നു പറയുന്ന 19-ാം നൂറ്റാണ്ടിലെ മിഷണറിഗദ്യമെന്നത് ആധുനിമലയാള ഗദ്യത്തിൽ നിന്നും ഏറെയൊന്നും ഭിന്നമല്ലെന്ന് കാണാവുന്നതാണ്.

2.8.3 കാലഭേദം മാത്രമല്ല ദേശഭേദവും മിഷണറിമലയാളത്തിനുണ്ടെന്ന് സ്കറിയാ സക്കറിയ(1989:484)നിരീക്ഷിക്കുന്നുണ്ട്.ആദ്യകാലഘട്ടത്തിലെ മിഷണറിഗദ്യത്തിന്റേതായി നിരീക്ഷിച്ചിട്ടുള്ള ഈ ഭേദങ്ങൾ രണ്ടാം ഘട്ടമാകുമ്പോഴേക്കും മാനകീകരിക്കപ്പെട്ടതായി കാണാവുന്നതാണ്. അത്തരത്തിൽ പരിഷ്കരിക്കപ്പെട്ട മിഷണറിഗദ്യത്തിന്റെ സ്വാഭാവികമായ തുടർച്ചയാണ് ഇന്നത്തെ മലയാളഗദ്യം.

2.8.4 കേരളീയരുടെ വാമൊഴി വഴക്കവുമായി അടുത്തുനിൽക്കുന്ന ഭാഷയാണ് മിഷണറിമലയാളത്തിന്റേത്. മിഷണറി മലയാളത്തെക്കുറിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. പി.ജെ.തോമസിന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന പുസ്തകത്തിന് *ചർച്ചയും പൂരണവും* എന്ന പഠനം നിർവ്വഹിക്കുമ്പോൾ സ്കറിയാ സക്കറിയ(1989) ആദ്യകാല മിഷണറിമലയാളത്തിന്റെ സവിശേഷതകൾ എടുത്തു കാണിക്കുന്നുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:

1. മധ്യകേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വ്യവഹാരഭാഷയ്ക്ക് മുൻതൂക്കമുള്ള ശൈലി.

2. ദ്രാവിഡ പദങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള മിഷണറി മലയാളം സംസ്കൃതാധിപത്യത്തിൽനിന്നും മലയാളഗദ്യത്തെ സംരക്ഷിക്കുന്നു.

3. ഹ്രസ്വവാക്യങ്ങൾക്ക് പ്രാമുഖ്യമുള്ള മിഷണറി മലയാളത്തിൽ ആഖ്യ-കർമ്മം-ആഖ്യാതം എന്ന ക്രമമാണ് പൊതുവേ പാലിച്ചിട്ടുള്ളത്. അപവാദങ്ങൾ എല്ലാകൃതികളിലുമുണ്ട്.പദക്രമത്തിന്റെ കാര്യത്തിൽ കടുത്ത നിർബന്ധങ്ങലില്ലാത്ത മലയാളഭാഷയുടെ വാക്യരചനാസാധ്യതകളെ പരമാവധി പ്രയോജനപ്പടുത്തുകയായിരുന്നു മിഷണറിമാർ.

4. പാശ്ചാത്യ ഭാഷാസ്വാധീനമുള്ള ചുരുക്കം വാക്യങ്ങൾ കാണാം.

5, പ്രാചീന മലയാളകവികളുടെ പ്രയോഗ മാതൃകയിലുള്ള ചില പ്രയോഗങ്ങൾ മിഷണറിമലയാളത്തിൽ ഉണ്ട്. ഉദാ: നല്ലൂ, ഞായം എന്നിങ്ങനെ അവസാനിക്കുന്ന വാക്യങ്ങൾ.

6. സമുച്ചയ പ്രയോഗത്തിൽ ക്രമഭംഗങ്ങളുണ്ട്. ദീർഘവാക്യങ്ങളിൽ ഇത്തരം സ്ഖലിതങ്ങൾ സാധാരണമാണ്.

7. ആധുനിക മലയാളത്തിൽ സാധാരണമായിരിക്കുന്ന നാമം, ക്രിയ തുടങ്ങിയവയുടെ പ്രകൃതികളെല്ലാം ഇവയിൽ ഉണ്ട്. സംസ്കൃത തത്ഭവശബ്ദങ്ങൾ സാമാന്യംപോലെ ഉണ്ട്. സാധാരണ മലയാളിക്ക് തീർത്തും അപരിചിതമായ സംസ്കൃതപദങ്ങൾ ഇല്ലെന്നു പറയാം.

8. മാർത്തോമ്മാക്രിസ്ത്യാനികളുടെ മതഭാഷയിൽ സുലഭമായ സുറിയാനിപദങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട്. സാധ്യമാകുന്നിടത്തോളം മലയാളപദങ്ങൾ സ്വീകരിക്കുക; കൂടിയേ തീരു എന്ന് വരുമ്പോൾ സംസ്കൃതം, സുറിയാനി, പോർത്തുഗീസ്, ലത്തീൻ എന്നീ ഭാഷകളിൽനിന്നു കടംകൊള്ളുക ഇതായിരുന്നു മിഷണറിമാരുടെ ആദാന നയം.

9. ഭാഷയുടെ സമസ്തപദനിർമ്മാണശേഷി പരാമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ധാരാളം സമസ്തപദങ്ങൾ സൃഷ്ടിച്ചു.

10. ക്രൈസ്തവരുടെ മതഭാഷയിൽ സവിശേഷാർത്ഥമുള്ള ചില മലയാളപദങ്ങൾ ഈ കൃതികളിലുണ്ട്.

11. ലിപ്യങ്കനത്തിന്റെ കാര്യത്തിൽ ഐക്യരൂപ്യമില്ല. ഓരോപദവും എങ്ങനെ എഴുതണമെന്ന് സർവ്വസമ്മതമായ വഴക്കങ്ങൾ ഇല്ലാതിരുന്നതിനാൽ ഉച്ചാരണത്തോട് വിശ്വസ്തത പുലർത്തുന്ന ലിപികളാണ് സ്വീകരിച്ചിരിക്കുന്നത്.

12. വ്യവഹാരഭാഷയോടുള്ള ഉറ്റസമ്പർക്കം മൂലം വർണവികാരം സംഭവിച്ച ധാരാളം പദങ്ങളുണ്ട്. ഉദാ: പദവി- പതവി, ഏൽക്കുക -ഏക്കുക, ഉപകാരം-ഒപകാര.

13. പട്ടക്കാരർ, പള്ളിക്കാരർ എന്നിങ്ങനെ ബഹുവചനം 'ഇരട്ടിച്ചു' പ്രയോഗിക്കാറുണ്ട്.

14. വികല്പനിപാതത്തിനുപകരം എങ്കിൽ, താൻ ഇവ ചേർത്ത് പ്രയോഗിക്കുന്നു.

15. വിധായകാനുജ്ഞായകങ്ങളിലും മറ്റും അനുപ്രയോഗധാതുവിനെ വേർതിരിച്ചു പ്രയോഗിക്കുമ്പോൾ പ്രാക്പ്രയോഗധാതുവിനോട് ഉം ചേർത്തു കാണുന്നു. മുക്കുകയും വേണം എന്ന്.

16. സംയോജക ക്രിയ (copula verb)യുടെ ഉപയോഗം കൂടുതലായി കാണുന്നു. ഇത് പാശ്ചാത്യ സ്വാധീനത്തിന്റെ ഫലമാണ്.

സ്കറിയാ നിരീക്ഷിച്ചിട്ടുള്ള സവിശേഷതകളിൽ പ്രധാനപ്പെട്ടതും പലതവണ ആവർത്തിച്ചിട്ടുള്ളതും സാമാന്യവ്യവഹാര ഭാഷയോടുള്ള അടുപ്പമാണ്. പാശ്ചാത്യ സ്വാധീനം കൊണ്ടുള്ള സവിശേഷതയും എടുത്തുപറയേണ്ട ഒന്നാണ്. പിൽക്കാല ഗവേഷകരും ഈ സവിശേഷതകളെ അംഗീകരിക്കുന്നുണ്ട് (പോൾ, 1990:259-69).

2.8.5 വിവർത്തനങ്ങളും ഭാഷാപഠനങ്ങളും സാഹിത്യകൃതികളുമായി ധാരാളം രചനകൾ മിഷണറിഗദ്യത്തിൽ ഉണ്ടായിട്ടുണ്ട്. വിദേശികളും സ്വദേശികളുമായ മിഷണറിമാരും ക്രിസ്ത്യാനികളും രചിച്ചിട്ടുള്ള കൃതികളെ വിശകലനം ചെയ്തുകൊണ്ട് 1935-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതിയിൽ പി.ജെ.തോമസ് (പുനഃപ്രസിദ്ധീകരണം 1989)

ക്രിസ്ത്യാനികളുടെ ഇംഗ്ലീഷിലും മലയാളത്തിലും സുറിയാനിയിലുമുള്ള കൃതികളെക്കുറിച്ച് പറയുന്നുണ്ട്. 1990-ൽ പോൾ മണവാളൻ പസിദ്ധീകരിച്ചിട്ടുള്ള *കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും* എന്ന കൃതിയിൽ മിഷണറി ഗദ്യകൃതികളായി പത്തു പുസ്തകങ്ങളെ എണ്ണിപ്പറയുന്നുണ്ട്. *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ*(1599), *ബിഷപ്പ്റോസിന്റെ നിയമാവലി* (1606), കരിയാറ്റിൽ യൗസേപ്പു കത്തനാരുടെ *വേദതർക്കം*(1768), ക്ലമന്റ് പിയാനിയൂസിന്റെ *സംക്ഷേപ വേദാർത്ഥം*(1772), *ഞാനമുത്തുമാല(?)*, പാറേമ്മാക്കിൽ തോമ്മാക്കത്തനാരുടെ *വർത്തമാന പുസ്തകം*(1785) എന്നിങ്ങനെ ആറു പുസ്തകം ഒന്നാം ഘട്ടത്തിലേതായും ഗുണ്ടർട്ടിന്റെ *പഴഞ്ചൊൽമാല*(1845), അയ്മനം ജോണിന്റെ *ഇന്ത്യാചരിത്രം*(1860), ജോർജ് മാത്തന്റെ *സത്യവാദഖേടം*(1861), ആർച്ചുഡീക്കൻ കോശിയുടെ *മലയാളഭാഷയെക്കുറിച്ച്* (പ്രസംഗം)(1889) എന്നിങ്ങനെ നാല് കൃതികൾ രണ്ടാംഘട്ടത്തിലേതായും പോൾ മണവാളൻ വിവരിക്കുന്നുണ്ട്.

2.8.6 മലയാളലിപിയിൽ എഴുതപ്പെട്ടിട്ടുള്ള മിഷണറിമലയാള കൃതികളാണ് മേൽവിവരിച്ചിട്ടുള്ളവ എല്ലാം. മിഷണറിമലയാളം അപ്രകാരം മാത്രമല്ല രചിക്കപ്പെട്ടിട്ടുള്ളത് എന്ന് കർസോനിയിൽ എഴുതപ്പെട്ടിട്ടുള്ള കൃതികൾ തെളിയിക്കുന്നുണ്ട്. മലയാളേതര ലിപിയിൽ എഴുതപ്പെട്ടിട്ടുള്ള മിഷണറിഗദ്യകൃതികൾ എന്ന സവിശേഷത കൂടി കർസോനിക്കുണ്ട്. കർസോനിയുടെ ഭാഷാസവിശേഷതകൾ പരിഗണിക്കുമ്പോൾ മിഷണറിമലയാളത്തിന്റെ ഭാഗമായുണ്ടായ കൃതികൾ എന്ന പശ്ചാത്തലമാണ് കർസോനിക്കുള്ളത് എന്ന വസ്തുതകൂടി പരിഗണിക്കേണ്ടതുണ്ട്.

## കുറിപ്പുകൾ

1. സെന്റ് തോമസിന്റെ കേരളസന്ദർശനത്തെക്കുറിച്ചുള്ള കേരളക്രിസ്ത്യാനികളുടെ വിശ്വാസത്തിന് ഒരു പ്രധാന ആധാരം ഈ കൃതിയാണ്. *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളുടെ* പഠനത്തിൽ സ്കറിയാ സക്കറിയ(1994:15) ഇക്കാര്യം പരാമർശിക്കുന്നുണ്ട്. സെന്റ് തോമസ്സിന്റെ സുവിശേഷ പ്രവർത്തനത്തെ സംബന്ധിക്കുന്ന ഏറ്റവും

പഴയ രേഖ ഇതാണ്. എ.ഡി. 2-4 നൂറ്റാണ്ടുകൾക്കിടയിൽ ഉണ്ടായിട്ടുള്ള ഈ കൃതി സെന്റ് തോമസ് ഭക്തരെ തൃപ്തിപ്പെടുത്താൻ എഴുതിയതാവാമെന്ന് സ്കറിയാ സക്കറിയ ഊഹിക്കുന്നുണ്ട്. *യൂദാത്തോമ്മായുടെ നടപടികൾ* മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതാണെന്ന് ഡോ.സേവ്യർ കൂടപ്പുഴ (1980:70) *ഭാരത സഭാചരിത്ര*ത്തിൽ പറയുന്നുണ്ട്. സഭാ ഔദ്യോഗികമായി അതിനെ അംഗീകരിക്കുന്നില്ലെങ്കിലും അതിലെ ചരിത്രത്തെ മുഴുവൻ തള്ളിക്കളയുന്നില്ല എന്നും അദ്ദേഹം പറയുന്നു.

2. ക്നായി തൊമ്മൻ ചെപ്പേടും തരിസാപ്പള്ളി ചെപ്പേടും നൽകുന്ന സൂചനകൾ അക്കാലത്തെ ക്രൈസ്തവരുടെ ഉയർന്ന സാമൂഹികാവസ്ഥയെ സാധൂകരിക്കുന്നതാണ്. പലതരത്തിലുള്ള അധികാരങ്ങളും അവകാശങ്ങളും ക്രിസ്ത്യാനികൾക്കു ലഭിച്ചിരുന്നു എന്നതിനു തെളിവാണല്ലോ പ്രസ്തുത ചെപ്പേടുകൾ. പോർച്ചുഗീസുകാരുടെ വരവിനുമുമ്പുണ്ടായിരുന്ന ക്രിസ്ത്യാനികളെക്കുറിച്ച് പി.കെ.ബാലകൃഷ്ണൻ (1984:142) ഇപ്രകാരം പറയുന്നു. "അതിനു (പോർച്ചുഗീസുകാരുടെ വരവിനു) മുമ്പുള്ള കാലത്ത് വിശ്വാസത്തിലും പ്രാർത്ഥനയിലും മാത്രം ചില്ലറ വ്യത്യാസമുണ്ടായിരുന്ന ഒരു തരം മേലേക്കിട നായന്മാർ മാത്രമായിരുന്നു ഫലത്തിൽ കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികൾ". *കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും* എന്ന കൃതിയിൽ പോൾ മണവാളനും(1990:26) ഇക്കാര്യം പരാമർശിക്കുന്നുണ്ട്. "പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പ് ഇവിടെ ക്രൈസ്തവമതം സ്വീകരിച്ചവർ സമൂഹത്തിലെ മേലേക്കിടക്കാർ മാത്രമായിരുന്നു. അവർ അന്നുമിന്നും സുറിയാനിക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നു".

3. *കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും* എന്ന കൃതിയിൽ ആദിമ ക്രിസ്ത്യാനികളുടെ ജീവിത രീതിയെക്കുറിച്ച് പോൾ മണവാളൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എൽ.കെ.അനന്തകൃഷ്ണ അയ്യരുടെ *Anthropology of the Syrian Christians* എന്ന കൃതിയുടെ പിന്തുണ സ്വീകരിച്ചുകൊണ്ടാണ് ഗ്രന്ഥകാരൻ വിവരണം നൽകിയിരിക്കുന്നത്. ക്രിസ്തുവിശ്വാസം നേടിയിട്ടും ഹൈന്ദവ സംസ്കാരവും ആചാരങ്ങളും അവർ കൈവിട്ടില്ല എന്നും ജനനം, ജാതകർമ്മം, ചോറൂണ്, വിദ്യാരംഭം, വിവാഹം, മരണം എന്നിങ്ങനെ ജീവിതത്തിലെ വിശേഷാവസരങ്ങളെല്ലാം ഹൈന്ദവാചാരങ്ങൾ കൊണ്ടാണ് അവർ പൂർത്തീകരിച്ചിരുന്നതെന്നും ഗ്രന്ഥകാരൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. അനന്ത കൃഷ്ണ അയ്യരുടെ ഹൈന്ദവ ക്രിസ്ത്യാനികൾ എന്ന പ്രയോഗവും അദ്ദേഹം സ്വീകരിക്കുന്നുണ്ട്.

4. കുറിപ്പ് 2 നോക്കുക.

5. അന്റോണിയോ ഗുവയ (Antonio Gouvea) 1606-ൽ രചിച്ച *Jornada do Arcebispo de Goa Dom Frey Aleixo de Meneses primas da India oriental religiso de ordem de* (S.Agostinho, coimbra) എന്ന കൃതിയുടെ അച്ചടിക്കാത്ത ഇംഗ്ലീഷ് പരിഭാഷ നിന്നുള്ള വിവരങ്ങൾ ഉദയം പേരൂർ സൂനഹദോസിന്റെ കാനോനകൾ (1994) എന്ന കൃതിയിൽ സ്കറിയാ സക്കറിയ രേഖപ്പെടുത്തുന്നുണ്ട്. *ജൊർണാദ*യെക്കുറിച്ചുള്ള പരാമർശം *The Syriac manuscripts of St.Thomas Christians* ( Ploeg, 1983:23) എന്ന കൃതിയിലും കാണാം. "This deviation is very clear when one consults the Latin text (translation) of the 'Mass of Menezes' published by A.de Gouvea as an appendix to his well known Jornada. Gouvea had accompanied Arch Bishop Menezes during his journeys in Malabar..." *ജൊർണാദ*

യിലേത് അതിശയോക്തികലർന്ന പ്രതിപാദനമാണെങ്കിലും പല ചരിത്രവസ്തുതകളും ഇതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

6. *ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ* എന്ന കൃതിയിൽ കാർഡിനൽ തിസ രാങ് (1960) മെനെസിസിന്റെ പര്യടനങ്ങളെക്കുറിച്ചും സുറിയാനി രേഖകൾ നശിപ്പിച്ച തിനെക്കുറിച്ചും പറയുന്നുണ്ട്. കേരള ക്രൈസ്തവചരിത്രം നിരീക്ഷിച്ചിട്ടുള്ള എല്ലാ വരും ഇക്കാര്യം ശരിവെയ്ക്കുന്നുണ്ട്. സേവ്യർ കുടപ്പുഴയുടെ(1980:289) *ഭാരത സഭാച രിത്രത്തിലും* "സുറിയാനി പുസ്തകങ്ങൾ തിരുത്തുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യുക, കൂദാശകൾ ലത്തീൻ ക്രമത്തിൽ കൊടുക്കുക..." എന്നിങ്ങനെ ഇക്കാര്യം പറയുന്നുണ്ട്. സ്കറിയാ സക്കറിയയും (1989:54) ഇതുതന്നെ പറയുന്നുണ്ട്.

# മൂന്ന്

# കർസോനി : സാമാന്യവിവരങ്ങൾ

3.0 എഴുത്തുവിദ്യയിലൂടെ ആശയങ്ങളെ ചിഹ്നപ്പെടുത്താൻ കഴിഞ്ഞത് മാനവസംസ്കാരത്തിലെ ഒരു നാഴികക്കല്ലും വഴിത്തിരിവുമാണ്. നാഗരിക സംസ്കാരത്തിലെ ഒരു കുതിച്ചുചാട്ടമായാണ് നരവംശശാസ്ത്രജ്ഞന്മാരും സാംസ്കാരികപഠിതാക്കളും ഇതിനെ വിലയിരുത്തുന്നത്. എഴുത്തുവിദ്യക്ക് അയ്യായിരത്തി അഞ്ഞൂറു വർഷത്തെ പഴക്കമാണ് കണക്കാക്കുന്നത്(ജലീൽ, 1989:4). എഴുത്തിന്റെ കടന്നുവരവോടെ സുദൃഢമായ സമൂഹങ്ങൾ വളർന്നു വന്നു. സൂക്ഷിച്ചുവെക്കാനും ദേശാന്താരങ്ങളിലേക്ക് കൊണ്ടുപോകാനും കഴിയുന്നവിധം ഭാഷയെ രേഖപ്പെടുത്താൻ കഴിയുന്നു എന്നത് എഴുത്ത് എന്ന സങ്കേതത്തിന് വേഗത്തിൽ പ്രചാരം നേടിക്കൊടുത്തു. ചിത്രങ്ങൾകൊണ്ടും വരകൾകൊണ്ടും എഴുതിയിരുന്ന കാലത്തുനിന്നും ലിപികളുടെ കാലത്തേക്കു കടന്നതോടെ കൂടുതൽ കൂടുതൽ പരിഷ്കരണങ്ങൾ എഴുത്തു സമ്പ്രദായത്തിൽ വന്നു ചേർന്നു (രാഘവൻനായർ, 1971:101–110).

3.0.1 ആശയലേഖനം, ചിത്രലേഖനം, അക്ഷര ലേഖനം, വർണ്ണ ലേഖനം എന്നിങ്ങനെ വികസിച്ചു വന്ന ചരിത്രമാണ് ലിപിക്കുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അത് പലതരത്തിൽ രൂപപ്പെട്ടു(പ്രബോധചന്ദ്രൻ, 1987). മാനവചരിത്രത്തിന്റെ പുരോഗതിക്കനുസരിച്ച് ലിപികളുടെ പരിണാമവും സംഭവിച്ചുകൊണ്ടിരുന്നു. ഒരു ഭാഷയ്ക്കൊരു ലിപി എന്ന നിലക്കായിരുന്നില്ല ലിപികൾ വികസിച്ചു വന്നത്. ഒരു ലിപികൊണ്ട് പല ഭാഷകളും എഴുതിയിരുന്നു. ഇന്നും ഒരേലിപി കൊണ്ട് പല ഭാഷകൾ എഴുതുന്നു എന്നതു അതിനു തെളിവാണ് (ഉദാ: നാഗരി ലിപിയിൽ സംസ്കൃതവും ഹിന്ദിയും കന്നട ലിപിയിൽ തുളുവും എഴുതുന്നു). എഴുത്തുവിദ്യ പ്രചാരത്തിൽ വന്നിട്ട് സഹസ്രാബ്ദങ്ങൾ തന്നെ കഴിഞ്ഞിട്ടുണ്ടെങ്കിലും വരമൊഴിയില്ലാത്ത ഭാഷകൾ ഇന്നുമുണ്ട്. സ്വന്തം ലിപി എന്നല്ല വരമൊഴി സമ്പത്തു പോലും ഇല്ലാത്ത ഭാഷകൾ ഇന്നും ധാരാളമുണ്ട്.

3.0.2 എഴുത്തിന്റെ വികാസചരിത്രത്തിലെ നാഴികക്കല്ലുകളായ ആശയം, ചിത്രം, വർണം എന്നിവ എഴുതാനും എഴുത്തിന്റെ ഉദ്ദേശ്യത്തെ ഗ്രഹിപ്പിക്കാനുമുള്ള എളുപ്പത്തിനായുള്ള മുന്നേറ്റങ്ങളായിരുന്നു. ആശയമായാലും ചിത്രമായാലും അതിൽ ഉച്ചാരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. അവിടെ എഴുത്ത് അർത്ഥവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പദം, അക്ഷരം, വർണം എന്നിവയെ എഴുതുമ്പോൾ ഉച്ചാരണം ഉദ്ദേശിക്കുന്നുണ്ട്. അവിടെ എഴുത്ത് ഉച്ചാരണവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഓരോ ദേശത്തെയും ഉച്ചാരണശീലത്തിന് അനുസൃതമായ എഴുത്തുരീതിയാണ് അതതു ദേശത്ത് രൂപപ്പെട്ടു വരിക. ഭാഷ ഒരു ചിഹ്നവ്യവസ്ഥയാണ് എന്നു പറയുന്നതുപോലെ എഴുത്ത്/ലിപി എന്നത് ഭാഷയെ പ്രതിനിധീകരിക്കുന്ന ഒരു തരം ചിഹ്നവ്യവസ്ഥയാണ് എന്നു പറയാം. ഇവ ഒരിക്കലും പരസ്പരവിരുദ്ധങ്ങളല്ല; മറിച്ച് പരസ്പരപൂരകങ്ങളാണ്. ഉച്ചാരണത്തെയാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ ഏതു ഭാഷയും ഏതുലിപിയിലും എഴുതാവുന്നതാണ്. എന്നാൽ ഒരു ദേശത്തെ ഉച്ചാരണ ശീലവുമായി നിരന്നു പോകുന്നതായിരിക്കില്ല മറ്റൊരു ദേശത്തെ ഉച്ചാരണശീലം എന്നതിനാൽ ഒരു പ്രത്യേക ദേശത്തെ ഭാഷയെ മറ്റൊരു ദേശത്തെ ഭാഷയിലെ ലിപികൊണ്ട് രേഖപ്പെടുത്തുമ്പോൾ ചില പരിമിതികൾ അനുഭവപ്പെട്ടേക്കാം. ഉദാഹരണമായി മലയാളത്തിലെ ങ, ഞ എന്നീ അക്ഷരങ്ങൾ ഇംഗ്ലീഷിലെഴുതി ഫലിപ്പാക്കാൻ ബുദ്ധിമുട്ടാണ്. സാധ്യമല്ല. 'ഞാൻ മാങ്ങ തിന്നു' എന്നത് ഇംഗ്ലീഷിൽ 'njaan maanga thinnu' എന്നാണ് എഴുതുക. nj = ഞ; ng = ങ എന്നു പൊരുത്തപ്പെടുകയാണ് ഇവിടെ ചെയ്യുന്നത്. തിരിച്ച് ഇംഗ്ലീഷിലെ f, ph എന്നിവയുടെ ഉച്ചാരണങ്ങൾ വേർതിരിക്കുവാനോ രേഖപ്പെടുത്താനോ മലയാളത്തിനു കഴിയില്ല. മലയാളത്തിലെഴുതുമ്പോൾ 'പ'വർഗ്ഗത്തിലെ അതിഖരം കൊണ്ടാണ് രണ്ടിനേയും കുറിക്കുന്നത്. fan = ഫാൻ; phone = ഫോൺ എന്നിങ്ങനെ (1.3.1).

3.0.3 ഒരു ദേശത്തോ ഒരു ഗോത്രത്തിലോ/സമൂഹത്തിലോ രൂപം കൊണ്ട ലിപി ദേശാതിർത്തിയും ഗോത്രാതിർത്തിയും കടന്ന് പ്രചരിക്കുക സ്വാഭാവികമാണ്. ദേശാന്തരഗമനം ചെയ്യുന്ന മനുഷ്യൻ തന്റെ ഭാഷയേയും എഴുത്തിനേയും കൂടെ കൊണ്ടു

പോകുന്നു. എത്തിച്ചേരുന്ന നാട്ടിലെ ഭാഷയെ പഠിച്ചു തുടങ്ങുമ്പോൾ അറിയാവുന്ന എഴുത്തു സമ്പ്രദായത്തിൽ അത് രേഖപ്പെടുത്താനുള്ള ശ്രമവും സ്വാഭാവികമാണ്.

3.0.4 പ്രാചീനകാലത്ത് ഒരു ലിപി തന്നെ പല ദേശങ്ങളിലും നിലനിന്നിരുന്നു എന്നതു പോലെ ഒരു ദേശത്ത് പല ലിപികളും നിലനിന്നിരിക്കാം എന്നർത്ഥം. പ്രാചീന കേരളത്തൽ നിലനിന്നിരുന്ന എഴുത്തു സമ്പ്രദായങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങളുണ്ടായിട്ടുണ്ട് (പരമേശ്വരൻപിള്ള, 1963; രവിവർമ്മ, 1971; പ്രബോധചന്ദ്രൻ, 1987; ജലീൽ, 1989; സുജാത, 1997). പ്രാചീനകാലത്ത് കേരളത്തിൽ ഗ്രന്ഥലിപി(ആര്യഎഴുത്ത്), വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നിങ്ങനെ വിവിധതരം ലിപികൾ പ്രചരിച്ചിരുന്നതായി പഠനങ്ങൾ പറയുന്നു. ഇവയ്ക്ക് പ്രാദേശികഭേദങ്ങളും നിലനിന്നിരുന്നു എന്നു കാണാം. ഭാരതീയ ലിപികളുടെയെല്ലാം അടിസ്ഥാനമായി ഗവേഷകർ കരുതുന്ന ബ്രാഹ്മിലിപിയുടെ തെക്കൻ ഭേദത്തിൽ നിന്നുമാണ് ഈ ലിപികളുടെ ഉത്ഭവം എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്(രവിവർമ്മ,1971). ഇവയെല്ലാം കേരളീയ ലിപികൾ തന്നെയാണ്. കേരളീയമല്ലാത്ത അറബി-മലയാളം ലിപിയിലുള്ള എഴുത്തു സമ്പ്രദായവും കേരളത്തിൽ നിലനിന്നിരുന്നതായി ചിലരെങ്കിലും പറഞ്ഞുവെക്കുന്നുണ്ട്(സുജാത, 1997; പ്രബോധചന്ദ്രൻ, 1987).

3.1 കേരളത്തിലെ എഴുത്തു സമ്പ്രദായങ്ങളെക്കുറിച്ചുള്ള ഗവേഷകരുടെ നിരീക്ഷണങ്ങൾ അഞ്ചുതരം ലിപികളെക്കുറിച്ചുള്ള നിഗമനങ്ങളിലാണ് എത്തിച്ചേരുന്നത്.

### 3.1.1 ഗ്രന്ഥലിപി

തമിഴകത്തും തെക്കൻ കർണാടകത്തിലും സംസ്കൃതമെഴുതാൻ ഉപയോഗിച്ചിരുന്ന ലിപിയാണ് ഗ്രന്ഥം. പുസ്തകം എന്നർത്ഥമുള്ള ഈ വാക്ക് സംസ്കൃത ഗ്രന്ഥങ്ങൾ എഴുതാനുപയോഗിച്ച ലിപിയെ കുറിക്കാൻ കൂടി ഉപയോഗിക്കുകയാണുണ്ടായത്. ചരിത്രപരമായി ഗ്രന്ഥലിപിയെ പ്രാചീനലിപി, മധ്യകാല ലിപി, പരിവർത്തനകാല ലിപി, ആധുനിക ലിപി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. അക്ഷരത്തിന്റെ ആകൃതിയെ ആസ്പദമാക്കി ഗ്രന്ഥലിപിയെ വൃത്താകൃതിയിലുള്ള

തെന്നും ചതുരാകൃതിയിലുള്ളതെന്നും രണ്ടായി തിരിക്കാറുണ്ട്. പ്രാദേശിക വ്യത്യാസങ്ങളെ അടിസ്ഥാനമാക്കി ചോള, പാണ്ഡ്യ, പല്ലവ, തുളു-മലയാളം എന്നിങ്ങനെയും തിരിച്ചിട്ടുണ്ട്. തുളുനാട്ടിലെയും മലയാളനാട്ടിലെയും ഗ്രന്ഥലിപികൾക്ക് ചില ചെറിയ വ്യത്യാസങ്ങൾ ഉണ്ടാവുകയും ഇവ യഥാക്രമം തുളുഗ്രന്ഥം, ആര്യ എഴുത്ത്, മലബാർ ഗ്രന്ഥം എന്ന് അറിയപ്പെടുകയും ചെയ്തു. വട്ടെഴുത്തു ശാസനങ്ങളിൽ വട്ടെഴുത്തുലിപികൊണ്ട് എഴുതാൻ കഴിയാത്ത സംസ്കൃത പദങ്ങൾ ഗ്രന്ഥലിപി ഉപയോഗിച്ചാണ് എഴുതിയിരിന്നത്(പ്രബോധചന്ദ്രൻ,1987; ജലീൽ, 1989). കേരളത്തിൽ പ്രചാരത്തിലിരുന്ന ഗ്രന്ഥലിപി അഥവാ ആര്യ എഴുത്താണ് ഇന്നത്തെ മലയാള ലിപിയുടെ ആധാരം (ജലീൽ, 1989:239; പരമേശ്വരൻ, 1963:46).

### 3.1.2 **വട്ടെഴുത്ത്**

പതിനൊന്നാം നൂറ്റാണ്ടു വരെയുള്ള തമിഴ് കൃതികൾ വട്ടെഴുത്തിലാണ് രചിച്ചിരുന്നത്(ജലീൽ, 1989). വളഞ്ഞ വരകൾ അധികം ഉള്ളതുകൊണ്ട് അഥവാ അക്ഷരങ്ങൾ ഉരുണ്ട വടിവിലായതിനാലാണ് ഈ ലിപിക്ക് വട്ടെഴുത്ത് എന്നു പേരുവന്നത്. ഉളിയും മറ്റും ഉപയോഗിച്ച് പാറയിലോ ചെമ്പുതകിടിലോ വെട്ടിയുണ്ടാക്കിയിരുന്നതിനാൽ ഇതിന് വെട്ടെഴുത്ത് എന്നും പേരുണ്ടായിരുന്നതായി ഗവേഷകർ നിരീക്ഷിക്കുന്നുണ്ട് (പരമേശ്വരൻപിള്ള, 1963; പ്രബോധചന്ദ്രൻ, 1987; ജലീൽ, 1989; രവിവർമ്മ, 1971). ഈ ലിപിക്ക് പലതരം നാമങ്ങൾ ഉണ്ട്.

(i) ചേരപാണ്ഡ്യലിപി : ഇന്നത്തെ കേരളത്തിന്റെ പരിധിയിൽ വരുന്ന ചേരപാണ്ഡ്യ ദേശങ്ങളിൽ ഉപയോഗിച്ചിരുന്നതിനാലാണ് ഇങ്ങനെയൊരു പേരുണ്ടായത്.

(ii) നാനം മോനം: മിക്ക വട്ടെഴുത്തു രേഖകളും തുടങ്ങിയിരുന്നത് നമോ നാരായണ എന്നാണ്. ഹരിശ്രീ എന്നെഴുതുന്നതിനു പകരം ഇങ്ങനെ എഴുതിക്കണ്ടതിനാൽ ഇതിലെ ആദ്യാക്ഷരങ്ങളായ നകാര മകാരങ്ങൾ ചേർത്ത് നാനം മോനം എന്ന് ഈ ലിപി അറിയപ്പെട്ടു.

(iii) ഗജവടിവ്: ആനയുടെ കാൽപ്പാടുകളെ അനുസ്മരിപ്പിക്കുന്ന വടിവിലായതിനാൽ ഇങ്ങനെയൊരു പേരും വട്ടെഴുത്തിന് ലഭിച്ചിട്ടുണ്ട്.

(iv) രായ(ജ)സ വടിവ് : ചൂണ്ടു വിരലിന്റെ നഖാഗ്രത്തിൽ നിർമ്മിച്ച ദ്വാരത്തിൽ മൂർച്ചയുള്ള ചെറിയൊരു കോൽ തിരുകി അതുകൊണ്ടോ അറ്റം കൂർത്ത് കീഴോട്ട് വളഞ്ഞതും ചൂണ്ടുവിരലിൽ കഥകളിക്കാരുടേതുപോലെ ഉറപ്പിച്ചുവെക്കാവുന്നതുമായ കൃത്രിമ ലോഹ നഖങ്ങൾ കൊണ്ടോ ആയിരുന്നു രായവടിവിലുള്ള എഴുത്ത് നിർവ്വഹിച്ചിരിക്കുന്നത്. കോലും നാരായവും മറ്റും കൊണ്ട് എഴുതുമ്പോഴത്തെക്കാൾ അലങ്കാരപ്പണികൾ വരുത്താൻ രായസക്കാർക്ക് എളുപ്പമായിരുന്നു.

(v) തെക്കൻ മലയാളം: കൂടുതലായും കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ആണ് ഇത് പ്രചരിച്ചിരുന്നത്.

വട്ടെഴുത്ത് അധികവും ശിലകളിലാണ് എഴുതിയിരുന്നത്. ചെമ്പുതകിടുകൾ, മുളച്ചീളുകൾ, താളിയോലകൾ എന്നിവയിലും വട്ടെഴുത്തു രേഖകൾ ധാരാളം ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വട്ടെഴുത്തിലുള്ള അനവധി ശാസനങ്ങളും താളിയോല ഗ്രന്ഥങ്ങളും കണ്ടെടുത്തിട്ടുണ്ട്. പാണ്ഡ്യ സാമ്രാജ്യം ക്ഷയിച്ചു തുടങ്ങിയതോടെ വട്ടെഴുത്തിന്റെ പ്രചാരം കുറഞ്ഞെങ്കിലും 18-ാം നൂറ്റാണ്ടിന്റെ അവസാനം വരെ കേരളത്തിൽ വട്ടെഴുത്ത് നിലനിന്നിരുന്നു.

**3.1.3 കോലെഴുത്ത്**

മലയാളമെഴുതുന്നതിന് വട്ടെഴുത്തിനോടൊപ്പം തന്നെ ഉപയോഗിച്ചിരുന്ന മറ്റൊരു ലിപിയിലാണ് കോലെഴുത്ത്. തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലയിലെല്ലാം ഈ ലിപി നിലവിലിരുന്നെങ്കിലും മലബാറിലെ മുസ്ലീങ്ങളുടെ ഇടയിലാണ് ഇതിന് കൂടുതൽ അംഗീകാരം ഉണ്ടായിരുന്നത്. നീളമുള്ള കോൽ അഥവാ നാരായം കൊണ്ടെഴുതിയിരുന്നതിനാലാണ് ഈ പേരു ലഭിച്ചത്. ജലീലിന്റെ (1989) നിരീക്ഷണമനുസരിച്ച് ഇത് വട്ടെഴുത്തിന്റെ ഒരു വകഭേദം മാത്രമാണ്. താളിയോലകളിലാണ് കോലെഴുത്തു രേഖകൾ ധാരാളമായി കാണുന്നത്. കരിങ്കല്ലിൽ കൊത്തിയിട്ടുള്ള കോലെഴുത്തു രേഖകളും ഉണ്ട്.

3.1.4 **മലയാണ്മ**

കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ നിലവിലിരുന്ന ഈ ലിപി വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയും ഒരു സമ്മിശ്ര രൂപത്തിൽ നിന്നുണ്ടായിട്ടുള്ളതാണ്. അതുകൊണ്ടു തന്നെ ഇതിനെ പ്രത്യേക ലിപിയായി ഗവേഷകരിൽ പലരും പരിഗണിച്ചിട്ടില്ല. ഏ.ഡി.1819 വരെ തിരുവിതാംകൂർ സർക്കാർ രേഖകൾ മലയാണ്മയിലായിരുന്നു എഴുതിയിരുന്നത്.

3.1.5 **അറബി-മലയാളം**

കേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന ഒന്നാണ് അറബിമലയാളം ലിപി. കേരള ഭാഷയും അറബിയും തമ്മിലുണ്ടായ സമ്പർക്കത്തിന്റെ ഫലമാണ് അറബി-മലയാളം. അതൊരു ഭാഷാഭേദമായിത്തന്നെ കേരളത്തിൽ നിലനിന്നിരുന്നു(ആബു, 1970). അറബിലിപിയാണ് ഈ മൊഴിഭേദത്തിന് അടിസ്ഥാനം. അറബിലിപി കൊണ്ട് എഴുതാൻ കഴിയാത്ത മലയാള അക്ഷരങ്ങൾ മറ്റുചില ചിഹ്നങ്ങൾ ഉപയോഗിച്ച് എഴുതുകയാണ് ചെയ്തിരുന്നത്. മലബാറിലെ മുസ്ലീങ്ങൾക്കിടയിൽ ഏറെ പ്രചാരത്തിലിരുന്ന അറബി മലയാളത്തിൽ ധാരാളം പാട്ടുകളും മറ്റും എഴുതപ്പെട്ടിട്ടുണ്ട്.

3.2 **കർസോനി**

മലയാളം എഴുതുന്നതിന് പല കാലങ്ങളിലായി ഉപയോഗിച്ചിരുന്ന മേൽപ്പറഞ്ഞ ലിപികൾ കൂടാതെ കർസോനി എന്നൊരു എഴുത്തുമുറയും കേരളത്തിൽ നിലനിന്നിരുന്നു. ലിപിഗവേഷകരിൽ പി.സുജാത (1997) ഒഴികെ ആരും കർസോനിയെക്കുറിച്ച് പറയുന്നില്ല. കേരളഭാഷയ്ക്ക് സുറിയാനി ഭാഷയുമായുള്ള സമ്പർക്കത്തിൽനിന്നുമാണ് കർസോനി ഉണ്ടാകുന്നത്. സുറിയാനി ലിപി ഉപയോഗിച്ച് മലയാളം എഴുതുന്ന രീതിയാണിത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ മതജീവിതവുമായി ബന്ധപ്പെട്ടാണ് കർസോനിയുടെ ഉപോയോഗം ഉണ്ടായിരുന്നത്. 17-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടു വരെ ഈ എഴുത്തു രീതി നിലനിന്നിരുന്നു (സുജാത, 1997; ജോസഫ് ചീരൻ, 1991).

3.2.1 കർസോനി എന്നത് ഒരു എഴുത്തുമുറയാണ്. സുറിയാനി ഉപയോഗിച്ച് മലയാളം എഴുതുന്ന രീതി. എഴുത്ത് കണ്ടാൽ സുറിയാനിയാണെങ്കിലും വായനയിൽ അത് മലയാളമാണ്.  ഇതു വായിക്കുന്നത് /തംപുര്ൻ/ എന്നാണ്. സുറിയാനി ലിപി ഉപയോഗിച്ച് വേറെയും ഭാഷകൾ എഴുതിയിരുന്നു.[1] സുറിയാനി ലിപിയിൽ അറബി എഴുതിയിരുന്നതിന് രേഖകളുണ്ട്. ഇങ്ങനെ എഴുതിയിട്ടുള്ള ധാരാളം രേഖകൾ പാമ്പാക്കുടയിലുള്ള ഓർത്തഡോക്സ് റിസർച്ച് സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട് (ഉദാ: പുസ്തക നമ്പർ – 114, 131, 69). ഇങ്ങനെ സുറിയാനി ലിപിയിൽ അറബി എഴുതിയിരുന്ന സമ്പ്രദായത്തെ 'അറബി കർസോനി' എന്നാണ് വിളിച്ചിരുന്നത്. അതു പോലെ സുറിയാനി ലിപിയിൽ മലയാളം എഴുതുമ്പോൾ അതിനെ 'മലയാളം കർസോനി' എന്നാണ് വിളിക്കുന്നത്.

പൗരസ്ത്യ സുറിയാനിയിൽ 'ഗർശോനി' എന്നും പാശ്ചാത്യ സുറിയാനിയിൽ 'ഗർശൂനി' എന്നും ആണ് ഈ ലിപിക്കു പേര്. ഇംഗ്ലീഷിൽ 'karson' എന്നാണ് എഴുതുന്നത്. കർസോൻ/കർസൻ എന്നു വായിക്കുന്നു. സുറിയാനിയിൽ കർസോനി എന്നും ഉച്ചരിച്ചു കേട്ടിട്ടുണ്ട്. ഈ പ്രബന്ധത്തിൽ കർസോനി എന്ന രൂപമാണ് സ്വീകരിക്കുന്നത്. മലയാളം കർസോനി എന്ന എഴുത്തു സമ്പ്രദായത്തെയാണ് ഇവിടെ പഠനവിധേയമാക്കുന്നത് എന്നതിനാൽ ഈ പ്രബന്ധത്തിലെ 'കർസോനി' എന്ന പ്രയോഗം മലയാളം കർസോനിയെ ആണ് ഉദ്ദേശിക്കുന്നത്.

3.3 കർസോനി എന്ന വാക്കിന്റെ ഉത്ഭവത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. എങ്കിലും ഇതൊരു വ്യക്തിയുടെ പേരുമായി ബന്ധപ്പെട്ട് ഉണ്ടായതാവണം എന്ന നിഗമനത്തിലാണ് ഗവേഷകർ എത്തിനിൽക്കുന്നത് (Emmanuel, 1961:2; Ploeg, 1983:30; Thoma Kathanar,1997:59). സുറിയാനി ലിപി ഉപയോഗിച്ച് ആദ്യമായി മറ്റൊരു ഭാഷ എഴുതിയ ആളുടെ പേരുമായി കർസോനിയെ ബന്ധപ്പെടുത്താനാണ് ഗവേഷകർ ശ്രമിച്ചിട്ടുള്ളത്. എന്നാൽ ജോസഫ് ചീരൻ (1991)

കർസോനിക്ക് കറുത്തസ്വർണം എന്നൊരർത്ഥം നൽകുന്നുണ്ട്. ഇങ്ങനെയൊരു പേര് സ്വീകരിക്കുന്നതിനുള്ള യുക്തിയോ തെളിവോ അദ്ദേഹം അവതരിപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ അർത്ഥം സ്വീകരിക്കാൻ നിർവ്വാഹമില്ല. കർസോനിയെക്കുറിച്ച് പറഞ്ഞിട്ടുള്ളവരാരും ഇത്തരമൊരു സാധ്യതയെക്കുറിച്ചുപോലും പരാമർശിക്കുന്നില്ല. 'കറുത്തസ്വർണ്ണം' എന്നത് ജോസഫ് ചീരന്റെ ഊഹം മാത്രമാണ്. സുഗന്ധവ്യഞ്ജന വ്യാപാരവുമായി ബന്ധപ്പെടുത്തി കുരുമുളകിന് പറഞ്ഞു വരാറുള്ള പേരിനെ ഓർമ്മിച്ചാവണം അദ്ദേഹം ഇങ്ങനെയൊരു അർത്ഥം കണ്ടെത്തുന്നത്. കേരളത്തിലെ സാഹചര്യങ്ങളും ഭാഷാസവിശേഷതകളും (കർ – സോനി) കണക്കിലെടുത്താവണം ഇത്തരമൊരു അർത്ഥകല്പന. എന്നാൽ 'കർസോനി' എന്ന് നാം പറയുന്ന വാക്കിന്റെ ഉച്ചാരണഭേദങ്ങളെ കണക്കിലെടുക്കുമ്പോൾ ഈ വാക്കാണ് ആദ്യമുണ്ടായതെന്നോ അതിൽനിന്നുണ്ടായ ഭേദങ്ങളാണ് മറ്റുള്ളവയെന്നോ തെളിയിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. ഇങ്ങനെ ആലോചിക്കുമ്പോൾ 'കർസോനി' എന്നതിന് 'കറുത്തസ്വർണ്ണം' എന്ന അർത്ഥം കൊടുക്കുന്നതിൽ യുക്തിയില്ല എന്നു മനസ്സിലാക്കാം. 'കർസോനി'യെ വ്യക്തിനാമവുമായി ബന്ധപ്പെടുത്തിയല്ലാതെയുള്ള ചിന്തകൾ ആരും പ്രദർശിപ്പിച്ചിട്ടില്ല. ഈ വാക്കിന്റെ നിരുക്തിയെക്കുറിച്ച് ചിന്തിച്ചിട്ടുള്ളവരൊക്കെ വ്യക്തിനാമവുമായിട്ടാണ് ഇതിനെ ബന്ധിപ്പിച്ചിട്ടുള്ളത്. പുതുസമ്പ്രദായങ്ങൾക്ക് അതുകണ്ടുപിടിക്കുകയോ തുടങ്ങിവെക്കുകയോ ചെയ്യുന്ന ആളിന്റെ പേരു നൽകുക എന്നത് സർവ്വസാധാരണമായതിനാലും വ്യക്തിനാമബന്ധത്തെ നിഷേധിക്കാൻ പോരുന്ന തെളിവുകളോ യുക്തികളോ ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാലും കർസോനി എന്ന പേര് ഏതെങ്കിലും വ്യക്തിയുമായി ബന്ധപ്പെട്ടതായിരിക്കാം എന്നു കരുതുന്നതാണ് യുക്തി.

### 3.4 കർസോനിയുടെ പ്രയോക്താക്കൾ

കർസോനി ആരാണ് ഉപയോഗിച്ചിരുന്നത് എന്ന അന്വേഷണത്തിന് മൂന്നുതരം തെളിവുകളാണ് ഇവിടെ ആശ്രയിക്കുന്നത്. ഒന്നാമത്തേത് പണ്ഡിതഗവേഷകരുടെ പരാമർശങ്ങളും നിഗമനങ്ങളുമാണ്. മലയാളസാഹിത്യവും

ക്രിസ്ത്യാനികളും എന്ന കൃതിയിൽ പി.ജെ തോമസ് ഇപ്രകാരം പറയുന്നു: "ചില നസ്രാണിവൈദികർ അന്നു നാട്ടുഭാഷപോലും ലേഖനം ചെയ്തിരുന്നത് സുറിയാനി ലിപികളിൽ ആയിരുന്നു. ഈ ലേഖനപദ്ധതിക്ക് കർസോൻ അഥവാ കുരസാനി എന്നാണു പേർ"(1989:36) മറ്റൊരിടത്ത് കടത്തുരുത്തി ദേശക്കാരനായ കടവിൽ ചാണ്ടിക്കത്തനാർ കർസോനിയിൽ കൃതികൾ എഴുതിയിട്ടുള്ളതായി പറയുന്നുണ്ട്(പു.143). കൂനമ്മാക്കൽ തോമാകത്തനാർ എഴുതിയിട്ടുള്ള ലേഖനത്തിൽ അഭ്യസ്തവിദ്യരായ മല്പാൻമാർ കർസോൻ-സുറിയാനി നിഘണ്ടുക്കളുടെയും കർസോൻ-സുറിയാനിവ്യാകരണങ്ങളുടെയും സഹായത്തോടെ സുറിയാനി പഠിപ്പിക്കുന്നതു പതിവായിരുന്നു എന്നു പറയുന്നുണ്ട്(Thoma kathanar, 1997:62)[2]. രണ്ടാമത്തേത് കർസോനി രേഖകൾ സൂക്ഷിച്ചിട്ടുള്ള ലൈബ്രറികളിലെ കാറ്റലോഗുകളിൽ അവയുടെ കർത്താക്കളെക്കുറിച്ചു പറഞ്ഞിട്ടുള്ളതാണ്. കോനാട്ട് അബ്രഹാം മൽപ്പാൻ (പുസ്തകം 3) അബ്രഹാം മല്പാൻ മുതൽ പേർ(പുസ്തകം 5) പാലിയത്തു ഗീവർഗീസുമല്പാൻ(പുസ്തകം 8) എന്നിങ്ങനെ നാട്ടുക്രിസ്ത്യാനികളുടെ പേരാണ് കർത്താക്കളുടേതായി കൊടുത്തിട്ടുള്ളത്. (കർസോനി രേഖകളിലെ 4, 5 എന്നിവ കോനാട്ട് അബ്രഹാം മല്പാൻ ആണെഴുതിയിട്ടുള്ളത്എന്ന് അതിൽത്തന്നെ പറയുന്നുമുണ്ട്). മൂന്നാമത്തേത് കർസോനിയിൽ കൂട്ടിച്ചേർത്ത (സുറിയാനി യിലില്ലാത്ത) ലിപികളുടെ സ്വഭാവമാണ്. അവയ്ക്ക് മലയാളലിപികളോടുള്ള സാദൃശ്യം വ്യക്തമാണ്. ചിലത് (ജ,ഭ) മലയാളലിപി തന്നെയാണുതാനും. ഇത്തരം തെളിവുകളുടെ അടിസ്ഥാനത്തിൽ കർസോനി ഉപയോഗിച്ചിരുന്നത് നാട്ടുക്രിസ്ത്യാനികൾ തന്നെയായിരുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരാവുന്നതാണ്.

3.4.1 എന്തുകൊണ്ട് കർസോനിയിൽ എഴുതി എന്ന ചോദ്യം ഇവിടെ പ്രസക്ത മാണ്. ഏതു ഭാഷയും ഏതു ലിപിയിലും എഴുതാവുന്നതാണെന്നും ലിപിയില്ലാത്ത നിരവധി ഭാഷകളുണ്ടെന്നും ഉള്ള കാര്യങ്ങൾ ഓർമ്മിക്കുമ്പോൾ ഭാഷയും ലിപിയും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്ന ഭാഷാശാസ്ത്ര കാഴ്ചപ്പാട് ശരിയാണെന്ന്

കാണാം. എന്നാൽ തങ്ങളുടെ ഭാഷയോട് ഭാഷകർ പുലർത്തുന്ന മനോഭാവവുമായി ബന്ധപ്പെടുത്തിയും ലിപിസ്വീകരണത്തെ കാണാവുന്നതാണ്. ഭാഷയ്ക്കും ലിപിക്കും ദൈവികമായ പരിവേഷം കല്പിക്കുന്ന ഭാഷകർ അവരുടെ ലിപിക്ക് ദൈവികതയോളം പ്രാധാന്യം കല്പിക്കാറുണ്ട്. മതവിശ്വാസവുമായി ബന്ധപ്പെട്ട് പലപ്പോഴും ലിപിക്ക് പ്രാധാന്യം ലഭിക്കുന്നു എന്നർത്ഥം. കേരളീയർ ക്രിസ്തുവിശ്വാസത്തെ സ്വീകരിച്ചപ്പോൾ ആ വിശ്വാസത്തെ നൽകിയ ഭാഷയെ ക്രിസ്തുവിന്റെ/ ദൈവത്തിന്റെ ഭാഷയായി സ്വീകരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ സുറിയാനി ലിപിക്ക് ക്രിസ്ത്യാനികൾക്കിടയിൽ ദൈവികമായ ഒരു പരിവേഷം ലഭിച്ചു. മതവിഷയങ്ങൾ സുറിയാനി ലിപിയിൽ എഴുതുവാനുള്ള ശീലം ക്രിസ്ത്യാനികൾക്കിടയിൽ അപ്രകാരം ഉടലെടുത്തു എന്നാണ് കരുതേണ്ടത്. ക്രിസ്തുവിശ്വാസത്തെ പ്രചരിപ്പിച്ച വിദേശീയരും ഈ സങ്കല്പത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടാവണം. അറബിനാട്ടിൽ അറബി-കർസോൻ എന്ന എഴുത്തു സമ്പ്രദായം നിലനിന്നിരുന്നു എന്നതും ഈ ഊഹത്തെ ബലപ്പെടുത്താൻ പോന്ന തെളിവാണ്. ചുരുക്കത്തിൽ സുറിയാനി ഭാഷയോടും ലിപിയോടുമുള്ള ക്രിസ്ത്യാനികളുടെ മനോഭാവമാണ് കർസോനി എന്ന എഴുത്തു സമ്പ്രദായത്തിന്റെ ഉത്ഭവത്തിനു കാരണം എന്നു പറയാം. ദ്രമിഡസംഘാത പാഠത്തിലാണ് കവിത എഴുതേണ്ടത് എന്ന പാട്ടു പ്രസ്ഥാനക്കാരുടെ നിബന്ധന സാഹിത്യത്തിൽ നിലനിന്നിരുന്ന ഭാഷാമനോഭാവത്തെയാണല്ലോ കാണിച്ചു തരുന്നത്.

3.5 കർസോനിയുടെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ കിട്ടിയിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിൽ ചില സാധ്യതകളെക്കുറിച്ച് ചിന്തിക്കാനേ നിർവ്വാഹമുള്ളൂ.

1. സുറിയാനിയും മലയാളവും അറിയാവുന്ന വൈദികർ കേവലം കൗതുകത്തിനു വേണ്ടി മലയാളത്തെ സുറിയാനി ലിപിയൽ എഴുതിത്തുടങ്ങിയതാവാം എന്നത് ഒരു സാധ്യതയാണ്. എന്നാൽ വേദവിഷയങ്ങളെ

കൗതുകത്തിനായി ഉപയോഗിക്കുന്നത് ഭക്തന്മാരെ സംബന്ധിച്ചിടത്തോളം സാധ്യത ഇല്ലാത്ത ഒന്നാണ്. ആരാധനയുമായി ബന്ധപ്പെട്ട് മാത്രമാണ് കർസോനി കാണുന്നത് എന്നതിനാൽ ഈ സാധ്യത നിലനിൽക്കാത്ത ഒന്നാണ്.

2. മലയാളലിപി ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഉണ്ടായിരുന്നപ്പോൾ കർസോനിയിൽ എഴുതിത്തുടങ്ങിയതാവാം എന്നതാണ് മറ്റൊരു സാധ്യത. രാഷ്ട്രീയമായോ മതപരമായോ അത്തരമൊരു വിലക്ക് മലയാളലിപിക്ക് ഉണ്ടായിരുന്നതായി ചരിത്രം പറയുന്നില്ല. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിലോ ക്രിസ്തുമതത്തിന്റെ സഭാചരിത്രത്തിലോ അങ്ങനെയൊരു കാലമുണ്ടായിരുന്നിട്ടില്ല. ആയതിനാൽ ഈ സാധ്യതയും നിലനില്ക്കുന്ന ഒന്നല്ല.

3. മലയാളലിപി രൂപപ്പെടുന്നതിനു മുമ്പ് എഴുതിത്തുടങ്ങിയതിനാലാണ് കർസോനിയിൽ എഴുതിയത് എന്നത് മറ്റൊരു സാധ്യതയാണ്. മലയാള ലിപി രൂപപ്പെടാത്തതിനാലോ അതിന് വേണ്ടത്ര പ്രചാരം സിദ്ധിക്കാതിരുന്നതിനാലോ ആയിരിക്കാം ക്രിസ്ത്യാനികൾ സുറിയാനി ലിപിയിൽ തന്നെ എഴുതിത്തുടങ്ങിയത് എന്നു വിചാരിക്കാവുന്നതാണ്. എന്നാൽ ഈ സാധ്യതക്ക് വേണ്ടത്ര തെളിവുകൾ ലഭ്യമല്ല. ഇന്ന് ലഭിച്ചിട്ടുള്ള കർസോനി രേഖകൾ 17, 18, 19 നൂറ്റാണ്ടുകളിലേതാണ്. അന്ന് മലയാള ലിപി ഉണ്ടായിരുന്നു. രാമചരിതകാലം മുതൽ തന്നെ (12-13 നൂറ്റാണ്ട്) മലയാള ലിപി ഉപയോഗിച്ചു വന്നിരുന്നതിനാൽ ഈ സാധ്യതക്കും ചരിത്രപിന്തുണയില്ല.

4. മതസംബന്ധമായ വിഷയങ്ങളുടെ രഹസ്യാത്മകത സൂക്ഷിക്കുന്നതാനായി തുടങ്ങിയ ഒന്നായിരിക്കാം ഇത്. വേദജ്ഞാനവും സുറിയാനി ജ്ഞാനവും ആയിരിക്കണം പുരോഹിതരെ അൽമായരിൽ നിന്ന് വ്യത്യസ്തരാക്കി നിർത്തിയിരുന്ന പ്രധാന ഘടകങ്ങൾ. ഈ വ്യത്യസ്തതയെ

നിലനിർത്താനും കർസോനി ഉപാധിയാക്കിയിരിക്കണം. വേദവിഷയങ്ങൾ സാധാരണ ഭക്തരിൽനിന്നും അകറ്റി നിർത്തുന്നതിന് വേദാധികാരികൾ എല്ലാകാലത്തും ശ്രദ്ധിച്ചിരുന്നു എന്ന കാര്യം ഓർമ്മിക്കുമ്പോൾ ഇക്കാര്യത്തിൽ ഇത്തരമൊരു സാധ്യത തള്ളിക്കളയാൻ കഴിയില്ല.

5. മലയാളവും സുറിയാനിയും അറിയാവുന്ന പുരോഹിതന്മാർ സുറിയാനിയിലുള്ള ആരാധനക്രമത്തെ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് സുറിയാനി മാത്രം അറിയാവുന്ന വിദേശീയർക്കുവേണ്ടി അത് സുറിയാനി ലിപിയിൽ എഴുതിവെച്ചതാണ് എന്നു കരുതാവുന്നതാണ്. വിദേശികളായ മതാധികാരികൾക്ക് മലയാളത്തിൽ ആരാധന ചൊല്ലേണ്ടതായി വന്നപ്പോൾ അവർക്കുവേണ്ടി എഴുതിത്തുടങ്ങിയതാവാം കർസോനി. ഭക്തന്മാരുമായി ഇടപഴകാൻ വിദേശീയർക്ക് അവശ്യം വേണ്ടിയിരുന്നത് ആരാധനക്രമമാണ് എന്നതും ഈ സാധ്യതയെ ബലപ്പെടുത്തുന്നുണ്ട്.

മേൽപ്പറഞ്ഞ സാധ്യതകളിൽ ഒടുവിൽ പറഞ്ഞ രണ്ടെണ്ണമാണ് കർസോനിയുടെ ഉത്ഭവവുമായി ബന്ധപ്പെടുത്തി സ്വീകരിക്കാവുന്നവ. ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടും ഒരുമിച്ചോ സംഭവിച്ചിരിക്കാനും സാധ്യതയുണ്ട്.

3.6 സുറിയാനിയെ ആരാധനാഭാഷയായി സ്വീകരിച്ചിരുന്ന കേരളത്തിലെ ക്രിസ്ത്യാനികളാണ് കർസോനി ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രൈസ്തവർക്കെല്ലാം കർസോനി അറിയാമായിരുന്നെന്നോ എല്ലാവരും ഉപയോഗിച്ചിരുന്നു എന്നോ കരുതേണ്ടതില്ല. സാമാന്യ ഭക്തന്മാർ(അൽമായർ)ക്ക് സുറിയാനി പോലെതന്നെ കർസോനിയും അന്യമായിരുന്നു എന്നാണ് അനുമാനിക്കേണ്ടത്. വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മാത്രമായിരിക്കണം കർസോനി വശമുണ്ടായിരുന്നത്. സാമാന്യജനങ്ങൾക്ക് ഒരിക്കലും കർസോനി പഠിക്കേണ്ട അവസരമോ ആവശ്യമോ ഉണ്ടാകാൻ സാധ്യതയില്ല. സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ മതവിദ്യാഭ്യാസം എന്നെങ്കിലും നിർബന്ധമായിരുന്നതിന് ഇതുവരെ തെളി

വുകൾ ലഭിച്ചിട്ടില്ല. ഇന്നുപോലും കർശനമായ മതപഠനം സുറിയാനി ക്രിസ്ത്യാനികൾക്കിടയിലില്ല.

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു എന്ന് രണ്ടാം അധ്യായത്തിൽകണ്ടതാണ് (2.7.1). സുറിയാനി ഭാഷയിൽ രചിച്ചിട്ടുള്ള മതേതരമായ ഒന്നും കേരളത്തിൽ നിന്നും ലഭിച്ചിട്ടില്ല (Ploeg, 1983: 15). കർസോനിയും മതപരമായ കാര്യങ്ങൾക്കായിട്ടല്ലാതെ ഉപയോഗിച്ചിരുന്നതിന് തെളിവുകളില്ല. പ്രാർത്ഥനകളും അവയുടെ ക്രമവിവരണങ്ങളും പ്രസംഗങ്ങളും ആണ് കിട്ടിയിട്ടുള്ളവയിൽ അധികം രേഖകളും. സുറിയാനി ഗ്രന്ഥങ്ങൾക്കുള്ള നിഘണ്ടുക്കളാണ് മറ്റൊരു വക. പാമ്പാക്കുട പള്ളിക്കു തറക്കല്ലിട്ടതിന്റെ രേഖ എഴുതി സൂക്ഷിച്ചിരിക്കുന്നതാണ് മറ്റൊന്ന്. അതും പള്ളിയുമായി ബന്ധപ്പെട്ട രേഖ തന്നെയാണ്. ചുരുക്കത്തിൽ മതവിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമാത്രമായിരുന്നു കർസോനി ഉപയോഗിച്ചിരുന്നത് എന്നു പറയാം.

**3.7 കർസോനിരേഖകളുടെ കാലം**

ഏതു കാലം മുതലാണ് കർസോനി എഴുതിത്തുടങ്ങിയത് എന്ന് കൃത്യമായി പറയുന്നതിന് ഇന്ന് തെളിവുകൾ ലഭ്യമല്ല. കേരളത്തിലെ ആദിമ ക്രൈസ്തവരുടെ ആരാധനഭാഷ സുറിയാനി ആയിരുന്നതിനാൽ സുറിയാനി ലിപി അന്നു മുതലേ അവർക്ക് പരിചിതമായിരുന്നിരിക്കണം. ഉദയംപേരൂർ സൂനഹദോസിനു മുമ്പുണ്ടായിരുന്ന സുറിയാനിരേഖകൾ നശിപ്പിക്കപ്പെട്ടതിനാൽ (2.7.1) അതിനുമുമ്പുണ്ടായിരുന്നവയെക്കുറിച്ച് ഒന്നും പറയവുവാൻ കഴിയില്ല. ലഭിച്ചിട്ടുള്ള കർസോനിരേഖകളുടെ പ്രചാരണകാലം ഏതായിരുന്നു എന്നു ആലോചിക്കുവാനേ നിർവ്വാഹമുള്ളൂ.

കർസോനിയുടെ പ്രചരണകാലം നിർണയിക്കുന്നതിന് ആശ്രയിക്കാവുന്ന ഏഴു തെളിവുകളാണ് ലഭ്യമായിട്ടുള്ളത്:

1.ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ എഴുതി തയ്യാറാക്കിയപ്പോൾ മലയാണ്മയിലും കർസോനിയിലും തയ്യാറാക്കിയതായി പറയുന്നുണ്ട് (സ്കറിയാ,1994:54). സൂനഹദോസിന്റെ കാലം 1599 ആണ്.

2. കർസോനിരേഖകളിൽ ഒന്നിൽ  കെല്ലം എണ്ണൂറ് നാൽപ്ത് ഏഴ്  എന്നു കാണുന്നു. കോട്ടയം പഴയ സെമിനാരിയിൽനിന്നും ലഭിച്ചിട്ടുള്ള 17-ാം നമ്പർ പുസ്തകത്തിലാണ് കർസോനിയിൽ തന്നെയുള്ള എഴുത്ത് കണ്ടിട്ടുള്ളത്. സുറിയാനി-കർസോനി നിഘണ്ടുവാണ് ഈ പുസ്തകം.[3]

3. ലഭിച്ചിട്ടുള്ള രേഖകളിൽ 4, 5 എന്നിവയിൽ കൊടുത്തിട്ടുള്ള കാലമാണ് മറ്റൊന്ന്. പാമ്പാക്കുട പള്ളിക്ക് കല്ലിട്ടതിനെ സംബന്ധിക്കുന്ന കുറിപ്പാണ് രണ്ടിലേയും പ്രതിപാദ്യം. ഒരേ വിഷയം തന്നെയാണെങ്കിലും വ്യത്യസ്ത രേഖകളായി ഗണിക്കത്തക്കവിധം വ്യത്യാസം രണ്ടിലേയും വാക്യങ്ങൾക്കുണ്ട്. 4-ാം നമ്പർ രേഖയിൽ കൊല്ലം ആയിരാമാണ്ട് കന്നി 29-യിൽ  എന്നും 5-ാം നമ്പറിൽ കൊല്ലം ഒരായിരാമാണ്ട് കന്നി 29-ആം തിയതി  എന്നും കാണുന്നു. പള്ളിക്ക് കല്ലിട്ട തീയതിയെക്കുറിച്ചാണ് അവിടെ പറയുന്നത്. പള്ളിയും മുറിയും പണിച്ചു  എന്നാണ് കുറിപ്പിൽ പറയുന്നത്. അതായത് പണി തീർന്നതിനുശേഷമാണ് കുറിപ്പ് എഴുതിയിട്ടുള്ളത് എന്നർത്ഥം. അപ്പോൾ 1825ന് ശേഷമുള്ള കാലത്തായിരിക്കണം ഈ കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്.

4. പാമ്പാക്കുട ലൈബ്രറിയിൽനിന്നു ലഭിച്ചിട്ടുള്ള 14-ാം നമ്പർ പുസ്തകത്തിൽ ഇടയിലൊരു പുറത്തിൽ ഇംഗ്ലീഷിൽ ഒരു കുറിപ്പ് എഴുതിയിട്ടുണ്ട്.  “This book was written in (completed in )15$^{th}$ Dhanu 1657 in the Town of Cochin by Kasiso Alexander Kadathuruthy during the time of Pope Alexander VIII. (4 years after കൂനൻകുരിശുസത്യം)”. ഇതിൽ completed in എന്ന് വലയത്തിൽ കൊടുത്തിട്ടുള്ളത് വരിയുടെ മുകളിലായിട്ടാണ് ചേർത്തിരിക്കുന്നത്. ‘4 years’ എന്നതിൽ ‘4’ ന്റെ മുകളിലായി ‘നാലു’ എന്ന് മലയാളത്തിൽ എഴുതിയിട്ടുമുണ്ട്.[4]

5. കർസോനിരേഖകൾ സൂക്ഷിച്ചിട്ടുള്ള ലൈബ്രറിയിലെ കാറ്റലോഗുകളിൽ ചേർത്തിരിക്കുന്ന കാലസൂചനയാണ് മറ്റൊന്ന്. പാമ്പാക്കുട ലൈബ്രറിയിൽ

നിന്നും ലഭിച്ചിട്ടുള്ള 8-ാം നമ്പർ പുസ്തകത്തെക്കുറിച്ച് 1857-ൽ എഴുതിയത് എന്ന് കാറ്റലോഗിൽ രേഖപ്പെടുത്തിയിരിക്കുന്നു (കാറ്റലോഗിലെ 2-ാം നമ്പർ പുസ്തകമാണിത്). അതേ ലൈബ്രേറിയിൽനിന്നു ലഭിച്ചിട്ടുള്ള 12-ാം നമ്പർ പുസ്തകത്തെക്കുറിച്ച് 1703-ൽ എഴുതിയത് എന്നും കാണുന്നുണ്ട്. (കാറ്റലോഗിലെ നമ്പർ - 106)

6. മറ്റു കൃതികളിൽ കർസോനിയെക്കുറിച്ച് പരാമർശിക്കുന്നിടത്ത് കൊടുത്തിട്ടുള്ള കാലമാണ് മറ്റൊന്ന്.

(i) വാൻഡർ പ്ലോഗിന്റെ(Ploeg,1983) *സെന്റ് തോമസ് ക്രിസ്ത്യാനികളുടെ സുറിയാനി കൈയെഴുത്തുരേഖകൾ*[5] എന്ന കൃതിയിൽ 17/18 നൂറ്റാണ്ടുകളിൽ സുറിയാനി ലിപി ഉപയോഗിച്ച് മലയാളം എഴുതുന്ന പുതിയൊരു തരം എഴുത്ത് കാണുന്നതായി പറയുന്നുണ്ട് (നോക്കുക പുറം 17).

(ii) കോട്ടയത്തെ 'സീറി'യിൽനിന്നും പ്രസിദ്ധീകരിക്കുന്ന *Harp*-ൽ തോമാ കത്തനാർ എഴുതിയിട്ടുള്ള മലയാളം കർഷോൻ എന്ന ലേഖനത്തിൽ കർസോനിയുടേത് സൂനഹദോസിനുശേഷമുള്ള കാലമാണ് എന്നു പറഞ്ഞു കൊണ്ട് വാൻഡർ പ്ലോഗിന്റെ കാലഗണനയെ ഉദ്ധരിക്കുന്നുണ്ട്.[6]

(iii) *മലയാളസാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതിയിൽ പി.ജെ.തോമസ് രണ്ടിടത്ത് കർസോനിയെ പരാമർശിക്കുന്നുണ്ട്.

1. "പതിനേഴാം ശതാബ്ദത്തിൽ കടവിൽ ചാണ്ടിക്കത്തനാർ വിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയതായ സ്ത്രോത്രഗീതം അതിപ്രസിദ്ധമായ ഒന്നാണ്. ചില നസ്രാണി വൈദികർ അന്നു നാട്ടുഭാഷപോലും ലേഖനം ചെയ്തിരുന്നതു സുറിയാനി ലിപികളിൽ ആയിരുന്നു. ഈ ലേഖന പദ്ധതിക്ക് 'കർസോൻ' അഥവാ 'കുരസാനി' എന്നാണു പേർ" (തോമസ്, 1989:36).

2. ചാണ്ടിക്കത്തനാരുടെ വകയായി 'കൻസോൻ' ലിപിയിലെഴുതിയിട്ടുള്ള കൃതികൾ ഉണ്ടെന്ന് മറ്റൊരിടത്ത് പറയുന്നുണ്ട് (തോമസ്, 1989:143).

(iv) പോൾ മണവാളൻ രചിച്ചിട്ടുള്ള *കേരളസംസ്കാരവും ക്രൈസ്തവമിഷ ണറിമാരും* എന്ന കൃതിയിൽ 1602-ൽ വൈപ്പിക്കോട്ടയിൽ ഒരു സുറിയാനി പ്രസ് സ്ഥാപിച്ച് സുറിയാനി ഗ്രന്ഥങ്ങൾ അച്ചടിച്ചതായും ഈ ഗ്രന്ഥങ്ങൾക്ക് മലയാളം ടിപ്പണി സുറിയാനി ലിപിയിൽ (കർസോൺ) തന്നെ അച്ചടിച്ചതായും പറയുന്നു.[7]

(v) 1991 (ഓഗസ്റ്റ് - സെപ്റ്റംബർ) ലെ ഭാഷാപോഷിണിയിൽ ജോസഫ് ചീരൻ കർസോനിയെക്കുറിച്ച് എഴുതിയിട്ടുള്ള ലേഖനത്തിൽ 17,18 നൂറ്റാണ്ടുകളിലാണ് കർസോനി നിലനിന്നത് എന്നു പറയുന്നു.[8]

7. കർസോനി രേഖകളിലെ ഭാഷയുടെ സ്വഭാവം തെളിയിക്കുന്ന കാലഘട്ടമാണ് മറ്റൊന്ന്. 17, 18, 19 നൂറ്റാണ്ടുകളിലെ ക്രൈസ്തവ മിഷണറിമാരുടെ കൃതികളിലെ ഭാഷാസ്വഭാവം കർസോനിയിലും തെളിയുന്നുണ്ട്.

മേൽകൊടുത്തിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ക്രിസ്തു വർഷം 17, 18, 19 നൂറ്റാണ്ടുകളിലാണ് കർസോനി ഇവിടെ പ്രചരിച്ചിരുന്നത് എന്നു പറയാം. സൂനഹദോസ് കാനോനകളുടെ പകർപ്പ് 17-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കർസോനിയിൽ രചിക്കപ്പെടുന്നു എന്നതും 1825-ൽ തറക്കല്ലിട്ട പള്ളിയുടെ പണിതീർന്നതിനെക്കുറിച്ച് കർസോനിയിൽ കുറിപ്പ് എഴുതുന്നു എന്നതും കാലഗണനയെ കൂടുതൽ സഹായിക്കുന്നുണ്ട്.

എന്നാൽ 17-ാം നൂറ്റാണ്ടിനുമുമ്പ് കർസോനി എന്ന എഴുത്തുമുറ ഉണ്ടായിരുന്നില്ല എന്ന് പറയാൻ വയ്യ. പോർച്ചുഗീസുകാരുടെ വരവിനു മുമ്പുതന്നെ കർസോനി ഇവിടെ ഉണ്ടായിരുന്നിരിക്കണം. മലയാളത്തിൽ കൃത്യമായ ഒരു ലിപി സ്വീകരിക്കപ്പെട്ടിട്ടില്ലാത്ത കാലത്ത് മറ്റു ലിപികളിൽ എഴുതാനുള്ള സാധ്യതയും കേരളക്രൈസ്തവർക്ക് സുറിയാനിയോടുണ്ടായിരുന്ന വൈകാരികബന്ധവും അവരുടെ ആരാധനാഭാഷ സുറിയാനിയായിരുന്നു എന്നതും പതിനാറാം നൂറ്റാണ്ടിനു മുമ്പുതന്നെ ഇവിടെ കർസോനി എഴുത്തു സമ്പ്രദായം ഉണ്ടാ

യിരുന്നു എന്ന ഊഹത്തിന്റെ യുക്തികളാണ്. ഇപ്പോൾ ലഭിച്ചിട്ടുള്ള കർസോനിരേഖ കളുടെ ആധിക്യവും എഴുത്തിന്റെ ഭംഗിയും അതിന്റെ ഭൂതകാലചരിത്രത്തിലേ ക്കുകൂടി വിരൽ ചൂണ്ടുന്നുണ്ട്.

3.8 കർസോനിയുടെ അച്ചടിരൂപങ്ങൾ കിട്ടിയിട്ടില്ല. ലഭിച്ചിട്ടുള്ള രേഖകളെല്ലാം കൈയെഴുത്തു പ്രതികളാണ്. അവയെല്ലാം കടലാസിൽ എഴുതിയിട്ടുള്ളതുമാണ്. ഓലയിലോ കല്ലിലോ ലോഹത്തകിടുകളിലോ രേഖപ്പെടുത്തിയിട്ടുള്ള എഴുത്തു കൾ കണ്ടിട്ടില്ല. തീർച്ചയായും അത്തരം എഴുത്തുകൾ ഉണ്ടായിരുന്നിരിക്കണം. ഇനിയും തിരിച്ചറിയപ്പെടാതെ അവ എവിടെയെങ്കിലും ഉണ്ടാവാം. കർസോനി വായിക്കാൻ അറിയാവുന്നവർ കേരളത്തിൽ കുറവാണെന്ന വാൻഡർ പ്ലോഗിന്റെ (Ploeg, 1983: 30) അനുഭവം ഈ മേഖലയിലുള്ള പഠനത്തിന്റ സ്വഭാവം വ്യക്തമാ ക്കുന്നുണ്ട്. കടലാസ് വരുന്നതിനു മുമ്പും കർസോനി എന്ന എഴുത്തു സമ്പ്ര ദായം കേരളത്തിൽ ഉണ്ടായിരുന്നു എന്ന യുക്തിക്കാണ് കൂടുതൽ സാധ്യത. പക്ഷേ അത്തരം രേഖകൾ ഇനിയും ലഭിക്കേണ്ടതായിട്ടാണുള്ളത് എന്നുമാത്രം.

3.8.1 ഇന്നു ലഭിച്ചിട്ടുള്ള കർസോനിരേഖകൾ എല്ലാം കേരളത്തിന്റെ മധ്യമേഖ ലയിൽനിന്നും കണ്ടെത്തിയവയാണ്. കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലക ളിൽനിന്നും ലഭിച്ചിട്ടുള്ളവയാണ് ഇവ. തൃശ്ശൂരതിർത്തിയിലുള്ള കുന്ദംകുളം പഴ ഞ്ഞിയിലെ മലബാർ സുറിയാനിസഭാ ആസ്ഥാനത്ത് കർസോനിരേഖകൾ ഉള്ള തായി കേട്ടിട്ടുണ്ട്. രേഖകൾ പരിശോധിക്കാനുള്ള അനുമതി ലഭിക്കാത്തതു കൊണ്ട് അവ കാണുവാൻ കഴിഞ്ഞിട്ടില്ല. ഇവിടുള്ള രേഖകൾ കോട്ടയം പഴയ സെമിനാരിയിൽനിന്നും കൊണ്ടുവന്നിട്ടുള്ളതാണ് എന്നും അറിയാൻ കഴിഞ്ഞി ട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രത്തിൽ പ്രതിപാദിക്കപ്പെടുന്ന കേരളം മിക്കവാറും ഇന്നത്തെ കേരളത്തിന്റെ മധ്യഭാഗം തന്നെയാണല്ലോ.

പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷം രചിക്കപ്പെട്ടിട്ടുള്ള കർസോനിരേഖ കൾ ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇന്ന് ഉപയോഗത്തിലില്ലാത്ത ഒന്നാണ് ഈ എഴുത്തു സമ്പ്രദായം എന്നു പറയാം.

3.9 സുറിയാനിയുടെ മൂന്ന് എഴുത്തു രീതികളിൽ പൗരസ്ത്യസുറിയാനി എന്ന ഭേദത്തിലാണ് കർസോനി എഴുതിയിരുന്നത്. കേരളത്തിൽ പോർച്ചുഗസുകാരുടെ വരവോടെ വ്യാപകമായ സുറിയാനി പൗരസ്ത്യസുറിയാനി ആയിരുന്നു. അതു കൊണ്ടുതന്നെ കർസോനി എഴുതിത്തുടങ്ങിയത് പൗരസ്ത്യ സുറിയാനിയിലാണ്. പതിനേഴാം നൂറ്റാണ്ടോടെ പാശ്ചാത്യസുറിയാനി കേരളത്തിൽ പ്രചരിച്ചു തുടങ്ങി. സുറിയാനിസഭകൾ ക്രമേണ പാശ്ചാത്യസുറിയാനിയിലേക്ക് മാറുകയും ചെയ്തു(Thoma Kathanar, 1997:62). ഇന്ന് കേരളത്തിലെ അഞ്ച് ക്രിസ്തുസഭകൾ പാശ്ചാത്യസുറിയാനിയാണ് അവരുടെ ആരാധനാഭാഷയായി സ്വീകരിച്ചിട്ടുള്ളത്. (സിറിയൻ ഓർത്തഡോക്സ്, ഓർത്തഡോക്സ് സിറിയൻ, മലങ്കര റീത്ത്, മാർത്തോമ സഭ, സ്വതന്ത്ര സുറിയാനി സഭ). എന്നാൽ പൗരസ്ത്യസുറിയാനിയെ ആരാധനാഭാഷയായി സ്വീകരിച്ചിട്ടുള്ളത് കൽദായസഭയും സീറോമലബാർസഭയും മാത്രമാണ്. കേരളത്തിലെ ക്രിസ്തുസഭകൾ പൗരസ്ത്യസുറിയാനിയിൽ നിന്നും പാശ്ചാത്യസുറിയാനിയിലേക്ക് മാറിയപ്പോഴും കർസോനി എഴുതാൻ അവർ പൗരസ്ത്യസുറിയാനി തന്നെ ഉപയോഗിച്ചു എന്നത് പ്രത്യേകം ശ്രദ്ധേയമായ സംഗതിയാണ്.

3.9.1 കർസോനി രേഖകളുടെ വിശകലനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് അതിലെ എഴുത്തുകളുടെ ഐകരൂപ്യമില്ലായ്മ. എല്ലാം കൈയെഴുത്തുരേഖകളായതിനാൽ അക്ഷരങ്ങളുടെ ആകൃതി എപ്പോഴും ഒരേ വടിവിലായിരിക്കുകയില്ല. കൈ മാറുന്നതിനനുസരിച്ച് അക്ഷരവടിവും മാറിക്കൊണ്ടിരിക്കും. സ്വരചിഹ്നങ്ങളുടെ ഉപയോഗവും പലപ്പോഴും വിവിധ രീതിയിലാണ് കാണുന്നത്. സ്വരചിഹ്നങ്ങൾ എഴുത്തിൽ ഉപയോഗിക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടാവാം. സുറിയാനി ഭാഷ അടിസ്ഥാനപരമായി സ്വരചിഹ്നങ്ങളില്ലാത്ത ഭാഷയാണ്. പിന്നീട് ഗ്രീക്കിൽനിന്നും സ്വരചിഹ്നങ്ങളെ സുറിയാനി സ്വീകരിക്കുകയാണുണ്ടായത് (Emmanuel, 1961:11-2).

3.9.2 സുറിയാനി എഴുതുന്നത് വലതുവശത്തുനിന്നും ഇടതുവശത്തേക്കാണ്.

വലത്തുനിന്നും ഇടത്തോട്ട് എന്ന ഈ എഴുത്തുക്രമം സുറിയാനിയുടെ മൂന്നു ഭേദങ്ങളിലും ഒന്നു പോലെയാണ്. സെമിറ്റിക്ക് ഭാഷകളുടെ പൊതുസ്വഭാവമാണ് എഴുത്തു ക്രമത്തിലുള്ള ഈ വിശേഷം. കർസോനിയും ഈ സ്വഭാവത്തെ പിൻതുടരുന്നു. ഇടത്തുനിന്നും വലത്തോട്ടെഴുതുന്ന മലയാളഭാഷ വലത്തുനിന്നു ഇടത്തോട്ട് എഴുതുന്നു എന്നത് കൗതുകകരമായ വസ്തുതയാണ്. അറബി കർസോനിൽ ഈ കൗതുകത്തിനു പ്രസക്തിയില്ല എന്നതും പ്രസ്താവ്യമാണ്. അറബി സെമറ്റിക് വിഭാഗത്തിൽപെട്ട ഭാഷയാണ്. അതു കൊണ്ടുതന്നെ അത് വലത്തുവശത്തുനിന്ന് ഇടത്തോട്ടാണ് എഴുതുന്നത്. 'കരുതി' എന്ന് മലയാളത്തിലും/ /തിരുക/എന്ന് കർസോനിയിലും എഴുതുന്നു.

3.10 സുറിയാനി ഭാഷയിൽ 22 അക്ഷരങ്ങളാണുള്ളത്. സ്വരചിഹ്നങ്ങളെ കൂട്ടാതെയാണ് 22 അക്ഷരങ്ങൾ. സ്വരചിഹ്നങ്ങൾ സുറിയാനിയിൽ പിൽക്കാലത്ത് സ്വീകരിച്ചിട്ടുള്ളതാണ്. ഇരുപത്തിരണ്ട് അക്ഷരങ്ങൾക്കും പ്രത്യേകം പ്രത്യേകം പേരുകളുണ്ട്. ആലഫ്, ബേസ്, ഗാമൽ , , എന്നിങ്ങനെ. (പട്ടിക-1 കാണുക).

പിൽക്കാലത്ത് സ്വീകരിക്കപ്പെട്ടവയായ സ്വരചിഹ്നങ്ങൾക്ക് പേരുകളില്ല. പൗരസ്ത്യ സുറിയാനിയിൽ ഏഴ് സ്വരചിഹ്നങ്ങളാണ് ഉള്ളത്. ഇ, ഉ, എ - എന്നീ സ്വരങ്ങൾ ഹ്രസ്വദീർഘ ഭേദമില്ലാതെയാണ് രേഖപ്പെടുത്തുന്നത്. മറ്റൊരു വിശേഷം കൂടിയുള്ളത് ഇവ യൂദ് (), വാവ് () എന്നീ അക്ഷരങ്ങളോട് ചേർത്താണ് ഉപയോഗിക്കാറുള്ളത്. അ, എ, എന്നീ സ്വരങ്ങൾ ഹ്രസ്വദീർഘ ഭേദത്തോടെ രേഖപ്പെടുത്തുന്നു. മാത്രവുമല്ല അവ ഏതു അക്ഷരത്തോടാണോ ചേർക്കേണ്ടത് അതിനോട് നേരിട്ട് ചേരുകയാണ് ചെയ്യുന്നത്. അതായത് 'പ' എന്ന് എഴുതുവാൻ 'പേ' () എന്ന അക്ഷരത്തിനു മുകളിലും താഴെയും ഓരോ കുത്തിട്ടാൽ മതി. 'പ' എന്നും 'പെ' എന്നും 'പേ' എന്നുമാണ് എഴുതുന്നത്. അക്ഷരത്തിന്റെ പേര് 'പേ' എന്നാണെങ്കിലും ഉച്ചാരണം 'പ് ' എന്നാണ്. അതു കൊണ്ടാണ് 'പേ' എന്നെഴുതുവാൻ അധികമായി ചിഹ്നങ്ങൾ ഉപയോഗിക്കേണ്ടിവരുന്നത്.

മേൽപ്പറഞ്ഞതിൽനിന്നും ഭിന്നമായ 'പ് ' എന്ന അക്ഷരത്തോട് ഇ, ഉ, ഒ എന്നീ സ്വരങ്ങളാണ് ചേരുന്നതെങ്കിൽ അവ നേരിട്ടു ചേർക്കുന്നില്ല. 'ഇ' ആണെങ്കിൽ 'യൂദി'ന്റെയും ഉ, ഒ -എന്നിവയാണെങ്കിൽ 'വാവി'ന്റെയും ചേർച്ച അവിടെ നിർബ്ബന്ധമാണ്. അതായത് 'പി' എന്നെഴുതണമെങ്കിൽ എന്നു വേണം. 'പു' എന്നാണെങ്കിൽ എന്നും 'പൊ' എന്നാണെങ്കിൽ എന്നും ആണ് രേഖപ്പെടുത്തുന്നത്. ഹ്രസ്വദീർഘവ്യത്യാസം ഇല്ലാത്തതിനാൽ ഇവയെ യഥാക്രമം 'പീ' 'പൂ' 'പോ' എന്നും വായിക്കാം. യൂദിന്റെയും വാവിന്റെയും സാന്നിദ്ധ്യം നിർബന്ധമായതുകൊണ്ട് ചിഹ്നങ്ങൾ പ്രത്യേകം ചേർത്തില്ലെങ്കിലും അവയെ അങ്ങനെത്തന്നെ വായിക്കാവുന്നതാണ്. ഹ്രസ്വദീർഘഭേദം കാണിക്കുന്നില്ലാത്തതിനാൽ വിശേഷിച്ചും.

അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് എഴുതുന്ന രീതിയാണ് സുറിയാനിയിൽ ഉള്ളത്. ഓരോ പദത്തിലേയും അക്ഷരങ്ങൾ കൂടിച്ചേർന്നു നിൽക്കുന്ന അവസ്ഥയാണ് അവിടെയുള്ളത്. അതുകൊണ്ടുതന്നെ അക്ഷരങ്ങൾ ഒറ്റക്കുനിൽക്കുമ്പോൾ എഴുതുന്നതു പോലെയല്ല ഒരു പദത്തിൽ വരുമ്പോൾ അതിന്റെ രൂപം. പദത്തിന്റെ ഏതു സ്ഥാനത്തു നിൽക്കുന്നു എന്നതിനനുസരിച്ച് എഴുത്തു രൂപത്തിൽ നേരിയ വ്യത്യാസം ഉണ്ടാകും. തൊട്ടടുത്തു നിൽക്കുന്ന അക്ഷരത്തോട് ചേർക്കുവാനായി അക്ഷരത്തിന്റെ തുടക്കത്തിലോ ഒടുക്കത്തിലോ ചെറിയ മാറ്റം വരുത്താറുണ്ട്. പദമധ്യത്തിലുള്ള അക്ഷരമാണെങ്കിൽ ഇരുവശത്തും മാറ്റം കണ്ടേക്കാം. പൗരസ്ത്യസുറിയാനിയിൽ 'ഖോപ്' () എന്ന അക്ഷരം പദാദിയിൽ എന്നും പദമധ്യത്തിൽ എന്നും പദാന്തത്തിൽ എന്നുമാണ് എഴുതുന്നത്.

അക്ഷരങ്ങളുടെ രൂപമാറ്റം ഇങ്ങനെ കൃത്യമായി പറയാൻ കഴിയുന്നത് അച്ചടിക്കുമ്പോൾ മാത്രമാണ്. കൈയെഴുത്തിലാകുമ്പോൾ പുസ്തകത്തിൽ പറഞ്ഞുവെച്ചിരിക്കുന്നതു പോലെ കൃത്യം കൃത്യമായി പിന്തുടരുവാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ കർസോനിയിലെ അക്ഷരങ്ങൾ ഏകരൂപമല്ല എന്നതാണ് വാസ്തവം. സുറിയാനി ഭാഷയുടെ അച്ചടിരൂപങ്ങളിൽ നിയമങ്ങൾ അതു പോലെ പിന്തുടർന്നിരുന്നു.

## പട്ടിക 1

3.11 സുറിയാനി അക്ഷരങ്ങളുടെ ഉച്ചാരണ സഹിതമുള്ള പട്ടികയാണ് മേൽക്കാണിച്ചിരിക്കുന്നതെങ്കിലും ചില അക്ഷരങ്ങളുടെ ഉച്ചാരണത്തക്കുറിച്ച് വിശേഷിച്ച് പറയേണ്ടതുണ്ട്. ഒന്നാമത്തെ അക്ഷരമായ ആലഫി(⊠) ന് കണ്ഠ്യമായ ഒരുച്ചാരണമാണ് കൊടുത്തിരിക്കുന്നത്. എന്നാൽ സ്വരരഹിതമായി അതുച്ചരിക്കാം എന്ന് കണക്കാക്കിയിട്ടില്ല. അഥവാ ഈ അക്ഷരത്തിന് തനിയെ നിൽക്കുമ്പോൾ വിശേഷിച്ച് ഒരുച്ചാരണവും ഇല്ല. ചേർന്നു വരുന്ന അക്ഷരത്തെ ഉച്ചാരണത്തിൽ സഹായിക്കുക മാത്രമാണ് അതു ചെയ്യുന്നത്. അതു പോലെ അഞ്ചാമത്തെ അക്ഷരമായ 'ഹേ'ക്കും ഒരു വിശേഷമുണ്ട്. പദാന്തത്തിൽ സ്വരരഹിതമായി വരുന്ന 'ഹേ' (⊠) ക്കും ഉച്ചാരണമില്ല. ബേസ്, ഗാമൽ, ദാലത്, റേശ്, പേ, താവ് - ഈ ആറ് അക്ഷരങ്ങൾക്കും രണ്ടു തരത്തിലുള്ള ഉച്ചാരണമുണ്ട്. അക്ഷരത്തിനു മുകളിൽ ഒരു കുത്തിട്ടാൽ അത് കഠിനോച്ചാരണത്തെയും താഴെ കുത്തിട്ടാൽ മൃദൂച്ചാരണത്തേയും ആണ് സൂചിപ്പിക്കുന്നത്. ഈ കുത്തുകൾ പക്ഷേ സ്വരചിഹ്നങ്ങൾ ചേർക്കേണ്ടി വരുമ്പോൾ ഇടാറില്ല. അക്ഷരങ്ങളുടെ ഇരട്ടിപ്പ് കാണിക്കുവാൻ അടിയിൽ ഒരു വരയിടുകയാണ് ചെയ്യുന്നത്.

3.11.1 പൗരസ്ത്യസുറിയാനിയിൽ കുത്തുകളും പാശ്ചാത്യസുറിയാനിയിൽ ഗ്രീക്ക് ചിഹ്നങ്ങളുമാണ് സ്വരചിഹ്നങ്ങളായി ഉപയോഗിക്കുന്നത്. പൗരസ്ത്യസുറിയാനിയിൽ ഏഴു ചിഹ്നങ്ങളും പാശ്ചാത്യസുറിയാനിയിൽ അഞ്ച് ചിഹ്നങ്ങളുമാണ് സ്വരങ്ങൾക്കായി സ്വീകരിച്ചിട്ടുള്ളത്. അ, ആ, ഇ, ഉ, ഒ, എ, ഏ - എന്നിവയാണ് പൗരസ്ത്യസുറിയാനിയിൽ ഉപയോഗിക്കുന്ന സ്വരങ്ങൾ. ഹ്രസ്വദീർഘ ഭേദമുള്ള അ, എ കൾക്ക് ഇരട്ടക്കുത്തും ഹ്രസ്വദീർഘഭേദമില്ലാത്ത ഇ, ഉ, ഒ കൾക്ക് ഒറ്റക്കുത്തുമാണ് ഉപയോഗിക്കുന്നത്. പാശ്ചാത്യ സുറിയാനിയിൽ അ, ഓ, എ, ഉ, ഇ - എന്നിവയാണ് സ്വരങ്ങൾ. ഹ്രസ്വദീർഘഭേദം ചിഹ്നത്തിൽ കാണിക്കാറില്ല അവിടെ. ഇതിനെക്കുറിച്ച് ഫാദർ ഇമ്മാനുവേൽ ഇപ്രകാരം പറയുന്നു: "അക്ഷരങ്ങളുടെ മുകളിലോ താഴെയോ ആയി ഇടുന്ന ചില കുത്തുകൾകൊണ്ടാണ് സ്വരങ്ങളെ അടയാളപ്പെടുത്തുന്നത്. സ്വരങ്ങളുടെ രണ്ടുസമ്പ്രദായങ്ങളാണ് ഇന്ന് സാധാ

രണയായി ഉപയോഗിക്കുന്നത്. പ്രത്യേക അക്ഷരങ്ങളോടുകൂടിയോ കൂടാതെയോ വ്യത്യസ്ത സ്ഥാനങ്ങളിലായി ഇടുന്ന ഒന്നോരണ്ടോ കുത്തുകളാണ് ഒന്നാമത്തെ രീതി – ഇതിനെ സുറിയാനിരീതി എന്നു വിളിക്കാം. രണ്ടാമത്തേത് ഗ്രീക്ക്രീതിയാണ്. ഗ്രീക്കിലെ സ്വരചിഹ്നങ്ങൾ അല്പം പരിഷ്കാരത്തോടെ വ്യഞ്ജനങ്ങളുടെ മുകളിലോ താഴെയോ ഇടുന്നതാണ് ഇത്. പൗരസ്ത്യസുറിയാനിയിൽ ആദ്യത്തേത് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അതേസമയം പാശ്ചാത്യ സുറിയാനിയിൽ രണ്ടാമത്തേതു മാത്രമായോ രണ്ടും ഒരുമിച്ചോ ഉപയോഗിക്കാറുണ്ട്”[9] (Emmanuel, 1961: 12).

**പട്ടിക 2 (സ്വരചിഹ്നം)**



3.12 സുറിയാനിയിൽ ശരിയായ ദ്വിസ്വരങ്ങൾ ഇല്ല. ദ്വിസ്വരങ്ങളുടെ ആവശ്യം നേരിടുമ്പോൾ ഒരു സ്വരത്തെ തുടർന്ന് സ്വരരഹിതമായ വാവ് (⊠) യൂദ് (⊠) എന്നിവ ചേർക്കുകയാണ് ചെയ്യുക[10] എന്നാണ് അവയെക്കുറിച്ച് ഭാഷാപഠിതാക്കൾ പറയുന്നത് (Emmanuel - 1961:13).

സുറിയാനിയിൽ അർധസ്വരങ്ങൾക്ക് 'ശേവാ' (seva) എന്നു പറയുന്നു. വാസ്തവത്തിൽ ശേവാ എന്നത് ഹീബ്രുവിലെ അർദ്ധസ്വരചിഹ്നമാണ്. അർധസ്വരങ്ങൾക്ക് സുറിയാനിയിൽ പ്രത്യേകം ചിഹ്നങ്ങളില്ല. എങ്കിലും അർധസ്വരങ്ങളെക്കുറിക്കുവാൻ ശേവാ എന്ന പേര് ഉപയോഗിക്കുന്നു.

ഒരു പദത്തിൽ രണ്ട് വ്യഞ്ജനങ്ങൾ സ്വരരഹിതമായി അടുത്തടുത്ത് വരുമ്പോൾ ആദ്യത്തെ വ്യഞ്ജനത്തെ ചിലപ്പോൾ സ്വരസഹിതമായി ഉച്ചരിക്കാറുണ്ട്. ഇങ്ങനെ ആദ്യത്തെ അക്ഷരം സ്വരസഹിതമായി ഉച്ചരിക്കണം എന്നു സൂചിപ്പിക്കുവാൻ ആ അക്ഷരത്തിന്റെ അടിയിൽ ഒരു ചെറിയ വര ഇടുന്ന സമ്പ്രദായം സുറിയാനിയിൽ ഉണ്ട്. 'മെഹഗ്ഗയാന' (vocaliser) എന്നാണ് ഇത് അറിയപ്പെടുന്നത്. ഒന്നാമത്തെ അക്ഷരം സ്വരരഹിതമായാണ് ഉച്ചരിക്കേണ്ടതെങ്കിൽ രണ്ടാമത്തെ അക്ഷരത്തിനു മുകളിലാണ് വര ഇടേണ്ടത്. 'മർഹെതാന' (hastener) എന്നാണ് ഇതറിയപ്പെടുന്നത്. ഈ വര ഒന്നാമത്തെ അക്ഷരത്തിനു മുകളിലായാലും ഫലം ഇതു തന്നെയാണ്. ചുരുക്കത്തിൽ വര ഇടുന്നത് ഏതക്ഷരത്തിനായാലും മുകളിലാണെങ്കിൽ ആദ്യത്തെ അക്ഷരം സ്വരരഹിതമായും താഴെയാണെങ്കിൽ ആദ്യത്തെ അക്ഷരം സ്വരസഹിതമായും ആണ് ഉച്ചരിക്കേണ്ടത്. എന്നാൽ മർഹെതാന എന്നത് ഫലത്തിൽ ശേവാ തന്നെ ആയിത്തീരും. അതായത് ആദ്യത്തെ അക്ഷരം തികച്ചും സ്വരരഹിതമായി ഉച്ചരിക്കാൻ കഴിയില്ല. അതു കൊണ്ട് അർധസ്വര സഹിതമായി അത് ഉച്ചരിക്കപ്പെടും.

3.13 കർസോനി എഴുതുന്നത് പൗരസ്ത്യസുറിയാനിയിലാണ്. മലയാളത്തിലെ എല്ലാ അക്ഷരങ്ങളെയും രേഖപ്പെടുത്തുവാൻ സുറിയാനിയിൽ ലിപികളില്ല. സുറിയാനിയിലില്ലാത്ത അക്ഷരങ്ങൾ എഴുതേണ്ടി വരുമ്പോൾ കർസോനി അക്ഷരങ്ങൾക്ക് പുതിയ ലിപി സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ സ്വീകരിച്ച എട്ട് അക്ഷരങ്ങളെ ഇമ്മാനുവൽ (1961:10) രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം എഴുതുന്നതിനായി സുറിയാനി അക്ഷരമാലയിൽ പുതുതായി ചേർത്തിട്ടുള്ള ലിപികൾ:

**പട്ടിക 3**



ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ എട്ട് അക്ഷരങ്ങൾ മാത്രമല്ല സുറിയാനിയിൽ നിന്നും അധികമായി കർസോനിയിലുള്ളത്. ജ, ഭ എന്നീ അക്ഷരങ്ങളെ കുറിക്കുവാൻ മലയാളത്തിലെ ജ, ഭ എന്നീ ലിപികൾ തന്നെ കർസോനിയിൽ ഉപയോഗിച്ചിരിക്കുന്നു.

## കുറിപ്പുകൾ

1. കർഷോൻ എന്നു പറഞ്ഞിരുന്നതു തന്നെ അറബി കർഷോൻ എന്ന ഉദ്ദേശത്തിലായിരുന്നു എന്ന് Koonammakkal Thoma Kathanarപറയുന്നുണ്ട് "In the Middle East Syriac Script come to be used to write Arabic writing Arabic in Syriac Script is called Carshon or Oarsuni, Carchuni. Syriac dictionaries explain as "Arabic written in Syriac characters". We know that not only Arabic but also Armanian and Malayalam were written in Syriac scripts. Thus we can rightly speak of Arabic Karshon. Armenian Karshon and Malayalam karshon". *Harp* ദ്വൈമാസികയിലെ Malayalam Karshon എന്ന ലേഖനത്തിലാണ് ഇങ്ങനെ പറയുന്നത് 1997: vol.x, Issue 1, 2 പുറം 59.
2. "The learned Malpans used to teach Syriac with the help of Karshon Syriac Dictionaries and Karshon Syriac Grammers." Malayalam Karshon "The Harp" 1997; vol.x; issue 1,2.
3. കർസോനിപാഠത്തിലെ എഴുത്ത് താഴെക്കൊടുക്കുന്നു:



4.



5. The Syriac manuscripts of St.Thomas Christians എന്ന കൃതിയിലെ (Ploeg, 1983:30)വിവരണം. ശീർഷക പരിഭാഷ ഗവേഷകന്റേത്. ഒന്നാമധ്യായത്തിലെ പൂർവ്വപഠനങ്ങളിൽ ഈ വാക്യം പൂർണമായി ചേർത്തിട്ടുണ്ട്.

6. Koonammakkal Thoma Kathanar(1997:59) എഴുതിയിട്ടുള്ള 'Malayalam Karshon' എന്ന ലേഖനത്തിൽ കർസോനിയുടെ കാലത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഉദയംപേരൂർ സൂനഹദോസിനു ശേഷമുള്ള കാലം എന്ന് പറയുകയും വാൻഡർ പ്ലോഗിന്റെ വാക്യത്തെ ഉദ്ധരിച്ചുകൊണ്ട് അതിനെ മുഴുവൻ അംഗീകരിക്കാതെ കാലത്തെക്കു റിച്ചുള്ള സൂചനയെ സ്വീകരിക്കുന്നുമുണ്ട്.

7. "അക്കൊല്ലം(1602) തന്നെ അവിടെ(വൈപ്പിക്കോട്ട) സുറിയാനി ഗ്രന്ഥങ്ങളും അച്ചടി ക്കാൻ തുടങ്ങി. ഈ ഗ്രന്ഥങ്ങൾക്ക് ഒരു മലയാള ടിപ്പണിയും ചേർത്തിരുന്നു. അതും സുറിയാനി ലിപിയിൽ(കർസോൺ) തന്നെയാണ് അച്ചടിച്ചത്. 1605 -ൽ സുറിയാനി ക്കാരുടെ മെത്രാനായിരുന്ന ബിഷപ്പ് റോസ് തന്റെ ആസ്ഥാനം അങ്കമാലിയിൽനിന്ന് കൊടുങ്ങല്ലൂർക്കു മാറ്റിയപ്പോൾ വൈപ്പിക്കോട്ടയിലെ പ്രസ്സും അങ്ങോട്ടുമാറ്റി സ്ഥാപി ച്ചു" (പോൾ, 1990:211). ഇവിടെ ടി.എം.ചുമ്മാറിന്റെ ഭാഷാഗദ്യസാഹിത്യചരിത്ര ത്തിൽനിന്നുള്ള ആശയത്തെ സ്വീകരിക്കുന്നുമുണ്ട് ഗ്രന്ഥകാരൻ.

8. ജോസഫ് ചീരന്റെ ലേഖനത്തിന്റെ ഉള്ളടക്കം ഒന്നാമധ്യായത്തിലെ പൂർവ്വപഠനങ്ങളിൽ ചേർത്തിട്ടുണ്ട്. (1.5.6)

9. The vowels are marked by some dots or signs placed above or below the letters. Two systems of vowels are at present in frequent use. The one, called Syriac, consists in placing one or two dots in different positions with or without special letters. The other Greek consists in writing the Greek signs themselves with slight modifications, either above or below the consonants. The former alone is made use of by the Eastern; while the westerns make use of the Greek system either alone or together write Syriac system. (Emmanuel, 1961:12)

10. With non -vowelled o and w and a proceeding vowel, a few improper diphthongs are formed" (Emmanuel, 1961:13)

# നാല്

# കർസോനിരേഖകൾ

4.0 കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ മതസാഹിത്യം കർസോനിയിൽ എഴുതപ്പെട്ടിട്ടുണ്ട്. ഈ കർസോനി സാഹിത്യരൂപങ്ങളെ കണ്ടെത്തി അവയുടെ എണ്ണം തിട്ടപ്പെടുത്തുവാനോ ഉള്ളടക്കം വിശകലനം ചെയ്യുവാനോ ഉള്ള പരിശ്രമങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽത്തന്നെ കർസോനി രേഖകൾ എവിടെയൊക്കെയുണ്ടെന്നോ എത്രയെണ്ണമുണ്ടെന്നോ കൃത്യമായി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സുറിയാനി ക്രിസ്ത്യാനികളുടെ മതസാഹിത്യകൃതികൾ സൂക്ഷിക്കപ്പെടാൻ സാധ്യതയുള്ള ഇടങ്ങളിൽ അന്വേഷിക്കുക മാത്രമാണ് കർസോനിരേഖകൾ കണ്ടെത്താനുള്ള വഴി.[1]

കേരളത്തിലെ സുറിയാനിരേഖകളുടെ പട്ടിക തയ്യാറാക്കാൻ ശ്രമിച്ച വാൻ ഡെർ പ്ലോഗ് (Ploeg,1983:X) എന്ന പണ്ഡിതൻ കേരളത്തിൽനിന്നും ധാരാളം സുറിയാനി രേഖകൾ വിദേശങ്ങളിൽ എത്തിയിട്ടുള്ളതായി രേഖപ്പെടുത്തുന്നുണ്ട്: "കേരളത്തിലെ സുറിയാനി കൈയെഴുത്തു രേഖകളെക്കുറിച്ച് ആദ്യമായി പഠിക്കുവാൻ തുടങ്ങിയപ്പോൾ അവയെ സംബന്ധിക്കുന്ന ഒരു കാറ്റോലോഗ് പ്രസിദ്ധീകരിക്കണമെന്നായിരുന്നു എന്റെ ആശയം. എന്നെക്കൊണ്ടതിന് കഴിയില്ലെന്ന് പെട്ടെന്നുതന്നെ തെളിഞ്ഞു. കാരണം ഈ കൈയെഴുത്തു രേഖകളുടെ നല്ലൊരു ഭാഗവും, അധികവും ആരാധനാസംബന്ധമായവ, കേരളത്തിലങ്ങോളമിങ്ങളമുള്ള സ്വകാര്യവ്യക്തികളുടെ കൈവശമാണുള്ളത്. രാജ്യത്തിനകത്തുള്ള മതഗ്രന്ഥ ലൈബ്രറികളിൽനിന്നും അവയിൽ പലതും ഞാൻ കണ്ടെത്തി പഠിക്കുകയുണ്ടായി. ...കേരളത്തിലും ഇപ്പോൾ റോം, പാരീസ്, ഓക്സഫോഡ്, കേംബ്രിഡ്ജ്, ലെയ്ഡൻ, ആംസ്റ്റർഡാം എന്നിവിടങ്ങളിലെ ലൈബ്രറികളിലും പകർത്തി സൂക്ഷിച്ചിട്ടുള്ള സുറിയാനി രേഖകളെക്കുറിച്ചുള്ള പഠനംകൂടി എന്റെ പ്രയത്നത്തിൽ ഞാൻ കൂട്ടിച്ചേർത്തു."[2] വിദേശത്തേക്ക് കൊണ്ടുപോയിട്ടുള്ള സുറിയാനി

രേഖകളുടെ കൂടെ കർസോനിരേഖകളും കണ്ടേക്കാം. പാരീസിലെ ഒരു ലൈബ്രറിയിലെ സുറിയാനി പാഠങ്ങളിൽ ചില കുറിപ്പുകൾ കർസോനിയിൽ കണ്ടിട്ടുള്ളതായി വാൻഡർ പ്ലോഗ് രേഖപ്പെടുത്തുന്നുണ്ട്.[3] വേറെയും ഒന്നു രണ്ടു പാഠങ്ങളിൽ ചില പുറങ്ങൾ കർസോനിയിൽ ഉണ്ടെന്ന് രേഖപ്പെടുത്തിക്കാണുന്നുണ്ട്.

4.1 കേരളത്തിൽ സുറിയാനിരേഖകൾ സൂക്ഷിച്ചിട്ടുള്ള ഇടങ്ങൾ കുറവാണ്. അവയിൽത്തന്നെ കർസോനി രേഖകളുള്ളത് വളരെ ചുരുക്കവും.[4] എറണാകുളം ജില്ലയിൽ പിറവത്തിനും മൂവാറ്റുപുവയക്കും ഇടയ്ക്കുള്ള പാമ്പാക്കുടയിലുള്ള കോനാട്ട് ലൈബ്രറിയാണ് സുറിയാനിരേഖകൾ സൂക്ഷിച്ചിട്ടുള്ളവയിൽ പ്രമുഖം.[5] ഇവിടെയുള്ള ഗ്രന്ഥങ്ങളിലെ 47 എണ്ണത്തിൽ കർസോനിയുണ്ടെന്ന് കാറ്റലോഗിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും അറബി കർസോനിയാണ്.[6] മലയാളം കർസോനിയിലുള്ള രേഖകൾ വളരെ കുറച്ചു മാത്രമേയുള്ളൂവെന്നു സാരം. ഇവയിൽത്തന്നെ പലതും ഗ്രന്ഥശാലയിലില്ലതാനും. ഈ ഗവേഷണപഠനത്തിന് അവലംബമാക്കുന്ന കർസോനിപാഠങ്ങളിൽ അധികവും പാമ്പാക്കുട ലൈബ്രറിയിൽനിന്നും ശേഖരിച്ചവയാണ്.[7]

കോട്ടയം പഴയസെമിനാരി എന്നറിയപ്പെടുന്ന ഓർത്തഡോക്സ് സെമിനാരി ലൈബ്രറിയാണ് കർസോനിരേഖകൾ ലഭ്യമായ രണ്ടാമത്തെ ഇടം.[8] ഇവിടെയുള്ള പുസ്തകങ്ങളിൽ ഇരുപതോളം എണ്ണം സുറിയാനി കൈയെഴുത്തിലുള്ളതാണ്. ഇവയിൽ നാലെണ്ണം കർസോനിപാഠങ്ങൾ ഉൾക്കൊള്ളുന്നതായി സൂക്ഷ്മപരിശോധനയിൽ ബോധ്യപ്പെട്ടു.[9]

അപ്രേം തിരുമേനിയുടെ അരമന എന്നറിയപ്പെടുന്ന തൃശൂർ, കൽദായ സുറിയാനി സഭാസെമിനാരിയിൽനിന്ന് കർസോനിപാഠമുള്ള ഒരു പുസ്തകം ലഭിച്ചു.[10] സുറിയാനി ഭാഷയിൽ എഴുതിയിട്ടുള്ള ഈ പുസ്തകത്തിന്റെ ചില പുറങ്ങൾ കർസോനിയിലാണുള്ളത്.

മലങ്കര റൈറ്റ് സഭ(റീത്ത്)യുടെ കോട്ടയത്തുള്ള സെമിനാരിയിൽ സുറിയാനി ഗ്രന്ഥങ്ങൾ ഉണ്ട്.[11] ഇവിടുത്തെ രണ്ടു പുസ്തകങ്ങളിൽ കർസോനി

ഉണ്ടെന്ന് തിരിച്ചറിഞ്ഞു. ഗുരുവായൂരിനടുത്തുള്ള അഞ്ഞൂറ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്വതന്ത്രസുറിയാനിസഭാ ആസ്ഥാനത്ത് സുറിയാനിയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഉണ്ട്. അക്കൂട്ടത്തിൽ കർസോനിയും ഉണ്ടെന്ന് പറയപ്പെടുന്നു. അവിടുള്ള പുസ്തകങ്ങളോ കാറ്റലോഗോ ഒന്നും കാണുവാൻ അധികൃതർ അനുവദിച്ചില്ല.[12] വാൻഡർ പ്ലോഗിനു പോലും അവിടെ ഗവേഷണനാനുമതി കുറവായിരുന്നു. വേറെയും കൈയെഴുത്തു പ്രതികൾ ആ ലൈബ്രറിയിൽ ഉണ്ടായിരുന്നെങ്കിലും കാണാൻ കഴിഞ്ഞിട്ടില്ല എന്ന് അദ്ദേഹം എഴുതുന്നുണ്ട്.[13]

ലൈബ്രറികളിലല്ലാതെ സ്വകാര്യവ്യക്തികളുടെ പക്കലും സുറിയാനി ഗ്രന്ഥങ്ങൾ ഉണ്ട്. ഇവരാരും തന്നെ ഗ്രന്ഥങ്ങൾ കാണിക്കുവാനോ കൈമാറുവാനോ തയ്യാറല്ല. എന്നാൽ വളരെ താല്പര്യത്തോടെ സഹകരിക്കുന്നവരും ഉണ്ട്. തിരുവല്ലയിലുള്ള കുരിയൻ കണിയാമ്പാറമ്പിൽ കോറെപ്പിസ്കോപ്പ അങ്ങനെ ഒരാളാണ്. അദ്ദേഹത്തിന്റെ പക്കൽനിന്നും കർസോനിയിലുള്ള ഒരു ഗ്രന്ഥം ലഭിച്ചിട്ടുണ്ട്.

ഒരു കാലത്ത് പ്രചാരത്തിലിരുന്ന കർസോനി എന്ന എഴുത്തുസമ്പ്രദായത്തിൽ ധാരാളം കൃതികൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയിൽ മിക്കതും ഇന്ന് ലഭ്യമല്ല എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെ വിവരണത്തിൽനിന്നും ലൈബ്രറികളിലെ കാറ്റലോഗും പുസ്തകശേഖരവും തമ്മിലുള്ള വൈരുധ്യത്തിൽനിന്നും ഇത് വ്യക്തമാകുന്നുണ്ട്. പലതും ശ്രദ്ധിക്കപ്പെടാതെ മറഞ്ഞുകിടക്കുന്നുമുണ്ടാവാം. ഇതുവരെ ലഭിച്ചിട്ടുള്ള കർസോനിരേഖകൾ മാത്രമാണ് ഇപ്പോഴുള്ളത് എന്ന് പറയാൻ നിർവ്വാഹമില്ല എന്നർത്ഥം. പഴയ രേഖകളെക്കുറിച്ചുള്ള അന്വേഷണത്തിൽ ഇത് സ്വാഭാവികമാണുതാനും.

കർസോനിരേഖകളുടെ സമാഹരണത്തിനായി നടത്തിയ ഗവേഷണമനുസരിച്ച് ധാരാളം പാഠങ്ങൾ (രേഖകൾ) ലഭിച്ചിട്ടുണ്ട്. ഇരുപത്തഞ്ചോളം വരുന്ന ഈ പാഠങ്ങൾ കർസോനിയുടെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കാൻ പര്യാപ്തമാണ്. പല വ്യക്തികൾ പല സന്ദർഭങ്ങളിലായി എഴുതിയിട്ടുള്ള ഈ പാഠ

ങ്ങൾ പുലർത്തിയിരിക്കുന്ന എഴുത്തുരീതികളും ഭാഷാവിശേഷങ്ങളും വിശകലനം ചെയ്യുമ്പോൾ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ലഭ്യമായ കർസോനി പാഠങ്ങളുടെ ഫോട്ടോകോപ്പി ശേഖരിച്ചുകൊണ്ടാണ് വിശകലനപഠനം സാധ്യമാക്കിയത്.

4.2 സുറിയാനിഗ്രന്ഥങ്ങൾ മിക്കവാറും മതസാഹിത്യമാണ്. മറ്റു ജ്ഞാനമേഖലകളും സുറിയാനിയിൽ ചെറിയ തോതിൽ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ശുദ്ധസാഹിത്യം ഇല്ലെന്നുതന്നെ പറയാം. സുറിയാനി ദൈവികമാണെന്ന സങ്കല്പമായിരിക്കാം ശുദ്ധസാഹിത്യരചനയ്ക്ക് അതുപയോഗിക്കാത്തതിനു കാരണം. സുറിയാനിയിൽ അങ്ങനെയൊന്നില്ലെങ്കിൽ സുറിയാനിയെ ആശ്രയിച്ച് നിലനിൽക്കുന്ന കർസോനിയിൽ അതു തീരെ ഉണ്ടാവുക വയ്യ. കേരളത്തിലെ സുറിയാനി കയ്യെഴുത്തു ഗ്രന്ഥങ്ങളെക്കുറിച്ച് വാൻഡർ പ്ലോഗ്(1983:15) പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. "നമുക്കെല്ലാം അറിയാവുന്നതുപോലെ (കേരളത്തിൽ) സുറിയാനിയിലുള്ള മൗലികകൃതികൾ ഉണ്ടായിട്ടില്ല. ഉണ്ടെങ്കിൽത്തന്നെ ഒന്നോ രണ്ടോ എണ്ണം മാത്രമേ കാണൂ."[14] കർസോനിയുടെ കഥയും വ്യത്യസ്തമല്ല. മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് കർസോനിരേഖകളിൽ പ്രതിപാദിച്ചിട്ടുള്ളത്.

4.3 ലഭിച്ചിട്ടുള്ള കർസോനിപാഠങ്ങളെ അടിസ്ഥാനമാക്കി കർസോനിരേഖകളുടെ വിഷയവിഭജനം നടത്താവുന്നതാണ്. മതപരമായ വിഷയം മാത്രമേ കർസോനിയിൽ കൈകാര്യം ചെയ്തിട്ടുള്ളൂവെങ്കിലും അതിൽത്തന്നെ പലതരത്തിലുള്ള ജനുസുകൾ (genres) കാണാവുന്നതാണ്. പ്രതിപാദ്യത്തിന്റെ സ്വഭാവമനുസരിച്ച്, അവയെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം. പഠനസൗകര്യത്തിനുവേണ്ടിയാണ് ഇങ്ങനെയൊരു വിഭജനം നടത്തുന്നത്.

### 4.3.1 **പ്രാർത്ഥന**

സുറിയാനിക്രിസ്ത്യാനികൾ നിത്യപ്രാർത്ഥനയ്ക്കോ കുർബ്ബാനയ്ക്കോ ഉപയോഗിക്കുന്ന പ്രാർത്ഥനകളാണ് കർസോനിയിൽ എഴുതപ്പെട്ടിട്ടുള്ളവയിൽ ഒരു വിഭാഗം. നിത്യപ്രാർത്ഥന എന്നാൽ ദിവസവും വീട്ടിൽവെച്ച് നടത്തുന്ന പ്രാർത്ഥനയാണ്. കുർബ്ബാനയാകട്ടെ ആഴ്ചയിൽ ഒന്നോ രണ്ടോ തവണ പള്ളി

യിൽവെച്ച് നടത്തുന്ന ആരാധനയാണ്. ക്രിസ്ത്യാനികൾ ഇതിനെ ദിവ്യബലി എന്നാണ് പറയുന്നത്. ഇന്ന് സഭകളിൽ ദിവസവും സവിശേഷദിവസങ്ങളിൽ ഒന്നിലേറെ തവണയും കുർബ്ബാന നടത്താറുണ്ട്. ഇത്തരം ആരാധനകൾക്ക് ഉപ യോഗിക്കുന്നവയാണ് ഈ വിഭാഗത്തിൽപെടുന്ന പാഠങ്ങൾ. ഉദാഹരണം 9-ാം നമ്പർ പുസ്തകം.

#### 4.3.2 **പ്രസംഗം/വ്യാഖ്യാനം**

ചില വേദവാക്യങ്ങളുടെ വിശദീകരണമായിവരുന്ന പാഠങ്ങളാണ് ഈ വകുപ്പിൽ പെടുന്നത്. സുറിയാനിയിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾക്ക് ദീർഘമായ വ്യാഖ്യാനവും വിശദീകരണവും കർസോനിയിൽ കൊടുത്തിരിക്കു കയാണ്. അതോടൊപ്പം മതപരമായ ചില സങ്കല്പങ്ങളെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നവയും ഉണ്ട്. ഉദാഹരണമായി 'ഞായറാഴ്ച'യുടെ മഹത്വത്തെ പ്രതിപാദിക്കുന്ന പാഠം 13-ാംനമ്പർ പുസ്തകത്തിൽ കാണാം. ഇത്തരം വ്യാഖ്യാനങ്ങളിൽ പലതും പ്രസംഗരീതിയിലുള്ളവയാണ്. ഒരു കൂട്ടത്തെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തുന്ന സംഭാഷണം അല്ലെങ്കിൽ പ്രഭാഷണം എന്ന രീതിയാണ് പൊതുവെ അവലംബിക്കുന്നത്. ഒരുപക്ഷേ ഇവ പ്രസംഗങ്ങൾ തന്നെ ആയിരുന്നിരിക്കാം. അല്ലെങ്കിൽ വിശ്വാസം സംബന്ധിച്ച് പള്ളികൾക്ക് നൽകിയിരുന്ന വ്യാഖ്യനങ്ങളാവാം. അതുകൊണ്ടാണ് ഈ വിഭാ ഗത്തിന് *പ്രസംഗം/വ്യാഖ്യാനം* എന്ന് പേരു കൊടുത്തിരിക്കുന്നത്.

#### 4.3.3 **നിഘണ്ടു**

വ്യാകരണമുറകൾ എന്നോ ലെക്സീക്ക എന്നോ രേഖപ്പെടുത്തിയിട്ടുള്ള പദാർത്ഥകോശങ്ങൾ കർസോനിയിലെ ഒരു പ്രധാനവിഭാഗമാണ്. സുറിയാനി വാക്കുകളുടെ അർത്ഥം കർസോനിയിൽ കൊടുക്കുന്നു. മിക്കവാറും ഏതെങ്കിലും വേദപുസ്തകത്തിനാണ് ഇങ്ങനെ നിഘണ്ടു നിർമ്മിക്കുന്നത്. ഉദാഹരണമായി 8-ാം നമ്പർ പുസ്തകത്തെ പരിഗണിക്കാം.

4.3.4 **അനുഷ്ഠാനക്രമം**

മതാചാരത്തിന്റെ ഭാഗമായി നടത്തുന്ന അനുഷ്ഠാനങ്ങളുടെ ക്രമത്തെ നിർദ്ദേശിക്കുന്നവയാണ് ഈ വിഭാഗത്തിൽപ്പെടുന്നവ. ഇതു മിക്കവാറും പുരോഹിതന്മാർക്കു വേണ്ടിയുള്ളതാണ്. ഉദാഹരണമായി 10-ാം നമ്പർ പുസ്തകം. അച്ചന്മാരുടെ കബറടക്കക്രമത്തെ നിർദേശിക്കുന്ന പാഠമാണിത്. അച്ചന്മർ മരിച്ചാൽ അവരുടെ മൃതദേഹം അടക്കം ചെയ്യുന്നതിന് എന്തെല്ലാം അനുഷ്ഠാനങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് ഈ പാഠത്തിൽ നിർദ്ദേശിച്ചിരിക്കുന്നു.

4.3.5 **കുറിപ്പ്**

മതാത്മീയതയുമായി ബന്ധമില്ലാത്തതും എന്നാൽ മതവുമായി ബന്ധപ്പെട്ട ഭൗതികപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നതുമായ എഴുത്തുകളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാമ്പാക്കുട പള്ളിയുടെ കല്ലിടീൽ കർമ്മത്തെക്കുറിച്ചുള്ള രേഖ (4-ാം നമ്പർ പുസ്തകം) ഇതിനുദാഹരണമാണ്. ഇത്തരം പാഠങ്ങൾ ഏറെയില്ലെങ്കിലും മറ്റുള്ളവയിൽനിന്നു തികച്ചും ഭിന്നമായ വിഷയം കൈകാര്യം ചെയ്യുന്നതുകൊണ്ട് ഇവയെ പ്രത്യേകവിഭാഗമായി ഇവിടെ പരിഗണിക്കുന്നു.

4.4 **രേഖകളുടെ വിവരണം**

ലഭിച്ചിട്ടുള്ള കർസോനി പാഠങ്ങൾ വ്യത്യസ്ത ലൈബ്രറികളിൽനിന്നായതുകൊണ്ട് അവയ്ക്ക് തുടർച്ചയായ നമ്പറുകളല്ല ഉണ്ടായിരുന്നത്. ചിലതിന് നമ്പർ തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ഗവേഷണപഠനസൗകര്യത്തിനായി കർസോനി പാഠങ്ങൾക്ക് തുടർച്ചയായ നമ്പർ നൽകേണ്ടതായി വന്നു. അങ്ങനെ ലഭ്യമായ കർസോനിപാഠങ്ങൾക്ക് 1 മുതലുള്ള നമ്പർ ക്രമമായി നൽകി. പ്രബന്ധത്തിൽ ഉപയോഗിക്കുന്ന കർസോനിപാഠങ്ങളുടെ ഉള്ളടക്കവും അടിസ്ഥാന വിവരങ്ങളും ക്രമനമ്പരുകളോടെ ചുവടെ ചേർക്കുന്നു.

1. പാമ്പാക്കുടയിലെ കോനാട്ട് ലൈബ്രറിയിൽനിന്നു ലഭിച്ച 22 പുറമുള്ള പാഠമാണിത്. വേദപുസ്തകം പഴയനിയമത്തിലെ മോശയുടെ നോമ്പിനെക്കുറിച്ച് പ്രതി

പാദിക്കുന്നു. വേദപുസ്തക വിവർത്തനം പോലെയാണ് ഇതിലെ ആഖ്യാനമെങ്കിലും ഇങ്ങനെയൊരു ഭാഗം ഇന്നത്തെ വേദപുസ്തകങ്ങളിലില്ല. 'പുറപ്പാട്' എന്ന വേദപുസ്തകഭാഗത്തെ 15-ാം അധ്യായത്തിലെ 28-ാമത്തെ വാക്യത്തിൽ മോശ 40 ദിവസം നോമ്പു നോറ്റതായി പറയുന്നുണ്ട്. അതിന്റെ വ്യാഖ്യാനം പോലെയാണ് എഴുത്തുള്ളത്. നോമ്പിന്റെ പ്രാധാന്യം വ്യക്തമാക്കാൻവേണ്ടി രചിച്ചിട്ടുള്ളതായിരിക്കണം ഈ പാഠം. ആരാണ് എഴുതിയത് എന്ന് വ്യക്തമല്ല.

2. പാമ്പാക്കുടയിലെ കോനാട്ട് ലൈബ്രറിയിൽനിന്നു ലഭിച്ചിട്ടുള്ള 4 പുറമുള്ള പാഠമാണിത്. കന്യാമറിയത്തിന്റെ മഹിമയെ കുറിച്ചാണിതിൽ പറയുന്നത്. പ്രസംഗത്തന്റെയോ വ്യാഖ്യനത്തിന്റെയോ ഭാഗമായി എഴുതിയിട്ടുള്ളതാവണം ഇത്. 126 -ാം നമ്പർ പുസ്തകമായി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള സുറിയാനി കൃതിയുടെ ഒടുവിലാണ് ഈ പാഠമുള്ളത്.

3. പാമ്പാക്കുടയിലെ കോനാട്ട് ലൈബ്രറിയിൽനിന്നു ലഭിച്ച 7 പുറമുള്ള ഈ പാഠത്തിന്റെ ഉള്ളടക്കം ക്രിസ്ത്യൻ വേദവിശ്വാസത്തെ സംബന്ധിച്ച വ്യാഖ്യാനമാണ്. ശ്ലീഹേമാരുടെ മാധ്യസ്ഥത്തിന്റെ യുക്തിയെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തുമതത്തിൽ വിശുദ്ധന്മാരെ മധ്യസ്ഥന്മാരാക്കുന്നതു സംബന്ധിച്ച് തർക്കം നിലനിന്നിരുന്നു. ദൈവത്തോട് അപേക്ഷിക്കുവാൻ മധ്യസ്ഥർക്ക് കഴിയില്ലെന്നും അതിന്റെ ആവശ്യമില്ലെന്ന് ഒരു കൂട്ടരും ഉണ്ടെന്ന് മറ്റൊരു കൂട്ടരും തർക്കിച്ച കാലത്ത് അണികളെ പ്രബോധിപ്പിക്കാൻ മതനേതൃത്വം പുരോഹിതന്മാർക്കു വേണ്ടി രചിച്ച പ്രസംഗമായിരിക്കണം ഈ പാഠം. K.L.136 എന്ന നമ്പറിലാണ് കോനാട്ട് ലൈബ്രറിയിൽ പുസ്തകം സൂക്ഷിച്ചിരിക്കുന്നത്.

4. പാമ്പാക്കുടയിൽനിന്നു ലഭിച്ച ഒരു പുറം മാത്രമുള്ള പാഠമാണിത്. കോനാട്ട് ലൈബ്രറിയിലെ 8-ാം നമ്പർ സുറിയാനി ഗ്രന്ഥത്തിന്റെ മധ്യത്തിലായി ചേർത്തിരിക്കുന്ന ഈ പുറത്തിൽ പാമ്പാക്കുട പള്ളിയുടെ ശിലാസ്ഥാപനത്തെക്കുറിച്ചാണ് പറയുന്നത്. കുറിപ്പുകൾ എന്ന വിഭാഗത്തിലാണ് ഈ പാഠം ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൊല്ലം ഒരായിരാമാണ്ട് കന്നി 29-ാം തിയതിയാണ് പള്ളിക്ക് തറക്കല്ലിട്ട

തെന്ന് ഇതിൽ പറയുന്നു. 'കോനാട്ട് അബ്രഹാം മല്പാനായ ഞാൻ' എന്നും പറയുന്നുണ്ട്. 1825-നടുത്ത് കോനാട്ട് അബ്രഹാം മല്പാൻ രചിച്ചതാണ് ഈ കുറിപ്പെന്ന് വ്യക്തം.

5. പാമ്പാക്കുടയിൽനിന്നു ലഭ്യമായ 4-ാം നമ്പർ രേഖയുടെ പകർപ്പാണ് ഇത്. കോനാട്ട് ലൈബ്രറിയിലെ 11-ാം നമ്പർ സുറിയാനി ഗ്രന്ഥത്തിന്റെ ഒടുവിലായാണ് ഈ കുറിപ്പ് കാണുന്നത്. ഒരേ പ്രതിപാദ്യമാണെങ്കിലും രണ്ടു കുറിപ്പുകളും രണ്ടു കയ്യക്ഷരത്തിലാണ് കാണപ്പെടുന്നത്. വാക്കുകൾക്കും വ്യത്യാസമുണ്ട്. 4-ാം നമ്പറിലേതിനേക്കാൾ അൽപം കൂടി വിശദീകരണം ഇതിലുണ്ട്. ഒരു പക്ഷേ ഇതു പിന്നീട് എഴുതിയതാവാം.

6. പത്തു പുറമുള്ള ഈ പാഠം പാമ്പാക്കുട ലൈബ്രറിയിലെ 44-ാം നമ്പർ പുസ്തകത്തിലേതാണ്. 44-ാം നമ്പർ പുസ്തകം സാമാന്യം വലിയ ഒന്നാണ്. അതിൽ സുറിയാനി പാഠങ്ങളും കർസോനി പാഠങ്ങളും ഉണ്ട്. കാറ്റലോഗിൽ കർസോനി പാഠത്തെ എടുത്തു പറഞ്ഞിട്ടുമുണ്ട്. വേദപുസ്തകത്തിലെ പഴയനിയമഭാഗത്തുള്ള ഉല്പത്തി പുസ്തകത്തിലുള്ള കാര്യങ്ങൾ വിശദീകരിച്ചിരിക്കുന്നു. ഭൂമിയുടെ സൃഷ്ടിയെയും മനുഷ്യന്റെ സൃഷ്ടിയെയും കുറിച്ചുള്ള വിവരണവുമുണ്ട്. പ്രസംഗം/ വ്യാഖ്യാനം എന്ന വിഭാഗത്തിൽപ്പെടുത്താവുന്നതാണ് ഇതിലെ ഭാഷ. കുറിപ്പു പുസ്തകം എന്ന് കാറ്റലോഗിൽ പറഞ്ഞിരിക്കുന്ന ഈ ഗ്രന്ഥം അബ്രഹാം മല്പാൻ മുതൽപേർ എഴുതിയിരിക്കുന്നതായും കാറ്റലോഗിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7. കോട്ടയത്തുള്ള പഴയ സെമിനാരിയിൽനിന്നു ലഭിച്ച 22 പുറമുള്ള പാഠം. അച്ചന്മാരുടെ കബറടക്കക്രമം എന്ന് തുടക്കത്തിൽ മലയാളത്തിൽ എഴുതിയിട്ടുണ്ട്. കർസോനിയിൽ നിർദ്ദേശങ്ങളും സുറിയാനിയിൽ പ്രാർത്ഥനകളും കൊടുത്തിരിക്കുന്നു. ആരെഴുതി എന്നതിന് സുചനകളില്ല. അച്ചന്മാരും മറ്റും മരിച്ചാൽ എന്തൊക്കെ കർമ്മങ്ങളാണ് ചെയ്യേണ്ടതെന്ന് ഇതിൽ വിശദമാക്കിയിരിക്കുന്നു.

8. പാമ്പാക്കുട ലൈബ്രറിയിൽനിന്നു ലഭിച്ചിട്ടുള്ള മറ്റൊരു പാഠം. ലൈബ്രറിയിലെ 2-ാം നമ്പർ ഗ്രന്ഥമാണിത്. 'ലെക്സിസ' എന്നതാണ് വിഷയമെന്നും 'പാലിയത്ത്

ഗീവർഗീസുമല്പാൻ 1857'ൽ രചിച്ചിട്ടുള്ളതാണെന്നും കാറ്റലോഗിൽ കാണുന്നു ണ്ട്. പുസ്തകത്തിന് സാധാരണ പുസ്തകങ്ങളെക്കാൾ വലിപ്പമുണ്ട്. ചില സുറി യാനി വാക്കുകൾ പാശ്ചാത്യസുറിയാനി ലിപിയിൽ എഴുതിയിട്ടുണ്ട്. നിഘണ്ടു എന്ന വിഭാഗത്തിൽപ്പെടുത്താവുന്ന കൃതിയാണിത്.

9. കോട്ടയം പഴയ സെമിനാരിയിപ്പനിന്നു ലഭിച്ച 6 പുറങ്ങളുള്ള പാഠമാണിത്. ഇത് ഒരു സുറിയാനിഗ്രന്ഥത്തിന്റെ ഭാഗമായി ചേർത്തിട്ടുള്ളതാണ്. പ്രാർത്ഥനയോ അപേക്ഷയോ ആണിത്. ആദ്യത്തെ ഒരു പുറം വൃത്തിയായി എഴുതിയിട്ടുള്ള ഈ പാഠത്തിന്റെ ബാക്കിയുള്ള പുറങ്ങൾ കോറിവരിച്ചിട്ടതു പോലെയാണ് കാണുന്നത്. ആരാണെഴുതിയതെന്ന് വ്യക്തമല്ല. സെമിനാരി ലൈബ്രറിയിലെ 23-ാം നമ്പർ പുസ്തകത്തിലേതാണ് ഈ കർസോനിപാഠം.

10. കോട്ടയത്തെ എസ്.ഇ.ഇ.ആർ.ഐ. (സീറി)ൽനിന്നു ലഭിച്ച 19 പുറമുള്ള ഈ പാഠം അച്ചന്മാരുടെ കബറടക്കക്രമം വിവരിക്കുന്നതാണ്. 7-ാം നമ്പർ പുസ്തക ത്തിലെ പ്രതിപാദ്യം തന്നെയാണ് ഇതിലും. ഒരേ പാഠത്തന്റെ പകർപ്പുകൾ വേറെയും കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇപ്രകാരമുള്ള പകർത്തിയെഴുത്ത് സാധാരണമായിരുന്നുവെന്നു കരുതാം. എന്നാൽ ഈ പകർപ്പുകളൊന്നും പദം പ്രതി പകർത്തിയിട്ടുള്ളതല്ല. ചെറിയചെറിയ വ്യത്യാസങ്ങൾ പാഠങ്ങൾ തമ്മിലു ണ്ട്. ആരാണെഴുതിയതെന്നു വ്യക്തമല്ല. 7-ാം നമ്പറിലെപ്പോലെതന്നെ നിർദ്ദേ ശങ്ങളും പ്രാർത്ഥനകളുമടങ്ങിയ ഈ പാഠത്തെയും അനുഷ്ഠാനക്രമം എന്നവ കുപ്പിലാണ് പെടുത്തിയിരിക്കുന്നത്.

11. പാമ്പാക്കുടയിൽനിന്നു ലഭിച്ചിട്ടുള്ള ഈ പാഠത്തിന് 10-പുറങ്ങളാണുള്ളത്. 44 -ാം നമ്പർ പുസ്തകത്തിൽനിന്നാണ് ഈ പാഠം കിട്ടിയിട്ടുള്ളത്. പ്രാർത്ഥനയോടെ തുടങ്ങുന്ന ഈ പാഠം പിന്നീട് പ്രസംഗ/വ്യാഖ്യാന ശൈലിയിൽ തുടരുന്നു. പ്രബോ ധനപരമായ ശൈലി ഒടുക്കംവരെ തുടർന്നിട്ടുണ്ട്.

12. പാമ്പാക്കുട ലൈബ്രറിയിൽനിന്നു ലഭ്യമായ 31 പുറമുള്ള പാഠമാണിത്. അവി ടുത്തെ കാറ്റലോഗിൽ 1703-ൽ എഴുതിയത് എന്ന് രേഖപ്പെടുത്തിക്കാണുന്നു. ഭാഷാ

സ്വഭാവം ഈ കാലത്തോട് ഒത്തു പോകുന്നുണ്ട്. വായിച്ചെടുക്കാൻ വളരെ ബുദ്ധിമുട്ടുള്ള പാഠമാണിത്. എഴുത്ത് വൃത്തിയില്ലാത്തതു കൊണ്ടല്ല; ഭാഷ ഒട്ടും മാനകമല്ലാത്തതിനാൽ. പ്രസംഗം/വ്യാഖ്യാനം എന്ന വകുപ്പിൽ പെടുത്താവുന്ന ഒന്നാണ് ഇത്.

13. പാമ്പാക്കുട ലൈബ്രറിയിൽനിന്നു ലഭിച്ചിട്ടുള്ള 20 പുറമുള്ള പാഠം. 144-ാം നമ്പർ പുസ്തകത്തിൽനിന്നുമാണ് ഇത് ലഭിച്ചിട്ടുള്ളത്. ഞായറാഴ്ചയുടെ മഹത്വത്തെക്കുറിച്ച് വിവരിക്കുന്ന പാഠം പ്രസംഗ/വ്യാഖ്യാന ശൈലിയിലാണ് രചിച്ചിട്ടുള്ളത്. കർത്താവ് ആരാണെന്നതിന് സൂചനകളില്ല.

14. തിരുവല്ലയിലെ കുരിയൻ കണിയാമ്പറമ്പിൽ കോറെപ്പിസ്കോപ്പയുടെ പക്കൽനിന്നു ലഭിച്ച പാഠം. വലുതും ചെറുതുമായ പ്രസംഗങ്ങളുടെ സമാഹാരമാണ്. സൃഷ്ടിയുടെ വിവരണം, ഞായറാഴ്ചയുടെ മഹത്വം തുടങ്ങി വിശ്വാസസംബന്ധമായ പല വിഷയങ്ങളും ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. പ്രസംഗരൂപത്തിലാണ് ഇതിന്റെ രചന. കർത്താവിനെക്കുറിച്ചുള്ള സൂചനകളില്ല.

15. കോട്ടയത്തെ പഴയ സെമിനാരിയിലെ 201-ാം നമ്പർ സുറിയാനി ഗ്രന്ഥത്തിൽനിന്നു ലഭിച്ച 9 പുറമുള്ള പാഠം. വിശ്വാസികൾക്കുവേണ്ടി നടത്തുന്ന പ്രസംഗം/ വ്യാഖ്യനം ആയിട്ടാണ് ഇതും രചിച്ചിട്ടുള്ളത്. ചെറിയ സൈസിലുള്ള പുസ്തകമാണിത്. കർത്താവിനെ കുറിച്ച് സൂചനകളില്ല.

16. കോട്ടയം പഴയ സെമിനാരിയിൽനിന്നു കിട്ടിയ 12 പുറമുള്ള പാഠമാണിത്. അവിടുത്തെ 207-ാം നമ്പർ സുറിയാനിഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുള്ള ഈ പാഠം താരതമ്യേന പഴയ ഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. വിശ്വാസം സംബന്ധിച്ച പ്രസംഗം/വ്യാഖ്യാനം എന്ന വകുപ്പിൽ പെടുന്നതാണ് ഈ പാഠവും. കർത്താവാരെന്നതിന് സൂചനകളില്ല.

17. കോട്ടയത്തെ പഴയസെമിനാരിയിൽനിന്നു ലഭിച്ചിട്ടുള്ള 9 പുറമുള്ള പാഠം. നിഘണ്ടുവാണിത്. പഴയ സെമിനാരി കാറ്റലോഗിലെ 217-ാം നമ്പർ സുറിയാനി ഗ്രന്ഥത്തിൽനിന്നുമാണ് ഇതു കിട്ടിയത്. പാമ്പാക്കുടയിൽനിന്നു കിട്ടിയിട്ടുള്ള 8-ാം നമ്പർ

പുസ്തകത്തിലെ ഉള്ളടക്കത്തോട് പലയിടത്തും സാമ്യമുണ്ട്. ഒരേ വേദഭാഗത്തി നുള്ള നിഘണ്ടു ആയിരിക്കണം രണ്ടും. കർത്താവിനെക്കുറിച്ച് സൂചനകളില്ല.

18. കോട്ടയം പഴയസെമിനാരിയിൽനിന്നു ലഭിച്ച നിഘണ്ടുപാഠം. സുറിയാനി വാക്കു കൾക്ക് കർസോനിയിൽ അർത്ഥം കൊടുത്തിരിക്കുന്നു. 17-ാം നമ്പർ പുസ്തക മായി രേഖപ്പെടുത്തിയിട്ടുള്ള സുറിയാനി ഗ്രന്ഥത്തിന്റെ അവസാനഭാഗത്തുള്ള 4 പുറങ്ങളാണ് കർസോനിയിലുള്ളത്. കർത്താവാരെന്നതിന് സൂചനകളില്ല.

19. പാമ്പാക്കുടയിൽനിന്നു ലഭിച്ചിട്ടുള്ള മറ്റൊരു നിഘണ്ടു. നൂറിലധികം പുറങ്ങ ളുള്ള ലക്സീസ എന്ന ഗ്രന്ഥത്തിലാണ് ഈ പാഠം സുറിയാനി മാത്രമുള്ള ധാരാളം പുറങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. കോനാട്ട് ലൈബ്രറിയിലെ കാറ്റലോഗിൽ 41-ാം നമ്പറായിട്ടാണ് ഈ കൃതി രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവാരെന്ന് പറയു ന്നില്ല.

20. കോട്ടയത്തെ സീറിയിൽനിന്നു ലഭിച്ച പാഠം. ചെറിയചെറിയ പ്രസംഗങ്ങൾ/ വ്യാഖ്യാനങ്ങൾ ആണ് ഇതിലുള്ളത്. നൂറോളം പുറങ്ങളുള്ള കൃതിയിൽ സുറി യാനി മാത്രമുള്ള ചില പുറങ്ങളും ഉണ്ട്. കർത്താവാരാണെന്ന് പറയുന്നില്ല. വിശ്വാസം സംബന്ധിച്ച പ്രബോധനങ്ങളാണ് ഉള്ളടക്കം.

4.5 സമാഹരിച്ച കർസോനി പാഠങ്ങൾ വായിച്ച് ലിപ്യന്തരണം ചെയ്തുകൊ ണ്ടാണ് വിശകലനത്തിന് തയ്യാറായത്. ലിപിമാറ്റി എഴുതിയ പാഠങ്ങളെ ഒത്തു നോക്കി ഒരേവിഷയം ഉള്ളവയെ കണ്ടെത്തി രേഖപ്പെടുത്തി. തുടർന്ന് പാഠങ്ങൾ പലതവണ വായിച്ചു നോക്കി ശ്രദ്ധേയമായ ഭാഷാസവിശേഷതകൾ നിരീക്ഷിച്ചു. പിന്നീട് ഈ സവിശേഷതകളെ വിശദമായി വിശകലനം ചെയ്യുന്നു.

ആദ്യം സ്വനപരമായ സവിശേഷതകൾ നിരീക്ഷിക്കുന്നു. മലയാളത്തിലെ അക്ഷരങ്ങളെ ഓരോന്നായി എടുത്ത് അവയ്ക്ക് സമാനമായി കർസോനിയിൽ ഉപയോഗിച്ചിരിക്കുന്ന ലിപിയെ കണ്ടെത്തിക്കൊണ്ടാണ് സ്വനവിശകലനം നട ത്തിയിരിക്കുന്നത്. കണ്ടെത്തിയ സ്വനസവിശേഷതകളെ കർസോനി പാഠങ്ങളു മായി ഒത്തുനോക്കിയിട്ടുണ്ട്. എഴുതുന്ന മുറയിലുണ്ടായിട്ടുള്ള ചെറിയ വ്യത്യാസ

ങ്ങളെ ഒഴിവാക്കിയാണ് സ്വനവിശകലനം നടത്തിയിട്ടുള്ളത്.

സ്വനപരമായ സവിശേഷതകളെ വിശകലനം ചെയ്തതിനു ശേഷം രൂപ പരമായ സവിശേഷതകൾ കണ്ടെത്താനുള്ള ശ്രമമാണ് നടത്തിയത്. സവിശേഷ മായ പദപ്രയോഗങ്ങളും രൂപസവിശേഷതകളും വിവിധപാഠങ്ങളുമായി ഒത്തു നോക്കി.

വാക്യപരമായ വിശകലനമാണ് അടുത്തത്. മലയാളത്തിന്റെ വാക്യഘട നകളെ മുന്നിൽകണ്ടുകൊണ്ട് കർസോനിയിലുള്ള വാക്യഘടനാസവിശേഷതളെ എടുത്തുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്. വാക്യതലങ്ങളിൽ വിശദമായ വിശകലനപഠനം നടത്തിയിട്ടില്ല.

### കുറിപ്പുകൾ

1. വ്യക്തികളും പുസ്തകങ്ങളും നൽകിയ സൂചനകളിലൂടെ കർസോനി രേഖകൾ സൂക്ഷി ച്ചിരിക്കുന്ന ഇടങ്ങളിലേക്കുള്ള അന്വേഷണം സാധ്യമായി. കർസോനി രേഖകൾ ഏതെ ങ്കിലുമൊരു ലൈബ്രറിയിലോ ചില വ്യക്തികളുടെ പക്കലോ മാത്രമല്ല ഉള്ളത്. സുറി യാനിക്രിസ്ത്യാനികളുടെ സഭാചരിത്രഗതിയിൽ വ്യക്തികൾ /സംഘങ്ങൾ പിരിഞ്ഞു പോവുകയും സ്വത്തുക്കൾ പങ്കുവെക്കുകയും ചെയ്യുന്നതിനനുസരിച്ച് ഈ രേഖകളും പലയിടങ്ങളിലേക്കേ ചിതറപ്പെട്ടിട്ടുണ്ട്. ഇവിടെ ഉണ്ടായിരുന്നവരും വന്നുചേർന്നവരു മായ സുറിയാനി പണ്ഡിതന്മാരും മതപ്രചാരകന്മാരും സഭാ അധികാരികളും മതസാ ഹിത്യം സൃഷ്ടിക്കുകയും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സൃഷ്ടികളിലും സൂക്ഷി പ്പുകളിലും കർസോനിരേഖകളും ഉൾപ്പെട്ടിരുന്നു. സ്വത്തുക്കളുടെ പങ്കുവെയ്ക്കലും കൈമാറ്റവും സ്വന്തമാക്കലും മറ്റും നടന്നപ്പോൾ അക്കൂട്ടത്തിൽ കർസോനിരേഖകളും പലയിടങ്ങളിലേക്ക് ചിതറിപ്പോയി എന്നാണ് മുൻ പറഞ്ഞതിനർത്ഥം. ഇങ്ങനെ ചിതറി പ്പോയ രേഖകൾ കേരളത്തിൽ മാത്രമേ ഉണ്ടാവൂ എന്നുമില്ല. കേരളത്തിൽനിന്നു പഴയ ഭാഷാ സാഹിത്യകൃതികൾ വിദേശങ്ങളിലേക്ക് പോയിട്ടുണ്ട് എന്നതിന് ജർമ്മനിയിലെ ഗുണ്ടർട്ട് ഗ്രന്ഥസമുച്ചയം തന്നെ തെളിവ്.
2. “When I first began to study the syriac manuscripts of Kerala, my idea was to publish a catalogue of them. This soon proved to be impossible for me because quite a number of manuscripts, mostly liturgicalones, are in the hands of private persons all over Kerala. .....I added a study to all the syriac manuscripts, copied in Kerala and now in the libraries of Rome, Paris, Oxford, Cambridge, Leyden and Amsterdam” (Ploeg, 1983:x).
3. “On the 3rd page of this double leaf (f.10r) we find some lines in Malayalam garsuni, concluding a list to dates written on f.9v.” (Ploeg, 1983:233)
4. അഞ്ച് ലൈബ്രറികളിൽ കർസോനിരേഖകൾ ഉണ്ടെന്ന് അറിവായിട്ടുണ്ട്. അതിൽ നാലി

ടങ്ങളിൽനിന്ന് കർസോനിരേഖകൾ കണ്ടുകിട്ടി. ഒരിടത്ത് മാത്രം ലൈബ്രറി പരിശോധിക്കാനുള്ള അനുമതി ലഭിച്ചില്ല.

5. ഈ ലൈബ്രറിയിൽ വളരെ അടുക്കും ചിട്ടയോടും കൂടി പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കുന്നു. പഴയ പുസ്തകങ്ങൾക്ക് കാര്യമായ പരിഗണനയും നൽകി വരുന്നു. കൃത്യമായ കാറ്റലോഗ് സംവിധാനമുള്ളതിനാൽ പുസ്തകങ്ങളുടെ തെരഞ്ഞെടുക്കലും കണ്ടെത്തലും എളുപ്പമാണ്. പഴയ ഗ്രന്ഥങ്ങളുടെ കാറ്റലോഗിൽ പുസ്തകങ്ങളുടെ ഉള്ളടക്കവും ഭാഷയുംകൂടി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് കർസോനിപാഠങ്ങൾ കണ്ടുപിടിക്കാൻ ഏറെ സഹായകമാണ്.
6. അറബികർസോനി-അറബിഭാഷ സുറിയാനി ലിപിയിൽ എഴുതുന്നത് മുൻ അധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്.
7. ശേഖരിച്ച കർസോനിപാഠങ്ങളുടെ പട്ടിക അധ്യായത്തിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്.
8. ഇവിടെ പഴയ പുസ്തകങ്ങൾ പ്രത്യേകം എടുത്തു വച്ചിട്ടുണ്ടെങ്കിലും അവ കൃത്യമായി സൂക്ഷിക്കാത്തതിനാൽ, കാറ്റലോഗിലുള്ള മിക്കവയും നഷ്ടപ്പെട്ടതായി മനസ്സിലാക്കാം. അതുകൊണ്ടുതന്നെ കാറ്റലോഗിനെ ആശ്രയിക്കാൻ പറ്റില്ല.
9. കർസോനിരേഖകളുടെ പട്ടിക കാണുക. ഈ ലൈബ്രറിയിൽ നിന്ന് ധാരാളം പുസ്തകങ്ങൾ മറ്റൊരിടത്തേക്കു കൊണ്ടുപോയിട്ടുള്ളതായി അധികൃതർ പറഞ്ഞു.
10. ഇവിടെ സുറിയാനി പുസത്കങ്ങൾതന്നെ നന്നേ കുറവാണ്. പുസ്തകങ്ങൾ യാതൊരു ക്രമവുമില്ലാതെയാണ് സൂക്ഷിച്ചിരിക്കുന്നത്. പഴയ പുസ്തകങ്ങളുടെ കാറ്റലോഗ് ലഭ്യമാണെങ്കിലും അതനുസരിച്ച് പുസ്തകം തെരഞ്ഞെടുക്കുക സാധ്യമല്ല. എല്ലാ പുസ്തകങ്ങളും പരിശോധിച്ചതിന്റെ ഫലമായാണ് കർസോനിപാഠമുള്ള ഒരു പുസ്തകം കണ്ടെത്താൻ കഴിഞ്ഞത്.
11. എസ്.ഇ.ഇ.ആർ.ഐ (സീറി) എന്നറിയപ്പെടുന്ന ഈ കേന്ദ്രത്തിൽ ലൈബ്രറി നേരിട്ട് പരിശോധിക്കാൻ അനുവാദമുണ്ടായിരുന്നില്ല. കാറ്റലോഗിലുള്ള പുസ്തകങ്ങൾ ആവശ്യപ്പെട്ടാൽ എടുത്തുതരും.
12. പുസ്തകങ്ങൾ അടുക്കിവെച്ചിട്ടില്ല എന്നതാണ് പ്രവേശനാനുമതി നിഷേധിക്കുന്നതിന് കാരണമായി അധികൃതർ പറഞ്ഞത്.
13. “There are other manuscripts in the library, but we did not see them; according to the Bishop they are of no importance” (Ploeg, 1983: 153).
14. “As far as we know, there was no original indigenous production of Syriac books, just hardly one or two, if any” (Ploeg, 1983:15).

# അഞ്ച്

# ഭാഷാപഗ്രഥനം

5.0 കർസോനിപാഠങ്ങളിലെ ഭാഷയെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. അക്ഷര-ലിപി തലത്തെയും രൂപിമതലത്തെയും വിവരണാത്മകമായ വിശകലനത്തിന് വിധേയമാക്കുന്നതോടൊപ്പം സാമാന്യമായി വാക്യവിചാരം നടത്തുകയും ചെയ്യുന്നു.

**5.1 അക്ഷര – ലിപിവിചാരം**

ഭാഷയുടെ കാര്യത്തിലും ലിപിയുടെ കാര്യത്തിലും വിപുലമായ വൈവിധ്യം പുലർത്തുന്നുണ്ട് കർസോനി രേഖകൾ. വ്യക്തികൾ മാറുന്നതിനനുസരിച്ച് ഭാഷാസ്വഭാവവും ലിപിസ്വീകരണവും മാറുന്നുണ്ട്. ഒരേ പാഠത്തിൽത്തന്നെ ഭാഷയും ലിപിയും മാറുന്നതായി കാണാം. മലയാളഭാഷയിലോ ലിപിയിലോ മാനകീകരണം സംഭവിച്ചിട്ടില്ലാത്ത കാലത്ത് രചിക്കപ്പെടുന്ന ഇത്തരം പാഠങ്ങളിൽ ഭാഷാപരമായും ലിപിപരമായും ഉള്ള അവ്യവസ്ഥിതി പ്രതീക്ഷിക്കാവുന്നതാണ്.

5.1.1 സുറിയാനിലിപിതന്നെയാണ് കർസോനിക്കും അടിസ്ഥാനം എന്നു കാണുകയുണ്ടായി. സുറിയാനിയെ അപേക്ഷിച്ച് കൂടുതൽ അക്ഷരങ്ങളുള്ള മലയാളം, സുറിയാനി ലിപികൾ മാത്രമുപയോഗിച്ച് എഴുതുക ദുഷ്കരമായതിനാൽ പുതിയതായി ചില ലിപികൾ കർസോനിക്കു വേണ്ടി ഉണ്ടാക്കിയതായും കണ്ടു. എന്നിട്ടും മലയാളത്തിലെ എല്ലാ അക്ഷരങ്ങൾക്കും തുല്യമായ ലിപികൾ കണ്ടെത്താൻ കർസോനി ഉപയോഗിച്ചിരുന്നവർക്ക് കഴിഞ്ഞില്ല. സുറിയാനി-മലയാള-കർസോനി ലിപികളുടെ(വ്യഞ്ജനങ്ങൾ) താരതമ്യപട്ടിക (പട്ടിക 4) നോക്കിയാൽ ഇക്കാര്യം എളുപ്പത്തിൽ വിശദമാകും.

**പട്ടിക 4**

| മലയാളം | സുറിയാനി | കർസോനിയിൽ മാത്രം |
|---|---|---|
| ക | ⊠ | |
| ഖ | ⊠ | |
| ഗ | ⊠ | |
| ഘ | | |
| ങ | | ⊠ |
| ച | | |
| ഛ | | |
| ജ | | |
| ഝ | | |
| ഞ | | ⊠ |
| ട | | ⊠ |
| ഠ | | |
| ഡ | | |
| ഢ | | |
| ണ | | ⊠ |
| ത | ⊠ | |
| ഥ | ⊠ | |
| ദ | ⊠ | |
| ധ | | |
| ന | | ⊠ |
| പ | ⊠ | |
| ഫ | | |
| ബ | ⊠ | |
| ഭ | | |
| മ | ⊠ | |
| യ | ⊠ | |
| ര | | ⊠ |
| ല | ⊠ | |
| വ | ⊠ | |
| ശ | ⊠ | |
| ഷ | | ⊠ |
| സ | ⊠,⊠,⊠ | |
| ഹ | ⊠,⊠ | |
| ള | | ⊠ |
| ഴ | | ⊠ |
| റ | ⊠ | |
| | ⊠(അ്), ⊠(⊠), ⊠(അ്) | |

5.1.2 പട്ടികയിൽനിന്ന് വ്യക്തമാകുന്നതുപോലെ മലയാള ഘോഷാക്ഷരങ്ങൾക്ക് ഒന്നിനും തുല്യമായ ലിപി സുറിയാനിയിലോ കർസോനിയിലോ ഇല്ല. ച, ട, പ വർഗ്ഗങ്ങളുടെ അതിഖരത്തിനു തുല്യമായ ലിപികളും ഇല്ല. ജ, ഡ എന്നീ മൃദുക്കളും തുല്യമായ ലിപിയില്ലാത്ത അക്ഷരങ്ങളാണ്. മലയാളത്തിൽ ഉപയോഗിക്കുന്ന വിസർഗ്ഗത്തിനും തുല്യമായ ലിപി സുറിയാനിയിലോ കർസോനിയിലോ ഇല്ല. ചകാരത്തിനു പകരം സുറിയാനിയിലെ ശീൻ( ⊠ ) ആണ് കർസോനിയിൽ ഉപയോഗിക്കുന്നത്. അതിഖരങ്ങളോ ഘോഷങ്ങളോ എഴുതേണ്ടിവരുമ്പോൾ ഖരം തന്നെയാണ് മിക്കപ്പോഴും ഉപയോഗിക്കുന്നത്. ദുഃഖം എന്നത്  (ദുക്കം) എന്ന് എഴുതുന്നു. മാലാഖമാർ എന്നത്  (മാലാകേമാർ) എന്നെഴുതുന്നു. അസ്ഥികൾ  (അസ്ത്തികൾ) എന്നും, ലഭിക്കണമെന്ന്  (ലെപിക്കണമെന്ന്) എന്നും എഴുതുന്നു. കാഫലങ്ങൾ  (കാപലങ്ങൾ) എന്നും.

5.1.3 കർസോനിക്കു വേണ്ടി ഉണ്ടാക്കിയ സുറിയാനി ഇതര ലിപികൾ കൊണ്ടും കർസോനിയിൽ ലിപി ദാരിദ്ര്യം പരിഹരിക്കാൻ കഴിഞ്ഞില്ല. അങ്ങനെ വന്നപ്പോൾ അപൂർവ്വമായെങ്കിലും മലയാള ലിപി അങ്ങനെ തന്നെ സ്വീകരിച്ചിട്ടുള്ളതായും കാണാം. താലവ്യ മൃദുവായ 'ജ' യും ഓഷ്ഠ്യ ഘോഷമായ 'ഭ' യുമാണ് ഇങ്ങനെ സ്വീകരിച്ചിട്ടുള്ളവ. എമ്മാനുവലും(Emmanuel,1961) മറ്റും കൊടുത്തിട്ടുള്ള കർസോനി ലിപി പട്ടികയിൽ 'ജ', 'ഭ' എന്നിവ ഇല്ലെന്ന് കാണാവുന്നതാണ്. കർസോനി എഴുത്തുകളിൽ ഈ അക്ഷരലിപികൾ ഉപയോഗിച്ചു തുടങ്ങുന്നതിനു മുമ്പ് തയ്യാറാക്കിയിട്ടുള്ള പട്ടിക സിറിയൻ വ്യാകരണകർത്താക്കൾ എടുത്തു ചേർത്തതാണ് എന്നു കരുതാം. അതല്ല പ്രസ്തുത വ്യാകരണ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ട കാലത്തുതന്നെ തയ്യാറാക്കിയ പട്ടികയാണ് അത് എങ്കിൽ കർസോനിരേഖകളിൽ ധാരാളമായി കാണുന്ന ഈ അക്ഷരലിപികൾ കാണുവാൻ കഴിയുന്നവിധം വിപുലമായ അന്വേഷണം നടത്താതെയാണ് പട്ടിക തയ്യാറാക്കി

യിട്ടുള്ളത്. അങ്ങനെയല്ലാതെ ഈ ലിപികളെ മാത്രം അവഗണിച്ചു എന്നു കരു തേണ്ടതില്ല. ജലം, ജീവസ്, രാജാവ്, പൂജ, ജാതി, ജീവിക്കുന്നു എന്നിങ്ങനെ ധാരാളം വാക്കുകൾ 'ജ' എന്ന ലിപി അങ്ങനെ തന്നെ ഉപയോഗിച്ച് എഴുതിയിട്ടുണ്ട്. 'ഭ' കാരമുപയോഗിച്ച് - ഭൂമി, ഗർഭം, ഭക്തി, ഭങ്ങി എന്നിങ്ങനെ നിരവധി വാക്കുകൾ എഴുതിയിട്ടുണ്ട്.

ഉദാ: 



5.1.4 ദന്ത്യാനുനാസികത്തെയും വർത്സ്യാനുനാസികത്തെയും അവയുടെ സ്ഥാനഭേദ ഉച്ചാരണം തിരിച്ചറിഞ്ഞ് പ്രയോഗിച്ചിട്ടുണ്ട് കർസോനിയിൽ. സുറിയാനി ഭാഷയിലെ നൂൻ (⊠) എന്ന വർത്സ്യാനുനാസികം തന്നെ ദന്ത്യാനുനാസികത്തിനു പകരമായും എഴുതാവുന്നതേ ഉണ്ടായിരുന്നുള്ളൂ. കാരണം ദന്ത്യവർത്സ്യാനുനാസികങ്ങളെ മലയാള എഴുത്തിൽ വേർതിരിച്ചു കാണിക്കാറില്ല. ഘോഷാക്ഷരങ്ങളെപ്പോലെ സുറിയാനിയിൽ ഇല്ലാത്ത മറ്റു അക്ഷരങ്ങൾക്കു പകരമായി കർസോനിയിൽ ലിപി ഉണ്ടാക്കിയിട്ടില്ല. എന്നിട്ടും ന-⊠ കളെ വേർതിരിച്ചു കാണിക്കുവാനായി പുതിയ ലിപി കണ്ടെത്തി എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. സംസ്കൃത വാക്കുകളിൽ മാത്രം കടന്നുവരുന്ന ഘോഷാദി അക്ഷരങ്ങളെക്കാൾ പ്രധാനപ്പെട്ടതാണ് ദന്ത്യവർത്സ്യാനുനാസികങ്ങളുടെ ഉച്ചാരണ വ്യത്യാസം എന്ന് അവർ മനസ്സിലാക്കിയിരുന്നു. അഥവാ ഘോഷാദി അക്ഷരങ്ങളുടെ ഉച്ചാരണഭേദം ശ്രാവ്യമല്ലെന്നും ന-⊠ കളുടെ ഉച്ചാരണഭേദം സുശ്രാവ്യമാണെന്നും അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് ഭാഗികപൂരണത്തിലായിരുന്നിട്ടും ദന്ത്യവർത്സ്യാനുനാസികങ്ങളെ വേർതിരിച്ച് എഴുതിയത്. ദന്ത്യാനുനാസികത്തെ രേഖപ്പെടുത്താൻ  എന്നൊരു ലിപി കണ്ടെത്തുകയായിരുന്നു കർസോനിയിൽ. വർത്സ്യാനുനാസികത്തെ രേഖപ്പെടുത്താൻ നൂൻ (⊠) ഉപയോഗിക്കുകയും ചെയ്തു.

ഉദാ:  (ഞാൻ) , (നാം)

## 5.2 വ്യഞ്ജനങ്ങൾ

### 5.2.1 കവർഗ്ഗം

'ക' കാരത്തെ കുറിക്കാൻ കർസോനിയിൽ സുറിയാനിയിലെ കാപ് ( ☒) ആണ് ഉപയോഗിക്കുന്നത്. നിരവധി തവണ എഴുതേണ്ടി വന്നിട്ടുള്ള 'ക' കാരത്തെ 'കാപ് ' കൊണ്ടുതന്നെയാണ് മിക്കവാറും എല്ലായിടത്തും രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്നു രണ്ടിടങ്ങളിൽ മാത്രം ഇതിനു വ്യത്യാസം ഉണ്ടായതായും ശ്രദ്ധിച്ചിട്ടുണ്ട്. ഒരിടത്ത് വൃക്ഷങ്ങൾ എന്നെഴുതിയപ്പോൾ 'ക' ക്കു പകരം 'ഖ' (ഖോപ് ☒ )യും മറ്റൊരിടത്ത് 'പ്രത്യേകം' എന്നെഴുതിയപ്പോൾ 'ക' ക്കു പകരം 'ഗ' (ഗാമൽ ☒ )യും എഴുതിയിട്ടുണ്ട്. ഉച്ചാരണപരമായി നോക്കുമ്പോൾ അങ്ങനെ എഴുതിയാലും തെറ്റില്ല. 'വൃക്ഷങ്ങ'ളിൽ 'ക്ഷ' എന്ന കൂട്ടക്ഷരത്തിന്റെ ഉച്ചാരണം മഹാപ്രാണമായി അനുഭവപ്പെടാം. സ്വരമധ്യത്തിലെ ഖരം മൃദുവായി അനുഭവപ്പെടുന്നതിനാൽ 'പ്രത്യേക'ത്തിലെ 'ക' 'ഗ' യായി തോന്നാം. ഈ രണ്ടു വാക്കുകളും സംസ്കൃതമാണെന്നതും ശ്രദ്ധേയമാണ്.

ഉദാ:  (പ്റത്ത്യോഗ്മായിട്ട്)

 (വ്റുഖ്ഷ്ങ്ങളേ)

ഒന്നോ രണ്ടോ സന്ദർഭങ്ങളിൽ ഇത്തരം മാറ്റം വന്നിട്ടുണ്ട് എന്നത് 'ക' കാരത്തിന് മറ്റു ലിപികൾ ഉപയോഗിച്ചു എന്നതിന് തെളിവായി സ്വീകരിക്കേണ്ടതില്ല. ഏതൊരു ഭാഷകനും സംഭവിക്കാവുന്ന ഒന്നായി മാത്രമായേ അതിനെ ഗണിക്കേണ്ടതുള്ളൂ. പ്രത്യേകിച്ചും സ്വന്തം ഭാഷയിലേതല്ലാത്ത വാക്കുകളും അക്ഷരങ്ങളും ഉപയോഗിക്കുമ്പോൾ.




5.2.1.1 സവിശേഷമായ ശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നാണ് 'ഖ' കാരത്തിന്റെ പ്രയോഗങ്ങൾ. 'ക' വർഗ്ഗത്തിലെ അതിഖരമായ 'ഖ' കാരത്തിനു തുല്യമായി സുറിയാനിയിൽ ഉള്ള അക്ഷരം 'ഖോപ് '( ⊠ ) ആണ്. ഇങ്ങനെ 'ഖ' ക്കു സമാനമായ ഒരു ലിപി സുറിയാനിയിൽ ഉണ്ടായിരുന്നിട്ടും 'ഖ' വരുന്ന സംസ്കൃതവാക്കുകൾ എഴുതുവാൻ കർസോനിയിൽ 'ഖോപ് ' ഉപയോഗിച്ചിട്ടില്ല. കർസോനി രേഖകളിൽ ഒരിടത്തും 'ഖോപി'ന്റെ പ്രയോഗം ഇല്ലായിരുന്നെങ്കിൽ ആവശ്യമില്ലെന്ന് കണ്ട് അതിനെ ഒഴിവാക്കിയതാണ് എന്ന് കരുതാമായിരുന്നു. എന്നാൽ 'ഖ' വരുന്ന സുറിയാനി വാക്കുകൾ മുഴുവനും 'ഖോപ് ' ഉപയോഗിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സംസ്കൃത വാക്കുകൾ -  (മുകം) ,  (മനോദുക്കം)

സുറിയാനി വാക്കുകൾ-  (ഖദിശ്),  (റൂഹാവുഖുദ്ശയും),  (റൂഹാദ്ഖുദിശായും)

ഒരു സന്ദർഭത്തിൽ 'ഖ' ക്കു പകരമായി 'ഹ' (ഹേ  )യെ എഴുതിയിട്ടുള്ളതായും കണ്ടിട്ടുണ്ട്. ഉദാ:  (പൂമഹം - *പൂമുഖം*)

ഉദാഹരണങ്ങളിൽനിന്നും വ്യക്തമാകുന്നതു പോലെ 'ഖ'കാരത്തെ രേഖപ്പെടുത്താൻ 'ക'കാരമോ അതിന്റെ ഇരട്ടിപ്പോ ആണ് കർസോനിയിൽ ഉപയോഗിച്ചിട്ടുള്ളത്. മഹാപ്രാണങ്ങളെ തിരിച്ചറിയത്തക്കവിധമുള്ള ഉച്ചാരണമോ ശ്രവ

ണമോ ആധുനിക മലയാളത്തിലും വിരളമാണെന്നതാണു വാസ്തവം. ഉച്ചാരണപര മായി ഖ/ഘ എന്നിവയെ വ്യതിരിക്തമാക്കി ഉച്ചരിക്കാൻ ഭൂരിപക്ഷം മലയാളി കൾക്കും ശ്രദ്ധിച്ചു ശ്രമിച്ചാലേ സാധിക്കുകയുള്ളൂ. അല്പപ്രാണങ്ങളുടെയും മഹാ പ്രാണങ്ങളുടേയും ധ്വനിമൂല്യത്തെ അങ്ങനെതന്നെ നിലനിർത്തണമെന്ന് ശഠിക്കുന്ന ന്യൂനപക്ഷം മാത്രമേ അവയെ വേർതിരിച്ച് ഉച്ചരിക്കുന്നുള്ളൂ. എഴുത്തിന്റെ പ്രചാ രണം വിരളമായിരുന്ന കാലത്ത് അക്ഷരങ്ങളുടെ മാനകമായ ഉച്ചാരണമൂല്യത്തെ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് ലിപിപരമായ വ്യതിരിക്തത കാത്തു സൂക്ഷിക്കുക എന്നത് വിഷമകരമായ ഒന്നാണ്.

സുറിയാനി വാക്കുകളുടെ കാര്യം വ്യത്യസ്തമാണ്. അവ അങ്ങനെത്തന്നെ ഉച്ചരിച്ചും എഴുതിയും പഠിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഖോപ് എഴുതേണ്ടിടത്ത് അതുമാത്രമേ എഴുതുകയുള്ളൂ. അതായത് മലയാളം കേട്ടു പഠിച്ചതും സുറിയാനി എഴുതിയും വായിച്ചും പഠിച്ചതുമാണ് എന്നതി നാൽ സംഭവിച്ച കാര്യമായിരിക്കാം ഇത്. മുൻഖണ്ഡത്തിൽ വൃക്ഷം എന്നെഴു താൻ ഖരത്തിനു പകരം അതിഖരം ഉപയോഗിച്ചിട്ടുള്ളതായി പറഞ്ഞത് ഇവിടെ ഓർക്കാവുന്നതാണ്. എഴുതി ശീലിച്ചിരുന്നെങ്കിൽ ഖരത്തിനു പകരം അതിഖരം വരില്ലായിരുന്നല്ലോ.




5.2.1.2 കവർഗ്ഗ ഘോഷമായ ‘ഘ’ കാരത്തിനു തുല്യമായി സുറിയാനിയിൽ ലിപി യില്ല. അതുകൊണ്ട് ‘ഘ’ എഴുതേണ്ടി വരുമ്പോൾ കർസോനിയിൽ ‘ഗ’ ഉപയോഗി

ക്കുകയാണ് ചെയ്യാറുള്ളത്. ഉദാ:  (ഗോഷങ്ങ്ൾലേയും)

ഘ ——— ഗ

5.2.1.3 ‘ക’ വർഗ്ഗ മൃദുവായ ‘ഗ’യ്ക്ക് സമാനമായ സുറിയാനി അക്ഷരം ഗാമൽ () ആണ്. ‘ഗ’ കാരം വരുന്ന ധാരാളം വാക്കുകൾ കർസോനിയിൽ ഉപയോഗിച്ചിട്ടുണ്ട്. അവയിൽ മിക്കവാറും ഇടങ്ങളിൽ ഗാമൽ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളതും. എന്നാൽ വളരെ വിരളമായി ‘ഗ’ ക്കു പകരം ‘ക’ (കാപ്)യും ഉപയോഗിച്ചിട്ടുണ്ട്.

ഉദാ:  (നികളമെന്ന്)

എന്നിങ്ങനെയാണ് അത്. എന്നാൽ ഗ എന്നെഴുതാൻ ഗാമൽ ഉപയോഗിച്ചിട്ടുള്ളത് ഇതിലേക്കാൾ എത്രയോ കൂടുതലാണ്. സ്വരമധ്യത്തിലുള്ള ഖരത്തിന് മൃദൂച്ചാരണം ലഭിക്കുമെന്നുള്ള കാര്യം മുൻഖണ്ഡത്തിലെപ്പോലെ ഇവിടെയും പ്രസക്തമായ ഒന്നാണ്. അഥവാ സ്വരമധ്യത്തിലാകുമ്പോൾ ഖരത്തെയും മൃദുവിനെയും വാമൊഴിയിൽ തിരിച്ചറിയാൻ വിഷമമാണ് എന്ന്. അതുകൊണ്ടാവണം ‘ഗ’ക്കു പകരം ചിലപ്പോഴെങ്കിലും ‘ക’ എഴുതുന്നത്. ‘ഗ’യുടെ ഇരട്ടിപ്പിനും ‘യ’ ചേർന്ന രൂപത്തിനും ‘ക്ക’ എന്ന് ‘കാപി’ന്റെ ഇരട്ടിച്ച ലിപിയാണ് ഉപയോഗിച്ചിട്ടുള്ളത്.

ഗ്ഗ, ഗ്യ ——— ക്ക

5.2.1.3.1 അനുസ്വാരത്തിനു ശേഷം ‘ഗ’കാരത്തെ എഴുതേണ്ടി വരുമ്പോൾ ‘ംഗ’ എന്നല്ല ‘ങ്ങ’ എന്നാണ് കർസോനിയിൽ എഴുതാറുള്ളത്. ‘സംഗതി’ എന്നത് ‘സങ്ങതി’ എന്നെഴുതുമെന്നർത്ഥം (). ഇതും ഭൂരിപക്ഷം മലയാളികളുടെയും വാമൊഴിയിലുള്ള ഉച്ചാരണമാണ്. ‘ംഗ’ എന്നതിന് ‘ങ്ങ’ എന്നല്ലാതെ ‘ഗ’ എന്ന് ഗാമൽ ഉപയോഗിച്ചു കണ്ടിട്ടില്ല.

ഗ

ഗ

ക

ംഗ — ങ്ങ

5.2.1.4 കവർഗ്ഗാനുനാസികമായ 'ങ'കാരത്തിന് '' എന്ന ലിപിയാണ് കർസോനിയിൽ ഉപയോഗിച്ചിട്ടുള്ളത്. ഇത് കർസോനിക്കുവേണ്ടി പ്രത്യേകം ഉണ്ടാക്കിയിട്ടുള്ള ലിപിയാണ്. ഖരത്തോട് ചേർന്നു വരുന്ന സന്ദർഭങ്ങളിൽ 'ങ'യെ ദന്ത്യാനുനാസികമാക്കി എഴുതിയിട്ടുണ്ട്. 'ങ്ക' എന്നത് 'ൻക' എന്ന എഴുതിയിട്ടുണ്ട് എന്നർത്ഥം. ഉദാ:  (ചെൻകടലിനേ)

'ങ്ക' എന്നെഴുതിയിട്ടുള്ള സന്ദർഭങ്ങൾ കുറവാണ്.

ഉദാ: പങ്കായം

'ങ്ക'യുടെ ഉച്ചാരണത്തിൽ 'ങ'യുടെ സാന്നിധ്യത്തെക്കാൾ 'ന' യുടെ സാന്നിധ്യം അനുഭവപ്പെടുന്നതിനാലാവണം ഇങ്ങനെ എഴുതുന്നത്.

ങ — ങ

ൻക

ങ്ക

ങ്ക

### 5.2.2 ചവർഗ്ഗം

മലയാളത്തിലെ ചവർഗ്ഗത്തിനു തുല്യമായ അക്ഷരങ്ങൾ സുറിയാനിയിലില്ല. ചവർഗ്ഗാക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകൾ കർസോനിയിൽ ഉണ്ടുതാനും. ഇവയെ രേഖപ്പെടുത്തുവാൻ വിവിധ മാർഗ്ഗങ്ങളാണ് കർസോനിയിൽ സ്വീകരിച്ചിരിക്കുന്നത്. താലവ്യ മഹാപ്രാണങ്ങൾ (ഛ, ഝ) ഉപയോഗിച്ചുള്ള വാക്കുകൾ കർസോനിയിൽ കണ്ടിട്ടില്ല. ഒരിടത്ത് 'പരിച്ഛേദം' എന്ന വാക്ക് 'പരിച്ചേദം' എന്ന് എഴുതി കണ്ടിട്ടുണ്ട്. 'ഝ' ഉപയോഗിച്ചുള്ള വാക്ക് കർസോനിയിൽ കണ്ടിട്ടില്ല. ആധുനിക മലയാളത്തിൽ പോലും 'ഝ'യുടെ ഉപയോഗം പരിമിതമാണ്. ഇല്ലെന്നു പറയാൻ മാത്രം പരിമിതമാണെന്നതാണ് വാസ്തവം. എന്നാൽ ഖരം, മൃദു അനുനാസികം ഇവ മൂന്നും ഉപയോഗിച്ചുള്ള വാക്കുകൾ കർസോനിയിൽ ധാരാളമുണ്ട്. കർസോനി എഴുതുവാൻ വേണ്ടി ലിപി ചിട്ടപ്പെടുത്തിയതിന്റെ മാതൃക ഈ മൂന്നു ലിപികളിൽ കാണാം. 'ച' എഴുതുവാൻ സുറിയാനിയിൽ ഉള്ള 'ശ' കാരത്തിന്റെ ലിപിയായ 'ശീൻ'( ⊠ ) ഉപയോഗിക്കുകയാണ് ചെയ്തത്. 'ജ'കാരത്തെ എഴുതുവാൻ മലയാളലിപിതന്നെ ഉപയോഗിച്ചു'ഞ'കാരത്തിനു വേണ്ടി മറ്റൊരു ലിപി ഉണ്ടാക്കി(⊠). ഇങ്ങനെ മൂന്നുതരത്തിലുള്ള ചിട്ടപ്പെടുത്തലുകൾ 'ച'വർഗ്ഗത്തിനു വേണ്ടി ചെയ്തിട്ടുണ്ട്. സുറിയാനിയിലും മലയാളത്തിലും ഒരേ പോലെയുള്ള അക്ഷരങ്ങൾ മാറ്റി നിർത്തിയാൽ മേൽപ്പറഞ്ഞ വിധത്തിൽ മൂന്നുതരം ചിട്ടപ്പെടുത്തലുകളാണ് കർസോനി എഴുതുവാൻ സ്വീകരിച്ചിട്ടുള്ളത്. അതു മൂന്നും 'ച'വർഗ്ഗത്തിലുണ്ട്. മാതൃക എന്ന് നേരത്തെ പറഞ്ഞതുകൊണ്ട് ഇതാണ് ഉദ്ദേശിച്ചത്.

5.2.2.1 ചകാരത്തിനു പകരം 'ജ' ഉപയോഗിച്ചിട്ടുള്ള സന്ദർഭങ്ങൾ കർസോനിയിൽ ഉണ്ട്. 'ആചരിക്കുക' എന്നത് രണ്ടിടത്ത് 'ആജരിക്കുക' എന്ന് എഴുതിയിട്ടുണ്ട്. അനുനാസികത്തോടു ചേർന്നുവരുന്ന 'ച'കാരത്തെയും മാറ്റി എഴുതിയിട്ടുണ്ട്. 'ഞ്ച' എന്നതിന് 'മ്ജ' എന്ന്. ഉറിഞ്ചുക, മൂഞ്ചുക എന്നെല്ലാമുള്ള അർത്ഥത്തിൽ 'ഉറവ

കളുംജി' എന്നു പ്രയോഗിച്ചിരിക്കുന്നു. 'മാനുഷരും മ്റുഗങ്ങളും പർവേകളും ഉർവകളുംജി കുടിച്ച് ജീവിച്ചിരിപ്പാനും വെള്ളം വേൺട്ട്പെടുന്നു' (അനുബന്ധം-2 പുസ്തകം 3) എന്നാണ് വാക്യം. 'ആജരിക്കുക' എന്ന് എഴുതുന്നിടത്ത് സ്വരമധ്യത്തിലുള്ള ഖരത്തെ മൃദുവാക്കി ഉച്ചരിക്കുക എന്ന ശീലം എഴുത്തിലേക്ക് പകർന്നതാവണം. 'ജ'കാരത്തിനു പകരം 'ച'കാരം ഉപയോഗിച്ചിരിക്കുന്നത് കണ്ടിട്ടില്ല.

**ശ**

**ച**

**ജ** - സ്വരമധ്യം

**ജ** ——— **ജ**

5.2.2.2 'ഞ'കാരത്തെ കുറിക്കാൻ കർസോനി രേഖകളിൽ ഉടനീളം ഒരു ലിപി മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. സുറിയാനിയിലും മലയാളത്തിലും ഇല്ലാത്ത '⊠'എന്ന ഈ ലിപി ഒറ്റക്കെഴുതുമ്പോൾ ഒരിടത്തും മാറിപ്പോയതായിട്ടും കണ്ടിട്ടില്ല. 'ഞ്ച' എന്നതിനു പകരം 'ംജ' എന്ന് അനുസ്വാരം ചേർത്ത് എഴുതിക്കണ്ടിട്ടുണ്ട്. 'ഉറവകളുംജി' (3:1:18:2)എന്ന്.

**ഞ** ——— **ഞ**

5.2.3 **ടവർഗ്ഗം**

സുറിയാനിയിൽ ഇല്ലാത്ത മറ്റൊരു വർഗ്ഗമാണ് ടവർഗ്ഗം. ടവർഗ്ഗാക്ഷരങ്ങളെ കുറിക്കുവാൻ സുറിയാനി അക്ഷരമാലയിലെ ഏതെങ്കിലും അക്ഷരങ്ങളെ കർസോനിയിൽ ഉപയോഗിച്ചിട്ടുമില്ല.[1] ടവർഗ്ഗത്തിലെ ഖരം, അതിഖരം, അനുനാസികം (ട, ഠ, ണ) എന്നിവ ഉപയോഗിച്ചുള്ള വാക്കുകൾ മാത്രമേ കർസോനിയിൽ കണ്ടിട്ടുള്ളൂ. മൃദു, ഘോഷം - ഇവ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ കണ്ടിട്ടി

ല്ല. 'ട', 'ണ' എന്നിവയെ രേഖപ്പെടുത്തുവാൻ കർസോനിയിൽ സ്വീകരിച്ചിട്ടുള്ള ലിപി യഥാക്രമം ⊠, ⊠ എന്നിവയാണ് (പട്ടിക 4 കാണുക). ഇവയ്ക്കുപകരമായി മറ്റു ലിപികൾ ഉപയോഗിച്ചിട്ടുള്ളതായി കണ്ടിട്ടില്ല. ഒറ്റയ്ക്കുള്ള പ്രയോഗത്തിലും ഇരട്ടിപ്പിലും സംയുക്തമായുള്ള പ്രയോഗത്തിലും മലയാളത്തിന്റെ രീതി പിൻതുടർന്നിട്ടുണ്ട്. 'ട', 'ട്ട', 'ണ', 'ണ്ണ', 'ണ്ട' എന്നിങ്ങനെ. മൃദുവുമായി കൂടിച്ചേർന്ന് 'ണ'കാരം പ്രയോഗിക്കേണ്ട ഒന്നു രണ്ടു സന്ദർഭങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി. അവിടെ അനുനാസികത്തിന്റെ ഇരട്ടിപ്പാണ് സ്വീകരിച്ചുകാണ്ടത്. ദേഹണ്ണം, മണ്ണബം, ദീനദണ്ണം. ദേഹണ്ണം, (ദീന)ദണ്ണം എന്നിവ ഇന്ന് മലയാളത്തിൽ ഉപയോഗിക്കുന്ന ശബ്ദങ്ങൾ തന്നെയാണ്. 'മണ്ഡപം' എന്നതിന് മലയാളി ഇന്ന് 'മണ്ടപം' എന്നാണ് ഉച്ചരിക്കാറുള്ളത്. 'മണ്ണബം' എന്ന ഉച്ചാരണവും ഉണ്ട്. ഇന്ന് സാധാരണമായി ഉച്ചരിക്കപ്പെടുന്ന 'ണ്ട' ക്കുപകരം 'ണ്ണ' കാണുന്നു എന്നത് ശ്രദ്ധേയവും ഉപരിചിന്തക്ക് വിധേയമാക്കേണ്ടതുമായ സംഗതിയാണ്. 'ണ്ട'ക്ക് അനുനാസികാതിപ്രസരം ഉച്ചാരണത്തിലുണ്ട് എന്നത് മലയാളിയുടെ ഉച്ചാരണശീലങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നാണ്.[2] 'ഠ' എന്ന അതിഖരത്തെ എഴുതാൻ 'ട'യുടെ ലിപി തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

**ട —— ട**　　　**ഠ —— ട**

**ണ —— ണ**　　　**ണ്ഡ —— ണ്ണ**

### 5.2.4 **വർത്സ്യവർഗ്ഗം**

വർത്സ്യവർഗ്ഗത്തിലെ ഖരാനുനാസികങ്ങളിൽ അനുനാസികം സുറിയാനിയിൽ ഉള്ളതാണ്. 'നൂൻ'(⊠) എന്ന അക്ഷരമുപയോഗിച്ചാണ് കർസോനിയിൽ വർത്സ്യാനുനാസികത്തെ രേഖപ്പെടുത്തിയിട്ടുള്ളത്. വർത്സ്യഖരം ഇരട്ടിച്ച് 'റ്റ' എന്നും അനുനാസികത്തോട് ചേർന്ന് 'ന്റ' എന്നും ആണ് മലയാളത്തിൽ കാണപ്പെടുന്നത്. ഈ രണ്ടു രൂപവും ഉപയോഗിച്ചുള്ള ധാരാളം വാക്കുകൾ കർസോനി

യിൽ ഉണ്ട്. അനുനാസികസഹിതമായി എഴുതുമ്പോൾ മലയാള രീതിയനുസരിച്ച് 'റ'കാര ചിഹ്നം തന്നെയാണ് കർസോനിയിലും സ്വീകരിച്ചിട്ടുള്ളത് '☒' എന്ന്. എന്നാൽ വർത്സ്യഖരം ഇരട്ടിച്ച് 'റ്റ' എന്നാകുമ്പോൾ 'റ'കാര ചിഹ്നമല്ല രേഫചിഹ്നമാണ് ഉപയോഗിച്ചു കാണുന്നത്. രേഫത്തെ ഇരട്ടിപ്പിച്ച് എഴുതുന്നു എന്നർത്ഥം. 'ര്ര' (  – *മര്രും*)എന്ന്. അക്ഷരത്തിനടിയിൽ വരയിട്ടാൽ ഇരട്ടിപ്പ് എന്നാണ് അർത്ഥം. രേഫത്തിന്റെ ഇരട്ടിപ്പ് 'റ്റ'ക്കു പകരം ഉപയോഗിക്കുന്നത് കർസോനിയിലല്ലാതെ എവിടെയും കണ്ടിട്ടില്ല. ആദ്യകാല മിഷണറി മലയാളത്തിൽ, ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലും മറ്റും 'ൻററ' എന്ന രൂപമാണ് കാണുന്നത്.

### 5.2.5 **തവർഗ്ഗം**

മലയാളത്തിലെ ദന്ത്യവർഗ്ഗമായ തവർഗ്ഗാക്ഷരങ്ങളിൽ മൂന്നെണ്ണത്തിന് സുറിയാനിയിൽ തുല്യ അക്ഷരങ്ങളുണ്ട്, ത, ഥ, ദ എന്നിവയ്ക്ക്. ത= ☒ (താവ്), ഥ= ☒ (തേസ്), ദ= ☒ (ദാലത്) എന്നിങ്ങനെ. ധ, ന എന്നിവയ്ക്കു തുല്യമായ ലിപി സുറിയാനിയിൽ ഇല്ല. 'ന'കാര ലിപിയുടെ കാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്. 'ധ'യുടെ കാര്യം വഴിയേ പറയും (5.2.5.4).

5.2.5.1 തവർഗ്ഗ ഖരമായ 'ത'യെ രേഖപ്പെടുത്തുവാൻ സുറിയാനിയിലുള്ള 'താവ്' എന്ന അക്ഷരത്തിന്റെ ലിപി തന്നെയാണ് കർസോനിയിലും സ്വീകരിച്ചിട്ടുള്ളത്. ചില സന്ദർഭങ്ങളിൽ 'ദ'കാരവും (ദാലത്) ഉപയോഗിച്ചിട്ടുണ്ട്. സ്വരങ്ങളുടെ മധ്യത്തിൽ വരുന്ന 'ത'കാരത്തിനാണ് ഇത്തരമൊരു ലിപി മാറ്റം കാണുന്നത്. ഉദാ:

 (സങ്ങദി)

മലയാളികളുടെ ഉച്ചാരണ ശീലമനുസരിച്ച് ഇങ്ങനെ വരാമെന്നുള്ളത് നേരത്തെ കണ്ടിട്ടുള്ളതാണ്.




5.2.5.2 'ഥ' എന്ന അക്ഷരം ഒറ്റ ലിപിയായി ഉപയോഗിച്ചിട്ടുള്ളത് സുറിയാനിവാക്കുകളിൽ മാത്രമാണ്. സാഥാൻ, ക്രിസ്ഥ്യാനി, ഇഗ്നാഥോസ്, പഥ്റോസ് – എന്നിങ്ങനെ. കർസോനിയിൽ 'ഥ'യെ കുറിക്കുവാൻ ഉപയോഗിച്ചിട്ടുള്ള സുറിയാനിയിലെ '⊠' തേസ് അതുകൊണ്ടുതന്നെ വളരെ കുറച്ചേ പ്രയോഗിച്ചിട്ടുള്ളൂ. 'ഥ' ഒറ്റക്കുവരുന്ന സംസ്കൃത വാക്കുകളും കർസോനിയിൽ കണ്ടട്ടില്ല. 'ഥ' 'സ'കാരത്തോട് ചേർന്ന് 'സ്ഥ' എന്നു വരുന്ന ചിലവാക്കുകളാണ് 'ഥ' യുടെ ഉപയോഗം ആവശ്യപ്പെടുന്നതായി കണ്ടിട്ടുള്ളത്. അസ്ഥി, സ്ഥലം, അവസ്ഥ എന്നിവയാണ് ആ വാക്കുകൾ. ഇവിടെയെല്ലാം 'ഥ'കാര ലിപിക്കു പകരം 'ത'കാര ലിപിയായി 'താവി'നെയാണ് പ്രയോഗിച്ചിട്ടുള്ളത്. അസ്തി, സ്തലം, അവസ്ത എന്നിങ്ങനെ. 'അസ്തി'യുടെയും 'അവസ്ത'യുടെയും 'ത'കാരത്തെ ഇരട്ടിപ്പിലാണ് എഴുതിയിട്ടുള്ളത്.




5.2.5.3 ദന്ത്യവർഗ്ഗമധ്യമമായ 'ദ'യെ രേഖപ്പെടുത്തുവാൻ സുറിയാനിയിലെ ദാലത്( ⊠ ) ആണ് കർസോനിയിലും ഉപയോഗിക്കുന്നത്. എന്നാൽ ചില സന്ദർഭങ്ങളിലെങ്കിലും അതിനു പകരം താവ് '⊠' ഉപയോഗിച്ചിട്ടുള്ളതായി കണ്ടു. ദാലതിന്റെ പ്രയോഗം ധാരാളമായി ഉണ്ടായിരുന്നിട്ടും പദാദിയിൽ അല്ലാതിരുന്നിട്ടും

‘താവി’നെക്കൊണ്ട് ‘ദ’ രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഉദാ:

 (നതീൽ)




5.2.5.4 ദന്ത്യവർഗ്ഗത്തിലെ ഘോഷാക്ഷരത്തിനു തുല്യമായ അക്ഷരം സുറിയാനിയിലില്ല. ‘ധ’കാരമുപയോഗിച്ചുള്ള വാക്കുകൾ എഴുതേണ്ടി വരുമ്പോൾ കർസോനിയിൽ സാധാരണയായി ‘ദ’കാരമാണ് (ദാലത് ⊠) സ്വീകരിക്കുന്നത്. പദാദിയിൽ ‘ധ’ വരുന്ന വാക്കുകൾ കർസോനിയിൽ കണ്ടിട്ടില്ല. സ്വരമധ്യത്തിൽ വരുന്ന ‘ധ’കാരമാണ് ‘ദ’ എന്ന് എഴുതിക്കാണുന്നത്. ഒന്നു രണ്ടിടത്ത് ‘ധ’കാരത്തിനു താവും (⊠ – ധ) ഉപയോഗിച്ചുകണ്ടിട്ടുണ്ട്. ‘അധികം’ എന്ന വാക്ക് ‘അതികം’ എന്ന് രണ്ടിടത്ത് രേഖപ്പെടുത്തിക്കാണുകയുണ്ടായി.




5.2.5.5 തവർഗ്ഗത്തിലെ കൂട്ടക്ഷരങ്ങളിൽ കൂടുതൽ പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളതിൽ ഒന്ന് ‘ദ്ധ’ എന്ന മൃദുഘോഷസംയുക്തമാണ്. ‘ദ്ധ’ എന്ന കൂട്ടക്ഷരത്തെ കുറിക്കുവാൻ ‘ദ’(ദാലത് ⊠ )യുടെ ഇരട്ടിപ്പാണ് സാധാരണയായി സ്വീകരിച്ചിട്ടുള്ളത്. ചിലപ്പോൾ ‘ദ’കാരം ഇരട്ടിപ്പില്ലാതെയും ഉപയോഗിച്ചിട്ടുണ്ട്. (ഇരട്ടിപ്പില്ലാതെ വ്യഞ്ജനങ്ങളെ എഴുതുന്നു എന്നത് കർസോനിയുടെ ഒരു സവിശേഷതയായി പിന്നീട് പറയും.) സാധാരണയായി ദാലതാണ് ഉപയോഗിക്കുന്നതെങ്കിലും ഒന്നുരണ്ടിടത്ത് താവിന്റെ (⊠) ഇരട്ടിപ്പും ഉപയോഗിച്ചിട്ടുണ്ട്.

ഉദാ:

ഢ -ദ്ദ , (ശുദ്ദമുള്ള്വെരുമായാ),

ഢ - ദ , (ബുദി),

ഢ - ത്ത  (ശുത്തമാന്)




ഇരട്ടിപ്പില്ലാതെ എഴുതുന്ന സവിശേഷത ഒഴിവാക്കിയാൽ മലയാളികളുടെ ഉച്ചാരണവുമായി നിരന്നു പോകുന്ന എഴുത്താണ് ഇവിടെയും ദൃശ്യമാകുന്നത്.

ദന്ത്യവർഗ്ഗത്തിലെ മറ്റു കൂട്ടക്ഷരങ്ങളായ ത്ഥ, ത്ന, ന്ഥ, ന്ധ എന്നിവ ഉപയോഗിച്ചുള്ള ചുരുക്കം വാക്കുകൾ കർസോനിയിൽ കാണുകയുണ്ടായി. 'അർത്ഥം' എന്നത് 'അർത്തം' എന്ന് എഴുതിയിരിക്കുന്നു. 'പ്രയത്നം' എന്നത് 'പ്രയന്നം' എന്നും 'ഗ്രന്ഥം' എന്നത് 'ഗ്രന്തം' എന്നും 'സുഗന്ധം' എന്നത് 'സുഗന്ദം' എന്നും എഴുതിയിരിക്കുന്നതായി കാണുകയുണ്ടായി. ഈ കൂട്ടക്ഷരങ്ങളുപയോഗിച്ചുള്ള വാക്കുകൾ ഒന്നോ രണ്ടോ എണ്ണം വീതമേ കണ്ടിട്ടുള്ളൂ.

'ന്ത' എന്ന കൂട്ടക്ഷരവും ഇക്കൂട്ടത്തിൽ പറയാവുന്ന ഒന്നാണ്. വളരെ കുറച്ചുമാത്രമേ ഇതും കണ്ടിട്ടുള്ളൂ. 'എന്ത്' എന്നതാണ് കണ്ട ഒരു വാക്ക്. അത് രേഖപ്പെടുത്തിയിരിക്കുന്നത് ദന്ത്യാനുനാസികവും താവും ചേർത്ത് () എന്നാണ്. 'ന്ദ' എന്ന കൂട്ടക്ഷരം ഉപയോഗിച്ചുള്ള വാക്കുകൾ കണ്ടിട്ടില്ല.

5.2.5.6 'ന്ന' എന്നതിനു പകരം 'ന്ദ' എന്നൊരു രൂപം കർസോനി രേഖകളിൽ കാണുന്നു. 'ൽനിൻദ് ' എന്നിങ്ങനെയാണ് ആ രൂപം. 'ന്ന' യുടെ അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപമാണത് എന്നു കരുതാം. എന്നാൽ 'നിന്ന്' എന്ന

തിന്റെ അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപമായി 'നിന്റ്' ആണ് പ്രാചീന കൃതികളിൽ കാണുന്നത്. ഭൂതകാലരൂപങ്ങളിൽ 'ന്ന' യുടെ പൂർവ്വ രൂപം 'ന്ത' എന്നാണ് കണ്ടിട്ടുള്ളത്. 'ൽനിന്ന്' എന്ന ഗതിപ്രയോഗത്തിലാണ് ഇത്തരമൊരു രൂപം പ്രധാനമായും കാണുന്നത്. ഭൂതരൂപങ്ങളിലും ചിലപ്പോഴൊക്കെ ഗതിരൂപ ത്തിൽ തന്നെയും 'ന്ന' എന്നു തന്നെയാണ് കാണുന്നത്. 'ന്ദ' യുടെ കാര്യത്തിൽ മൂന്നു സാധ്യതകളാണ് കാണുന്നത്. 1. 'ന്റ്' എന്നെഴുതുമ്പോൾ 'ൻദ്' എന്ന് ആയി പ്പോകുന്നതാണ്. കർസോനിയിൽ 'റ' യും 'ദ' യും തമ്മിൽ എഴുത്തിൽ നേരിയ വ്യത്യാസമേയുള്ളൂ. 'റ' അഥവാ റീശിന് മുകളിലാണ് കുത്തിടുന്നത് ( ⊠). 'ദ' അഥവാ ദാലനിന് ആകട്ടെ അടിയിലാണ് കുത്തിടുന്നത് (⊠). മുകളിലിടേണ്ട കുത്ത് അടിയിലായാൽ അക്ഷരം മാറി എന്നാർത്ഥം. 2. 'ന്ന' എന്ന രൂപത്തിന് 'ന്ദ' എന്നൊരു പൂർവ്വരൂപം ഉണ്ടായിരുന്നു. 3. 'ൻദ്' എന്നത് 'ൻത്' എന്നുദ്ദേശിച്ചുള്ള എഴുത്താവാം. ദാലത് മൃദുവും താവ് ഖരവുമാണ് എന്ന് മനസ്സിലാക്കാതെയോ ശ്രദ്ധിക്കാതെയോ എഴുതുന്നതുകൊണ്ട് സംഭവിക്കുന്നതാവാം. 'ന്ത്' എന്നത് ഉച്ചാ രണത്തിൽ 'ന്ദ്' എന്നതിനു അടുത്തതായതുകൊണ്ടും ഇങ്ങനെ സംഭവിക്കാം.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഒന്നാമത്തേതിനെ അപേക്ഷിച്ച് രണ്ടാ മത്തേതിനും മൂന്നാമത്തേതിനുമാണ് കൂടുതൽ സാധ്യത ഉള്ളത്. ഒന്നാമത്തെ സാധ്യതയായി പറഞ്ഞത് 'ന്റ' എന്നതിന്റെ മാറിപ്പോകുന്ന രൂപമായിരിക്കാം 'ന്ദ' എന്നും മുകളിലിടേണ്ട കുത്ത് അടിയിലായി പോകുന്നതായിരിക്കാം എന്നുമാ ണ്. ഇതിനുള്ള ഒരു ദൗർബ്ബല്യം ധാരാളം തവണ ആവർത്തിച്ചിട്ടുള്ള ഈ പ്രയോ ഗത്തിന് എല്ലാത്തവണയും കുത്ത് മാറിപ്പോയി എന്നു വിശ്വസിക്കാനാകില്ല എന്ന താണ്. പലവ്യക്തികൾ പലസന്ദർഭങ്ങളിൽ എഴുതിയിട്ടുള്ള രേഖകളിൽ എല്ലാ ത്തിലും 'ന്ദ' എന്ന രൂപം കാണുകയും 'ന്റ' ഒരിക്കൽ പോലും കാണാതിരിക്കു കയും ചെയ്യുന്നു എന്നതാണ് ഈ വിശ്വാസക്കുറവിനുള്ള ന്യായം. പിന്നെയുള്ള രണ്ടു സാധ്യതകളും ഉപരിചിന്തനത്തിനും അന്വേഷണത്തിനും വിധേയമാക്കേ ണ്ടതാണ്.

### 5.2.6 **പവർഗ്ഗം**

മലയാളത്തിലെ ഓഷ്ഠ്യവർഗ്ഗമായ 'പ' വർഗ്ഗത്തിലെ മൂന്നക്ഷരങ്ങൾക്ക് തുല്യമായ അക്ഷരങ്ങൾ സുറിയാനിയിൽ ഉണ്ട്. പ് = ⊠ (പേ), ബ് = ⊠ (ബേസ്), മ് = ⊠ (മീം) എന്നിവയാണവ. ഫ, ഭ എന്നീ മഹാപ്രാണങ്ങൾ സുറിയാനിയിൽ ഇല്ല. അതിൽ 'ഭ'കാരത്തെക്കുറിച്ച് മുൻപ് പറഞ്ഞിട്ടുണ്ട് (5.1.3).

5.2.6.1 'പ'കാരമുപയോഗിച്ചുള്ള ധാരാളം വാക്കുകൾ കർസോനിയിലുണ്ട്. എല്ലായിടത്തും പേ എന്ന സുറിയാനി ലിപി തന്നെയാണ് 'പ'കാരത്തിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ഒരിടത്തു മാത്രം 'പ'കാരത്തിനു ബേസ് ( ⊠ )ഉപയോഗിച്ചിരിക്കുന്നതായും കണ്ടിട്ടുണ്ട്. സുറിയാനിവാക്കുകൾക്ക് കർസോനിയിൽ അർത്ഥം കൊടുത്തിരിക്കുന്നിടത്ത് 'മണ്ഡപം' എന്ന വാക്ക് 'മണ്ണബം' എന്ന് എഴുതിയിരിക്കുന്നു. ഇവിടെ സ്വരമധ്യത്തിലുള്ള 'പ'യാണ് 'ബ'യായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. മറ്റെല്ലാ സന്ദർഭങ്ങളിലും 'പ'ക്കുവേണ്ടി '⊠' തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.




5.2.6.2 'ഫ' എന്ന അതിഖരം ഉപയോഗിച്ചുള്ള വാക്കുകൾ കർസോനിയിൽ ദുർല്ലഭമാണ്. ഫലം എന്ന ഒരു വാക്കാണ് കണ്ടിട്ടുള്ളത്. കാഫലം, ഫലിക്കുക, ഫലം എന്നിങ്ങനെ. ഇവിടെയോക്കെ 'പ'കാര ലിപിയായ'⊠'യാണ് 'ഫ'കാരത്തിനു പകരം ഉപയോഗിച്ചിട്ടുള്ളത്. ചിലെടത്ത് 'ഭ'കാരവും സ്വീകരിച്ചുകണ്ടിട്ടുണ്ട്. അതേ ലേഖനത്തിൽ പിന്നീടു വന്നിട്ടുള്ള 'ഫ'കാരത്തിന് (ഫലങ്ങൾ) 'പ' ( ⊠ )യാണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ 'ഫ'കാരത്തിനു 'പേ' തന്നെയാണ് ഉപയോഗിച്ചിരുന്നത് എന്നനുമാനിക്കാം.




5.2.6.3 'ബ'കാരമെഴുതുന്നതിന് കർസോനിയിൽ സുറിയാനിയിലെ ബേസ് (⊠) തന്നെയാണ് ഉപയോഗിക്കുന്നത്. 'ബ'കാരമുപയോഗിച്ചുള്ള വാക്കുകൾ വളരെ കുറവാണ്. 'ബഹു' ആണ് ഉള്ളതിൽ പ്രധാനം. ബഹുമാനം, ബഹുകാര്യം എന്നിങ്ങനെ. പിന്നെയുള്ളത് സുറിയാനി വാക്കുകളാണ്. ബാവാ തന്നെ അതിൽ പ്രധാനം. ഇവിടെയൊക്കെ 'ബ'കാരത്തിന് ബേസ് ഉപയോഗിച്ചിട്ടുണ്ടെങ്കിലും 'ബോധം' എന്ന വാക്ക് 'ഭ'കാരമുപയോഗിച്ചാണ് എഴുതിയിട്ടുള്ളത്. 'ഭോദം' എന്ന്. ഈ വാക്ക് ഇങ്ങനെയേ എഴുതിക്കണ്ടിട്ടുള്ളൂ. ഇവിടെ 'ബ' പദാദിയിൽ വരുന്നതിനാലും തുടർന്നു വരുന്ന ശബ്ദം ഘോഷമായതിനാലും (ധ) 'ബ'കാരത്തിന് ഘോഷത്വം നൽകി ഉച്ചരിച്ചു പോകുന്നതാവാം. 'ബ'കാരത്തിനു പകരമായി 'പ' '⊠ ' എഴുതിയിട്ടുള്ള ഒന്നു രണ്ടു സന്ദർഭങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 'പുദ്ദിമുട്ടുകേളും' എന്ന് എഴുതിയിരിക്കുന്നതാണ് ഒരു സന്ദർഭം. പദാദിയിലായതിനാൽ 'ബ'യെ ഖരമായി ഗണിച്ചതാകാം. 'ബ'ക്കു പകരം മറ്റു ലിപികൾ എഴുതിയിട്ടുള്ളതിന് ഉദാ:  (ഭോദം)

'ബലം' എന്ന വാക്ക് 'ബിലം' എന്ന് എഴുതി കാണുന്നുണ്ട് വാസ്തവത്തിൽ ഇത് 'വിലം' എന്നായിരിക്കണം. പ്രാചീന മധ്യകാല മലയാളത്തിൽ ബലത്തിനു 'വിലം'എന്നൊരു രൂപം കാണുന്നുണ്ട്. കർസോനിയിൽ 'വ'കാരമെഴിതുന്നതിന് 'ബേസ് ' ആണ് സാമാന്യമായി ഉപയോഗിച്ചിരുന്നത് എന്നതിനാൽ 'ബിലം' എന്നെഴുതിയാലും 'വിലം' എന്നായിരിക്കണം ഉദ്ദേശിച്ചത് എന്ന് കരുതാം.




5.2.6.4 മലയാളത്തിലെ 'ഭ'കാരത്തെ എഴുതുന്നതിനു വേണ്ടി കർസോനിയിലേക്ക് 'ഭ'കാരലിപി അങ്ങനെ തന്നെ സ്വീകരിച്ചത് നേരത്തെ പറഞ്ഞിട്ടുണ്ട് 'ഭ' എന്ന ലിപി ഉപയോഗിച്ചു തന്നെയാണ് മിക്കവാറും ആ അക്ഷരത്തെ രേഖപ്പെടുത്തി യിരിക്കുന്നത്. ചിലപ്പോഴെങ്കിലും ഇതിന് മാറ്റം ഉണ്ടായിട്ടുണ്ട്. 'ഭ'കാരത്തിനു പകരം 'പ'യും 'ബ'യും എഴുതിയിട്ടുള്ള സന്ദർഭങ്ങൾ കർസോനിയിൽ ഉണ്ട്.

ഉദാ:  (ബാഗ്യവാൻ),  (ലെബിക്ക്ണമെന്ന്)




5.2.6.5 'മ'കാരത്തിന് 'മീം' (  ) തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. ഖരത്തോടു ചേർന്ന് 'മ്പ' എന്നാകുന്ന സന്ദർഭങ്ങളിൽ 'ംപ' എന്നു തന്നെ രേഖപ്പെടുത്തി കാണുന്നുണ്ട്. 'ൻപ' എന്നു എഴുതേണ്ട 'മുൻപിൽ' പോലുള്ള സന്ദർഭങ്ങളിലും 'മുംപിൽ' എന്നാണ് എഴുതിയിട്ടുള്ളത് . എന്നാൽ ഒരിടത്ത് 'അൻപത് ' എന്ന് എഴുതിയിട്ടുണ്ട്. 'അമ്പത് ', 'അൻപത് ' എന്ന രണ്ടു എഴുത്തും മലയാളത്തിൽ ഉള്ളതാണ്. 'ംപ' എന്ന് എഴുതിയിട്ടുള്ളതിനു ഉദാ:  (തംപുര്ൻ)

മ —— മ

### 5.2.7 മധ്യമങ്ങൾ

യ, ര, ല, വ എന്നിവയിൽ രേഫത്തിനു മാത്രമാണ് സുറിയാനിയിൽ സമാ

നമായ അക്ഷരമില്ലാത്തത്. യ് = ☒ (യൂദ്), ല് = ☒(ലാമദ്), വ് = ☒ (വാവ്) എന്നിങ്ങനെ മറ്റു മധ്യമങ്ങൾക്ക് സമാനമായി അക്ഷരവും ലിപിയും ഉണ്ട്. യകാരത്തെയും 'ല'കാരത്തെയും രേഖപ്പെടുത്തുന്നതിന് സുറിയാനിയിലെ യൂദും( ☒ ) ലാമദും(☒) തന്നെയാണ് യഥാക്രമം കർസോനിയിലും ഉപയോഗിക്കുന്നത്. രേഫത്തിന്റെ കാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്. കർസോനിക്കുവേണ്ടി സ്വീകരിച്ചിട്ടുള്ള '☒' എന്ന ലിപി കൊണ്ടുതന്നെയാണ് രേഫം രേഖപ്പെടുത്തിയിട്ടുള്ളത്. ഒരിടത്തുമാത്രം രേഫത്തിനു പകരം 'റ'കാരം സുറിയാനിയിലെ 'റീശ്'(☒) എഴുതിക്കണ്ടിട്ടുണ്ട്. 'തിറുകയ്ക'ളിൽ (തിരുകൈകളിൽ) എന്നാണ് വാക്ക്. 'പ്ര' എന്നിടത്ത് 'റ'കാരവും 'ഗ്ര' എന്നിടത്ത് രേഫവും ( ☒ = ര) എഴുതിയിട്ടുള്ള കർസോനിയിൽ ഇങ്ങനെയൊരു വ്യത്യാസം യാദൃച്ഛികമായി കടന്നു കൂടിയതാവനേ വഴിയുള്ളൂ.

5.2.7.1 'വ'കാരത്തിന്റെ കാര്യം വ്യത്യസ്തമാണ്. 'വാവ്' എന്നൊരു അക്ഷരവും ലിപിയും ( ☒ ) ഉണ്ടായിരുന്നിട്ടും 'വ' എഴുതാൻ കർസോനിയിൽ സ്വീകരിച്ചിരിക്കുന്നത് 'ബേസ്' (☒) ആണ്. 'ബേസിന് ' 'ബ' എന്നും 'വ്' എന്നും ഉച്ചാരണമുണ്ട്. ചിലപ്പോഴെങ്കിലും 'പേ'യും 'വ' എഴുതാൻ ഉപയോഗിച്ചിട്ടുണ്ട്. 'പേ' ക്കും 'വ' എന്ന ഉച്ചാരണം ഉണ്ട്. കർസോനിയിൽ 'വാവി'നുള്ള സ്ഥാനം സ്വരങ്ങളുടെ കൂട്ടത്തിലാണ്. (വ്യഞ്ജനത്തിന്റെ ലിപിയാണെങ്കിലും ഉ/ഒ എന്നീ സ്വരങ്ങൾക്കു വേണ്ടി മാറ്റി വെച്ചിരിക്കുന്നതുപോലെയാണ് 'വാവി'ന്റ സ്ഥിതി. അതുകൊണ്ടാകണം 'വ'കാരത്തിനു വേണ്ടി 'വാവ്' ഉപയോഗിക്കാത്തത്.) 'വാവ്' 'വ'കാരത്തിനു വേണ്ടി തീരെ ഉപയോഗിക്കുന്നില്ല എന്നല്ല; ഭൂരിപക്ഷം സന്ദർഭങ്ങളിവും 'വ'കാരം 'ബേസ്' കൊണ്ടാണ് എഴുതിയിരിക്കുന്നത് എന്നുമാത്രം.

5.2.7.2 'വാവ്' പോലെ തന്നെ സ്വരമായി ഉപയോഗിക്കുന്ന അക്ഷരമാണ് 'യൂദ്' (☒). 'ഇ'കാരത്തെ എഴുതുവാൻ ഉപയോഗിക്കുന്ന 'യൂദ്' പക്ഷേ സ്വരത്തിനു വേണ്ടി മാറ്റിവെയ്ക്കപ്പെട്ടതുപോലെയല്ല കാണുന്നത്. 'യ'കാരമെഴുതാൻ 'യൂദ്' തന്നെയാണ് സർവ്വത്ര ഉപയോഗിച്ചിരിക്കുന്നത്. അതിനു കാരണം – 'യ'കാരത്തി

നടുത്ത ഉച്ചാരണമുള്ള മറ്റൊരു അക്ഷരം/ ലിപി സുറിയാനിയിൽ ഇല്ല എന്നതാവണം. 'വ'കാരത്തിനാകട്ടെ 'ബേസും' 'പേ'യും പകരം നിൽക്കുന്നുണ്ട്.

5.2.7.3 ള, ഴ, റ എന്നിവയിൽ 'റ'ക്കു മാത്രമാണ് സുറിയാനിയിൽ തുല്യമായ അക്ഷരമുള്ളത്. 'റീശ്'( ⊠ ) ആണത്. 'റ'കാരത്തെ എഴുതുവാൻ 'റീശ്' തന്നെയാണ് കർസോനിയിലും സ്വീകരിച്ചിട്ടുള്ളത്. ള, ഴ എന്നിവ രേഖപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ലിപികൾ കൊണ്ടുതന്നെയാണ് അവ രേഖപ്പെടുത്തിയിട്ടുള്ളത്. ള – ⊠ ഴ – ⊠

യ ——— യ

ല ——— ല

റ ——— റ

ള ——— ള

ഴ ——— ഴ/ഷ







**5.2.8 ഊഷ്മാക്കൾ**

ശ, ഷ, സ എന്നീ ഊഷ്മാക്കളിൽ 'ഷ'കാരത്തിനു തുല്യമായ അക്ഷരം

സുറിയാനിയിൽ ഇല്ല. 'ഷ' എഴുതാൻ കർസോനിയിൽ 'ഴ'കാരത്തിന്റെ ലിപി തന്നെയാണ് ഉപയോഗിക്കുന്നത്. 'ശ'കാരത്തിനു തുല്യമായി കർസോനിയിൽ 'ശീൻ' ( ☒ ) ഉണ്ട്. 'ശ'രേഖപ്പെടുത്തുവാൻ കർസോനിയിലും ഇതുതന്നെയാണ് ഉപയോഗിക്കുന്നത്.

5.2.8.1 'സ'കാരത്തെ കുറിക്കുന്നതിന് കർസോനിയിൽ രണ്ടു ലിപി ഉപയോഗിച്ചിട്ടുണ്ട്. സുറിയാനിയിൽ 'സ'ക്കു തുല്യമായി മൂന്ന് അക്ഷരങ്ങളുള്ളതിൽ രണ്ടെണ്ണമാണത്. 'സയിൻ' ( ☒), 'സെമിക്കസ് '( ☒ ) എന്നിവയാണവ.(സാഥേ എന്ന ഒരു 'സ'കൂടി സുറിയാനിയിൽ ഉണ്ട്.) ഇവയിൽ ആദ്യത്തേതിന് നാദമുള്ള (Voiced) ഉച്ചാരണവും രണ്ടാമത്തേതിന് നാദമില്ലാത്ത ഉച്ചാരണവുമാണ് കല്പിച്ചിട്ടുള്ളത്. മലയാളത്തിൽ നാദി / ശ്വാസി ഭേദം 'സ'കാരത്തിനില്ലാത്തതുകൊണ്ട് രണ്ടു ലിപികളും മാറിമാറി ഉപയോഗിച്ചിരിക്കുകയാണ്.

**ശ ——— ശ**

**ഷ ——— ഷ/ഴ**

**സ ——— സ**

**5.2.9 ഘോഷി**

മലയാളത്തിലെ ഘോഷിയായ 'ഹ'കാരത്തിന് തുല്യമായി സുറിയാനിയിൽ രണ്ട് അക്ഷരങ്ങൾ ഉണ്ട്. 'ഹേ'( ☒ ), 'ഹേസ് '( ☒ ) എന്നിവയാണവ. ഈ രണ്ടു ലിപികളും കർസോനിയിൽ ഉപയോഗിച്ചിട്ടുണ്ട്. ഇവയുടെ ഉപയോഗത്തിൽ വ്യത്യാസങ്ങൾ ഇല്ല. സുറിയാനിയിൽ ഒരുപക്ഷേ പ്രയോഗഭേദം ഉണ്ടാവാം. കർസോനിയിൽ അത്തരമൊരു ഭേദം കണ്ടിട്ടില്ല.

**ഹ ——— ഹ**

### 5.2.10 അസവർണ്ണവ്യഞ്ജനസംയുക്തങ്ങൾ

ഇതര വ്യഞ്ജനങ്ങളോടു ചേർന്നു വരുന്ന 'യ'കാരത്തെ 'ഇ'കാരം ചേർത്ത് എഴുതുന്നു എന്നത് കർസോനിയിലെ ഒരു സവിശേഷതയാണ്. 'ക്യ' എന്നത് 'കിയ'എന്ന് എഴുതുമെന്നർത്ഥം. പ്രാചീന മലയാളത്തിൽ സുലഭമായ ഒരു പ്രയോഗവിശേഷമാണിത്. സ്വരഭക്തി എന്നാണിതിനു പേര്. അസവർണ്ണവ്യഞ്ജനങ്ങളുടെ സംയുക്തത്തെ സ്വരം ചേർത്ത് ഉച്ചരിക്കുന്ന സമ്പ്രദായത്തെ ദ്രാവിഡത്തിന്റെ ഒരു സവിശേഷതയായാണ് ഗണിക്കാറുള്ളത്. കർസോനിയിൽ ഇങ്ങനെ 'ഇ'കാരം ചേർക്കാതെയും മുൻപറഞ്ഞ സംയുക്തം എഴുതാറുണ്ട്. 'ഇ'കാരവും 'യ'കാരവും ഒരേ ലിപി കൊണ്ടെഴുതുന്ന കർസോനിയിൽ 'ക്യ' എന്നും മറ്റും എഴുതുമ്പോൾ രണ്ടുതവണ ആ ലിപി (യൂദ് ☒ ) എഴുതാറുണ്ട്. കൂട്ടെഴുത്ത് ആവശ്യപ്പെടുന്ന ഇത്തരം സന്ദർഭങ്ങളിൽ ഒരിക്കൽ മാത്രമേ 'യൂദ് 'എഴുതിയിട്ടുള്ളൂവെങ്കിൽ അത് സ്വരമായിട്ടല്ല 'യ' എന്ന വ്യഞ്ജനമായിട്ടു ഗണിക്കാം. കർസോനിയിലെ വ്യഞ്ജനങ്ങൾ സ്വതവേ സ്വരരഹിതമായതിനാൽ സ്വരം പ്രത്യേകം ചേർത്താലേ സ്വരസാന്നിധ്യം ഉണ്ടാവുകയുള്ളൂ എന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്. സ്വരം ചേർത്ത് യകാരത്തെ വേർതിരിച്ചെഴുതിയിക്കുന്നതിനുദാഹരണങ്ങൾ:

 (പുണ്ണിയവാള്ർ)

 (യോക്കിയനാകുന്നില്ലാ)

'യ' ചേരുന്നതു പോലെ തന്നെ ശ്രദ്ധേയമായ മറ്റൊരു ചേർച്ചയാണ് 'വ' കൊണ്ടുള്ളത്. 'ത്വ' എന്നും മറ്റുമുള്ളത്. മുൻപറഞ്ഞ നിയമമനുസരിച്ച് ഇത് 'തുവ' എന്നാകേണ്ടതാണ്. എന്നാൽ കർസോനി രേഖകളിലൊരിടത്തും ഇത്തരമൊരു രൂപം കണ്ടിട്ടില്ല. മറിച്ച് 'ത്‌വ' എന്നു തന്നെയാണ് കണ്ടിട്ടുള്ളത്. എന്നാൽ വകാരം വിട്ടുകളഞ്ഞ രൂപങ്ങൾ കാണുകയുണ്ടായി. വകാരത്തിനു പകരം ഉകാരമോ ഒകാരമോ ചേർക്കുക എന്നതാണ് അവിടെ ചെയ്തിട്ടുള്ളത്. അന്വേഷിക്കുക എന്ന വാക്ക് വകാരമുപേക്ഷിച്ച് നകാരമിരട്ടിപ്പിച്ച് എഴുതിയിട്ടുള്ളതായും കണ്ടിട്ടുണ്ട്.

### 5.2.11 ഇരട്ടിപ്പ്

വ്യഞ്ജനാക്ഷരങ്ങളുടെ ഇരട്ടിപ്പിനെ കാണിക്കുവാൻ അവയുടെ അടിയിൽ ഒരു വരയിടുന്ന രീതിയാണ് കർസോനിയിലുള്ളത്. എന്നാൽ ഇരട്ടിപ്പ് ആവശ്യ മുള്ള ഇടങ്ങളിൽ വ്യഞ്ജനങ്ങൾ അടിവരയിടാതെ എഴുതിയിട്ടുള്ള സന്ദർഭങ്ങളും നിരവധിയുണ്ട്. എഴുത്തുരീതി അറിയാത്തതോ ഭാഷ അറിയാത്തതോ ആയിരി ക്കില്ല കാരണം. അടിവര അത്യാവശ്യമെന്നു തോന്നാത്തതും അശ്രദ്ധയും ആയി രിക്കണം കാരണം. സ്വരസാന്നിധ്യത്തെ രേഖപ്പെടുത്താൻ ആവശ്യമായിരിക്കുന്ന കുത്തുകൾ വിട്ടുകളയുന്നതു പോലെ മാത്രമേയുള്ളൂ ഇവയും. ചിലപ്പോഴെങ്കിലും ഉച്ചാരണത്തിൽ ആ പ്രത്യേക വ്യഞ്ജനാക്ഷരത്തിന്റെ ഇരട്ടിപ്പ് തിരിച്ചറിയാൻ കഴി യാത്തതുകൊണ്ടും ഇങ്ങനെ സംഭവിച്ചിരിക്കാം.

വ്യഞ്ജനാക്ഷരങ്ങളുടെ അടിയിൽ വരയിടുന്നത് ഇരട്ടിപ്പിനെ സൂചിപ്പി ക്കാൻ ആണെങ്കിലും ചിലപ്പോൾ കൂട്ടക്ഷരത്തിന്റെ കൂട്ടവസ്ഥയെ കാണിക്കുവാനും അടിവര ഇടാറുണ്ട്. ഉദാ:  (ആദിൻകൽ)

കർസോനിയിൽ ഉപയോഗിക്കുന്ന വ്യഞ്ജനസംയുക്തത്തെ കാണിക്കുവാൻ വാസ്തവത്തിൽ അടിവരയുടെ ആവശ്യമില്ല. എന്നിട്ടും അടിവര ഇട്ടിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

വ്യഞ്ജനത്തിന്റെ ഇരട്ടിപ്പിന് അക്ഷരത്തിനടിയിൽ വര ഇടുന്നതു കൂടാതെ രണ്ടു തവണ അക്ഷരം എഴുതിയിട്ടുള്ള സന്ദർഭം കാണുകയുണ്ടായി. 'കൊൽലം' എന്നാണ് കണ്ടിട്ടുള്ളത്. പാമ്പാക്കട പള്ളിസ്ഥാപനത്തെക്കുറിച്ചുള്ള രണ്ട് കുറിപ്പുകളിൽ ഒന്നിലാണ് (അനുബന്ധം- 2 പുസ്തകം 5) ഇങ്ങനെയുള്ളത്. മറ്റതിൽ (അനുബന്ധം- 2 പുസ്തകം 4) ലകാരത്തിനടിയിൽ വരയിട്ട് എഴുതുക യാണ് ചെയ്തിട്ടുള്ളത്.

**5.3 സ്വരങ്ങൾ**

സുറിയാനിയിൽ ഇല്ലാത്ത, മലയാളത്തിൽ ഉള്ള സ്വരങ്ങളാണ് ഋ, ഐ, ഔ എന്നിവ. ഇവയുടെ സ്വരപദവിയെക്കുറിച്ച് ആധുനിക ഭാഷാശാസ്ത്രത്തിൽ ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഈ പഠനത്തിൽ ഇവയെ സ്വരങ്ങളെന്ന് എണ്ണുകയാണ്.

5.3.1 'ഋ'കാരം സ്വരമായി തനിയെ നിൽക്കുന്ന സന്ദർഭങ്ങൾ കർസോനിയിൽ കണ്ടിട്ടില്ല. വ്യഞ്ജനത്തോട് ചേർന്ന് മാത്രമേ 'ഋ'കാരം കണ്ടിട്ടുള്ളൂ. അവിടെയൊക്കെ റീശിന്റെ സഹായത്തോടെയാണ് 'ഋ' എഴുതിയിട്ടുള്ളത്; 'റു' എന്ന്. പ്ര, ക്ര തുടങ്ങിയ കൂട്ടക്ഷരങ്ങൾ എഴുതിയിരിക്കുന്നത് 'അ'കാരസഹിതമാണ് എന്നതിനാൽ 'ഋ'വിന്റെ അസ്തിത്വം തിരിച്ചറിഞ്ഞിട്ടാണ് 'റു' എന്നെഴുതിയിരിക്കുന്നത് എന്ന് കരുതാം.

5.3.2 ഐ, ഔ എന്നിവയെ യഥാക്രമം അയ്, അവ് എന്നിങ്ങനെയാണ് എഴുതിയിട്ടുള്ളത്. മലയാളികളുടെ ഉച്ചാരണവുമായി നിരന്നു പോകുന്നതാണ് ഇത്. ഈ സ്വരങ്ങളും വ്യഞ്ജനങ്ങളോട് ചേർന്നു വന്നിട്ടുള്ള രൂപങ്ങളായാണ് കണ്ടിട്ടുള്ളത്. ഒരു വാക്ക് മാത്രം സ്വരത്തോടു ചേർന്നും കണ്ടു. 'ഔഷധം'. ഇത് 'നല്ല' എന്ന ശബ്ദത്തോട് സന്ധിചെയ്താണ് പ്രയോഗിച്ചിരിക്കുന്നത് 'നല്ലൗഷധങ്ങൾ' എന്ന്.

5.3.3 കർസോനിയുടെ സ്വരചിഹ്നങ്ങളിൽ ഹ്രസ്വദീർഘഭേദം കാണിക്കാൻ കഴിയുന്നത് അ, എ എന്നിവക്കു മാത്രമാണ്. ഇ, ഉ, ഒ എന്നീ സ്വരങ്ങൾക്ക് ആ ഭേദമില്ല. ഈ സ്വരങ്ങൾ സന്ദർഭമനുസരിച്ച് നീട്ടിയും കുറുക്കിയും ഉച്ചരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അ, ആ, എ, ഏ എന്നിവയുടെ ഭേദം എഴുത്തിൽ തന്നെ കാണിക്കാം. കർസോനി എഴുത്തിൽ പലപ്പോഴും ഈ ഭേദം മാറിവരുന്നതായി കണ്ടിട്ടുണ്ട്. 'അ' എന്നതിന് 'ആ' എന്നും തിരിച്ചും. അതുപോലെ 'എ' എന്നതിന് 'ഏ' എന്നും തിരിച്ചും. എകാരം ദീർഘമായിട്ടാണ് കൂടുതലും പ്രയോഗിച്ചിരിക്കുന്നത്. വിഭക്തി പ്രത്യയം ചേർന്നിട്ടോ മറ്റേതെങ്കിലും വിധത്തിലോ 'എ'കാരം

പദാന്തത്തിൽ വന്നാൽ അതിന്റെ ദീർഘരൂപമാണ് എഴുതിക്കാണുന്നത്. അവൻറേ, അവനേ, പിന്നത്തേ, യോഗ്യതയാലേ, കയ്ക്കൊള്ളട്ടേ എന്നിങ്ങനെ. പദാന്തത്തിൽ മാത്രമല്ല ചിലപ്പോഴൊക്കെ പദമധ്യത്തിലും എകാരത്തിന് ദീർഘചിഹ്നമാണ് ഉപയോഗിച്ചിട്ടുള്ളത്. തിരിച്ച് 'ഏ'ക്കുപകരം 'എ' ഉപയോഗിച്ചിട്ടുള്ള സന്ദർഭങ്ങൾ വളരെ കുറവാണുതാനും. 'ഏ'യുടെ ഉപലിപിയായ 'േ' മലയാളം എഴുത്തിൽ രൂപപ്പെടുന്നതിനു മുമ്പുതന്നെ കർസോനിയിൽ പ്രയോഗിച്ചിരുന്നു.

5.3.4 അകാരം ചേർന്നുവരുന്ന മൃദുക്കളും മധ്യമങ്ങളും എകാരച്ഛായയിൽ ഉച്ചരിക്കുക എന്നത് മലയാളിയുടെ ശീലമാണ്. 'ഗജം' എന്ന് എഴുതിയാലും 'ഗെജം' എന്നാണ് മലയാളി ഉച്ചരിക്കുക. മൃദുക്കളും മധ്യമങ്ങളും മാത്രമല്ല സ്വരങ്ങൾക്കിടയിൽ വരുമ്പോൾ മറ്റു വ്യഞ്ജനങ്ങളും ഇങ്ങനെ ഉച്ചരിക്കാറുണ്ട്. കർസോനിയിൽ ഈ ഉച്ചാരണത്തിനിണങ്ങും വിധമുള്ള എഴുത്താണ് കാണുന്നത്. രെക്ഷ, ലെഭിക്കുക, ഗെർഭം, തലവേൻ, ചമെയം, ഒരുത്തേൻ എന്നിങ്ങനെയാണ് എഴുത്ത്. എകാരത്തെ നീട്ടി ഉച്ചരിക്കുന്ന പ്രവണതയാലാണ് ഒരുത്തേൻ എന്നും തലവേൻ എന്നും മറ്റും എഴുതിയിരിക്കുന്നത്.

'ദൈവം' എന്നെഴുതി 'ദെയ്‌വം' എന്നുച്ചരിക്കുന്നതും മുൻപറഞ്ഞ ശീലത്തിന്റെ ഭാഗമാണ്.(ഐ - അയ്, ഔ - അവ്) അതുകൊണ്ടാവണം ചിലയിടത്തെങ്കിലും ഈ പദം 'ദേയ്‌വം' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. സ്വരങ്ങളെ രേഖപ്പെടുത്തുന്ന കാര്യത്തിൽ വേറെയും ഭിന്നതകൾ സംഭവിച്ചിട്ടുണ്ട്. സ്വരങ്ങളെല്ലാം ചില സന്ദർഭളിലെങ്കിലും മാറ്റി എഴുതിയിട്ടുണ്ട്. ഇകാരമെഴുതേണ്ടിടത്ത് എ, അ, ഉ എന്നിവയും ഉ എഴുതേണ്ടിടത്ത് ഒ, ഇ, എ എന്നിവയും ഒക്കെ എഴുതിയിട്ടുണ്ട്. എല്ലാ സ്വരങ്ങളുടെയും കാര്യത്തിൽ ഇങ്ങനെ മാറ്റം സംഭവിച്ചിട്ടുണ്ട്. മലയാള ഭാഷയുടെ വരമൊഴി പാരമ്പര്യവുമായി നിരന്തരബന്ധമോ വരമൊഴിയിൽ ഔപചാരികമായ പരിശീലനമോ ഇല്ലാത്തതുകൊണ്ടായിരിക്കാം ഇങ്ങനെ സ്വരങ്ങൾ മാറിപ്പോകുന്നത്. പലതവണ വായിച്ച് തെറ്റുതിരുത്തി സൂക്ഷി

ക്കുന്നവയല്ല കർസോനി രേഖകൾ എന്നു കരുതുമ്പോൾ ഇത്തരം പിഴവുകൾ സംഭവിക്കാവുന്നതേയുള്ളൂ എന്നു മനസ്സിലാക്കാം.

### 5.4 അക്ഷരം വിട്ടുപോകൽ

അക്ഷരങ്ങൾ മാറിയെഴുതുന്നതുപോലെ തന്നെ അക്ഷരങ്ങൾ വിട്ടുപോകുന്നതും കൈയെഴുത്തു രേഖകളിൽ സാധാരണമാണ് (മീര, 2005: 51). ഇവിടെ കർസോനിയിലും അത്തരം വിട്ടുപോകൽ സംഭവിച്ചിട്ടുണ്ട്. സ്വരങ്ങളും വ്യഞ്ജനങ്ങളും ഇങ്ങനെ വിട്ടുപോയിട്ടുണ്ട്. എന്നാൽ സ്വരങ്ങളെ അപേക്ഷിച്ച് വ്യഞ്ജനങ്ങൾ വളരെ കുറച്ചു മാത്രമേ വിട്ടുപോയിട്ടുള്ളൂ.

5.4.1 അക്ഷരം വിട്ടുപോകുന്ന കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് സ്വരചിഹ്നങ്ങളായ കുത്തുകൾ വിട്ടുകളയുന്നു എന്നത്. സുറിയാനിയിൽ വ്യഞ്ജനങ്ങൾ സ്വരരഹിതമാണെന്നും സ്വരം ചേരണമെങ്കിൽ അതിനുള്ള ചിഹ്നം (കുത്ത്) പ്രത്യേകം ചേർക്കണ്ടതാണെന്നും മുമ്പു പറഞ്ഞിട്ടുണ്ട്. ഈ കുത്തുകൾ ചേർത്തിട്ടില്ലെങ്കിൽ വ്യഞ്ജനത്തെ സ്വരരഹിതമായേ കരുതാൻ കഴിയുകയുള്ളൂ. സുറിയാനിയിലാല്ലാത്തതും മലയാളത്തിൽ ഉള്ളതുമായ ഋ, ഐ, ഔ എന്നീ സ്വരങ്ങളെ മാറ്റി നിർത്തിക്കൊണ്ടാണ് സ്വരം വിട്ടുപോകുന്നു എന്ന് പറയുന്നത്. കാരണം ഇപ്പോൾ പറഞ്ഞ സ്വരങ്ങൾ കുത്തുകൾകൊണ്ട് സൂചിപ്പിക്കുന്നവയല്ല. അ, ഇ, ഉ, എ, ഒ എന്നിങ്ങനെയുള്ള അഞ്ച് സ്വരങ്ങളിൽ അ, എ, എന്നിവക്കാണ് കുത്ത് മാത്രമായുള്ളത്. ഇ, ഉ, ഒ എന്നിവ രേഖപ്പെടുത്തുന്നതിന് 'യൂദ് ', 'വാവ് ' എന്നീ വ്യഞ്ജനങ്ങൾ ആവശ്യമാണ്. എന്നാൽ ഈ വ്യഞ്ജനങ്ങളോടുകൂടി സ്വരചിഹ്നങ്ങൾ ചേർത്താലേ ഇവ സ്വരമെന്നു ഗണിക്കുകയുള്ളൂ. അതായത് വാവ് എഴുതി അടിയിൽ കുത്തിട്ടാൽ ഉ/ഊ എന്നും മുകളിൽ കുത്തിട്ടാൽ ഒ/ഓ എന്നും ആണ് വായിക്കുക. യൂദിന്റെ അടിയിൽ കുത്തിട്ടാൽ ഇ എന്നും. ഇതേ വ്യഞ്ജനങ്ങളുടെ കൂടെ 'അ'കാര 'എ'കാര ചിഹ്നങ്ങളാണ് ചേർക്കുന്നതെങ്കിൽ ഇവയെ വ്യഞ്ജനങ്ങളായി തന്നെ ഗണിക്കും. അതായത് 'യൂദ് ' എഴുതി 'അ'കാര ചിഹ്നമായ കുത്ത്

(മുകളിലും താഴെയും) ചേർത്താൽ അത് 'യ' എന്നാണ് വായിക്കുക. യൂദും വാവും സ്വരങ്ങൾക്കുവേണ്ടി മാറ്റിവെച്ചതുപോലെയുള്ള വ്യഞ്ജനങ്ങളാണെന്ന് കരുതാം. അതുകൊണ്ടുതന്നെ ഇവ കുത്തിടാതെ എഴുതിയാലും സ്വരമെന്നു തന്നെ ഗണിക്കണമെന്നു കരുതാം. സുറിയാനിയിൽ അങ്ങനെയാണ്. മാത്രവുമല്ല കുത്തില്ലാതെ എഴുതുന്നത് സുറിയാനിയിൽ സാധാരണമാണുതാനും.

5.4.2 മേൽപ്പറഞ്ഞ സ്വരങ്ങളിൽ കുത്തിടാതെ എഴുതാനുള്ള കൂടുതൽ സാധ്യത മറ്റുള്ളവയെ അപേക്ഷിച്ച് ഉ/ഒ, ഇ എന്നിവക്കായിരിക്കണം. കാരണം വാവും യൂദും കുത്തിടാതെ തന്നെ സ്വരമെന്നു ഗണിക്കാമെന്നാണല്ലോ സങ്കല്പം. എന്നാൽ കർസോനി രേഖകളിൽ കൂടുതൽ തവണ വിട്ടുപോയിട്ടുള്ള സ്വരചിഹ്നം 'അ'കാരത്തിന്റേതാണ്. ഇതൊരുപക്ഷേ മലയാളത്തിന്റെ സ്വാധീനംകൊണ്ട് സംഭവിച്ചതാകാം. മലയാളത്തിൽ വ്യഞ്ജനങ്ങളെ തനിച്ചെഴുതിയാലും 'അ'കാര സഹിതമാണല്ലോ ഉച്ചാരണം. സുറിയാനിയിൽ സ്വരസഹിതമാണെന്നു കാണിക്കാൻ ചിഹ്നം ചേർക്കുമ്പോൾ മലയാളത്തിൽ 'അ'കാരേതര ഉച്ചാരണത്തിനു വേണ്ടിയാണ് ചിഹ്നം ചേർക്കുന്നത്. ഈ വൈരുദ്ധ്യം എപ്പോഴും ഓർക്കാത്തതുകൊണ്ട് സംഭവിക്കുന്ന ഫലമായിരിക്കാം ഇത്.

### 5.5 എഴുത്തു സമ്പ്രദായത്തിലെ സവിശേഷതകൾ

കർസോനി എഴുത്തും സുറിയാനി എഴുത്തും തമ്മിൽ ലിപികളിൽ വ്യത്യാസമില്ലെങ്കിലും സുറിയാനിയെഴുത്തിന് കർസോനിയെ അപേക്ഷിച്ച് എഴുത്തുവടിവ് കൂടുതലുണ്ട്. പ്രത്യേകിച്ച് താരതമ്യേന പഴയ രേഖകളിൽ. പുതിയ എഴുത്തുരേഖകളെ അപേക്ഷിച്ച് പഴയ രേഖകൾ ശ്രദ്ധിച്ചു നോക്കിയാൽ തന്നെ സുറിയാനിയാണോ കർസോനിയാണോ എന്ന് തിരിച്ചറിയാം . ഭാഷകളോടുള്ള മനോഭാവം, ഔപചാരികമായ പരിശീലനത്തിന്റെ സാധ്യത, വ്യക്തിഭേദം ഇതൊക്കെ ഇത്തരത്തിലുള്ള രൂപവ്യത്യാസത്തിന് കാരണമായിട്ടുണ്ടാവാം. സുറിയാനിയും മലയാളവും ഒരുപോലെ വശമുള്ളവരും ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടു

ള്ളവരുമായിരിക്കാം കർസോനി ഭംഗിയിൽ എഴുതിയിട്ടുള്ളത്.

5.5.1 സുറിയാനി എഴുത്തു രീതിയുടെ ചില സവിശേഷതകൾ കർസോനിയിലും പുലർത്തിയിട്ടുണ്ട്. സ്വരത്തിൽ അവസാനിക്കുന്ന വാക്കിന്റെ ഒടുവിൽ ആലഫ് ചേർക്കുക എന്നത് അതിലൊന്നാണ്. വാക്ക് 'അ'കാരത്തിലാണവസാനിക്കുന്നതെങ്കിൽ വിശേഷിച്ചും. ചിലപ്പോഴെങ്കിലും 'അ'കാരത്തിനു പകരം ആലഫ് എഴുതിയിട്ടുള്ളതായും കണ്ടിട്ടുണ്ട്. സുറിയാനിയിൽ അങ്ങനെയാണ്. അത് കർസോനിയിലും തുടരുന്നു എന്നുമാത്രം.

5.5.2 ഒരു വാക്ക് മുറിച്ച് രണ്ട് വരിയിലായി എഴുതേണ്ടിവരുമ്പോൾ വാക്കിന്റെ ആദ്യ ഭാഗത്തിനൊടുവിൽ ആലഫ് ചേർക്കുന്ന രീതിയും കർസോനിയിൽ കണ്ടിട്ടുണ്ട്. ചിലപ്പോൾ അടുത്ത ഭാഗത്തിന്റെ ആദ്യവും ആലഫ് ചേർക്കാം.

ഉദാ: 

5.5.3 വാക്ക് മുറിച്ചെഴുതാതെ മുഴുവനും അടുത്ത വരിയിലേക്ക് മാറ്റുന്ന രീതിയും കർസോനിയിൽ ഉണ്ട്. അങ്ങനെ വരുമ്പോൾ മേൽവരിയിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഒരു വരകൊണ്ട് നിറക്കുകയാണ്  ചെയ്യുന്നത്. മേൽവരിയിലെ അവസാന വാക്കിലെ അവസാന അക്ഷരത്തിനുമുമ്പാണ് ഇങ്ങനെ വര ഇടുന്നത്. വരക്കു ശേഷം വരിയുടെ ഏറ്റവും ഒടുവിലായി അവസാന അക്ഷരം എഴുതുന്നു. ചിലപ്പോൾ വാക്കിന്റെ ഒടുവിൽ ചേർക്കുന്ന ഓലഫിനു മുമ്പായിരിക്കും ഇപ്രകാരം വര ഇടുന്നത്. അതായത് വാക്കെഴുതി വരയിട്ടതിനു ശേഷം ഓലഫ് ചേർത്ത് വരി അവസാനിപ്പിക്കുന്നു എന്ന്.

ഉദാ: 

5.5.4 ഒരുപുറത്തിലെ അവസാന ശബ്ദം അടുത്തപുറത്തിൽ ആവർത്തിക്കുന്ന പ്രവണതയും കർസോനിയിൽ കാണുന്നുണ്ട്. ഇത് എല്ലായിടത്തും ഇല്ല. വളരെ കുറച്ചു പുറങ്ങളിൽ മാത്രമേ ഇത്തരമൊരു രീതി കണ്ടിട്ടുള്ളൂ. ആവർത്തിക്കുന്ന ശബ്ദം ചിലപ്പോൾ വാക്ക് മുഴുവനും ആയിരിക്കാം ചിലപ്പോൾ വാക്കിന്റെ അവ സാനഭാഗം മാത്രമയിരിക്കാം.

തുടർച്ചയായ പുറങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാനായിരിക്കാം ഇത്തര മൊരു രീതി. പുറങ്ങൾ നഷ്ടപ്പെടുന്നുണ്ടോ എന്നും തിരിച്ചറിയാം. പുറങ്ങൾ മാറിപ്പോയാലും തിരിച്ചറിയാം. ഇതൊക്കെയാവണം ഇങ്ങനെ എഴുതുന്നതിനു പിന്നിലെ ഉദ്ദേശ്യങ്ങൾ. അതുകൊണ്ട് കർസോനിരേഖകളിൽ പേജ് നമ്പർ ഇട്ടി ട്ടില്ല എന്നു കരുതരുത്. മിക്കവാറും പുറങ്ങളിൽ നമ്പർ ഇട്ടിട്ടുണ്ട്. ചിലരേഖകളി ലൊന്നും പേജ് നമ്പർ കാണുന്നുമില്ല പേജ് നമ്പർ ഇടാത്ത രേഖകളിലൊന്നുമല്ല ഇങ്ങനെ ശബ്ദം ആവർത്തിച്ചിട്ടുള്ളത്. ആദ്യകാലത്തെ എഴുത്തുരീതി അങ്ങനെ ആയിരുന്നിരിക്കാം. പേജ് നമ്പറിടാതെ കഴിഞ്ഞപുറത്തിലെ അവസാന ശബ്ദം ആവർത്തിച്ച് അടുത്ത പുറം തുടങ്ങുക എന്നത്.

5.5.5 കർസോനിയിൽ മലയാളത്തിലെ പൂർണവിരാമചിഹ്നം ഒഴികെ ചിഹ്നങ്ങൾ ഒന്നും ഉപയോഗിച്ചിട്ടില്ല. വാക്യം കഴിയുമ്പോൾ മാത്രം ഇടേണ്ടുന്ന പൂർണ്ണവിരാ മചിഹ്നമായ കുത്ത് അങ്ങനെയല്ലാതെ പക്ഷേ പലയിടത്തും ഇട്ടിട്ടുണ്ട്. വാക്യമവ സാനിക്കുന്നിടത്തും അല്ലാത്തിടത്തും ഈ കുത്ത് ഇട്ടിട്ടുണ്ട്.

ഉദാ:



എല്ലാവാക്യങ്ങളുടെയും ഒടുവിൽ ചിഹ്നം ചേർത്തിട്ടുമില്ല. ചിലവാക്യങ്ങളുടെ ഒടു വിൽ ‘ആലഫ്’ ചേർത്തു കാണുന്നുണ്ട്.

5.5.6 സുറിയാനിയിൽ അക്കങ്ങൾ എഴുതുന്നത് പ്രത്യേക രീതിയിലാണ്. മലയാളത്തിലെപ്പോലെ അക്കങ്ങൾക്കുവേണ്ടി പ്രത്യേകം ലിപിയൊന്നും സുറിയാനിയിലില്ല. സുറിയാനി അക്ഷരങ്ങൾ തന്നെ വരയോ കുത്തോ ഒക്കെ ചേർത്ത് അക്കങ്ങൾക്കു പകരം എഴുതുകയാണ് പതിവ്. കർസോനിയിലും ഇങ്ങനെ എഴുതിയിട്ടുണ്ട്. എന്നാൽ സംഖ്യകൾ അക്ഷരത്തിലെഴുതുന്ന രീതിയാണ് കർസോനിയൽ പൊതുവേ കാണുന്നത്. രണ്ട് എന്നെഴുതാൻ ബേസ് എഴുതി അടിയിൽ വരയിടുന്ന സുറിയാനി രീതിയേക്കാൾ രൺട് എന്നെഴുതുന്ന രീതിയാണ് കർസോനിയിൽ കൂടുതൽ കാണുന്നത്. അക്ഷരങ്ങളുടെ സംഖ്യാമൂല്യങ്ങൾ ഓർത്തിരിക്കാനുള്ള ബുദ്ധിമുട്ടാവണം ഇത്തരമൊരു രീതിക്കുകാരണം. സുറിയാനി അറിയാത്ത സുറിയാനി ലിപി (കർസോനി) മാത്രമറിയുന്ന മലയാളികളെ വായനക്കാരായി ഉദ്ദേശിച്ചിരുന്നു എന്നും അനുമാനിക്കാവുന്നതാണ്.

**5.6 രൂപിമവിചാരം**

കർസോനി രേഖകളിലെ രൂപങ്ങൾ വിശകലനം ചെയ്ത് രൂപിമങ്ങളെ കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്. ഇവിടെ സ്വീകരിക്കുന്ന വിവരണാത്മക രീതിയിലുള്ള വിശകലന പദ്ധതി അനുസരിച്ച് മലയാളത്തിൽ മുൻപും പഠനങ്ങൾ നടന്നിട്ടുണ്ട് (prabodhachandran, 1973; Ramachandran, 1973; Zacharia, 1990). കൃതി, നാമം, ദ്യോതകം (Clitic) എന്ന് മൂന്നു വകുപ്പുകളിലായി തിരിച്ച് ക്രമപ്പെടുത്തിയാണ് രൂപിമങ്ങളെ ഇവിടെ വിവരിക്കുന്നത്. കർസോനി രേഖകളിലെ എല്ലാ പാഠങ്ങളിൽനിന്നും ഓരോ പുറം മാതൃകയായി സ്വീകരിച്ചാണ് രൂപവിശകലനം നടത്തുന്നത്. ഒരു പുറം മാത്രമുള്ള പാഠങ്ങളും ഉണ്ട് എന്നതിനാൽ എല്ലാ പാഠങ്ങളുടെയും ആദ്യത്തെ പുറമാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ പത്താം നമ്പർ പുസ്തകത്തിൽനിന്നും മൂന്നു പുറങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം പുറം ഒഴികെയുള്ള പുറങ്ങളിലെ എഴുത്തിന്റെ മാതൃക വ്യക്തമാക്കുന്നതിനാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. വിശകലനത്തിൽനിന്നു ലഭിച്ചിട്ടുള്ള രൂപിമങ്ങളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

5.6.1 പാഠരൂപങ്ങളെ പരിഗണിക്കുമ്പോൾ സാമാന്യമായ സന്ധിവികാരങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. സ്വനപരമായ സവിശേഷതകൾകൊണ്ട് സംഭവിക്കുന്നവയാണ് ഈ സന്ധിവികാരങ്ങൾ എന്നതുകൊണ്ടും ഇത്തരമൊരു രൂപവിശകലന സമ്പ്രദായത്തിൽ അവശ്യം പരിഗണിക്കേണ്ടവയല്ല അവ എന്നതുകൊണ്ടുമാണ് അവയെ ഒഴിവാക്കിയത്. ലോപം, ആഗമം, ഇരട്ടിപ്പ്, ആദേശം എന്നിങ്ങനെ എല്ലാ സന്ധിവികാരങ്ങളും ഇപ്രകാരം ഒഴിവാക്കിയിട്ടുണ്ട്. 'പെറ്റമ്മ' എന്ന രൂപത്തിൽ സംഭവിച്ചിരിക്കുന്ന അകാര ലോപം രൂപവിചാരത്തിൽ പരിഗണിച്ചിട്ടില്ല. ലോപിച്ച അകാരം പേരെച്ച പ്രത്യയമാണ് എന്നതിനാൽ ഈ പ്രത്യേകരൂപത്തിൽ പേരെച്ചം ശൂന്യമാണ് എന്ന് പറയാവുന്നതാണ്. എന്നാൽ ലോപസന്ധിയുടെ സാമാന്യ നിയമങ്ങൾക്കുള്ളിൽ സംഭവിക്കുന്നതാണ് എന്നതു കൊണ്ട് ഇതിനെ പ്രത്യേകം പരിഗണിക്കേണ്ടതില്ല.

5.6.1.1 'ഇനിക്ക്' (എനിക്ക്) (9:1:9:3) എന്ന രൂപത്തിൽ ഇകാരം അധികമായി ചേരുന്നതും 'പിന്നെയും' (3:5:4) എന്നതിൽ യകാരാഗമവും 'അതിന്റേ' (6:1:1:3) എന്നതിൽ കൂടിച്ചേർന്നിരിക്കുന്ന 'ഇൻ' എന്ന ഇടനിലയും 'കാലുകൾ' (3:1:11:2) എന്നതിലുള്ള 'ഉ' വർണ്ണവും 'ലോകത്തുങ്കൽ' (12:1:4:6) 'ആഴത്തുംമേൽ' (6:1:3:2) എന്നിവയിൽ യഥാക്രമം കാണുന്ന 'ഉങ്', 'ഉം' എന്നിവയും 'ആകാശവും' (14:1:2:1) എന്നതിലെ വകാരവും രൂപിമചർച്ചയിൽനിന്ന് ഒഴിവാക്കിയിട്ടുള്ള രൂപങ്ങളാണ്.

ശുദ്ധമാക്കപ്പെട്ടവർ (3:1:1:1) എന്നതിലെ 'പ്പ', 'ട്ട' എന്നിവ 'തിരഞ്ഞെടുപ്പ്'(3:1:3:1) എന്നതിലെ 'ഞ്ഞ', 'ചൊല്ലി' (12:1:1:3) എന്നതിലെ 'ല്ല' പൊറുപ്പിച്ചു (3:1:6:2) എന്നതിലെ 'ച്ച' 'കൊള്ളുക' എന്നതിലെ 'ള്ള' 'തറവാട്ടിൽ' (4:1:7:4) എന്നതിലെ 'ട്ട' 'മുന്നിൽ' (9:1:2:4) എന്നതിലെ 'ന്ന' എന്നിങ്ങനെയുള്ള ഇരട്ടിപ്പുകളേയും രൂപിമവിചാരത്തിൽ പരിഗണിച്ചിട്ടില്ല.

5.6.1.2 ത്ത്, ക്ക്, ഉവ് എന്നീ രൂപങ്ങളെ വിശകലനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇവക്ക് വിശദീകരണക്ഷമമായ ഒരു വശം കൂടിയുണ്ട്. 'ത്ത് ' എന്ന രൂപം 'അം'നു പകരമായി സന്ധിയിൽ വരുന്നതാണ്. മകാരത്തിന് ത്താദേശം വരു

മെന്ന് കേരളപാണിനി സന്ധിപ്രകരണത്തിൽ വിശദീകരിക്കുന്നുണ്ട്. 'അം' അംഗ പ്രത്യയമോ ലിംഗപ്രത്യയമോ എന്ന തരത്തിലുള്ള ചർച്ചകൾ മലയാള വ്യാകരണ ത്തിൽ ധാരാളമായി ഉണ്ടായിട്ടുള്ളതിനാൽ 'അം' എന്നതിന്റെ 'ത്ത്' ആദേശരൂപ ങ്ങൾ മുൻപുതന്നെ ബഹുലമായി കാണുന്നു എന്നതിന് ചരിത്രപരമായിത്തന്നെ പ്രാധാന്യമുണ്ട്. അനുസ്വാരത്തിലവസാനിക്കുന്ന നാമങ്ങളെല്ലാം വിഭക്തി പ്രത്യയം ചേരുമ്പോൾ 'ത്ത്' എന്നവസാനിക്കുന്ന രൂപങ്ങളായി മാറുന്നു. അനുസ്വാരാന്തനാമ ങ്ങളുടെ വളവിഭക്തി രൂപത്തിൽ 'ത്ത് ' സാർവ്വത്രികമാണ് എന്ന് പറയാം

ഉദാ: ആഴം - ആഴത്തുമ്മേൽ (14:1:3:2)

വെള്ളം - വെള്ളത്താൽ (3:1:20:2)

ഹൃദയം - ഹൃദയത്താൽ (13:1:17:3)

ദിവസം - ദിവസത്തിന്റേ (13:1:21:2)

വെളിച്ചം - വെളിച്ചത്തിന്ന് (6:1:9:3)

ഉഷ്ണം - ഉഷ്ണത്തെ (1:1:16:1)

മലയാളം - മലയാളത്തിനുടേ (5:1:2:7)

5.6.1.3 ചിലപ്പോൾ നകാരത്തിനും 'ത്താ'ദേശം സംഭവിക്കുന്നതിന് തെളിവായി 'അടിയത്തിന്റേ' എന്നൊരു രൂപവും കാണുകയുണ്ടായി. അടിയത്തിന്റേ (16:1:3:2, 16:1:6:3) എന്ന് രണ്ടു പ്രാവശ്യം ഈ പ്രയോഗം കാണുന്നു. മിഷണറിമലയാള ത്തിന് വാമൊഴിരൂപത്തോടുള്ള അടുപ്പമാണ് 'അടിയത്തിൻറേ' പോലുള്ള വാമൊ ഴിരൂപം എഴുത്തിൽ കാണുന്നതിന് കാരണം. 'ന'കാര 'മ'കാരങ്ങൾ മാറി മറിഞ്ഞു വരാം എന്ന കേരളപാണിനിയുടെ നിരീക്ഷണം (47-ാം കാരിക) ഇവിടെ ഓർക്കാ വുന്നതാണ്.

**5.7 ക്രിയ**

പ്രവൃത്തിയെ കുറിക്കുന്ന ശബ്ദമാണ് ക്രിയ. ക്രിയയുടെ രൂപപരമായ ഏറ്റവും പ്രധാനമായ സവിശേഷത അതിൽ കാലപ്രത്യയം ചേർക്കാൻ കഴിയും

എന്നതാണ്. പൂർണമായ അർത്ഥത്തെ നൽകാൻ കഴിയുന്ന ക്രിയകളും പൂർണാർത്ഥം നൽകാൻ കഴിയാത്ത ക്രിയകളും ഉണ്ട്. ഇവ യഥാക്രമം പൂർണക്രിയ, അപൂർണക്രിയ എന്നിങ്ങനെ വിളിക്കപ്പെടുന്നു. അപൂർണക്രിയകളെ വിനയെച്ചം, പേരെച്ചം എന്നും തിരിക്കാം. സകർമ്മകം, അകർമ്മക; കേവലം, പ്രയോജകം; കാരിതം, അകാരിതം എന്നിങ്ങനെയുള്ള വേർതിരിവുകളും പ്രസിദ്ധങ്ങളാണ്.

കർത്താവു ചെയ്യുന്ന ക്രിയയുടെ ഫലം മറ്റൊരാളാണ് അനുഭവിക്കുന്നതെങ്കിൽ ആ ക്രിയ സകർമ്മകമാണ്. ഫലം അനുഭവിക്കുന്ന മറ്റൊരാളാണ് കർമ്മം. "ചിലപ്പോൾ വ്യാപാരവും ഫലവും ഒരു വസ്തുവിൽത്തന്നെയാണെന്നു വരാം; അങ്ങനെയുള്ള ക്രിയകൾക്കു കർമ്മിമില്ല. വ്യാപാരം ഒരു വസ്തുവിൽ, ഫലം മറ്റൊന്നിൽ എന്നു രണ്ടംശവും പിരിഞ്ഞുവരികയാണെങ്കിലേ ക്രിയക്കു കർമ്മമുള്ളൂ" (രാജരാജവർമ്മ, 1999: 161). കർമ്മമില്ലാത്ത ക്രിയകളെ അകർമ്മകമെന്നും കർമ്മമുള്ളവയെ സകർമ്മകമെന്നും വിളിക്കുന്നു. നടന്നു (5:1:13:2), ചെന്നു (1:1:5:1) തുടങ്ങിയവ അകർമ്മകവും എഴുതി (3:1:2:4), ചൊല്ലി (4:1:5:4) തുടങ്ങിയവ സകർമ്മക ക്രിയകളുമാണ്.

സ്വന്തം ഇച്ഛയ്ക്കനുസരിച്ചു ചെയ്യുന്ന ക്രിയകളെ കേവലക്രിയകളെന്നും മറ്റൊരാളുടെ ഇച്ഛയ്ക്കനുസരിച്ച് ചെയ്യുന്ന ക്രിയകളെ പ്രയോജകക്രിയകളെന്നുമാണ് വിളിക്കുന്നത്. നടന്നു (5:1:13:2), നടത്തി (5:1:8:4) എന്നിടത്ത് 'നടത്തി' എന്ന രൂപം പരപ്രേരണ, സകർമ്മകത്വം എന്നീ അർത്ഥങ്ങളെക്കൂടി ഉൾക്കൊള്ളുന്നുണ്ട്. നടന്നു എന്ന രൂപം കേവലക്രിയയാണെന്നും നടത്തി എന്നത് പ്രയോജകമാണ് എന്നും പറയുന്നു. ചില പ്രയോജകക്രിയകൾക്ക് രണ്ടു കർമ്മമുണ്ടെന്നു കാണാം. സകർമ്മകക്രിയകളുടെ പ്രയോജക രൂപങ്ങൾക്കാണ് ഇങ്ങനെ രണ്ടു കർമ്മങ്ങൾ വരുന്നത്.

"...നിന്റേ ഭങ്ങിക്കൊത്ത നല്ല കുപ്പായം എന്നേ ഇടീക്കണമേ" (9:1:17–18) ഇവിടെ 'ഇടുക' എന്ന സകർമ്മകക്രിയക്ക് 'കുപ്പായം' എന്ന കർമ്മമുണ്ട്. അത് 'ഇടീക്കുക' എന്ന് പ്രയോജകമായപ്പോൾ കുപ്പായം, എന്നേ – എന്ന് രണ്ട് കർമ്മ

ങ്ങൾ ഉണ്ടായതായിക്കാണാം. സകർമ്മകക്രിയകളുടെയും പ്രയോജകക്രിയകളുടെയും വേർതിരിവിന് അടിസ്ഥാനമായുള്ളത് കർമ്മമാണ് എന്നുകാണാം (ആന്റണി, 1989).

കാരിതക്രിയകൾ അഥവാ ബലക്രിയകൾ, അകാരിതക്രിയകൾ അഥവാ അബലക്രയകൾ എന്നൊരു വിഭജനം ക്രിയകളുടെ കേവലരൂപങ്ങൾക്ക് സാധ്യമാണ്. 'ക്ക്' ചേർന്ന കേവലക്രിയാരൂപങ്ങളെയാണ് കാരിതം എന്നു വിളിക്കുന്നത്. ഇരിക്കുന്നു (3:1:8:3), എടുക്കുന്നു (6:1:2:1) എന്നിങ്ങനെ. അകാരിതക്രിയകളെ കാരിതീകരണം കൊണ്ടുതന്നെ പ്രയോജകമാക്കിമാറ്റാവുന്നതാണ്. ഒഴുകുക, ഒഴുക്കുക (3:1:4:43) എന്നിങ്ങനെ. അകാരിതങ്ങൾ അകർമ്മകങ്ങളാണെങ്കിൽ കാരിതീകരണം കൊണ്ട് അവ സകർമ്മകം ആകുകയും ചെയ്യും. ഇങ്ങനെ നോക്കുമ്പോൾ കാരിതീകരണം (ബലത്വം) എന്നത് രൂപപരമായ വിശേഷം മാത്രമല്ല പ്രക്രിയാപരമായ ഒന്നു കൂടിയാണ് എന്നു കാണാം.

5.7.1 കേവലക്രിയകളെ പ്രയോജകമാക്കുന്നതിന് ആറുതരം പ്രക്രിയകളാണ് കർസോനിയിൽ കണ്ടത്.

**1. കാരിതീകരണം**

ക്ക്

1. ഒഴുക്കുന്നു (3:1:4:1)
2. അടക്കുന്നാ (10:1:1:4)
3. ഉപമയാക്കിയിരിക്കുന്നു (6:1:10:1)
4. ചമച്ച് (3:1:4:6)

ഇവ

1. ഒഴുകുക - ഒഴുക്കുക
2. അടങ്ങുക - അടക്കുക
3. ആകുക - ആക്കുക
4. ചമയുക - ചമയ്ക്കുക

എന്നിങ്ങനെയാണ് പ്രയോജകങ്ങളായത് എന്നുകാണാം.

**2. 'പ്പി' ചേർക്കൽ**

പ്പി	1. എടുപ്പിപ്പിക്കയും (13:1:9:4)

2. ഒപ്പിപ്പാനും (12:1:8:2)

3. കുളിപ്പിപ്പാൻ (7:1:3:3)

4. പിടിപ്പിച്ച് (10:3:4:2)

5. വർദ്ദിപ്പിച്ചു (17:1:11:1)

ഇവയുടെ പ്രക്രിയ:

1. എടുക്കക - എടുപ്പിക്കുക

2. ഒക്കുക - ഒപ്പിക്കുക

3. കുളിക്കുക - കുളിപ്പിക്കുക

4. പിടിക്കുക - പിടിപ്പിക്കുക

5. വർദ്ധിക്കുക - വർദ്ധിപ്പിക്കുക

എന്നാണ്. കാരിതക്രിയകളിലാണ് ഇങ്ങനെ 'പ്പി' ചേരുന്നത് എന്നു കാണാം.

**3. 'ത്ത് ' ചേർക്കൽ**

ത്ത്	1. കെടുത്തുവാനും (3:1:16:4)

2. വളർത്തുന്നതും (13:1:12:5)

3. പകർത്തി (10:3:3:5)

4. നടത്തി (5:1:8:4)

5. അപമാനപ്പെടുത്തുന്നതാകുന്നു (13:1:11:2)

ഇവയിലെ രൂപമാറ്റം -

1. കെടുക - കെടുത്തുക

2. വളരുക - വളർത്തുക

3. പകരുക - പകർത്തുക

4. നടക്കുക - നടത്തുക

5. പെടുക - പെടുത്തുക

എന്നിങ്ങനെയാണ്. സകർമ്മകത്വം എന്നൊരു പ്രക്രിയകൂടി ഇവിടെ കടന്നുവരുന്നുണ്ട്.

**4. 'ഇ' ചേർത്തുള്ള രൂപമാറ്റം**

ഇ 1. ചുറ്റിച്ച് (10:3:2:3)

ചുറ്റുക - ചുറ്റിക്കുക എന്നിങ്ങനെയാണ് ഇതിന്റെ പ്രക്രിയ എന്നു കാണാം.

**5. 'ഈ' ചേർക്കൽ**

ഈ 1. ഇടീച്ച് (10:2:2:4)

2. പണീച്ചു (4:1:6:5)

1. ഇടുക - ഇടീക്കുക എന്നും

2. പണിയുക - പണീക്കുക

എന്നുമാണ് പ്രക്രിയ എന്നു കാണാവുന്നതാണ്.

**6. 'വ്' ചേർക്കുന്ന രീതി**

വ് 1. ഇടുവിച്ച് (5:1:6:3)

2. അറുവിച്ചതാകുന്നു (6:1:15:5)

ഇടുക - ഇടുവിക്കുക, അറിയുക - അറുവിക്കുക എന്നുമാണ് ഇവിടെ പ്രക്രിയ. 'ഇ' പ്രത്യയത്തിനുമുമ്പ് 'വ്' ചേരുന്നു എന്നതാണ് ഈ പ്രക്രിയയുടെ വിശേഷം. 'ഈ' പ്രത്യയത്തിന്റെ പ്രക്രിയയും 'വ്' എന്നതിന്റെ പ്രക്രിയയും ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും.

1. ഇടുക - ഇടുവിക്കുക - ഇടീക്കുക

2. പണിയുക - പണിയിക്കുക - പണീക്കുക

'ഇ' പ്രത്യയത്തിനുമുമ്പ് വ് / യ് എന്നിവ ചേരുന്ന രീതി ഈ പ്രക്രിയയിൽ ഉണ്ട് എന്നു കണക്കാക്കിയാൽ മതി. എന്നാൽ 'വ്' എന്നതിനെ 'ഉവി' എന്ന് പ്രത്യയമായി എണ്ണുന്നുണ്ട് രാജരാജവർമ്മ (1999:216). ഇതിനെ സന്ധികാര്യമായി പരിഗണിക്കുന്നതാവും ഉചിതം.

ഇത്തരത്തിൽ നോക്കുമ്പോൾ നാലുതരം പ്രക്രിയയാണ് പ്രയോജക രൂപ സിദ്ധിക്കായി കർസോനി പാഠങ്ങളിൽ സ്വീകരിച്ചിട്ടുള്ളത് എന്നു കാണാം.

1. ഇ, ഈ
2. പ്പി
3. ത്ത്
4. ക്ക്

എന്നീ പ്രത്യയങ്ങൾ ചേർക്കലാണവ.

**5.7.2 പിൻവിനയെച്ചം**

ഭാവികാലത്തെ സൂചിപ്പിക്കുന്ന അപൂർണക്രിയയാണ് പിൻവിനയെച്ചം. 'വ്', 'പ്പ്' എന്നിവയോട് ചേർന്നു വരുന്ന 'ആൻ' ആണ് ഇതിന്റെ പ്രത്യയം. വ, പ്പ എന്നിവ ഭാവികാലസൂചകമായി മുൻപേ തന്നെ പരിഗണിക്കപ്പെട്ടിട്ടുള്ളതാണ്. “അതിനാൽ ശുദ്ധഭാവിയുടെ പ്രത്യയം അകാരിതങ്ങളിൽ വ് എന്നും കാരിതങ്ങളിൽ പ്പ് എന്നുമാണെന്നു നിശ്ചയിക്കാം” (രാജരാജവർമ്മ, 1999:191). ഭാവിരൂപത്തോടോ ധാതുവിനോടു തന്നെയോ ആൻ ചേർക്കുന്നതാണ് പിൻവിനയെച്ച രൂപമുണ്ടാക്കാനുള്ള രീതി. 'ഉം' എന്ന ഭാവി പ്രത്യയത്തോട് 'ആൻ' ചേർന്നാൽ 'ഉമാൻ' എന്നാവണം. എന്നാൽ 'ഉവാൻ' എന്ന രൂപമാണ് ഇതിനു തുല്യമായി കാണുന്നത്. 'കഴുകുവാനും' (3:1:10:3) എന്നിങ്ങനെ. ഇവിടെ കഴുകും + ആൻ ആണ് 'കഴുകുവാൻ' ആയിരിക്കുന്നത്. അതുകൊണ്ടു 'ഉവ്' എന്നത് 'ഉമ്' എന്നതിന്റെ രൂപഭേദമാണ് എന്നു കാണാം. ഭാവിരൂപമായി ഗണിക്കാവുന്നതാണ്. എന്നാലിത് ഐച്ഛികമായതിനാൽ എപ്പോഴും പ്രയോഗിക്കാറില്ല എന്നു മാത്രം. 'കഴുകുവാൻ' എന്ന രൂപം പോലെത്തന്നെ സാധുവാണ് 'കഴുകാൻ' എന്ന രൂപവും എന്നർത്ഥം. ഇവിടെ വകാരലോപം സംഭവിച്ചു എന്നേ കരുതേണ്ടതുള്ളൂ. കാരിതക്രിയകളിൽ 'പ്പ്' ചേർന്നും 'ആൻ' പ്രയോഗിക്കുന്നുണ്ട്. 'നടപ്പാനാകുന്നു' (13:1:18:4) എന്ന് ഉദാഹരണം. കാരിതക്രിയകളിൽ 'വ'കാരവും ചേർക്കാറുണ്ട്; 'അലക്കുവാനും' (3:1:12:2) എന്ന്. കാരിതക്രിയകളിൽ 'വ്' ചേരുമെങ്കിലും അകാരിതങ്ങളിൽ 'പ്പ്' ചേരാറില്ല.

അത് കാരിതങ്ങളിലേ ചേർക്കാറുള്ളൂ.

5.7.2.1 'ആൻ' എന്ന പ്രത്യയത്തോടൊപ്പം ഇതിന്റെ ഹ്രസ്വരൂപമായ 'അൻ' എന്ന പ്രത്യയവും പിൻവിനയെച്ച രൂപത്തിൽ ചേർത്തു കണ്ടിട്ടുണ്ട്. 'വളർത്തുവനും' (3:1:14:4), കുളിപ്പൻ (10:1:2:3) എന്നിങ്ങനെ. ധാരാളമായി കാണുന്നത് 'ആൻ' എന്നായതുകൊണ്ടും കർസോനിയിൽ സ്വരചിഹ്നമുപയോഗിക്കുന്നതിൽ സ്ഥിരരീതി ഇല്ലാത്തതുകൊണ്ടും 'ആൻ' എന്ന രൂപം തന്നെയായിരിക്കണം സാധുവായ പ്രയോഗം എന്നു കരുതാം.

5.7.2.2 പിൻവിനയെച്ച പ്രത്യയമായി കാണുന്ന മറ്റൊന്ന് 'വാൻ' ആണ്. നിഷേധ രൂപത്തിലാണ് ഇങ്ങനെ പ്രയോഗിക്കുന്നത്. 'കുരുങ്ങപ്പെടാവാനായിട്ട്' (1:1:7:1) എന്നാണത്. വിധിരൂപങ്ങളിലെപ്പോലെ വ്'ാരത്തെ ഭാവിരൂപമായി എടുത്താൽ മതിയല്ലോ എന്ന് തോന്നാവുന്നതാണ്. എന്നാൽ വിധിരൂപത്തിൽ 'വ്' ഒഴിവാക്കിയാലും പ്രയോഗം സാധ്യമാണ്. നിഷേധരൂപത്തിൽ 'വ്'കാരമൊഴിവാക്കി പ്രയോഗിച്ചാൽ അർത്ഥം മാറിപ്പോകുന്നതായികാണാം.

| | | |
|---|---|---|
| വിധി | 1. കഴുകുവാനും | |
| | 2. കഴുകാനും | |
| നിഷേധം | 1. കുരുങ്ങപ്പെടാവാനായിട്ട് | |
| | 2. കുരുങ്ങപ്പെടാനായിട്ട് | |

നിഷേധരൂപങ്ങളിലെ 'വ്'കാരമൊഴിവാക്കിയ പ്രയോഗത്തിന് നിഷേധാർത്ഥമല്ല വിധ്യാർത്ഥമാണുള്ളത്. അതുകൊണ്ട് നിഷേധരൂപങ്ങളിൽ 'ആൻ' എന്നല്ല 'വാൻ' എന്നാണ് പ്രത്യയം എന്നുവരുന്നു. നിഷേധ പ്രത്യയമായ് 'ആയ്'ക്കു ശേഷം 'വാൻ' കാണുന്നുവെന്ന് സ്കറിയാ സക്കറിയ( Zacharia,1990:97) നിരീക്ഷിക്കുന്നുണ്ട്. മരിക്കായ്വാൻ, പെരുകായ്വാൻ എന്നിങ്ങനെ.

**5.7.3കാലം**

ഭൂതം, വർത്തമാനം, ഭാവി എന്ന മൂന്നു കാലത്തിനും മലയാളത്തിൽ പ്രത്യേകം പ്രത്യയങ്ങളുണ്ട്.

5.7.3.1 **വർത്തമാനകാലം**

'ഉന്ന്' - എന്നതാണ് മലയാളത്തിലെ വർത്തമാനകാല പ്രത്യയം. വിശകലനപാഠങ്ങളിൽ അങ്ങനെത്തന്നെ കാണുന്നുണ്ട്. വർത്തമാനപ്രത്യയത്തെ 'ഉന്നു' എന്നാണ് പരമ്പരാഗതമായി കണക്കാക്കിപ്പോന്നിട്ടുള്ളതെങ്കിലും ആധുനിക പണ്ഡിതർക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. വിനയെച്ചങ്ങളെക്കൂടി പരിഗണിക്കുമ്പോൾ 'ഉന്ന്' എന്ന രൂപമാണ് വർത്തമാനകാല പ്രത്യയമായി ഗണിക്കേണ്ടത് എന്ന് മനസ്സിലാകും.

"വെള്ളം കുടിപ്പാനും കുളിപ്പാനും നല്ലതാകുന്നു" (3:1:8–9)

"കത്തങ്ങളും ശേമ്മാശ്ശ്മ്മാരും മേത്റാൻമാരും റംപൻമാരും മരിച്ചാൽ അടക്കേൺടും ക്റമങ്ങൾ എഴുതുവാൻ തുടങ്ങുന്നു" (7:1:1–3)

എന്നിങ്ങനെ പൂർണക്രിയയായി 'ഉന്ന്' കാണാം. മറ്റു പദങ്ങളോടോ പ്രത്യയങ്ങളോടോ ചേരുമ്പോൾ 'ഉന്ന്' എന്നും ഒറ്റക്കുനിൽക്കുമ്പോൾ 'ഉന്നു' എന്നുമാണ് ഇത് കാണപ്പെടുന്നത്.

'ഒഴുകുന്ന' (3:1:4:3)

- ഒഴുകുന്ന് + അ = എന്നിങ്ങനെയാണ് പ്രക്രിയ.

'യോക്കിയനാകുന്നില്ലാ'(16:1:4:3)

- ആകുന്ന് + ഇല്ല = ആകുന്നില്ല എന്ന് പ്രക്രിയ

**5.7.3.2 ഭാവികാലം**

'ഉം' എന്നതാണ് ഭാവികാലത്തിന്റെ പ്രത്യയം. കർസോനിയിൽ ഭാവികാലത്തിന്റെ ഉപയോഗം മറ്റു രണ്ടു കാലത്തെയും അപേക്ഷിച്ച് കുറവാണ്. "ലോകത്തിൽ നിൻദ് അങ്ങോട്ടും അതിൽ നിൻദ് ഇങ്ങോട്ടും ചെന്നു കാണും എന്നത്നോളവും നുയംപ് അവ്നേ വെടിപ്പാക്കി" (1:1:4–6) 'ഉം' എന്നതിലെ 'മ്' കാരം സന്ധിചെയ്യുമ്പോൾ 'മ'കാരമായി തെളിഞ്ഞും കാണാറുണ്ട്. "അത് ഹന്നാക്ക് ഗെർഭമുൺടായി പെറുമെന്നദ് അറുവിച്ചതാകുന്നു" (6:1:15)

5.7.3.2.1 ഭാവികാലത്തിന്റെ മറ്റൊരുപയോഗമാണ് ശീലത്തെ കാണിക്കുക എന്നത്. ഒന്നിന്റെ നിത്യസ്വഭാവത്തെ കുറിക്കുവാനും എല്ലാക്കാലത്തേക്കുമുള്ള നിയമങ്ങൾ പറയുവാനും ഭാവികാലമാണ് ഉപയോഗിക്കുന്നത്. ശീലഭാവി എന്നാണ് ഇതറിയപ്പെടുന്നത്. കർസോനിയിലും ഇതു തന്നെ കാണുന്നു.

"...എന്ന മരത്തിന്റേ പട്ടിനു പറയും" (8:1:5-6)

ഇവിടെ 'പറയും' എന്ന ക്രിയ ഭാവികാലത്തെയല്ല, ശീലത്തെയാണ് കാണിക്കുന്നത്.

**5.7.3.3 ഭൂതകാലം**

വ്യത്യസ്തങ്ങളായ പ്രത്യക്ഷവൽക്കരണങ്ങൾ കുടുതലുള്ള കാലമാണ് ഭൂതകാലം. കാലപ്രത്യയങ്ങളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും ഭൂതകാല പ്രത്യയങ്ങൾ തന്നെയാണ്.

ഇ, ത് എന്ന് രണ്ടു ഭൂതകാല പ്രത്യയങ്ങളാണ് മലയാളത്തിലുള്ളത്. ഇവയിൽ 'ത്' പ്രത്യയത്തെ സംബന്ധിച്ചാണ് ചർച്ചകളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുള്ളത്. വ്യത്യസ്തങ്ങളായ ധാരാളം പ്രത്യക്ഷവൽക്കരണങ്ങളും 'ത്' പ്രത്യയത്തിനുണ്ട്.

'ത്' എന്നല്ല 'തു' എന്നാണ് രാജരാജവർമ്മ (1999, 178) പറഞ്ഞിട്ടുള്ളത്. തുടർന്നു വന്ന വ്യാകരണപഠിതാക്കളും അങ്ങനെത്തന്നെയാണ് പറഞ്ഞുപോന്നത്. ആധുനിക പഠിതാക്കൾ വ്യത്യസ്ത അഭിപ്രായക്കാരാണ്; 'ത്' എന്നാണ് ഒരു നിരീക്ഷണം (Zacharia,1990:108). ആഷർ, കുമാരി എന്നിവരാകട്ടെ (1997:286) വ്യഞ്ജനമല്ല സ്വരമായ 'ഉ' ആണ് ഭൂതകാലപ്രത്യയം എന്നു പറഞ്ഞിരിക്കുന്നു. പൂർവ്വദ്രാവിഡത്തിൽ 'ത്' എന്നാണ് ഭൂതകാലപ്രത്യയത്തെ കണക്കാക്കിയിട്ടുള്ളത് (Krishnamurthi, 2003:291). വിനയെച്ചരൂപങ്ങളിൽ ഉകാരം കാണുന്നില്ല എന്നതും ശ്രദ്ധേയമാണ്. ഇക്കാരണങ്ങളാൽ 'ത്' എന്നതിനെയാണ് ഇവിടെ ഭൂതകാലപ്രത്യയമായി പരിഗണിക്കുന്നത്. പൂർണക്രിയയിൽ ഉകാരം ചേർന്ന് 'തു' എന്നാണ് ഇത് പ്രത്യക്ഷപ്പെടുന്നത് എന്നുമാത്രം.

**ത്**

ഭൂതകാല പ്രത്യയം 'ത്' എന്ന് കാണുന്നത് ചുരുക്കം സന്ദർഭങ്ങളിലേ ഉള്ളൂ. 'ചെയ്യുക' എന്ന ക്രിയയുടെ ഭൂതരൂപമായ 'ചെയ്തു' എന്നതാണ് കർസോനിയിൽ കാണുന്ന ഒരു രൂപം.

'...തിന്മ ചേയ്തു' (17:1:10) എന്ന മട്ടിലാണ് അത്. ഇതിന്റെ വിനയെച്ച രൂപങ്ങളും കാണാനുണ്ട്.

**ത്ത്**

എടുത്ത്, ഉടുത്ത് – എന്നിങ്ങനെ 'ത്ത്' ഭൂതകാല പ്രത്യയമായി കർസോനിയിൽ കാണാം.

"...മുതൽ എടുത്ത് കയ്കാര്യം എന്നും നടന്നു കൊള്ളണം" (4:1:10)

" ...തീ ഉടുത്ത് എരുതീ പൊതച്ചരും ആയാ മാലാകേമാര്യും .... "(11:1:11–12)

എന്ന് രണ്ടിടത്തും മുൻവിനയെച്ചമായി പ്രയോഗിച്ചിരിക്കുന്ന രൂപങ്ങൾ 'ത്ത്' എന്ന ഭൂതകാലപ്രത്യയത്തിനുദാഹരണമായി കാണാവുന്നതാണ്.

**ച്ച്**

പൊറുപ്പിച്ചു, പണീച്ചു – തുടങ്ങിയ രൂപങ്ങളിൽ 'ച്ച്' എന്നാണ് ഭൂതകാല പ്രത്യയം കാണുന്നത്.

"...തൻറേ ശക്ക്തിയേ പൊറുപ്പിച്ചു വന്നയവേൻ..." (3:1:6–7)

"...പള്ളിയും മുറിയും പണീച്ചു" (4:1:6) എന്നിങ്ങനെ ഉദാഹരണങ്ങൾ.

**ട്**

കണ്ടു – എന്നുള്ളിടത്ത് 'ട്' ആണ് കാലപ്രത്യയമായി കാണുന്നത്. ണകാരത്തോട് ചേർന്നാണ് 'ട്' കാണുന്നത്.

"...നുയംപ് കൊൺട് ദെയ്വത്തേ കൺട് തൻറേ രെഹ്സ്യങ്ങൾ പടിച്ചു" (1:1:12–13)

**ട്ട്**

ഇംപ്പപ്പെട്ടു, പിറക്കപ്പെട്ടു – എന്നിവിടങ്ങളിൽ 'ട്ട്' എന്നാണ് കാലപ്രത്യയം

കാണുന്നത്.

"...എനദു ചൊല്ലിയത് തംപുരാനേ പെർരമ്മ പ്റക്കപ്പെട്ടുവെന്ന് ആകുന്നു" (6:1:16–17)

"...പ്റഭയുട് ഓളങ്ങളിൽ അവേൻ ഇംപപ്പെട്ടു" (1:1:2–3)

ഇവിടെയൊക്കെ 'ട്ട്' എന്നാണ് ഭൂതപ്രത്യയം പ്രത്യക്ഷമാകുന്നത്.

**ന്ന്**

ആയിരുന്നു, ഇരുന്നു, ചെന്നു, തിന്നു – എന്നിങ്ങനെ ധാരാളം ക്രിയകളിൽ 'ന്ന്' ഭൂതകാലപ്രത്യയമായി വരുന്നുണ്ട്.

"പൂമി ഒഴിയപ്പെട്ടതും ചമ്യമില്ലാത്തതുമായിരുന്നുവെന്ന് ചൊല്ലിയത് ഹന്നാക്ക് മക്കളില്ലാതേ മച്ചി ആയ്രുന്നുവെന്നാകുന്നു" (6:1:11–13)

"നാല്പതു ദിവ്സം ദെയ്വത്തോടു കൂടേ മേശയിൽ ഇരുന്നു അപ്പ്ം കൂടാതേ പ്റഭയുട് ഓളങ്ങളിൽ അവേൻ ഇംപപ്പെട്ടു." (1:1:1–3)

"അവേൻ തിന്നുവെന്നു വരികിൽ ആ പടിത്ത്വം അവൻ കയ്ക്കൊള്ളുന്നിലാഞ്ഞു" (1:1:13–14)

എന്നിങ്ങനെ ഭൂതപ്രത്യയം 'ന്ന്' എന്ന് പ്രത്യക്ഷമാവുന്ന സന്ദർഭങ്ങൾ കർസോനി പാഠങ്ങളിൽ സാധാരണമാണ്.

**ഞ്ഞ്**

'ഞ്ഞ്' ഭൂതകാലപ്രത്യയമായി വരുന്ന രൂപങ്ങളും കർസോനിയിൽ കാണാൻ കഴിഞ്ഞു. അറിഞ്ഞും, ഉരിഞ്ഞ് – എന്നിങ്ങനെയുള്ള രൂപങ്ങളിൽ 'ഞ്ഞ്' എന്നാണ് ഭൂതകാലപ്രത്യയം പ്രത്യക്ഷമാകുന്നത്.

'ന്ന്'വിന് ഉദാഹരണമായി പറഞ്ഞ വാക്യങ്ങളിൽ മൂന്നാമത്തേതിൽ 'ഞ്ഞ്' എന്ന പ്രത്യയത്തേയും കാണാവുന്നതാണ്.

'കയ്ക്കൊള്ളുന്നിലാഞ്ഞു' (1:1:14:3)

"...നിൻറേ തിരുമുന്ന്ൽ അറിഞ്ഞും അറിയാത്യും..." (9:1:15–17)

ഇവിടെയൊക്കെ 'ഞ്ഞ്' എന്നാണ് പ്രത്യക്ഷവൽക്കരണം.

**ഇ**

പ്രധാനപ്പെട്ട മറ്റൊരു ഭൂതകാലപ്രത്യയം 'ഇ' ആണ്. കരുതി, ചൊല്ലി, അരുളി എന്നിങ്ങനെ ഭൂതകാലപ്രത്യയം 'ഇ' എന്നുപയോഗിക്കുന്നത് കർസോനിയിൽ സാധാരണമാണ്. 'ഞ്ഞ്' പ്രത്യയത്തിനു കൊടുക്കുന്ന ഒടുവിലത്തെ ഉദാഹരണങ്ങളിൽ 'കഴുകി' (9:1:17:1) എന്ന ക്രിയ കാണാവുന്നതാണ്.

കരുതുക - കരുതി

ചൊല്ലുക - ചൊല്ലി

പകർത്തുക - പകർത്തി

ഊന്നുക - ഊന്നി

എന്നിങ്ങനെ ധാരാളം ഭൂതകാല ക്രിയകൾ 'ഇ'കാരത്തിൽ അവസാനിക്കുന്നതായി കാണാം.

"...പിലസായും ചെരിപ്പും കെയ്ത്തേയം ക്ര്ുതികൊണ്ട് കുളിപ്പിപ്പാൻ തൊട്ങ്ങ്ണം" (10:1:4-5)

"...കർയാ എൻറ തൻറേ അപ്പനോട് ചൊല്ലി... " (12:1:9-10)

എന്നിവ ഉദാഹരണങ്ങൾ.

5.7.3.3.1 ഇങ്ങനെ വ്യത്യസ്ത രൂപങ്ങളും പ്രത്യക്ഷവൽക്കരണങ്ങളും ഉണ്ടെങ്കിലും ഇ, ത് എന്ന് രണ്ട് പ്രത്യയങ്ങളാണ് ഭൂതകാലത്തിനുള്ളത് എന്ന് സൂക്ഷ്മമായി ആലോചിച്ചാൽ കാണാവുന്നതാണ്. ത്ത്, ച്ച്, ട്, ട്ട്, ന്ന്, ഞ്ഞ് - എന്നിവയൊക്കെ സ്വനപരമോ, രൂപപരമോ ആയ കാരണങ്ങൾ കൊണ്ട് മാറിത്തീർന്ന 'ത്' തന്നെയാണ്.

**5.7.4 മുൻവിനയെച്ചം**

അപൂർണമായ ഭൂതകാലക്രിയയാണ് മുൻവിനയെച്ചം. 'ഇ' പ്രത്യയത്തിലവസാനിക്കുന്ന ഭൂതകാലക്രിയാരൂപങ്ങൾക്ക് മുൻവിനയെച്ചത്തിനായി പ്രത്യേകം പ്രത്യയങ്ങളൊന്നും ചേർക്കാറില്ല. പദക്രമംകൊണ്ട് മുൻവിനയെച്ചം തിരിച്ചറിയാം. ആദ്യം വരുന്നത് മുൻവിനയെച്ചം തുടർന്നുവരുന്നതു പൂർണക്രിയ എന്നു ക്രമം.

"ഇത് എല്ലം ചൊല്ലി നംസ്ക്ക്രിച്ച് കുളിപ്പിച്ചതിൻറേ ശേഷം..." (10:13:1-2)

"മാനുഷരും മ്റുഗങ്ങളും പർവകേളും ഉർവകളുംജി കുടിച്ച് ജീവിച്ചിരിപ്പാനും വെള്ളം വേൺട്ടപ്പെടുന്നു." (3:1:17-19)

ഇവിടെ ചൊല്ലി, ഉറ്വളുംജി - എന്നിവ മുൻവിനയെച്ചങ്ങളായാണ് നിൽക്കുന്നത്. നിഷേധരൂപങ്ങളിൽ 'ഏ' എന്നൊരു പ്രത്യയം മുൻവിനയെച്ചത്തിന്റേതായി കാണുന്നുണ്ട്. 'ആത്' എന്ന നിഷേധരൂപത്തിലാണ് 'ഏ'ചേരുന്നത്.

"പൂമി ഒഴിയപ്പെട്ടതും ചമ്യമില്ലാത്തതുമായിരുന്നുവെന്ന് ചൊല്ലിയത് ഹന്നാക്ക് മക്കളില്ലാതേ മച്ചി ആയിരുന്നുവെന്നാകുന്നു." (6:1:12-14)

"നിൻറേ തിരുമുന്നിൽ അറിഞ്ഞും അറിയാത്യും മനസാൽയും മനസുകൂടാത്യും നിനവ് കൊൺടും വചനം കൊൺടും പ്റവ്ത്തി കൊൺടും ഞാൻ പിഴച്ച പിഴകൾ ഒക്കെയും എനോട് ക്ഷമിച്ച് പൊറുത്തുകൊള്ളണമേ." (9:1:2-26)

എന്നും കാണുന്നുണ്ട്. 'ത്' പ്രത്യയത്തിന്റെ എല്ലാ രൂപഭേദങ്ങൾക്കും സംവൃതോകാരത്തിലോ വിവൃതോകാരത്തിലോ അവസാനിക്കുന്ന രൂപങ്ങൾ അതാതിന്റെ മുൻവിനയെച്ചെരൂപങ്ങളാണ്.

"മാനുഷരും... ഉർവകളുംജി കുടിച്ച് ജീവിച്ചിരിപ്പാനും" (3:1:17-19)

"കുളിപ്പിച്ചാലുടൻ ആ കുപ്പായവും കമ്മീസും ഇടീച്ച് നമുസ്കരിക്കുന്നതു" (7:1:8-9)

"തീ ഉടുത്ത് എരുതീ പൊതച്ചവരും ആയ മലാകേമാര്യും സ്റുഷ്ടിച്ചതും" (11:1:11-12)

'...രോഗി ആയിരിക്കുന്ന്വ്നേ പൊറുപ്പിച്ചു നമ്മുടേ കർത്താവ് അവ്നേ എഴുന്നേൽപിക്കുമെന്നും...' (15:1:7-9) എന്നിങ്ങനെ.

**5.7.5 പേരെച്ചം**

അ/ആ എന്നാണ് കർസോനി രേഖകളിൽ കാണുന്ന പേരെച്ച പ്രത്യയം. 'ഉം' എന്നവസാനിക്കുന്ന ഭാവികാലരൂപങ്ങളിലൊഴികെ എല്ലായിടത്തും, നിഷേധ

രൂപങ്ങളിലടക്കം ഇതു തന്നെയാണ് പേരെച്ചപ്രത്യയം.

"...ലോകത്തിന്ന് തുണക്ളേ ഒഴുക്കുന്ന ആറുകളേ..." (3:1:3-4)

"കത്ത്ങ്ങ്ളും ശെമ്മാശെമ്മാരും മരിച്ചാൽ അട്ക്കുന്നാ ക്റെമങ്ങ്ൾ..." (10:1:1-2)

"നീളം കുറഞ്ഞ രോമം" (8:1:6)

"ഞാൻ പിഴച്ച പിഴകൾ ഒക്കെയും" (9:1:5)

"ദെയ്വമാർഗം അറിയുന്നില്ലാത്ത് കാവിയേർ..." (13:1:4-5) ഇവിടെ 'ഇല്ലാത്ത്' എന്നാണ് കാണുന്നത്. ഇത് കർസോനി എഴുത്തിന്റെ സവിശേഷതയായി ഗണിക്കാം. സ്വരചിഹ്നത്തിന്റെ അസ്ഥിരതകൊണ്ട് അകാരചിഹ്നം വിട്ടുപോയതാകണം. മാത്രവുമല്ല മറ്റെല്ലായിടത്തും 'അ' തന്നെയാണ് പേരെച്ചപ്രത്യയമായി കാണുന്നത്.

'ഉം' എന്ന ഭാവികാലപ്രത്യയത്തിനു ശേഷം പേരെച്ചപ്രത്യയം ചേർക്കാറില്ല. "കത്തങ്ങളും ...റംപൻമാരും മരിച്ചാൽ അടക്കേൺടും ക്റമങ്ങൾ" (7:1:1-2) എന്ന് ഭാവികാലത്തിൽ ശൂന്യപ്രത്യയമാണ് ഉള്ളത്.

**5.7.6 നാമനിർമ്മായിക്രിയാരൂപങ്ങൾ (Conjugated Verbal Forms)**

ക്രിയയും സർവ്വനാമങ്ങളും ചേർന്നാണ് നാമനിർമ്മായി ക്രിയാരൂപങ്ങൾ ഉണ്ടാക്കുന്നത്. ക്രിയയുടെ പെരെച്ചരൂപങ്ങളോട് പ്രഥമപുരുഷസർവ്വനാമങ്ങൾ ചേർത്താണ് ഇത് സാധിക്കുന്നത്. അവൻ, അവൾ, അത് എന്ന് ഏകവചനരൂപങ്ങളും അവർ എന്ന് ബഹുവചനരൂപവും കാണാവുന്നതാണ്.

"നമ്മുടേ കർത്താവ് ഈശോമിശിഹാ എല്ലാ ലോകങ്ങളുടേയും മുന്നൽ ബാവായിൽ നിന്ന് പിർന്നവ്നാകുന്നു." (11:1:5-7)

"...രോഗി ആയിരിക്കുന്ന്വ്നേ പൊറുപ്പിച്ചു നമ്മുടേ കർത്താവ് അവ്നേ എഴുന്നേൽപ്പിക്കമെന്നും..." (15:1:7-9)

"ആറുകെൾ എന്നു ചൊല്ലിയതു വെള്ളമാകുന്നു." (3:1:8-9)

"പൂമി ഒഴിയപ്പെട്ടതും ചമയമില്ലാത്തതും..." (6:1:2-3)

"ശുദ്ദമാക്കപെട്ട്വ്രുടേ മേലുള്ളാ എക്ബേകേളുട്പൊസ്ത്തകത്തിൽ..." (3:1:1-2)

പ്രഥമപുരുഷ ഏകവചനത്തിലെ നപുംസകസർവ്വനാമപ്രത്യയം(തു) ചേർത്തിട്ടുള്ള നാമനിർമ്മായിക്രിയാരൂപങ്ങൾ പൂർണക്രിയക്കു പകരം പ്രയോഗിച്ചു കാണുന്നുണ്ട്.

"ആയതിനാൽ അത്രേ ബാവാ എന്ന് തിരുനാംപ്രു പറയുന്നത്." (11:1:8-9)

"...മാർ അപ്റേയ്ം മൽപ്പാൻ എഴുതി ഇരിക്കുന്ന്ത്." (3:1:2)

മിഷണറി മലയാളത്തിന്റെ സവിശേഷതയായി സ്കറിയാ സക്കറിയയും(Zacharia, 1990: 110) രാമസ്വാമി അയ്യരും (Ramaswami Aiyar, 1940: 435) ഇതിനെ നിരീക്ഷിക്കുന്നുണ്ട്.

**5.7.7 പാക്ഷികവിനയെച്ചം**

ഭൂതകാലരൂപത്തോട് 'ആൽ' പ്രത്യയം ചേർത്തും ക്രിയയുടെ നടുവിനരൂപത്തോട് 'ഇൽ' പ്രത്യയം ചേർത്തുമാണ് പാക്ഷികവിനയെച്ചം സൃഷ്ടിക്കുന്നത്.

'കത്തങ്ങളും... മരിച്ചാൽ... ' (7:1:1-2)

'അവേൻ തിന്നുവെന്നു വരികിൽ... ' (1:1:13)

പ്രത്യയചേർച്ച കൂടാതേ 'എങ്കിൽ' എന്ന ശബ്ദം ചേർത്തും പാക്ഷികാർത്ഥം വിനയെച്ചങ്ങൾക്ക് ഉണ്ടാക്കാറുണ്ട്.

'ഒരുത്ത്ൻ രോഗി ആയിരിക്കുന്നു എൻകിൽ...' (15:1:9-10)

'...ദോഷ്ങ്ങൾ അവൻ ചേതിരിക്കു എൻകിൽ പൊർക്ക്പ്പെടുന്നു...' (15:1:9-10)

'എങ്കിൽ' എന്നതിനോട് സമുച്ചയനിപാതം ചേർത്ത് 'എങ്കിലും' എന്ന് പ്രയോഗിക്കുന്നതും പാക്ഷികാർത്ഥസിദ്ധിക്കു തന്നെയാണ്. 'എന്നിരുന്നാലും' എന്ന വിശേഷമായ അർത്ഥമാണ് അവിടെ ലഭിക്കുക എന്നുമാത്രം.

'ഞങ്ങളുടേ കർത്താവായാ ഈശോമ്ശിഹാ ഞാൻ യോഗ്യനാകുന്നില്ലാ എൻകിലും നിന്നേ പെർരമ്മയുടേയും...' (9:1:10-12)

**5.7.8 നടുവിനയെച്ചം**

നടുവിനയെച്ചരൂപത്തെ സംബന്ധിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണ് ആധുനിക വൈയാകരണന്മാർ വെച്ചുപുലർത്തുന്നത്. ഏ.ആർ. ഇതിനെ അപൂർണക്രിയയായി പരിഗണിക്കുമ്പോൾ കെ.സുകുമാരപിള്ള (1980:306), പുതുശ്ശേരി രാമചന്ദ്രൻ ( Ramachandran,1973) തുടങ്ങിയവർ ഇതിനെ ക്രിയാനാമങ്ങളായാണ് പരിഗണിക്കുന്നത്. ക്രിയയായും നാമമായും നിൽക്കാൻ കഴിയുന്ന രൂപമാണ് ഇവക്കുള്ളത്.

അ, കാ എന്നീ പ്രത്യയങ്ങളാണ് കർസോനിയിൽ കണ്ടത്. കേ എന്ന രൂപഭേദവും കണ്ടിട്ടുണ്ട്.

ഒഴിയപ്പട്ടതും (13:1:2:5)

എടുക്കയും (13:1:9:3)

അരുളിച്ചെയ്കാ (16:1:6:2)

പൂട്ടുകേയും (13:1:8:6)

എന്നിങ്ങനെയുള്ള രൂപങ്ങളാണ് നടുവിനയെച്ചത്തിന്റേതായിട്ടുള്ളത്. ഒഴിയ, എടുക്ക എന്ന് 'അ', ചെയ്കാ എന്ന് 'കാ', പൂട്ടുകേ എന്ന് 'കേ'. അ, ക, ഉക എന്നിവയാണ് മലയാളത്തിലെ നടുവിനയെച്ച പ്രത്യയങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് (രാജരാജവർമ്മ, 1999; Asher & T.C.Kumari,1997). ഇതിൽനിന്നു ഭിന്നമായി കാ, കേ എന്നീ പ്രത്യയങ്ങൾകൂടി കർസോനിയിൽ കാണുന്നുണ്ട്.

**5.7.9 തൻവിനയെച്ചം**

എ, ഏ എന്ന് രണ്ട് പ്രത്യയങ്ങളാണ് തൻവിനയെച്ചത്തിന്റേതായി കണ്ടിട്ടുള്ള പ്രധാനപ്പെട്ടവ. 'ഇൽ' പ്രത്യയം ചേർത്തുള്ള പ്രയോഗവും വിശേഷമായി കണ്ടിട്ടുണ്ട്. 'ഇൽ' ചേർക്കുമ്പോൾ 'എ'ക്കു പകരം 'അ'യും പ്രയോഗിച്ചുകാണാം.

"ക്റ്സ്ഥ്യാനികേൾ ശുദ്ദ്മാന ഞായറാഴിച്ച അഴിച്ച് അതിൽ പലരും കാണേ കന്നുകാലി പൂട്ടുകേയും..." (13:1:7-8)

"...ദെയ്വാൽമാവ് വെള്ളത്തുമ്മേൽ വാസിച്ചുമിരിക്കെയിൽ ദെയ്വം വെളി ച്ചമുൺട്കട്ടേ എന്ന്രുളിച്ചെയ്തു." (6:1:3-5)

"അങ്ങനേ ഇരിക്കയിലേ വെളിച്ചമുൺടാകട്ടേ എന്ന് ദെയ്വം അരുളിച്ചെ യ്തത്..." (6:1:13-14)

ഇരിക്കെയിൽ - എ+ഇൽ എന്ന് 'എ' പ്രത്യയം ആദ്യം ചേർന്നും ഇരിക്കെ യിലേ - എ+ഇൽ+ഏ എന്ന് രണ്ടു തവണ ചേർന്നും കാണുന്നുണ്ട്. ഇൽ ചേർന്നുള്ള പ്രയോഗങ്ങൾ ആധുനിക മലയാളത്തിൽ പരിചിതമല്ല.

**5.7.10 ക്രിയാവൽക്കരണം**

നാമധാതുക്കളെ പരിഷ്കരിച്ച് ക്രിയയാക്കി മാറ്റി പ്രയോഗിക്കാറുണ്ട്. മറ്റു ഭാഷകളിൽനിന്നും സ്വീകരിച്ചിട്ടുള്ള പദങ്ങളിലാണ് ഇത്തരത്തിൽ പരിഷ്കാരം കൂടുതലും വരുത്തുന്നത്. 'ഇ' പ്രത്യയമാണ് ക്രിയാവൽക്കരണത്തിനായി മല യാളം സാധാരണയായി ഉപയോഗിക്കുന്നത്. കർസോനിയിൽ 'ഇ'പ്രത്യയത്തോ ടൊപ്പം പെട്/പട്, ആക്, ചെയ് - എന്നീ ക്രിയാധാതുക്കൾ ചേർത്തും ക്രിയാ വൽക്കരണം സാധിച്ചിട്ടുണ്ട്.

"...എനോടേ ക്ഷമിച്ച് പൊറുത്തു കൊള്ളണമേ" (9:1:6)

"ഇത് എല്ലാം ചൊല്ലി നംസ്കരിച്ച് കുളിപ്പിച്ചതിൻറേ ശേഷം..." (10:2:1-2)

"വയലുകളിൽ ക്റുഷി ചെയ്വാനും പർംപുകേളിൽ..." (3:1:13-14)

"...വസ്ത്തുവകെക്ൾ കയ്കാര്യം ചെയ്തും..." (5:1:12-13)

"...പ്റഭയുട് ഓളങ്ങളിൽ അവേൻ ഇംപ്പപ്പെട്ടു." (1:1:2-3)

"പള്ളിമേൽ അവകാശപ്പെട്ടും ഭക്തിയോടെ ബരിച്ചും..." (4:1:9)

"ഞങ്ങളുടേ കർത്താവായാ ഈശോമ്ശിഹാ ഞാൻ യോഗ്യ്നാകുന്നില്ല എൻകിലും..." (9:1:10-11)

ഇവിടെ കൊടുത്തിട്ടുള്ള എല്ലാ വാക്കുകളും സംസ്കൃതമാണ് എന്നത് ശ്രദ്ധേയമാണ്. ആദത്തവാക്കുകളി(Borrowed words)ലാണ് ക്രിയാവൽക്കരണം കൂടുതലായി നടക്കുന്നത് എന്നതിന് ആധുനിക മലയാളത്തിലും ധാരാളം ഉദാഹ

രണങ്ങൾ ഉണ്ട്. ഇംഗ്ലീഷിൽനിന്നും സ്വീകരിച്ചിട്ടുള്ള പല പദങ്ങളും ക്രിയയാക്കി ഉപയോഗിക്കുന്നത് അങ്ങനെയാണ്. (ഫോൺ ചെയ്യുക, അഡ്ജസ്റ്റ് ചെയ്യുക, ക്ലാപ് ചെയ്യുക, പ്രിപ്പയർ ചെയ്യുക, റിപ്പയർ ചെയ്യുക).

**5.7.11 ക്രിയാനാമം**

ക്രിയകളിൽ പലതരം പ്രത്യയങ്ങൾ ചേർത്ത് ഉണ്ടാക്കിയെടുക്കുന്ന നാമരൂപങ്ങളെയാണ് ക്രിയാനാമങ്ങൾ എന്നു പറയുന്നത്. പാരമ്പര്യ വ്യാകരണത്തിലെ സിദ്ധക്രിയകൾ ആണിവ. നാമരൂപസിദ്ധിക്കു വേണ്ടി ക്രിയയോടു ചേർക്കുന്ന പ്രത്യയങ്ങളെ കൃത്ത് എന്നാണ് രാജരാജവർമ്മ (1999: 264)വിളിക്കുന്നത്. കർസോനി പാഠങ്ങളുടെ മാതൃകാവിശകലനത്തിൽ ഏഴുതരം പ്രത്യയങ്ങൾ ചേർന്നിട്ടുള്ള ക്രിയാനാമങ്ങളെ കണ്ടെത്താൻ കഴിഞ്ഞു. പ്രത്യയങ്ങളുടെ അടിസ്ഥാനത്തിൽ അവയെ വിവരിക്കുന്നു.

**അം**

ക്രിയയിൽനിന്നും നാമമുണ്ടാക്കാൻ ധാരാളമായി ഉപയോഗിക്കുന്ന പ്രത്യയമാണ് 'അം'.

ചമയം - ചമയമില്ലാത്തതും (6:1:3:1)

വെളിച്ചം - വെളിച്ചവും (6:1:6:2)

വിദാനം - എടാവിദാനം (17:1:2:1)

എന്നീ രൂപങ്ങളിൽ ക്രിയാനാമപ്രത്യയമായി 'അം' പ്രയോഗിച്ചിരിക്കുന്നു.

അനുനാസികത്തിന് ഖരാദേശദ്വിത്വങ്ങൾ വരുത്തിയതിനുശേഷം 'അം' ചേർക്കുന്ന രീതിയും ക്രിയാനാമസൃഷ്ടിയിൽ കാണാം.

ചുരുങ്ങുക - ചുരുക്കം - ചുരുക്കവും (1:1:15:1)

മുടങ്ങുക - മുടക്കം - മുടക്കവും (1:1:15:4)

മിനുങ്ങുക - മിനുക്കം - മിനുക്കമുള്ളതുമായ (8:1:7:4)

എന്നീ രൂപങ്ങൾ അങ്ങനെ ഉണ്ടാക്കിയിട്ടുള്ളതാണ്.

**ത്ത്വം**

പടിത്ത്വം (1:1:14:1), പടിത്ത്വത്തിൽ (1:1:6:3) എന്നീ രൂപങ്ങളിൽ കാണുന്ന 'ത്ത്വം' (ത്ത്വം) ഭാഷാധാതുക്കൾക്ക് കേരളപാണിനി കല്പിച്ചിട്ടുള്ള 'ത്തം' എന്ന തദ്ധിതപ്രത്യയംതന്നെയാണ്. *കേരളപാണിനീയ*ത്തിലെ കൃത്തുകളെ കുറിച്ചുള്ള ചർച്ചയിൽ സംസ്കൃതധാതുക്കളെ ഉൾപെടുത്താത്തതു കൊണ്ടാണ് ഇത്തരം രൂപങ്ങൾ അവിടെ കടന്നുവരാത്തത്. 'പഠ്' ധാതുവിൽ നിന്നും ക്രിയാനാമ രൂപമുണ്ടാക്കുന്നതിന് തദ്ധിതത്തെ അനുകരിച്ച് 'പഠിത്ത്വം' (പടിത്ത്വം) എന്നുണ്ടാക്കിയിരിക്കുകയാണ്. സംസ്കൃതത്തിൽ ഇങ്ങനെയൊരു രൂപമില്ല.

**പ്പ്**

ഉടുപ്പുകളേ (3:1:12:1), വെടിപ്പാക്കി (1:1:6:1), കൂടപിറപ്പ്കളേ (13:1:1:3), സ്തുതിപ്പുകേളും (11:1:14:1), അറിപ്പിൽ (അറിയിപ്പ്) (2:1:14:3), അറപ്പ് (18:1:2:1) എന്നീ രൂപങ്ങളിൽ കാണുന്ന 'പ്പ്' ക്രിയാനാമപ്രത്യയമാണ്. രാജരാജവർമ്മയും (1999:265) ഈ പ്രത്യയത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. എന്തിന്റെയെങ്കിലും ഫലത്തെയോ അവസ്ഥയെയോ കുറിക്കാനാണ് 'പ്പ്' ചേർക്കുന്നത് (Zacharia,1990:118).

**ച**

വാഴിച്ച (വാഴ്ച) എന്ന രൂപമാണ് 'ച' ചേർന്ന് കണ്ടത്. 'പിൻവാഴിച്ചക്കാരായ' (4:1:8:2, 5:1:10:4) എന്നാണ് പ്രയോഗം. ചകാരത്തിന്റെ ഇരട്ടിപ്പ് ഉച്ചാരണത്തിനനുസരിച്ച് വന്നതാണ്. കൂട്ടക്ഷരമാണെന്നു കാണിക്കാൻ അടിവരയിട്ടതുമായിരിക്കാം. 'പിന്നീടുവരുന്ന അധികാരികൾ' എന്ന അർത്ഥത്തിലാണ് ഇവിടെ പ്രയോഗം.

**മ**

'വളർമിപ്പിച്ചു' (17:1:11:4) എന്ന പ്രയോഗത്തിലാണ് 'വളർമ' എന്ന ക്രിയനാമരൂപം കണ്ടത്. ഒർമ്മ, കൂർമ്മ എന്നിങ്ങനെ 'മ' പ്രത്യയത്തെ കൃത്തുകളുടെ കൂട്ടത്തിൽ കേരളപാണിനി കണ്ടെത്തുന്നുണ്ട്. വളർമ്മ, തീർമ്മ, തോല്മ,

വെള്മ, ഉളവാമ എന്നെല്ലാം ഗുണ്ടർട്ടും (1991: 72) പറയുന്നുണ്ട്. വളർമ്മിപ്പിക്കുക പോലുള്ള പ്രയോഗങ്ങൾ ഇന്ന് ഇല്ലാത്തതാണ് ഇത്തരം വിലക്ഷണ പ്രയോഗങ്ങൾ മിഷണറി ഗദ്യത്തിന്റെ സവിശേഷതയായി രാമസ്വാമി അയ്യർ, സ്കറിയാ സക്കറിയ എന്നിവർ നിരീക്ഷിക്കുന്നുണ്ട്.

**പ്പം**

രാജരാജവർമ്മ 'പ്പം' എന്നൊരു കൃത് പ്രത്യയത്തെക്കുറിച്ച് പറയുന്നില്ല. എന്നാൽ ഹെർമൻ ഗുണ്ടർട്ട് (1991: 72) കുഴപ്പം, അടുപ്പം, ഒപ്പം എന്നീ ഉദാഹരണങ്ങൾ സഹിതം 'പ്പം' കൃത് പ്രത്യയമാണെന്ന് പറയുന്നുണ്ട്. കുഴയുക – കുഴപ്പം, അടുക്കുക – അടുപ്പം, ഒക്കുക – ഒപ്പം എന്നിങ്ങനെ ക്രിയയിൽനിന്ന് ഉണ്ടായിട്ടുള്ള നാമങ്ങളായി ഈ രൂപങ്ങളെ കാണാം. ഒപ്പം, വലിപ്പം, എന്നീ രൂപങ്ങളാണ് കർസോനി പാഠവിശകലനത്തിൽ ലഭിച്ചവ. 'ഒപ്പമാക്കി' (14:1:11:4) എന്ന പ്രയോഗത്തിലാണ് 'ഒപ്പം' കണ്ടത്. ഒക്കുക – ഒപ്പം എന്ന് 'ഒപ്പം' എന്ന രൂപത്തെ ക്രിയയിൽനിന്ന് നിഷ്പാദിപ്പിക്കാമെങ്കിലും 'വലിപ്പം' ക്രിയയിൽനിന്ന് നിഷ്പാദിപ്പിച്ചതാണ് എന്ന് കൃത്യമായി പറയാൻ കഴിയില്ല. വലിയുക – വലിപ്പം എന്നു വന്നെങ്കിൽ മാത്രമേ ക്രിയാനാമമെന്നു പറയാൻ കഴിയൂ. എന്നാൽ 'വലിപ്പം' എന്നതിന് വലിയുക എന്ന ക്രിയയുടെ അർത്ഥവുമായി നേരിട്ട് ബന്ധമില്ല എന്നു കാണാം. വല് – വലിയ എന്ന് പേരെച്ചത്തിനു തുല്യമായ രൂപങ്ങൾ ഉള്ളതുകൊണ്ട് ക്രിയയല്ല എന്നും പറയാൻ കഴിയില്ല. അതുകൊണ്ട് ഇവിടെ ക്രിയാനാമങ്ങളുടെ കൂടെ പെടുത്തിയിരിക്കുകയാണ്. തദ്ധിതചർച്ചയിൽ രാജരാജവർമ്മ(1999:174) ഇങ്ങനെയൊരു സന്നിഗ്ദ്ധത നേരിടുന്നതായി കാണാം.

**ക്ക്**

'അഴുക്ക് ' (9:1:16:1) എന്ന രൂപത്തിന് 'അഴുകുക' എന്ന ക്രിയയുമായാണ് ബന്ധം. അതുകൊണ്ടു തന്നെ ഇതിനെ ക്രിയാനാമമായി പരിഗണിക്കാവുന്നതാണ്. രാജരാജവർമ്മയോ ഗുണ്ടർട്ടോ ഇങ്ങനെയൊരു പ്രത്യയത്തെക്കുറിച്ച് പറയുന്നില്ല. തീരെ ദുർല്ലഭമായ രൂപമല്ല ഇത് എന്നതിന് പുഴുക്ക്, മെഴുക്ക് തുടങ്ങിയ

ക്രിയാനാമങ്ങൾ തെളിവാണ്.

**വ്**

വെളിവ് - വെളിവായി (1:1:3:4)

ചെലവ് - ചിലവ്കേളാലേയും (4:1:5:6)

വാഴ്വ് - വാഴുവും (5:1:13:6)

നിനവ് - നിനവ്കൊൺടും (9:1:4:2)

അറിവ് - തിരിച്റിവ് (2:1:11:2)

എന്നിങ്ങനെ 'വ്' പ്രത്യയം ചേർന്ന ക്രിയാനാമങ്ങൾ കാണാം.

**ധാതു**

ക്രിയാധാതു അങ്ങനെത്തന്നെ നാമമായി ഉപയോഗിക്കുന്നതും കർസോനി പാഠങ്ങളിൽ കണ്ടിട്ടുണ്ട്.

മൊഴി - മൊഴികളുടേ (2:1:10:5)

ഇരുൾ - ഇരുളും (6:1:3:3)

തുണ - തുണക്ളേ (3:1:4:1)

പിഴ - പിഴകൾ (9:1:5:4)

കുറി - കുറിയിൽ (15:1:2:3)

എന്നിങ്ങനെയുള്ള രൂപങ്ങൾ ക്രിയാധാതുവിനെത്തന്നെ നാമമായി ഉപയോഗിക്കുന്നതിന് തെളിവാണ്.

**5.8 നാമം**

ക്രിയയുമായി ബന്ധപ്പെട്ടു വരുന്ന നാമരൂപങ്ങളെ ക്രിയാവിഭാഗത്തിൽപെടുത്തി വിവരിച്ചതിനാൽ ഇവിടെ അവയെ പരിഗണിക്കുന്നില്ല. നാമപ്രകൃതിയിൽ പലതരം പ്രത്യയങ്ങൾ ചേർന്ന് അവയ്ക്ക് രൂപമാറ്റം സംഭവിക്കുന്നു. ലിംഗവചനവിഭക്തിപ്രത്യയങ്ങളാണ് രൂപഭേദത്തിനായി നാമത്തിനോടു ചേർക്കുന്ന പ്രത്യയങ്ങൾ. ഈ മൂന്നുവകുപ്പിലുമുള്ള പ്രത്യയങ്ങൾ മേൽപ്പറഞ്ഞ ക്രമത്തിൽ മേൽക്കുമേലും ചേരാറുണ്ട്. അർത്ഥമനുസരിച്ചുള്ള ലിംഗമാണ് മലയാളത്തിലു

ള്ളത്. പുരുഷൻ അർത്ഥമായിരിക്കുമ്പോൾ പുല്ലിംഗവും സ്ത്രീ അർത്ഥമായിരിക്കുമ്പോൾ സ്ത്രീലിംഗവും ഇതു രണ്ടുമല്ലാത്തത് നപുംസകവും എന്നാണ് മലയാളത്തിലെ ലിംഗവ്യവസ്ഥ. പ്രഥമ പുരഷനിലാണ് ഇങ്ങനെയുള്ള ലിംഗഭേദം ഉള്ളത്.

ഏകവചനം, ബഹുവചനം എന്ന് രണ്ട് വചനങ്ങളാണ് മലയാളത്തിലുള്ളത്. അതിൽത്തന്നെ ബഹുവചനത്തിനുമാത്രമേ പ്രത്യേകം പ്രത്യയങ്ങൾ ഉള്ളൂ. സാധാരണയായി സംജ്ഞാനാമങ്ങൾക്ക് ബഹുവചനരൂപങ്ങളില്ല. എന്നാൽ സവിശേഷാർത്ഥത്തിൽ സംജ്ഞാനാമത്തിൽ ബഹുവചനപ്രത്യയം ചേർത്ത് പ്രയോഗിക്കാറുണ്ട്. 'അതുപോലെയുള്ള ധാരാളം' എന്ന് സാമാന്യാർത്ഥത്തിൽ പ്രയോഗിക്കുമ്പോഴാണ് ഇങ്ങനെ ചെയ്യുന്നത്. (ഉദാ: 'ഭോപ്പാലുകൾ ആവർത്തിക്കപ്പെട്ടുകൂടാ..', 'എത്ര കൃഷ്ണന്മാർ അവതരിച്ചാലും...') വിഭക്തിപ്രത്യയങ്ങളാണ് നാമത്തോട് ചേരുന്ന മറ്റൊരു വിഭാഗം. നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, സംബന്ധിക, പ്രയോജിക, ആധാരിക എന്ന് ഏഴു വിഭക്തികളാണ് മലയാളത്തിൽ പൊതുവായി അംഗീകരിച്ചിട്ടുള്ള വിഭക്തികൾ. സംബോധനയെക്കൂടി പരിഗണിച്ചാൽ എട്ടുവിഭക്തി എന്നു പറയാം.

5.8.1 നാമങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം ഗണിക്കേണ്ട ഒരു വിഭാഗമാണ് പുരുഷസർവ്വനാമങ്ങൾ. മൂന്നു പുരുഷനാണ് ഉള്ളത്; ഉത്തമ മധ്യമ പ്രഥമ പുരുഷന്മാർ. അതിൽ പ്രഥമപുരുഷന് ലിംഗഭേദവും ഉണ്ട്. പ്രകൃത്യാതന്നെ നാമങ്ങളായ നാമങ്ങൾ, മറ്റേതെങ്കിലും (നാമം/ദ്യോതകം) പ്രകൃതിയിൽനിന്നും ഉണ്ടാക്കിയെടുത്തിട്ടുള്ള നാമങ്ങൾ അഥവാ വ്യുൽപ്പന്നനാമങ്ങൾ എന്ന് നാമങ്ങളെ അടിസ്ഥാനപരമായി രണ്ടായി ഗണിക്കേണ്ടതുണ്ട്. വ്യുൽപ്പന്നനാമങ്ങളെ തദ്ധിതനാമങ്ങൾ എന്നാണ് രാജരാജവർമ്മ (1999:171) വിളിക്കുന്നത്.

നാമങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ സചേതനം, അചേതനം എന്നൊരു വേർതിരിവ് പ്രസക്തമാണ്. വചനപ്രത്യയങ്ങളുടെയും വിഭക്തിപ്രത്യയങ്ങളുടെയും മറ്റും പ്രയോഗത്തിൽ ചിലപ്പോഴൊക്കെ സചേതനാചേതനത്വം പ്രസക്തമാകാറു

ണ്ട്. അചേതനനാമങ്ങളിൽ പ്രതിഗ്രാഹികാപ്രത്യയം ചേരാറില്ല എന്നത് ഉദാഹരണം.

### 5.8.2 **വ്യുൽപ്പന്നനാമങ്ങൾ**

മലയാളത്തിലെ വ്യുല്പന്നനാമങ്ങൾ പലതരം പ്രത്യയങ്ങൾ ചേർന്നുണ്ടാകുന്നവയാണ്. വ്യുല്പന്നനാമങ്ങളുടെ അർത്ഥമനുസരിച്ച് അവയെ പലവകുപ്പുകളായി തിരിച്ച് വിവരിക്കുന്ന രീതിയാണ് പാരമ്പര്യവ്യാകരണത്തിൽ ചെയ്തിട്ടുള്ളത് (രാജരാജവർമ്മ, 1999). ആധുനിക പഠിതാക്കൾ ഇത്തരമൊരു രീതിയെ പിന്തുടരുന്നതിൽ താല്പര്യം കാണിക്കുന്നില്ല (Zacharia, 1990).

**ക്കാർ/കാർ**

കാരൻ/കാരി എന്ന വ്യുൽപ്പന്ന ഏകവചനപ്രത്യയത്തിന്റെ ബഹുവചനരൂപമാണ് കാർ/ക്കാർ എന്നത്. കർസോനി പാഠങ്ങളിൽ ഈ രൂപം കാണുന്നുണ്ട്.

പട്ട<u>ക്കാർ</u> (5:1:10:5)

പിൻവാഴിച്ച്<u>ക്കാർ</u> (5:1:10:4)

മേപ്പട്ട<u>ക്കാര</u>രും (9:1:8:5) എന്നിങ്ങനെ.

**ലിംഗവചനപ്രത്യയങ്ങൾ**

മലയാളത്തിൽ അൻ, അൾ, തു, അർ - എന്നീ പ്രത്യയങ്ങൾ സംഖ്യാശബ്ദങ്ങളോട് ചേർത്ത് നാമങ്ങളെ ഉണ്ടാക്കാറുണ്ട്. അൻ, അർ എന്നീ പ്രത്യയങ്ങൾ ചേർന്നുള്ള വ്യുൽപ്പന്ന നാമങ്ങളാണ് മാതൃകാവിശകനത്തിൽ ലഭിച്ചിട്ടുള്ളത്.

ഒരു<u>വൻ</u> (11:1:2:5)

ഒരു<u>ത്തൻ</u> (15:1:3:2)

മൂ<u>വരു</u>ം (9:1:1:4)

പ<u>ലരു</u>ം (13:1:8:3)

അനേ<u>കരു</u>ം (12:1:1:4)

**മ, ത**

മ, ത എന്നിവ ചേർന്നുള്ള വ്യുല്പന്നനാമങ്ങളും കണ്ടിട്ടുണ്ട്.

തിമ്മ (17:1:10:1)

ശുദ്ധതയാൽയും (9:1:7:2)

യോഗ്യത (9:15:1)

**ആഴ്മ**

ആഴ്മ, ആയ്മ, ആൺമ ഇവയൊക്കെ മലയാളത്തിലെ വ്യുല്പന്ന പ്രത്യയങ്ങളാണ്.

ചുര്രാഴ്മ (9:1:8:1) എന്ന പദമാണ് കർസോനി പാഠങ്ങളിൽ കണ്ടത് സേവനം എന്നാണ് ഈ ശബ്ദത്തിന്റെ അർത്ഥം

**അൻ**

'യോക്കിയനാകുന്നില്ല'(16:1:4:3), 'മുടന്തൻ'(17:1:12:1), തനിയൻ (11:1:5:3) എന്നീ പ്രയോഗങ്ങളിൽ അൻ എന്നൊരു പ്രത്യയമാണ് ചേർന്നിട്ടുള്ളത്.

**സുകം**

'ത്വം' എന്ന സംസ്കൃതശബ്ദത്തിനു തുല്യമായി പ്രാചീന ക്രിസ്ത്യൻരേഖകളിൽ 'സുകം' എന്നൊരു പ്രത്യയം ചേരുന്നതായി കാണാം. കർസോനിയിലും ഇതു കാണുന്നുണ്ട്.

ദെയ്വസുകത്തിൻറേ (1:1:17:2). ദൈവത്വത്തിന്റെ എന്നർത്ഥം.

**5.8.3 ലിംഗം**

അർത്ഥമനുസരിച്ചാണ് ദ്രാവിഡങ്ങളിലെ ലിംഗം നിർണയിക്കുന്നത് എന്നതിനാൽ ലിംഗപ്രത്യയങ്ങൾ പ്രയോഗിക്കേണ്ടിവരുന്നത് ചുരുക്കം സന്ദർഭങ്ങളിൽ ആണ്. പരമ്പരാഗത രീതി അനുസരിച്ച് ലിംഗത്തെ പുരുഷൻ, സ്ത്രീ, നപുംസകം എന്നാണ് തിരിക്കുന്നത്. സർവനാമങ്ങൾക്കും തനിനാമങ്ങൾക്കും പ്രത്യേകം പ്രത്യയം നിർണയിക്കുവാൻ മാത്രം പ്രത്യയബാഹുല്യം കർസോനിയിൽ പാഠവിശകലനത്തിൽ ലഭിച്ചിട്ടില്ല; സ്ത്രീ പ്രത്യയങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും. ആരാധനയുമായി ബന്ധപ്പെട്ട പാഠങ്ങളാണ് എല്ലാം എന്നതിനാൽ സ്ത്രീ പരാമർശങ്ങളും സംബോധനകളും വളരെ കുറച്ചു മാത്രമേ അതിൽ വരുന്നുള്ളൂ.

വിശകലനത്തിൽനിന്നു ലഭിച്ചിട്ടുള്ള രൂപങ്ങൾ വിവരിക്കുന്നു.

അൻ, ആൻ എന്ന് രണ്ട് രൂപങ്ങളാണ് പുല്ലിംഗ പ്രത്യയങ്ങളായി കണ്ടത് പൂജകാർത്ഥത്തിലാണ് 'ആൻ' പ്രയോഗിച്ചിട്ടുള്ളത്. 'അൻ' പ്രത്യയത്തിന് എൻ, ഏൻ എന്ന രൂപഭേദം കൂടി നിരീക്ഷിച്ചിട്ടുണ്ട്.

**ആൻ**

തംപുരാൻറേ (4:1:1:1)

തംപുരാൻ (5:1:13:3)

**അൻ**

അവനേ (1:1:5:5)

പുത്ത്റൻ (11:1:14:4)

ഒരുവൻ (11:1:2:5)

**എൻ**

ശെമ്ശെൻമാർ (10:1:7:1)

**ഏൻ**

അന്നിയേൻ (1:1:11:2)

അടിയേൻ (16:1:4:2)

'ശെമ്മാശ്ശമ്മാരും' (7:1:1:2), 'ശെമ്മാശ്ശമ്മാരെ' (7:1:7:4) എന്നീ പ്രയോഗങ്ങളിൽ 'അൻ' എന്നതിനു പകരം 'അം' എന്നും കാണുന്നുണ്ട്.

സ്ത്രീലിംഗത്തിന്റെതായി രണ്ടു പ്രത്യയങ്ങൾ കണ്ടിട്ടുണ്ട്. ഇ, അൾ എന്നാണവ.

**ഇ**

'മച്ചി' (6:1:13:1) (14:1:15:4) എന്ന പ്രയോഗത്തിലാണ് 'ഇ' സ്ത്രീലിംഗപ്രത്യയമായി പ്രയോഗിച്ചിരിക്കുന്നത്.

**അൾ**

അവൾ എന്ന സർവ്വനാമ പ്രയോഗത്തിലാണ് 'അൾ' സ്ത്രീലിംഗപ്രത്യയ

മായിട്ടുള്ളത്. '...ഇരുന്ന്വ്ള്കുന്നു' (2:1:3:2).

പ്രഥമപുരുഷ സർവ്വനാമത്തിന്റെ ഏകവചനത്തിലാണ് ലിംഗഭേദം കാണുന്നത്. 'അത്' എന്നാണ് നപുംസകസർവ്വനാമം. അതനുസരിച്ച് 'ത്' ആണ് നപുംസകപ്രത്യയം.

**ത്**

അത് (6:1:15:1)

ചൊല്ലിയത് (3:1:9:1)

ഇത് (10:13:1:3)

മുതലിത് (3:1:22:3)

നാമങ്ങളുടെ ഏകവചന രൂപത്തിനുമാത്രമേ ലിംഗഭേദം കാണിക്കാറുള്ളൂ. ബഹുവചനരൂപങ്ങളിൽ ലിംഗം, ലിംഗേതരം എന്നൊരു വിഭജനം മാത്രമേ ഉണ്ടാകാറുള്ളൂ.

**5.8.4 വചനം**

മലയാളത്തിൽ ഏകവചനം, ബഹുവചനം എന്ന് രണ്ട് വചനങ്ങളാണ് ഉള്ളത്. ബഹുവചനത്തനുമാത്രമേ പ്രത്യയം ചേർക്കാറുള്ളൂ എന്നതാണ് മലയാളത്തിന്റെ സ്ഥിതി. നാമപ്രകൃതി സ്വതേ ഏകവചനമാണ് എന്ന് കണക്കാക്കിയിരിക്കുകയാണ്. ബഹുവചന രൂപങ്ങളെ സലിംഗം, അലിംഗം എന്ന് തിരിക്കാവുന്നതാണ്. അലിംഗം എന്ന് പാരമ്പര്യവ്യാകരണത്തിൽ പറയുന്നത് രണ്ടുലിംഗങ്ങളെയും ഉൾക്കൊള്ളുന്നത് എന്നർത്ഥത്തിലാണ് (അദ്ധ്യാപകർ, ബ്രാഹ്മണർ). രണ്ടുവിഭാഗങ്ങളിലും പ്രയോഗിക്കാൻ സാധുവായ പ്രത്യയവും ഉണ്ട്.

**മാർ**

സലിംഗബഹുവചനപ്രത്യയമാണിത്. പുല്ലിംഗബഹുത്വരൂപമായിട്ടാണ് കർസോനിയിൽ 'മാർ' കണ്ടിട്ടുള്ളത്.

ശ്ലീഹേമാരേ (3:1:3:3)

മേത്റാൻമാരും (7:1:1:3)

ശെമ്മാശ്ശമ്മാരും (10:1:1:2)

**അർ**

അലിംഗബഹുവചന പ്രത്യയമാണിത്. പുരുഷനും സ്ത്രീയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നാണ് സങ്കല്പം.

മാനുഷരും (3:1:17:3)

സ്നേഹിതരുടേ (4:1:6:1)

മൂവരും (9:1:1:4)

മുകമുള്ളവരും (11:1:10:3)

എല്ലാവരുടേ (9:1:12:4)

അവർ (15:1:5:1)

പുണ്ണിയവാളർ (15:1:10:3)

പലരും (13:1:8:3)

**ക്കാർ/കാരർ**

'കാരൻ'/ 'കാരത്തി' എന്നതിന്റെ ബഹുവചന രൂപമാണ് 'ക്കാർ' എന്നത്.

പട്ടക്കാർ (4:1:8:3)

പിൻവാഴിച്ചക്കാരായാ (4:1:8:2)

പട്ടക്കാരരും (3:1:3:3), മേപ്പട്ട്ക്കാററും (3:1:3:3) എന്നീ രൂപങ്ങളിൽ ബഹുവചന പ്രത്യയം രണ്ടുതവണ ചേരുന്നുണ്ട് എന്നും വചനപ്രത്യയം മേൽക്കുമേൽ ചേരുന്നത് ആദരവിനെ കുറിക്കാനാണ് എന്നും സ്കറിയാ സക്കറിയ (Zacharia, 1990:189) നിരീക്ഷിക്കുന്നുണ്ട്. എന്നാൽ 'പട്ടക്കാര്', 'മേപ്പട്ടക്കാര്' എന്ന ശബ്ദത്തോടാണ് പ്രത്യയം ചേരുന്നത് എന്ന് സ്വീകരിച്ചാൽ വചനപ്രത്യയം ഒരു തവണയേ ചേരുന്നുള്ളൂ എന്നുകാണാവുന്നതാണ്. വേലക്കാരൻ, വേലക്കാരി, പണിക്കാരൻ, പണിക്കാരി, മോശക്കാരൻ, മോശക്കാരി, പണക്കാരൻ, പണക്കാരി എന്നിങ്ങനെ 'കാര്' ചേർന്നുള്ള നിരവധി വ്യുൽപ്പന്നനാമങ്ങൾ മലയാളത്തിലുണ്ട്. ഈ 'കാര്' പ്രത്യയത്തോട് 'അർ' എന്ന വചനപ്രത്യയം ചേർന്നാണ് 'കാരർ' എന്ന രൂപം

ഉണ്ടാവുന്നത്.

**കൾ**

സലിംഗവിഭാഗത്തിലും അലിംഗവിഭാഗത്തിലും പ്രയോഗിക്കാറുള്ള വചനപ്രത്യയമാണ് 'കൾ'. നപുംസക ബഹുവചനപ്രത്യയമായിട്ടാണ് രാജരാജവർമ്മ ഇതിനെ കണക്കാക്കിയിട്ടുള്ളത്. സലിംഗവിഭാഗത്തിൽ 'കൾ' പ്രയോഗിക്കുന്നതിനുദാഹരണമാണ് ഉടമസ്ഥകൾ, പെണ്ണുങ്ങൾ, ആണുങ്ങൾ എന്നിവ. അലിംഗം അഥവാ രണ്ടിനേയും ഉൾക്കൊള്ളുന്നത് എന്ന വിഭാഗത്തിനുദാഹരണമാണ് വിദ്യാർത്ഥികൾ, തൊഴിലാളികൾ.

'കൾ' പ്രത്യയത്തിന് 'ങൾ' എന്ന് ഉപരൂപവും ഉണ്ട്. സ്വനപരമായ സാഹചര്യം കൊണ്ടാണ് കൾ- ങൾ എന്നാകുന്നത്. കർസോനിയിൽ കൾ/ക്കൾ/കെൾ/കേൾ/ങൾ എന്നെല്ലാം രൂപം കാണുന്നുണ്ട്.

തുണക്ളേ (3:1:4:2)

ആറുകളേ (3:1:4:4)

പിഴകൾ (9:1:5:3)

ആറുകെൾ (3:1:8:4)

ക്റ്സ്ഥ്യാനികേൾ (13:1:7:1)

പർംപുകേളിൽ (3:1:14:1)

സ്തുതിപ്പുകേളും (3:1:20:1)

വസ്തുക്കളും (3:1:20:1)

മക്കളില്ലാതേ (6:1:12:3)

രാചാക്കൾ (12:1:2:1)

നിങ്ങളുടേ (3:1:5:1)

ഞങ്ങൾക്കു (3:1:7:1)

കത്തങ്ങളേ (7:1:7:2)

കുപ്പായങ്ങൾ (9:1:16:2)

വചനപ്രത്യയങ്ങളുടെ പ്രയോഗത്തിൽ സചേതനാചേതനത്വഭേദം പ്രസക്തമാണ്. ആദ്യം പരാമർശിച്ച മാർ, അർ എന്നീ പ്രത്യയങ്ങൾ അചേതനങ്ങളിൽ പ്രയോഗിക്കാറില്ല. തിര്യക്കുകളെ മുഴുവനും ഉൾപ്പെടുത്തിയാണ് അചേതനം എന്ന് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്.

**5.8.5 വിഭക്തി**

മലയാളത്തിലെ ഏഴു വിഭക്തിരൂപങ്ങളും സംബോധനാരൂപവും കർസോനിയിൽ കാണുന്നുണ്ട്. വിഭക്തികളുടെ എണ്ണത്തെയും പേരിനെയും സംബന്ധിച്ച് മലയാളത്തിൽ നിലനിൽക്കുന്ന വ്യത്യസ്താഭിപ്രായങ്ങളെ ഇവിടെ അഭിമുഖീകരിക്കുന്നില്ല. നിർദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക എന്നിങ്ങനെ രാജരാജവർമ്മ നൽകിയ പേരുകൾ തന്നെയാണ് ഇവിടെ സ്വീകരിക്കുന്നത്.

നാമവും ക്രിയയും തമ്മിലുള്ള ബന്ധമാണ് വിഭക്തികൾ വെളിവാക്കുന്നത്; സംബന്ധികാവിഭക്തിയിലൊഴികെ. അവിടെ നാമവും നാമവും തമ്മിലുള്ള ബന്ധമാണ് കാണിക്കുന്നത്. അതുകൊണ്ടുതന്നെ സംബന്ധികയെ വിഭക്തിയായി പരിഗണിക്കേണ്ടതില്ല എന്ന വാദവും നിലവിലുണ്ട് (പ്രഭാകരവാരിയർ, 1988:9-13). ഭാരതീയ വ്യാകരണപാരമ്പര്യത്തിൽ നാമക്രിയാപദങ്ങൾ തമ്മിലുള്ള ബന്ധത്തെ കാരകമെന്നും അതു വ്യക്തമാക്കുന്ന രൂപത്തെ (പ്രത്യയം) വിഭക്തിയെന്നും രണ്ടായി തിരിച്ച് വിവരിക്കുന്ന രീതിയാണുള്ളത്. മലയാളത്തിൽ ഏഴുവിഭക്തികളും ആറു കാരകവും (സംബന്ധികക്ക് കാരകമില്ല) എന്ന കണക്കാണ് രാജരാജവർമ്മ നൽകുന്നത്. സർവ്വനാമങ്ങൾ, തനിനാമങ്ങൾ, വ്യുല്പന്നനാമങ്ങൾ, ക്രിയാനാമങ്ങൾ എന്നിങ്ങനെ എല്ലാതരത്തിലുമുള്ള നാമരൂപങ്ങളോടും വിഭക്തിപ്രത്യയങ്ങൾ ചേരും. ലിംഗവചനപ്രത്യയങ്ങൾ ചേർക്കുന്ന നാമരൂപങ്ങളാണെങ്കിൽ അവയ്ക്കുശേഷമാണ് വിഭക്തിപ്രത്യയങ്ങൾ ചേർക്കുന്നത്. നാമപ്രകൃതിയോട് നേരിട്ടോ ഇടനില ചേർത്തതിനുശേഷമോ വിഭക്തി ചേരാം.

**5.8.5.1 നിർദ്ദേശിക**

കർതൃകാരകത്തിലുള്ള നാമശബ്ദങ്ങൾ വിഭക്തിപ്രത്യയമില്ലാതെയാണ് പ്രയോഗിച്ചിട്ടുള്ളത്.

അവേൻ (1:1:3:1)

മാർ അപ്റേയ്ം മൽപ്പാൻ (3:1:2)

അപ്റ്ഹം മൽപ്പൻ ആയാ ഞാൻ (4:1:4)

**5.8.5.2 പ്രതിഗ്രാഹിക**

'ഏ' എന്ന ദീർഘസ്വരമാണ് കർമ്മപ്രത്യയമായി കർസോനിയിൽ സാധാരണയായി പ്രയോഗിച്ചുകാണുന്നത്. 'എ'കാരവും പ്രയോഗിച്ചിട്ടുണ്ട്.

**ഏ**

തുണകളേ (3:1:4:2)

ആറുകളേ (3:1:4:4)

ശെമ്മശ്ശമ്മാരേ (1:1:3:1)

നിന്നേ (9:1:11:4)

**എ**

കയ്കാലുകളെ (3:1:11:2)

ശെമ്ശമാരെ (10:1:6:4)

അചേതനനാമങ്ങളിൽ പ്രതിഗ്രാഹികാപ്രത്യയം ചേർക്കാതിരിക്കുക എന്നതാണ് മലയാളത്തിന്റെ രീതി. ഈ രീതി അനുസരിക്കുന്ന പ്രയോഗങ്ങൾ കർസോനിയിലുണ്ട്. അചേതനനാമങ്ങളിൽ കർമ്മപ്രത്യയം ചേർത്ത് പ്രയോഗിക്കുന്ന രീതിയും കർസോനിയിൽ ഉണ്ട്. മിഷണറിമലയാളത്തിന്റെ സവിശേഷതയായി സ്കറിയാ സക്കറിയ (Zacharia, 1990) ഈ പ്രവണതയെ നിരീക്ഷിച്ചിട്ടുണ്ട്.

അചേതനനാമത്തിൽ 'എ' ചേർക്കാതെയുള്ള പ്രയോഗങ്ങൾ:

"...ദെയ്വത്തേ കണ്ട് തൻറേ രെഹ്സ്യങ്ങ്ൾ പടിച്ചു." (1:1:12-13)

"മുകം കഴുകുവാനും..." (3:1:10)

**5.8.5.3 സംയോജിക**

'ഓട്' എന്ന പ്രത്യയമാണ് സംയോജികയുടേതായി കണ്ടിട്ടുള്ളത്.

**ഓട്**

കർത്താവിനോട് (3:1:7:4)

എനോട് (9:1:6:1)

അപ്പനോടു (12:1:9:6)

**5.8.5.4 ഉദ്ദേശിക**

സംബന്ധികാപ്രത്യയത്തിനും ഉദ്ദേശികപ്രത്യയത്തിനുമാണ് കൂടുതൽ പ്രത്യക്ഷവൽക്കരണങ്ങൾ കണ്ടത്. ഉദ്ദേശികയ്ക്ക് ഉ്, ഉ, ന്, ക്ക്, ക്കു എന്ന് അഞ്ച് രൂപങ്ങൾ കണ്ടിട്ടുണ്ട്.

**ഉ്**

ലോകത്തിന് (3:1:4:1)

തുടങ്ങുന്നതിന് (7:1:3:4)

**ഉ**

പട്ടിനു (8:1:9:5)

**ന്**

വെളിച്ചത്തിന്നു (1:1:3:1)

ആകാശത്തിന്നും (6:1:9:3)

അതിന്ന് (12:1:3:1)

**ക്ക്**

പള്ളിക്ക് (13:1:13:4)

ഹന്നാക്ക് (6:1:12:2)

**ക്കു**

ഞങ്ങൾക്കു (3:1:7:1)

അയാൾക്കു (10:1:3:1)

വ്യത്യസ്ത രൂപങ്ങളുണ്ടെങ്കിലും അടിസ്ഥാനപരമായി ഇവയെ രണ്ട് എന്നു കാണ ക്കാക്കാവുന്നതാണ്. ഉ്, ഉ, ന് - ഇവയെ ഒന്നായിട്ടും ക്ക്, ക്കു - ഇവയെ മറ്റൊന്നാ യിട്ടും കണക്കാക്കാം. വാമൊഴിക്കനുസൃതമായ എഴുത്തുരീതികൊണ്ട് വ്യത്യസ്ത പ്രത്യക്ഷവൽക്കരണം സംഭവിക്കുന്നതാണ് എന്നു കരുതാം.

**5.8.5.5 പ്രയോജിക**

'ആൽ' എന്ന പ്രത്യയമാണ് പ്രയോജികയുടേതായി കണ്ടിട്ടുള്ളത്.

**ആൽ**

തങ്ങളാൽ (13:1:12:1)

വെള്ളത്താൽ (3:1:20:2)

വെടിപ്പാൽയും (9:1:6:1)

**5.8.5.6 സംബന്ധിക**

ടേ, ഉടെ, ഉടേ, (ൻ)റാ, (ൻ)റേ എന്നിങ്ങനെ അഞ്ച് രൂപങ്ങളാണ് സംബ ന്ധികാവിഭക്തിക്ക് കണ്ടിട്ടുള്ളത്.

**ടേ**

മിശിഹാടേ (12:1:7:5)

മാലാകാടേ (1:6:18:5)

**ഉടെ**

നിങ്ങളുടെ (3:1:7:3)

ശുദ്ധമാക്കപ്പെട്ട്വ്രുടെ (3:1:1:1)

**ഉടേ**

നമ്മുടേ (13:1:10:2)

കൊള്ളാകുന്നവരുടേ (13:1:14:3)

നിങ്ങളുടേ (3:1:5:1)

**(ൻ)റാ**

വിശ്വാസത്തിൻറാ (15:1:7:1)

തംപുരാൻറാ (16:1:2:3)

**(ൻ)റേ**

അതിൻറേ (16:1:1:3)

അടിയത്തിൻറേ (16:1:3:2)

എൻറേ(13:1:1:2)

കർത്താവിൻറേ (5:1:13:4)

ഉടെ, ടെ - എന്ന് രണ്ടു പ്രത്യയങ്ങളാണ് ഇവിടെയുള്ളത് എന്നുകാണാവുന്നതാണ്. ഉദ്ദേശികാപ്രത്യയത്തിന്റെ കാര്യത്തിലെന്നപോലെ ഇവിടെയും വാമൊഴിയുടെ സ്വാധീനവും സ്വനപരമായ സവിശേഷതയും ചേർന്നാണ് വ്യത്യസ്ത പ്രത്യക്ഷവൽക്കരണം ഉണ്ടാകുന്നത്.

**5.8.5.7 ആധാരിക**

അർത്ഥപരമായിത്തന്നെ രണ്ട് വ്യത്യസ്തരൂപങ്ങളുള്ള വിഭക്തിയാണ് ആധാരിക. ഇൽ, കൽ, എന്നിവയാണ് പ്രത്യയങ്ങൾ. പടിയിൽ നിൽക്കുന്നു/ പടിക്കൽ നിൽക്കുന്നു എന്നീ പ്രയോഗങ്ങൾക്ക് വ്യത്യസ്ത അർത്ഥങ്ങളാണുള്ളത്.

**ഇൽ**

പൊസ്തകത്തിൽ (3:1:1:4)

തിരുമുന്നിൽ (9:1:2:4)

എന്നിൽ (9:1:16:3)

**കൽ**

ആദിയിൻകൽ (6:1:1:1)

ലോകത്തുങ്കൽ (12:1:4:6)

ചില രൂപങ്ങളിൽ അർത്ഥത്തിനും വ്യത്യാസമുണ്ടെങ്കിലും പലപ്പോഴും ഇൽ, കൽ എന്നിവ ഒരേ അർത്ഥം തന്നെ നൽകുന്നതായി കാണാം. 'ആദിയിൻകൽ' എന്ന്

പറഞ്ഞാലും 'ആദിയിൽ' എന്നു പറഞ്ഞാലും അർത്ഥത്തിൽ വ്യത്യാസമൊന്നും ഇല്ല.

'ഇൽ' എന്ന രൂപത്തിനു പകരം ഒരിടത്ത് 'അൽ' കാണുകയുണ്ടായി. 'മുന്നൽ' (11:1:6:6) എന്നായിരുന്നു രൂപം.

**5.8.5.8 സംബോധന**

ഏഴുവിഭക്തികളോടൊപ്പം ഇവിടെ സംബോധനയെയും പറയുന്നു. 'ഏ' എന്നൊരു പ്രത്യയമാണ് സംബോധനയ്ക്കായി ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ അന്ത്യസ്വരത്തെ ദീർഘിപ്പിക്കുന്ന രീതിയും കർസോനിയിൽ ഉണ്ട്.

**ഏ**

കൂടപ്പിറപ്പുകളേ (13:1:19:2)

കർത്താവേ (16:1:3:1)

തംപുരാനേ (9:1:2:3)

**ദീർഘം**

ഞങ്ങളുടേ കർത്താവായാ ഈശേമ്ശിഹാ (9:1:10)

**5.8.6 പരപ്രത്യയങ്ങളും വിഭക്തിക്കു തുല്യമായ മറ്റു പ്രയോഗങ്ങളും**

നാമവും ക്രിയയും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നതിന് വിഭക്തികൾ മാത്രമല്ല മലയാളത്തിൽ ഉപയോഗിക്കുന്നത്. വിഭക്ത്യാഭാസം എന്ന് കേരളപാണിനി പേരിട്ടുവിളിക്കുന്ന ശബ്ദങ്ങൾ പലതും വിഭക്തിപ്രത്യയങ്ങൾ പോലെ പ്രവർത്തിക്കുന്നവയാണ്. ഇൽനിന്ന്, ഓട്ട്, ഇലൂടെ എന്നിവ ഉദാഹരണം. അർത്ഥത്തിന്റെയും പ്രയോഗരീതിയുടെയും കാര്യത്തിൽ വിഭക്തിക്കു തുല്യമായ സ്ഥാനമുള്ള ഇത്തരം രൂപങ്ങൾക്ക് സ്ഥിരതയും ഉണ്ടെന്നു കാണാം. ചില രൂപങ്ങളാകട്ടെ വിഭക്തിക്കു പകരം നിൽക്കുകയോ വിഭക്തിയോട് ചേർന്ന് നിൽക്കുകയോ മാത്രം ചെയ്യുന്നവയുമുണ്ട്. 'കൊണ്ട്' എന്ന പ്രയോഗം ഉദാഹരണം. പ്രയോജിക പ്രത്യയമായ 'ആൽ'നു തുല്യമാണ് ഇത് എന്ന് കാണാം. കർസോനിപാഠവിശകലനത്തിൽ ലഭിച്ച രൂപങ്ങൾ ഇവയാണ്:

**ഏ**

ആധാരികാവിഭക്തിയോട് അടുത്തു നിൽക്കുന്ന അർത്ഥമുള്ള പ്രയോഗമാണിത്. 'ഇൽ ഉള്ള' എന്നവിധം അർത്ഥം ലഭിക്കുന്ന രൂപമാണിത് എന്നു പറയാം. ഇങ്ങനെയൊരർത്ഥം നൽകുന്നതിന് പ്രഭാകരവാരിയർ(1988:4–5)തയ്യാറല്ല. കിണറ്റിലെ വെള്ളം പാത്രത്തിലെടുത്താലും 'കിണറ്റിലെ വെള്ളം' എന്നല്ലേ പറയുക എന്നാണ് പ്രഭാകരവാരിയർ എതിർവാദം ഉന്നയിക്കുന്നത്. എന്നാൽ സാമാന്യവ്യവഹാരത്തിലും ലാക്ഷണികാർത്ഥ പ്രയോഗങ്ങളുണ്ട് എന്നോർത്താൽ ഈ വാദത്തിൽ കഴമ്പില്ല എന്നു കാണാം.

പാംപാക്കുടേ (14:1:4:6)

പുന്ന്ത്ത്റേ (15:1:3:4)

മുൻപേ (12:1:3:2)

**ത്ത്**

"തങ്ങളാൽ കഴിയുന്നതുപോലെ ദെയ്വമാർഗത്ത് വളർത്തുന്നതും..." ഇവിടെ 'ദെയ്വമാർഗത്ത്' എന്ന പ്രയോഗത്തിന് 'ദെയ്വമാർഗത്തിൽ' എന്ന അർത്ഥം ലഭിക്കുന്നു.

**ഇൽനിന്ന്/ന്റ്**

ഗതി ചേർന്ന വിഭക്തി എന്നാണ് രാജരാജവർമ്മ ഇതിനെ വിളിക്കുന്നത്. ഇതിനെ ഒരു പ്രത്യേകവിഭക്തിയായി കണക്കാക്കാവുന്നതാണ് എന്ന അഭിപ്രായമാണ് സ്കറിയാ സക്കറിയ (Zacharia,1990:209) നടത്തുന്നത്.

എന്നിൽനിന്ന് (9:1:16:4)

വീട്ടിൽനിന്ന് (10:3:4:4)

ബാവായിൽനിന്ന് (11:1:7:2)

നിങ്ങളിൽനിന്റ് (15:1:3:1)

**മേൽ**

ആധാരികാവിഭക്ത്യർത്ഥം ലഭിക്കുന്ന പ്രയോഗമാണിത്.

പള്ളിമേൽ (4:1:9:1)

കാൽകളുമേൽ (10:2:2:5)

നമ്മുടേ മേൽ (11:1:3:5)

**കൊണ്ടു/കൊണ്ട്**

രാജരാജവർമ്മയുടെ സമാസവിഭക്തിയുടെ കൂടെ പെടുത്താവുന്ന ‘കൊണ്ട്’ സ്ഥിരമായി കരണാർത്ഥത്തെ ദ്യോതിപ്പിക്കുന്നുണ്ട്. ചിലപ്പോഴൊക്കെ നാമത്തോട് നേരിട്ടും ചിലപ്പോൾ ‘ഏ’ എന്നു ചേർത്തതിനു ശേഷവും ‘കൊണ്ട്’ പ്രയോഗിക്കുന്നു. നടുവിനയെച്ചരൂപത്തോട് ചേർത്തും ഇത് പ്രയോഗിക്കാറുണ്ട്.

മെത്റാച്ചനേ കൊണ്ട് (9:1:3)

വചനം കൊണ്ടും (9:1:4)

പട്ടുകൊണ്ടുള്ള (10:3:2)

പെൺവർഗ്ഗമാകകൊണ്ട് (8:1:2)

**ഓട്ട്**

സംയോജികയുമായി ബന്ധപ്പെടുത്തി രാജരാജവർമ്മ വിശദീകരിക്കുന്ന ഈ പ്രയോഗത്തെ പ്രത്യേകം വിഭക്തിയായി പരിഗണിക്കണമെന്ന അഭിപ്രായം പ്രഭാകരവാരിയരും(PrabhakaraVariar,1979:63-75) സ്കറിയാ സക്കറിയയും (Zacharia,1990:209-10) പ്രകടിപ്പിക്കുന്നുണ്ട്. സാക്ഷി എന്ന കാരകാർത്ഥവുമായി ‘ഓട്ട്’ എന്നതിന് ബന്ധമില്ലെന്നു കാണാം. ദിഗ്സൂചനയാണ് ഇതിൽ കാണുന്നത്. “ആധാരികാർത്ഥം അന്തർലീമായിരിക്കുന്ന ദിഗ്വാചികളോടും ദിശാവാചികളോടുമാണ് ഈ പ്രത്യയം സാധാരണയായി ചേർന്നു വരുന്നത്” (ശ്രീകുമാരി, 2003:102).

ലോകത്തിൽ നിൻദ് അങ്ങോട്ടും അതിൽ നിൻദ് ഇങ്ങോട്ടും ചെന്നുകാണും...” (1:1:4-5)

**ഇൻ**

സംബന്ധികാവിഭക്തിയുടെ പ്രത്യയം ലോപിച്ച് പ്രകൃതിയും ഇടനിലയും

മാത്രമായി കാണുന്നിടത്താണ് 'ഇൻ' വിഭക്ത്യർത്ഥം നൽകുന്നത്. സംബന്ധികാ വിഭക്തിയുടെ അർത്ഥമാണ് 'ഇൻ' എന്നതിന് ലഭിക്കുന്നത്. വിഭക്തിപ്രത്യയം ലോപിച്ച് അംഗം മാത്രമായി കാണുന്നത് സാധാരണയായി സമാസങ്ങളിലാണ്.

അതിൻപ്റാകാരം (13:1:18)

**5.8.7 സർവ്വനാമം**

മലയാളത്തിലെ സർവ്വനാമങ്ങൾക്ക് മൂന്നു പുരുഷനാണുള്ളത്. ഉത്തമ പുരുഷൻ, മധ്യമപുരുഷൻ, പ്രഥമപുരുഷൻ എന്നിവയാണവ. അതിൽ പ്രഥമപു രുഷ സർവ്വനാമങ്ങൾക്ക് ലിംഗഭേദം പ്രസക്തമാണ്. മൂന്നുപുരുഷനും ഏകവ ചന ബഹുവചന രൂപഭേദങ്ങളുണ്ട്. ഉത്തമപുരുഷബഹുവചനത്തെയും മധ്യമ പുരുഷബഹുവചനത്തെയും ഒരുമിച്ചുൾക്കൊള്ളുന്ന ഒരു സർവ്വനാമം മലയാള ത്തിലുണ്ട്. 'നമ്മൾ' എന്നതാണത്. ഉത്തമ മധ്യമ പുരുഷ ഏകവചനത്തിന് വിഭക്തി ചേർച്ചയിൽ രൂപവ്യത്യാസവും ഉണ്ട്. നിർദ്ദേശികയിലെ രൂപമല്ല വളവി ഭക്തിയിൽ (നിർദ്ദേശിക ഒഴികെയുള്ളവയിൽ) കാണുന്നത്.

കർസോനി പാഠങ്ങളിൽ കാണുന്ന സർവ്വനാമരൂപങ്ങൾ:

**5.8.7.1 ഉത്തമപുരുഷൻ**

**ഞാൻ**

'...അപ്റഹ്ം മല്പ്പ്ൻ എന്ന ഞാൻ...' (5:1:5)

'ഞാൻ പിഴച്ച പിഴകൾ...' (9:1:5)

**ഞങ്ങൾ**

'ഞങ്ങൾക്കു വേൺടി നിങ്ങളുടേ...' (3:1:7)

'ഞങ്ങളുടേ കർത്താവായാ...' (9:1:10)

**5.8.7.2 മധ്യമപുരുഷൻ**

**നീ/നീയ്**

'...നീ അരുളിചെയ്കാ...' (16:1:6)

'കർതാവേ അടിയത്തിൻറേ ആൽമാവിൽ നീയ്...' (16:1:3)

**നിങ്ങൾ**

'...നിങ്ങ്ളേ ചമച്ച് നിങ്ങ്ളുടേ അസ്ത്തികേളുടേ...' (3:1:4-5)

'ഞങ്ങൾക്കു വേൺടി നിങ്ങളുടേ കർത്താവിനോട്...' (3:1:7)

'പൊതുവിലുള്ള തൻറ് കുറിയിൽ നിങ്ങളിൽ...' (15:1:2)

**5.8.7.3 ഉഭയരൂപം**

**നമ്മൾ**

ഉത്തമമദ്ധ്യമപുരുഷന്മാരെ ഒന്നിച്ച് ഉൾക്കൊള്ളുന്ന ബഹുവചന രൂപമായ 'നമ്മൾ' എന്നതിൻറേ വളവിഭക്തിരൂപം (നമ്മ്/നം) കർസോനിയിൽ ഉണ്ട്.

'...നമ്മുടേ കർത്താവ് ഈശോമിശിഹാ...' (11:1:5-6)

'...നമ്മുടേ കർത്താവ് ഈശോൻ മ്ശീഹായേ...' (13:1:10-11) എന്നിങ്ങനെ.

**5.8.7.4 പ്രഥമപുരുഷൻ**

**അവൻ**

'...അവേൻ ഇംപ്പപ്പെട്ടു.' (1:1:3)

'...മ്ശ്ഹായുടേ തിരുനാമ്ത്തിൽ അവ്നേ എണ്ണ പൂശ്ണാമെന്നും...' (15:1:6)

**അവൾ**

'...കന്നിയാ സ്റി മറിയത്തേയും കരുതിയിരുന്ന്വള്കുന്നു.' (2:1:2-3)

**അത്**

'പുണ്ണിയവാളർ അതിൽ നമുസ്ക്കരിക്കുന്നു എന്ന്...' (15:1:10-11)

'...അതിൽ നിൻദ് ഇങ്ങോട്ടും...' (1:1:4)

**ഇത്**

'ഇത്ല്ലോ ലോക്തിൻറേ...' (1:1:4)

**അവർ**

'അവ്ർ നമുസ്ക്കരിച്ച്...' (15:1:5)

**അയാൾ**

പ്രഥമപുരുഷൻ പുല്ലിംഗ ഏകവചനത്തിൽ പ്രയോഗിക്കുന്ന 'അയാൾ' വിശ

കലന പാഠങ്ങളിൽ കണ്ടിട്ടുണ്ട്.

'...അയാൾക്കടുത്ത് കുപ്പായമൊക്ക്യും...' (7:1:4)

'അയാൾക്കു അടുത്താ കുപ്പായങ്ങ്ളൊക്കേയും...' (10:1:3)

**5.8.7.5 സ്വവാചിസർവ്വനാമം**

**താൻ**

സ്വവാചി സർവ്വനാമമായ 'താൻ' നിർദ്ദേശികാ വിഭക്തിയിൽ തന്നെ പ്രയോഗിച്ചിട്ടുണ്ട്.

'...താൻ എഴുന്ന്ള്ളുന്നതിന്ന് മുൻപേ...' (12:1:4–5)

**തങ്ങൾ**

'താൻ' എന്നതിന്റെ ബഹുവചനരൂപമായ 'തങ്ങൾ' എന്നതും വിശകലനപാഠങ്ങളിൽ കണ്ടിട്ടുണ്ട്.

'തങ്ങൾ തങ്ങളാൽ കഴിയുന്നതു പോലേ...' (13:1:11–12)

**5.8.7.6 വളവിഭക്തിരൂപങ്ങൾ**

**എൻ, ഇൻ, നിൻ, തൻ**

ഞാൻ, നീ, താൻ എന്നിവയുടെ വളവിഭക്തിരൂപങ്ങളും വിശകലനപാഠങ്ങളിൽ കാണാം. 'ഞാൻ' എന്നതിന്റെ വളവിഭക്തിരൂപം 'എൻ' എന്നാണ്. ഇതു കൂടാതെ 'ഇൻ' എന്നൊരു രൂപവും കണ്ടിട്ടുണ്ട്.

'...എൻറേ ദോഷ്ങ്ങളായാ അഴ്ക്കു കുപ്പായങ്ങൾ എന്നിൽ നിന്ന് ഉരിഞ്ഞ് എന്നേ...' (9:1:15–17)

'...ഇനിക്കു വെടിപ്പും ശുദ്ദതയും...' (9:1:9)

മധ്യമപുരുഷ ഏകവചനത്തിന്റെ വളവിഭക്തിരൂപവും ധാരാളമായി കാണാം.

'...നിൻറേ ഭങ്ങിക്കൊത്ത...' (9:1:18)

'...നിന്നേ പെര്രമ്മയുടേയും...' (9:1:11–12)

സ്വവാചിസർവ്വനാമത്തിന്റെ വളവിഭക്തിരൂപമാണ് 'തൻ'.

'...തംപുർൻറേ തിരുനാമത്താലേ തനിക്കു സ്ത്തുതി.' (11:1:2–3)

'...പിന്നെയും തൻറേ ശക്ക്തിയേ...' (3:1:5-6)

സർവ്വനാമപ്രകൃതികളെയും വളവിഭക്തിരൂപങ്ങളെയും വിശകലനം ചെയ്യുമ്പോൾ ഇന്നത്തെ മലയാളത്തിൽ നിന്ന് ഭിന്നമല്ല കർസോനിയിലെ സ്ഥിതി എന്നു കാണാം. 'ഇനിക്ക്' പോലുള്ള വാമൊഴിരൂപങ്ങളും ഇന്നത്തെ മലയാളത്തോട് നിരന്നുപോകുന്നതാണ്.

കർസോനി പാഠങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള പുരുഷസർവ്വനാമങ്ങളെ താഴെക്കാണുന്നവിധം പട്ടികയിലാക്കം.

**ഉത്തമമധ്യമപുരുഷന്മാർ (പട്ടിക 5)**



**പ്രഥമപുരുഷൻ (പട്ടിക 6)**



**സ്വവാചി സർവ്വനാമങ്ങൾ (പട്ടിക 7)**



### 5.9 ദ്യോതകം

നാമവിഭാഗത്തിലോ ക്രിയാവിഭാഗത്തിലോ പെടുത്താൻ വയ്യാത്ത ശബ്ദരൂപങ്ങളെയാണ് ദ്യോതകം എന്ന വിഭാഗത്തിൽ പെടുത്തിയിരിക്കുന്നത്. വിഭക്തി പ്രത്യയങ്ങളോ കാലപ്രത്യയങ്ങളോ ചേർത്ത് സംസ്കരിക്കാൻ കഴിയാത്ത രൂപങ്ങളാണ് ഇവ എന്നർത്ഥം. ആധുനിക വ്യാകരണപഠനങ്ങളിലെ ക്ലിട്ടിക് (Clitic) എന്ന സാങ്കേതിക പദപ്രയോഗത്തിന് തുല്യമായാണ് ഇവിടെ ദ്യോതകം എന്ന് ഉപയോഗിക്കുന്നത്.

ദ്യോതകങ്ങളെ സ്വതന്ത്രം, അർദ്ധസ്വതന്ത്രം, ആശ്രിതം എന്ന് വിഭജിക്കാവുന്നതാണ്. പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യം എത്രമാത്രമുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയാണ് ഇങ്ങനെ വിഭജിക്കുന്നത്. സ്വതന്ത്ര പ്രയോഗക്ഷമങ്ങളായ ദ്യോതകരൂപങ്ങളെയാണ് സ്വതന്ത്രദ്യോതകങ്ങളെന്നു വിളിക്കുന്നത്. പദത്തിന്റെ ഭാഗമായോ അർദ്ധസ്വതന്ത്രരൂപമായോ കാണുന്നവയാണ് അർദ്ധസ്വതന്ത്രദ്യോതകങ്ങൾ. ഒരിക്കലും സ്വതന്ത്രമായി കാണാതെ പദത്തിന്റെ ഭാഗമായി മാത്രം കാണുന്നവയാണ് ആശ്രിത ദ്യോതകങ്ങൾ. ഒരേ ശബ്ദങ്ങൾ തന്നെ പല അർത്ഥത്തിൽ പലരീതിയിൽ പ്രയോഗിക്കാറുണ്ട്. അതുകൊണ്ട് ദ്യോതകങ്ങളെ അർത്ഥമനുസരിച്ച് വിഭജിക്കുക എന്നത് ദുഷ്കരമാണ്.

#### 5.9.1 സ്വതന്ത്ര ദ്യോതകങ്ങൾ

#### I. ഉറപ്പിച്ചു പറയുന്നതിനായി ഉപയോഗിക്കുന്ന സ്വതന്ത്രദ്യോതകങ്ങൾ

1. അത്രേ

'...ശുദ്ധ്മാന പള്ളിക്ക് ഖിഴമർന്ന് നടക്കുന്നതുമത്ത്റേ

കൊള്ളാകുന്നവരുടേ പ്റവർത്തി ആകുന്നത് ' (13:1:13-15)

'ആയതിനാൽ അത്രേ ബാവാ എന്ന് തിരുനാംപ്രുപറയുന്നത്.' (11:1:8-9)

2. അല്ലോ

'ഇത്ല്ലോ ലോക്തിൻറേ അതിൻറേ ദോഷം...' (16:1:1)

3. തന്നേ

‘അത് ദെയ്‌വം തന്നേ അറിയുന്നു.’ (11:1:7–8)

‘ഈ വണ്ണം എന്നേ മശിഹാ ഈ ലോകത്തുങ്കൽ...’ (12:1:4)

## II. കാലസംബന്ധിയായ ദ്യോതകങ്ങൾ

1. ഉടൻ

‘കുളിപ്പിച്ചാലുടൻ ആ കുപ്പായവും...’ (7:1:8–9)

2. എന്നും (എക്കാലവും)

‘നമുടേ മേൽ തൻറേ അനുഗ്ര്ഹങ്ങളും മൻഗുണവും

അത് എന്നും എന്ന്നേക്കും ആമീൻ.’ (11:1:3–5)

‘...മുതൽ എടുത്ത് കയ്കാര്യം എന്നും നടന്നു കൊള്ളണം’ (4:1:10)

3. പ്ട്ന്നു (പെട്ടെന്നു)

‘...തീയെ കെടുത്തുവാനും വെള്ളം പ്ട്ന്നു വേൺടപ്പെടുന്നു.’ (3:1:16–17)

4. മുന്നം

‘ശവം കുളിപ്പിപ്പാൻ തുടങ്ങുന്നതിനു മുന്നം...’ (7:1:3–4)

5. മുൻപ്/മുൻപേ

‘...അതിന്ന് മുൻപേ തൻറേ മനിഷ്ടങ്ങളേ ചാത്ത്റാക്കും’ (12:1:3)

‘...താൻ എഴുന്ന്ള്ളുന്നതിന്ന് മുൻപേ തൻറ് മനിഷ്ടം ആയാ...’ (12:1:4–5)

6. ശേഷം

‘...കുളിപ്പിച്ചതിൻറേ ശേഷം കാൽകുപ്പ്യവും...’ (10:13:1–2)

‘...എൻറേ ശേഷം എൻറേ തറവാട്ടിൽ...’ (4:1:7)

7. പിന്നെ

‘...നിങ്ങ്ളുടേ അസ്ത്തികേളുടെ നിക്ക്ഷവതിൽ പിന്നെയും

തൻറേ ശക്ക്തിയേ...’ (3:1:5–6)

‘ഓ’ എന്ന നിപാതം ചോദ്യാർത്ഥ സൂചകമായി ചേർത്ത് പ്രയോഗിക്കുമ്പോൾ മറ്റൊരർത്ഥം കൂടി ലഭിക്കുന്നുണ്ട്. (നേരെമറിച്ച്/ അല്ലെങ്കിൽ)

'പിന്ന്യോ നിൻറേ തിരുവച്ന്ത്താലേ...' (16:1:5)

## III. ഘടകാർത്ഥം നൽകുന്ന ദ്യോതകം

1. എന്ന്/ എന്നു/ ന്ന്

ഉദ്ധരണി സമാനമായ പ്രയോഗമാണിത്

'...വെളിച്ചമുൺടാകട്ടേ എന്ന് ദെയ്‌വം അരുളിചെയ്തത്...' (6:1:14)

'ആൽമ്മം കെട്ടുപോകുന്നുവെന്ന് അവ്ൻ അറിഞ്ഞിരുന്ന്തിനാൽ...' (1:1:9–10)

'...വെളിച്ചത്തിന്നു പകൽൻദും ഇരുളിന്ന് രാവെന്നും പേരുവിളിച്ചു.' (6:1:6–7)

'...കർത്താവിനോട് പ്റാർത്ഥിക്കപ്പെടുവിൻ എന്നു ചൊല്ലി ഇരിക്കുന്നു.' (3:1:7–8) (ന്ന > ൻദ ബന്ധം 5.2.5.6 ൽ വിശദീകരിച്ചിട്ടുണ്ട്.)

2. എന്ന/എന്നാ

വാക്യങ്ങളെയോ വാക്യഭാഗങ്ങളെയോ ബന്ധിപ്പിക്കുകയാണ് ഇവയുടെ ഉപയോഗം.

'...(അ)പ്റഹ്ം മൽപ്പൻ എന്ന ഞാൻ ഈ പാംപാക്കുട് പള്ളിക്ക് കല്ല് ഇടുവിച്ച്...' (5:1:5–6)

'ബാവായും... എന്നാ മുന്നൂ പേരും...' (11:1:1–2)

'...എന്നാ നാന്നാലു മുകമുള്ളവരും...' (11:1:10)

3. പാക്ഷികാർത്ഥം ദ്യോതിപ്പിക്കുന്നവ.

എന്നാൽ - പക്ഷേ എന്നർത്ഥം

'എന്നാൽ കത്ത്ങ്ങ്ളേ കത്ത്ങ്ങ്ൾ കുളിപ്പിക്കണം.' (10:1:5–6)

## IV. കൃത്യതയെക്കുറിക്കുന്നത്

1. അതാതു

'മുറമുറയാ അവകാശപ്പെട്ടു അതാതു കാലത്തു ഭക്ക്തിയോടേ...' (5:1:11)

### 5.9.2 അർദ്ധസ്വതന്ത്രദ്യോതകങ്ങൾ

## I. കാലസംബന്ധിയായത്

1. പോൾ

'അവൻറേ പടിത്ത്വത്തിൽ ഊന്നി നിരുപിക്കുന്നുവെന്നുംപ്പോൾ...' (1:1:6)

2. ആറേ

'സംപൊന്ന്ന്... മേൽപ്പോട്ടു നോക്ക്യാറേ അബ്റാഹ്ം ബാവായും ലാഅ്സാർ മടിയിൽ ഇരിക്കുന്ന്തും കൺടാറേ...' (2:1:15-18)

## II. സ്ഥാനത്തെ സംബന്ധിച്ചത്

1. പിൻ

'...എൻറേ പിൻവാഴിച്ചക്കാരായാപട്ടക്കാർ...' (4:1:8)

2. മേ(ൽ)

'...നിൻറേ തിരുമുന്നിൽ ചുര്രാഴ്മ ചെയ്തു എന്ന്

പട്ട്ക്കാര്രും മേപ്പട്ട്ക്കാറ്രും...' (9:1:7-8)

## III. രീതി സംബന്ധിയായവ

1. പോൽ/പോലേ

'...ഗബ്റ്യേൽ മാലകാടേ വചന്ം പോൽ...' (16:1:8-9)

'തങ്ങൽ തങ്ങളാൽ കഴിയുന്നതു പോലെ...' (13:1:11-12)

'...പട്ടുപോലേ മിനുക്കമുള്ളതുമായരോമം' (8:1:7)

2. വണ്ണം

'ഈ വണ്ണം തന്നേ മശിഹാ...' (12:1:4)

3. തക്ക

'...അത്യൻറേ മര്യാതെക്ക് തക്ക്വണ്ണം ഖബറും എടുത്തു...' (10:14:7)

4. ഒത്ത

'...എന്നേ കഴുകി നിൻറേ ഭങ്ങിക്കൊത്ത നല്ല കുപ്പായം എന്നേ ഇടീക്ക

ണമേ.' (9:1:16–18)

## IV. ദൂരവാചിയായവ

1. അ

സർവ്വനാമപ്രകൃതിയുമായി പ്രയോഗിക്കുന്നു

'അയാൾക്കു അടുത്താ കുപ്പ്യങ്ങ്ളൊക്കേയും...' (10:1:3)

'അവേൻ ഇംപപ്പെട്ടു.' (1:1:3)

2. ആ

സർവ്വനാമപ്രകൃതിയെ അപേക്ഷിച്ച് പ്രയോഗക്ഷമത കൂടുതലുള്ള ചുട്ടെഴുത്ത്.

'...അവേൻ തിന്നുവെന്നുവരികിൽ ആ പടിത്ത്വം

അവൻ കയ്ക്കൊള്ളുന്നിലാഞ്ഞു.' (1:1:13–14)

## V. സമീപവാചിയായവ

1. ഇ – സർവ്വനാമപ്രകൃതി

'ഇത്ല്ലോ ലോക്തിൻറേ അതിൻറേ ദോഷ്ം (16:1:1)'

2. ഈ – സ്വതന്ത്രചുട്ടെഴുത്ത്

'ഈ വണ്ണം തന്നേ മശിഹാ...' (12:1:4)

## VI. ചോദ്യവാചിയായത്

1. എ

'എത്ത്റയും പ്റഭല്ലിയ...' (11:1:15)

## VII. ശ്രേഷ്ഠത/വലുപ്പം കാണിക്കുന്നവ

1. തിരു

'...നിൻറേ തിരുമുന്ന്ൽ...' (9:1:2)

'...തംപുർൻറേ തിരുനാമത്താലേതനിക്കു സ്ത്തുതി.' (11:1:2–3)

2. പെരു

'പെരുനാൽ കൊൺട് ചൊല്ലി...' (12:1:1)

## VIII. നാമസ്വഭാവമുള്ളവ

1. പൊതു

‘ശുദ്ദമാനായാക്കോബ് പൊതുവിലുള്ളാ തൻറ് കുറിയിൽ...’ (15:1:1-2)

2. മറ്റ്

‘കന്നുകാലി പുട്ടുകേയും മര്രും വേല എടുക്ക്യും...’ (13:1:8-9) (റ്റ > ര്ര ആകുന്നത് 5.2.4 ൽ വിശദീകരിച്ചിട്ടുണ്ട്.)

### 5.9.3 ആശ്രിതദ്യോതകങ്ങൾ

## I. സമുച്ചയാർത്ഥദ്യോതകം

1. ഉം...ഉം

‘വെള്ളം കുടിപ്പാനും കുളിപ്പാനും നല്ലതാകുന്നു’ (3:1:9-10)

‘ഒന്നാം ദിവ്സം ഞായ്റാഴിച്ചയിൽ ആകാശവും പൂമിയും സ്റുഷ്ടിച്ചു.’ (6:1:1-2)

2. ഉം

‘...ഞാൻ പിഴച്ച പിഴകൾ ഒക്കെയും...’ (9:1:5)

‘ഇത് എല്ലം ചൊല്ലി കുപ്പ്യങ്ങളും ഇടീച്ച്...’ (10:14:1)

3. അം/ആം

‘ഇത് എല്ലം ചൊല്ലി...’ (10:3:1), (10:14:1)

## II. ചോദ്യാർത്ഥദ്യോതകം

1. ഓ

‘പിന്ന്യോ നിൻറേ തിരുവച്ന്ത്താലേ തനേ...’ (16:1:5)

‘ദെയ്വകല്പനാ പറ്യുന്നത് ചെവികൊൺടു കേട്ട്തല കുലുക്കുവാൻ അല്ലാ പിന്ന്യോ കേട്ട് ഹ്റ്ദയത്തിൽ സൻക്രഹിച്ച്...’ (13:1:15-17)

## III. അവധാരകാർത്ഥദ്യോതകങ്ങൾ

1. ഓ

‘ഇത്ല്ലോ ലോക്തിൻറേ അതിൻറേ ദോഷം...’ (16:1:1)

2. ഏ

‘നിൻറേ തിരുവച്ന്ത്താലേ തനേ...’ (16:1:5)

‘തംപുരാൻറേ ക്റുപയാലേ...’ (4:1:1)

‘എല്ലാ ദിവ്സം പോലേ ശുദ്ദ്മാന് ഞായറാഴിച്ച...’ (13:1:1–2)

3. ഉം

‘...അതിൽ പലരും കാണേ കന്നുകാലി പൂട്ടുകേയും...’ (13:1:8)

‘...നിക്ക്ഷവതിൽ പിന്നെയും തൻറേ ശക്ക്തിയേ...’ (13:1:5–6)

‘...എന്നും നടന്നു കൊള്ളണം’(4:1:10)

(അന്ത്യ സ്വരം ദീർഘിപ്പിച്ചു പറയുക, ആവർത്തിച്ചു പറയുക എന്നിവ ഊന്നിപ്പറയുന്നതിനുള്ള ഉപാധികളാണ്. ഇവിടെ അത് പ്രത്യേകം പറയുന്നില്ല.

ഭക്ത്യോടെ – ഭക്ക്തിയോടേ

അങ്ങനെ – അങ്ങനേ

എന്നിങ്ങനെ)

## IV. ഒരേ സമയമെന്നർത്ഥത്തിനായി ഉപയോഗിക്കുന്നത് (തൻവിനയെച്ചാർത്ഥം)

1. ഇൽ/ഇലേ

‘അങ്ങനെ ഇരിക്കയിലേ വെളിച്ചമുൺടാകട്ടേ...’ (6:1:12–13)

‘അങ്ങ്നേ ഇരിക്കയിൽ...’ (14:1:15)

## V. രീതിയെക്കുറിക്കുന്നത്

1. ങ്ങനേ

‘അങ്ങനേ ഇരിക്കയിലേ...’ (6:1:13)

## VI. സ്ഥലസൂചകം

1. ങ്ങ്

‘ലോകത്തിൽ നിൻദ് അങ്ങോട്ടു അതിൽ നിൻദ് ഇങ്ങോട്ടും...’ (1:1:4)

## VII. അളവിനെ കുറിക്കുന്നത്.

1. ത്ത്റ

‘എത്ത്റയും പ്റബല്ലിയ... ’ (11:1:5)

2. ഓളം

‘ചെന്നു കാണും എന്നത്നോളവു...’ (1:1:5)

## VIII. ക്രമസൂചകം

1. ക്കു

‘എൻറേ പിൻവാഴിച്ചക്കാരായാ പട്ടക്കാർ മുറക്കു’ (4:1:8)

2. ആ

‘എൻറേ പിൻവാഴിച്ചക്കാറായ്രാ പട്ടക്കാർ മുറമുയാ...’ (5:1:10-11)

## IX. സമുച്ചയസൂചകം

1. ക്കു

‘...അത് എന്നും എന്ന്ന്നേക്കും ആമീൻ’ (11:1:4-5)

## X. തീയതി/സംഖ്യയെ കുറിക്കുന്നത്

1. ഇൽ

‘...കന്നി 29യിൽ’ (4:1:2)

2. ആം

‘...കന്നി 29 ആം’ (5:1:1)

‘...ഒന്നാം ദിവ്സം ഞായ്റാഴിച്ചയിൽ...’ (6:1:1)

## XI. സ്ഥലസൂചകം

1. ഏ

‘...വലത്തേ കയ്ക്ക് പട്ടുകൊൺടുള്ളാ...’ (10:14:2)

## XII. ഒരുമിച്ച് എന്നർത്ഥം ലഭിക്കുന്നതിനുള്ളത്

1. ഓടെ

‘...ഭക്തിയോടേ ബരിച്ചും...’ (4:1:9)

2. ഓടുകൂടെ

‘നാല്പ്പതു ദിവ്സം ദെയ്വത്തോടു കൂടേ മേശയിൽ...’

ദ്യോതകങ്ങളുടെ അർത്ഥവിവക്ഷയിലും ധ്വനികളിലും സൂക്ഷ്മഭേദമുണ്ടാകാം. അതുകൊണ്ടാണ് വിഭജനം ദുഷ്കരമാണ് എന്നു പറഞ്ഞത്. ഇവിടെ കൊടുത്തിട്ടുള്ള ദ്യോതകവിഭാഗങ്ങൾ മറ്റൊരു തരത്തിലോ രീതിയിലോ പരിഗണിച്ചാൽ മറ്റുവിഭാഗങ്ങളിൽ പെടുത്താൻ കഴിഞ്ഞേക്കും. എങ്കിലും ഈ രീതിയിലുള്ള വിഭജനം പ്രസക്തവും പ്രധാനവും തന്നെയാണ്.

**5.10 പ്രയോഗവിശേഷങ്ങൾ**

കർസോനി പാഠങ്ങളിലെ പദപ്രയോഗങ്ങൾ ശ്രദ്ധിച്ചാൽ സവിശേഷപരാമർശം അർഹിക്കുന്ന ചില പ്രയോഗങ്ങൾ കാണാം.

വാമൊഴിവഴക്കത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ള പ്രയോഗങ്ങളാണ് –

പെരുത്ത് പെരുത്ത് വലിയ

കണ്ണില്ലാത്ത കുരുടേൻ

തുടങ്ങിയവ. ആവർത്തനംകൊണ്ട് അർത്ഥത്തെ ഊന്നിപ്പറയാൻ ശ്രമിക്കുന്ന വാമൊഴിശീലമാണ് ഇവിടെ കാണുന്നത്.

'ഏതാനും ഒരു' – '...ആയതുകൊണ്ട് തങ്ങൾക്ക് ഏതാനും ഒര് ഉപകാരമുണ്ടോ.' 'എന്തെങ്കിലും' എന്ന അർത്ഥത്തിലാണ് ഇത് പ്രയോഗിച്ചിട്ടുള്ളത്. വേണം, ആവശ്യമാണ് തുടങ്ങിയ അർത്ഥത്തിൽ 'വേണ്ടപ്പെടുന്നു' എന്നു പ്രയോഗിക്കുന്നതും കർസോനിപാഠങ്ങളിലെ വിശേഷങ്ങളാണ്.

'ഗർഭം ധരിച്ചു' എന്ന അർത്ഥത്തിൽ 'ഗർഭനിച്ച്', 'ചാരിക്കിടത്തി' എന്ന അർത്ഥത്തിൽ 'ചാരിച്ചു', 'സുഗന്ധമുള്ളതാക്കി' എന്ന അർത്ഥത്തിൽ 'സുഗൻദപ്പെടുത്തി' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ക്രിയാനിയമധാരണകളിലുള്ള അവ്യവസ്ഥിതിയെ കാണിച്ചു തരുന്നു. വികാസദശയിലിരിക്കുന്ന ഒരു ഭാഷയിൽ ഇത്തരം അവ്യവസ്ഥിതികൾ സാധാരണവും സ്വാഭാവികവുമാണ് എന്നതാണ് വാസ്തവം. മണിപ്രവാളത്തിലെ സംസ്കൃതീകൃതഭാഷ ഇതിനു തെളിവാണ്.

മുതലിത് (മുതലായത്), പൊങ്ങപ്പെട്ടവർ (മുതിർന്നവർ/seniors), തലപ്പെട്ട (പ്രധാനപ്പെട്ട) തുടങ്ങിയ പ്രയോഗങ്ങൾ പുതുപദനിർമ്മാണകൗശലത്തിൽ മല

യാളത്തിനുള്ള സാധ്യതകളെയും കഴിവിനെയും കാണിച്ചുതരുന്നുണ്ട്. ഇത്തരം പ്രയോഗങ്ങൾ ഇന്ന് മലയാളത്തിൽ ഇല്ല.

ആധുനിക മലയാളത്തിൽ സംസ്കൃത തദ്ധിതപ്രത്യയമായ 'ത്വം' ചേർത്ത് പ്രയോഗിക്കുന്ന ചില വാക്കുകൾ 'സുകം' ചേർത്തുപ്രയോഗിച്ചിരിക്കുന്നു. ദെയ്വ സുകം, പട്ടസുകം, മുമ്മ്സുകം എന്നിങ്ങനെയാണ് ആ പ്രയോഗങ്ങൾ. ഇവയുടെ അർത്ഥവും ഇന്നത്തെ പ്രയോഗവും യഥാക്രമം ദൈവത്ത്വം, പട്ടത്ത്വം/പട്ടത്തം, ത്രിത്വം എന്നാണ്. സുകം എന്ന ശബ്ദരൂപത്തെ വ്യുൽപ്പന്ന പ്രത്യയമാക്കി പ്രയോഗിച്ചിരിക്കുകയാണ് ഇവിടെ.

വിഭക്തിപ്രയോഗങ്ങളിൽ ഇന്നത്തെ വാമൊഴിയോട് ചേർന്നു നിൽക്കുന്ന 'അമ്മേനേയും', 'ആദമ്മേ' എന്നിങ്ങനെയുള്ള രൂപങ്ങൾ കാണുന്നുണ്ട്. ആധാരികാവിഭക്തിയുടെ കൃത്രിമമായ പ്രയോഗവും കണ്ടിട്ടുണ്ട്. ഞായറാഴ്ചയിൽ, 'തിങ്കളാഴ്ചയിൽ' എന്നിങ്ങനെ 'ഇൽ' പ്രത്യയം നിർബന്ധമില്ലാത്തിടത്ത് പ്രയോഗിച്ചു കാണുന്നു. ഇന്ന് ഞായറാഴ്ച, തിങ്കളാഴ്ച എന്നു മാത്രമേ പറയാറുള്ളൂ. അതുപോലെത്തന്നെ 'വേണ്ടി' എന്ന് ചേർത്ത് പ്രയോഗിക്കുന്ന ഉദ്ദേശികാരൂപങ്ങൾ ധാരാളമാണ്.വിളിപ്പാൻ വേണ്ടി, പിടിപ്പാൻ വേണ്ടി... എന്നിങ്ങനെ. വികല്പനിപാതത്തിനു പകരം 'എങ്കിലും' എന്ന ദ്യോതകം ഉപയോഗിച്ചു കാണുന്നു. 'കത്ത്ങ്ങ്ളും എൻകിലും ശെമാശെൻമാരേ എൻകിലും' എന്നിങ്ങനെ.

ആകുന്നു എന്ന സംയോജക ക്രിയ (Copula Verb)യുടെ വ്യാപകമായ വ്യാപകമായ പ്രയോഗം കർസോനിയിൽ കാണുന്നു. ചോദ്യവാക്യങ്ങളിൽ പോലും ഇതിന്റെ സാന്നിധ്യമുണ്ട്.

സിദ്ദാത്തം (സിദ്ധാന്തം) തന്നേ ആകുന്നു

ദുഷ്കർമ്മപ്പെടുവാൻ കൊള്ളാകുന്നു.

അപേക്ഷിപ്പാൻ എട ആയത് എന്നതാകുന്നു.

ദൈവം കേൾക്കുന്നതാകുന്നുവെന്നും ദേയ്‌വമായ കർത്താവ് നേരുകെട്ട വനല്ലാ നേരുള്ളവനാകുന്നു.

മരണശേഷം മാറികളയുമെന്ന് ചിലർ പറയുന്നത് എന്ത് ആകുന്നു.

പിന്നെ ഈ പറയുന്നത് എന്താകുന്നു.

എന്നിങ്ങനെ ഉദാഹരണങ്ങൾ. സംയോജകക്രിയയുടെ ബഹുലമായ സാന്നിദ്ധ്യത്തെ മിഷണറിമലയാളത്തിന്റെ സവിശേഷതയായി ഭാഷാഗവേഷകർ നിരീക്ഷിച്ചിട്ടുള്ളതാണ് (Zacharia, 1990).

ബഹുവചനപ്രത്യയസഹിതരൂപമായ സുറിയാനി വാക്കുകൾക്ക് വീണ്ടും മലയാളബഹുവചനപ്രത്യയം ചേർത്ത് പ്രയോഗിക്കുന്നു.

ശ്ലീഹേ/മാർ, കാദിശ്ശെ/മാർ, കാശ്ശീശ/ന്മാർ എന്നിങ്ങനെ. ശ്ലീഹേ, കാദീശ്ശെ, കാശ്ശിശെ, എപ്പിസ്ക്കോപ്പ എന്നിങ്ങനെയുള്ള സുറിയാനി ബഹുവചനരൂപങ്ങൾ ഇന്നും മലയാളത്തിൽ ഏകവചനമായിട്ടുതന്നെയാണ് ഉപയോഗിക്കുന്നത്.

പദങ്ങൾ അധികവും സന്ധിചെയ്യാതെയാണ് കർസോനിയിൽ പ്രയോഗിച്ചിട്ടുള്ളത്. ഗദ്യഭാഷയിൽ സന്ധി പൊതുവേ കുറവായിരിക്കും എന്നകാര്യം ഓർത്താൽ കർസോനി മലയാളഗദ്യത്തിന്റെ നേർവഴി സ്വീകരിച്ചതാണ് എന്ന് കാണാം

**5.11 വാക്യങ്ങൾ സാമാന്യവിചാരം**

കേവലവാക്യങ്ങൾ, സംയുക്തവാക്യങ്ങൾ സങ്കീർണവാക്യങ്ങൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള വാക്യരൂപങ്ങൾ കർസോനിപാഠങ്ങളിൽ ഉണ്ട്. പൊതുവേ കർത്തരി പ്രയോഗ വാക്യരീതിയാണ് കർസോനിയിൽ ഉള്ളത്. വാക്യങ്ങളിലെ പദക്രമം പൊതുമലയാളത്തിന്റെ രീതിയിൽ തന്നെയാണുള്ളത്. കർത്താവ്, കർമ്മ, ക്രിയ എന്നതാണ് ക്രമം. പ്രബോധനപരമായ കാര്യങ്ങൾ പറയുമ്പോൾ ചോദ്യരീതിയിലുള്ള വാക്യഘടനയെ സ്വീകരിക്കുന്നുണ്ട്. മിഷണറിമലയാളത്തിന്റെ

പൊതുവായ രീതിയാണിത്(സ്കറിയാ, 1989:484).

**5.11.1 കേവലവാക്യങ്ങൾ**

ഒരു പൂർണക്രിയ മാത്രമുള്ള ചെറുവാക്യങ്ങളെയാണ് കേവലവാക്യങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇത്തരം വാക്യങ്ങൾ കർസോനിയിൽ ധാരാള മായി ഉണ്ട്. കൊച്ചു കൊച്ചു വാക്യങ്ങളായി പറയുക എന്ന സംഭാഷണരീതി യോട് ഇണങ്ങുന്ന വാക്യഘടനയാണ് ഇത്.

1 അപ്രകാരമുണ്ടായി. (പുസ്തകം 6)

2. ഭൂമിയും വെള്ളത്താൽ ഉണ്ടായിരിക്കുന്നു. (പുസ്തകം 3)

3. അവനൊക്കെയും വെളിവായി. (പുസ്തകം 1)

4. അത് ഇല്ലാ. (പുസ്തകം 6)

ഒരു പൂർണക്രിയ അല്ലെങ്കിൽ അനുപ്രയോഗം ചേർന്ന പൂർണക്രിയ മാത്ര മാണ് ഇങ്ങനെയുള്ള വാക്യങ്ങളിൽ ഉള്ളത്. 'ഇല്ലാ' എന്നു മാത്രമായും വാക്യ മുണ്ട് കർസോനിയിൽ.

**5.11.2 സംയുക്തവാക്യങ്ങൾ**

ഒന്നിൽ കൂടുതൽ ക്രിയകളുടെ വാക്യങ്ങളെയാണ് സംയുക്തവാക്യങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഒരു പൂർണക്രിയയും ഒന്നോ കൂടുതലോ വിന യെച്ചങ്ങളും ചേർന്നു വരുന്നവയാണ് ഇത്തരം വാക്യങ്ങൾ.

1. ഓരിഴനൂൽ ഒരുത്തൻ പൊട്ടിച്ചാൽ വേഗം പൊട്ടിപ്പോകും.(പുസ്തകം 3)
2. കത്തങ്ങളും ശേമ്മാശ്ശ്മ്മാരും മേത്റാൻമാരും റംപൻമാരും മരിച്ചാൽ അട ക്കേൺടും ക്റമങ്ങൾ എഴുതുവൻ തുട്ങ്ങുന്നു. (പുസ്തകം 7)

ഒന്നാമത്തെ വാക്യത്തിൽ 'പൊട്ടിച്ചാൽ' എന്ന വിനയെച്ചവും 'പൊട്ടും' എന്ന പൂർണക്രിയയും ആണുള്ളത്. 'പോകുക' എന്ന ക്രിയ അനുപ്രയോഗമായി പൂർണക്രിയയോട് ചേർത്തിരിക്കുന്നു. രണ്ടാമത്തെവാക്യത്തിൽ 'മരിച്ചാൽ', 'എഴു തുവൻ' എന്നീ വിനയെച്ചങ്ങളും 'അടക്കേൺടും' എന്ന പേരെച്ചവും 'തുട്ങ്ങുന്നു' എന്ന പൂർണക്രിയയുമാണുള്ളത് എന്നു കാണാം.

ഇങ്ങനെയുള്ള വാക്യങ്ങളും സംഭാഷണരീതിയോട് ചേർന്നു നിൽക്കുന്ന വയാണ്.

**5.11.3 സങ്കീർണവാക്യങ്ങൾ**

രണ്ടോ അധികമോ വാക്യങ്ങൾ ചേർത്തുപറയുന്നതാണ് സങ്കീർണവാക്യങ്ങൾ.

1. 'ഈ മരിച്ചവൻ ജീവിച്ചിരുന്ന്പോൾ ദെയ്‌വതോട് തിരിച്ചറിഞ്ഞ് അപേക്ഷിപ്പാൻ എട വന്നില്ലാ എൻകിലും മരിച്ച ശേഷ്‌വും ദെയ്‌വമേ മനസലിയപെട്ടു കൊള്ളണമേ എന്നല്ലാതേ എൻറേ ബാവാ അബെറഹ്മേ എൻറേ മേൽ മനസലിയപെടണമേ എന്ന് അപേക്ഷിപ്പാൻ എട ആയത് എന്നതാകുന്നു' (പുസ്തകം2).

അടിവരയിട്ട ഘടകദ്യോതകങ്ങൾ കൊണ്ട് വാക്യങ്ങളെ കൂട്ടിയോജിപ്പിച്ചിരിക്കുകയാണ് എന്നു കാണാം. ഇങ്ങനെ സങ്കീർണഘടനയുള്ള വാക്യങ്ങൾ സുലഭമല്ലെങ്കിലും ഇടയ്ക്കൊക്കെ കാണുന്നുണ്ട്. കർസോനിയിൽ സുലഭമായി കാണുന്നത് കേവലവാക്യങ്ങളും സംയുക്തവാക്യങ്ങളുമാണ്.

**5.11.4 അനുപ്രയോഗം**

കർസോനി പാഠങ്ങളിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒന്നാണ് 'പെടുക'യുടെ പ്രയോഗം. ആധുനിക മലയാളത്തിന് അപരിചിതമെന്നും വിചിത്രമെന്നും തോന്നത്തക്കവിധം 'പെടുക'യെ അനുപ്രയോഗമാക്കിയിട്ടുണ്ട് കർസോനിയിൽ.

1. 'കാപലങ്ങൾ ഉണ്ടാകുവനും വെള്ളം വേൺടപ്പെടന്നു.' (പുസ്തകം 2)

2. 'ഞങ്ങൾക്കു വേൺടി നിങ്ങ്ളുടേ കർത്താവിനോട് പ്രാർത്ഥിക്കപ്പെടുവിൻ എന്നു ചൊല്ലി ഇരിക്കുന്നു.' (പുസ്തകം 2)

3. '...നമ്മുടേ കർത്താവ് ഈശോൻ മ്ശീഹായേ അപമാനപ്പെടുത്തുന്നതാകുന്നു.' (പുസ്തകം 3)

ഇരിക്കുന്ന, ഇട്ടുണ്ട്, ഇരുന്നു, കൊള്ളുക എന്നിങ്ങനെയുള്ള അനുപ്രയോഗങ്ങളും കർസോനി പാഠങ്ങളിൽ ധാരാളമായി കാണാം.

1. '...മാർ അപ്റേയ്ം മൽപ്പാൻ എഴുതി ഇരിക്കുന്നത്.' (പുസ്തകം 3)

2. '...എന്നു ചൊല്ലി ഇരിക്കുന്നു.' (പുസ്തകം 3)

3. '...മുതൽ എടുത്ത് കയ്കാര്യം എന്നു നടന്നു കൊള്ളുന്നു.' (പുസ്തകം 4)

4. '...എനോട് ക്ഷമിച്ച് പൊറുത്തുകൊള്ളണമേ.' (പുസ്തകം 9)

5. '...നമ്മുടേ കർത്താവ് തന്നേ അരുളിചെയ്തിട്ടുൺടല്ലോ.' (പുസ്തകം 2)

**5.11.5** പ്രാചീനമലയാളത്തിന്റെ സവിശേഷതകളിൽ ഒന്നാണ് പുരുഷഭേദസഹിതമായ ആഖ്യാതങ്ങൾ. മലയാളത്തിന്റെ പരിണാമത്തിൽ പുരുഷഭേദനിരാസം വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചിട്ടുള്ളത്. മിഷണറിമലയാളത്തിന്റെ ആദ്യകാലകൃതികളിൽ പുരുഷഭേദത്തോടുകൂടിയ ക്രിയാപ്രയോഗങ്ങൾ കാണുന്നതായി സ്കറിയാ (Zacharia,1990: 124-26) നിരീക്ഷിക്കുന്നുണ്ട്. പ്രാർത്ഥന, വിശ്വാസപ്രതിജ്ഞ തുടങ്ങിയ ഉപയോഗതലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഈ പുരുഷഭേദത്തെ പ്രാചീനമലയാളത്തിലെ പുരുഷഭേദസഹിതരൂപങ്ങളുടെ തുടർച്ചയെന്നു പറയാൻ കഴിയില്ലെന്ന് സ്കറിയാ അഭിപ്രായപ്പെടുന്നുണ്ട്. കർസോനി പാഠങ്ങളിൽ പുരുഷഭേദസഹിതമായ രൂപങ്ങൾ കണ്ടിട്ടില്ല. *കേരളപാണിനീയ*ത്തിൽ വിവരിക്കുന്ന ഭാഷാനയങ്ങളെല്ലാം പ്രാവർത്തികമായ ഭാഷാരൂപമാണ് കർസോനി പാഠങ്ങളിൽ കാണുന്നത്.[3]

'ആറുകളേ നിങ്ങ്ളേ' (പുസ്തകം 3) എന്നിങ്ങനെ വിശേഷണവിശേഷ്യങ്ങൾക്ക് പൊരുത്തം ദീക്ഷിക്കുന്ന അപൂർവ്വം വാക്യങ്ങളും കർസോനിപാഠങ്ങളിൽ കണ്ടിട്ടുണ്ട്. പൊതുവായ രീതി ഇതല്ല. ഘടകങ്ങളും സമുച്ചയനിപാതവും ചേർത്ത് വാക്യത്തെ ദീർഘിപ്പിച്ചു കൊണ്ടുപോകുന്നതും ചിലയിടങ്ങളിൽ കാണാം.

നിഷേധവാക്യങ്ങൾ ധാരാളമായി പ്രയോഗിച്ചിട്ടുണ്ട് കർസോനിപാഠങ്ങളിൽ. പ്രബോധനവിഷയങ്ങളിൽ ചോദ്യവാക്യങ്ങളും നിഷേധവാക്യങ്ങളും നിരന്തരം പ്രയോഗിച്ചിട്ടുണ്ട്. ഇല്ലാ, അല്ലാ, വഹിയാ എന്നിങ്ങനെ ദീർഘമായ അകാരത്തിലവസാനിക്കുന്ന നിഷേധരൂപങ്ങളാണ് വാക്യത്തിലുള്ളത്. 'ആ'യെ മലയാളത്തന്റെ നിഷേധപ്രത്യയമായി രാജരാജവർമ്മയും(1999:237) നിരീക്ഷിക്കുന്നുണ്ട്.

**5.12 ചർച്ച**

ഇന്നത്തെ ശരാശരി മലയാളിക്ക് അപരിചിതങ്ങളായ ധാരാളം വാക്കുകൾ കർസോനിപാഠങ്ങളിൽ ഉണ്ട്.

മുന്നം, ദീനദണ്ണം, തേറുക, ദോഷത്താളർ, പുണ്ണിയസുകം, സുതവർഗശീലം, വിലം (ബലം), ഓരിഴനൂൽ, ആലാത്ത്, തനിയൻ (ഏക), നെറിവാളർ, അറുവിക്കുക, മയ്യൽ (സന്ധ്യ), തിയത്, കാഴ്ച അണക്കുക, ഇംപപ്പെട്ട, ഞുറുക്ക്, മുംപിനാൽ, പുരുഷാരം (സൈന്യം), പിഴച്ച പിഴകൾ, മുടന്തത്വം, ചിറ്റാഴ്മ - എന്നിവ പ്രാചീനരൂപങ്ങളിൽ ചിലതാണ്. സുറിയാനി ക്രിസ്ത്യനികൾക്ക് ഇതിൽ പല വാക്കുകളും കേട്ടുപരിചയമുണ്ടാവാം എന്നുമാത്രം.

ഇങ്ങനെയുള്ള അസാധാരണ പ്രയോഗങ്ങൾ ആധുനിക മലയാളത്തിൽ നിന്ന് കർസോനിക്കുള്ള വ്യതിരിക്തതയെ കാണിക്കുന്നുണ്ട്. എന്നാൽ മിഷണറി ഗദ്യത്തോടും അതുവഴി ആധുനികഗദ്യത്തോടുമുള്ള കർസോനിയുടെ ബന്ധം കർസോനിപാഠങ്ങളിലെ ഭാഷ കൃത്യമായി തെളിയിക്കുന്നുണ്ട്.

5.12.1 കർസോനിപാഠങ്ങളിലെ അക്ഷര-ലിപി വിശകലനത്തിൽനിന്നും വ്യക്തമാകുന്ന കാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്ന് അതിന് വാമൊഴിവഴക്കത്തോടുള്ള അടുപ്പമാണ്. മലയാള ഉച്ചാരണങ്ങളെക്കുറിച്ചുള്ള പണ്ഡിത നിരീക്ഷണങ്ങൾക്ക് നിരക്കുന്നതാണ് എന്നതും (ഉദാ: ഖരമൃദുവിനിമയം, ഇ>എ, ഉ>ഒ മാറ്റം – കാൽഡ്വൽ, 1956:150)[4] ഇന്നത്തെ മലയാള ഉച്ചാരണത്തോട് അടുത്തുനിൽക്കുന്നതാണ് എന്നതും ഈ അടുപ്പത്തെ സ്ഥാപിക്കുവാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

5.12.1.1 ദന്ത്യാനുനാസികത്തിന്റെയും വർത്സ്യാനുനാസികത്തിന്റെയും ലിപിസ്വീകാരത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സൂക്ഷ്മത ഉച്ചാരണത്തെയാണ് എഴുതുന്നത് എന്ന കാര്യമാണ് തെളിയിക്കുന്നത്. ഈ രണ്ട് അനുനാസികത്തെയും പൂരകവിതരണത്തിലെന്നെണ്ണി പദാദിയിൽ ദന്ത്യവും അന്യത്ര വർത്സ്യവുമായ ഉച്ചാരണം നൽകുന്ന ഇന്നത്തെ മലയാളം രണ്ട് ഉച്ചാരണത്തിനും ഒരേ ലിപിതന്നെയാണ്

സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കർസോനിയിൽ രണ്ടുച്ചാരണങ്ങൾക്കും വേറെ വേറെ ലിപി സ്വീകരിച്ചിരിക്കുന്നു.

5.12.1.2 സ്വരമധ്യത്തിലുള്ള ഖരങ്ങളെ മൃദുക്കളായി രേഖപ്പെടുത്തുന്നു എന്നത്, മലയാളിയുടെ ഉച്ചാരണശീലങ്ങളെ എഴുത്തിലും പിൻതുടരുന്നതുകൊണ്ടാണ് എന്നുകാണാം. മണ്ണപം, ദീനദണ്ണം എന്നിങ്ങനെ അനുനാസികാതിപ്രസരം സംഭവിച്ച രൂപങ്ങൾ സംസ്കൃതവാക്കുകൾക്ക് കാണുന്നുണ്ട്. 'ണ്ഡ' എന്ന കൂട്ടക്ഷരത്തിന് വാമൊഴിയിൽ അനുനാസികാതിപ്രസരം സംഭവിക്കാം എന്ന് രാജരാജവർമ്മയും (1999:18) നിരീക്ഷിച്ചിട്ടുണ്ട്. മഹാപ്രാണശബ്ദങ്ങളെ അല്പപ്രാണങ്ങളായി ഉച്ചരിക്കുന്ന മലയാളശീലത്തിന് സമാനമായ എഴുത്താണ് കർസോനിയിൽ ഉള്ളത് എന്നതും ശ്രദ്ധേയമാണ്. അതിഖരഘോഷാക്ഷരങ്ങളെ ഖര/മൃദുക്കളെക്കൊണ്ട് രേഖപ്പെടുത്തുമ്പോൾ ഉച്ചാരണത്തെയാണ് എഴുതുന്നത് എന്നകാര്യം വ്യക്തമാകുന്നു. അ>എ, ഇ>എ, ഉ>ഒ എന്നിങ്ങനെയുള്ള ലിപിമാറ്റവും മുൻപറഞ്ഞ കാര്യത്തെ തെളിയിക്കുന്ന ഘടകമാണ്.

ചുരുക്കത്തിൽ "വ്യവഹാരഭാഷയുടെ ആത്മബലമാണ് മിഷണറിമാരുടെ ഗദ്യകൃതികൾ പ്രദർശിപ്പിക്കുന്നത്"(സ്കറിയാ, 1989: 484) എന്ന ഗവേഷകമതമാണ് ഇവിടെ ഓർമ്മിക്കേണ്ടത്.

5.12.1.3 വ്യഞ്ജനത്തോട് ചേർത്തെഴുതുമ്പോഴും ഏകാരത്തെ ദീർഘമായിത്തന്നെ രേഖപ്പെടുത്തുന്നു എന്നത് കർസോനി പാഠങ്ങളുടെ പ്രധാനസവിശേഷതകളിൽ മറ്റൊന്നാണ്. മിഷണറിഗദ്യം അടക്കമുള്ള മറ്റു സമകാലിക എഴുത്തുകളിലൊന്നും 'ഏ'യുടെ ഉപലിപി രേഖപ്പെടുത്തിക്കാണുന്നില്ല. 'ഏ'യുടെ ഉപലിപി വ്യതിരിക്തമായി രേഖപ്പെടുത്തി എന്നതുമാത്രമല്ല പ്രതിഗ്രാഹികാപ്രത്യയമായി ദീർഘമായ എകാരത്തെയാണ് ഉപയോഗിച്ചിട്ടുള്ളത് എന്നതും കർസോനിയുടെ സവിശേഷതയാണ്.

5.12.1.4 കർസോനി എഴുത്തുസമ്പ്രദായത്തിൽ ശ്രദ്ധിച്ചിട്ടുള്ള മറ്റൊരു കാര്യമാണ് വർത്സ്യവർഗ്ഗഖരത്തിന്റെ ലേഖനരീതി. അനുനാസികത്തോട് ചേർന്ന് 'ൻറ' എന്നു

വരുമ്പോൾ റകാര ലിപിയാണ് (സുറിയാനിയിലെ 'റീശ്' ⊠) ഉപയോഗിക്കുന്നത് എങ്കിലും ഇരിട്ടിച്ചു വരുന്നിടത്ത് റകാരലിപിയല്ല കർസോനിയിൽ ഉപയോഗിച്ചി ട്ടുള്ളത്. അവിടെ, രേഫത്തിനു വേണ്ടി പുതുതായി സ്വീകരിച്ച ലിപി(⊠)യാണ് ഉപയോഗിച്ചിട്ടുള്ളത്. റകാരത്തിൽനിന്നും ഭിന്നമായ ഉച്ചാരണമാണ് വർത്സ്യഖര ത്തിനുള്ളത് എന്നു കാണിക്കാനായിരിക്കണം ഇങ്ങനെയൊരു മാറ്റം സ്വീകരിച്ച ത്. റകാരത്തിന്റെ ചില്ലിനും (ർ) മിക്കപ്പോഴും രേഫലിപിയാണ് കർസോനിയിൽ ഉപയോഗിച്ചിട്ടുള്ളത്.

5.12.2 സ്വരങ്ങളെ രേഖപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള ചിഹ്നങ്ങൾ(കുത്തുകൾ) പലപ്പോഴും വിട്ടുകളഞ്ഞിട്ടുള്ളതായി കാണുന്നു. വിട്ടുകളഞ്ഞതിൽ അധികവും അകാരചിഹ്നമാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മലയാളത്തിൽ വ്യഞ്ജനലിപി അകാരസഹിതമായ ഉച്ചാരണത്തെയാണല്ലോ പ്രതിനിധാനം ചെയ്യുന്നത്. മലയാളം എഴുത്തിന്റെ സ്വാധീനമായിരിക്കണം ഇത്തരം വിട്ടുകള യലിനു പിന്നിൽ. വിട്ടുകളയൽ മാത്രമല്ല സ്വരചിഹ്നങ്ങൾ രേഖപ്പെടുത്തുന്നതിൽ പലപ്പോഴും കർശനമായ നിഷ്ഠ പാലിച്ചിട്ടില്ല എന്നതും കർസോനിയുടെ സവി ശേഷതയാണ്.

'വാവ്' (⊠) എന്ന വകാരലിപിയെ വകാരം എഴുതാനായി ഉപയോഗിച്ചില്ല എന്നത് ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. 'വാവി'നെ സ്വരമായിട്ടാണ് കർസോനി യിൽ പരിഗണിച്ചിട്ടുള്ളത്. ഉ, ഒ എന്നീ സ്വരങ്ങൾക്കുവേണ്ടി മാറ്റിവെച്ചിരിക്കുന്ന ലിപിയാണ് അത് എന്നാണ് കർസോനിപാഠങ്ങൾ വ്യക്തമാക്കുന്നത്. വകാരത്തെ 'ബേസ്' (⊠) എന്ന ലിപികൊണ്ടാണ് കർസോനിയിൽ രേഖപ്പെടുത്തുന്നത്. സുറി യാനി എഴുത്തുരീതിയുടെ സ്വാധീനം കൊണ്ടായിരിക്കാം ഇങ്ങനെ സംഭവിച്ചത്.

5.12.3 കർസോനി എഴുതുന്നതിന് ലിപി സ്വീകരിച്ചിരിക്കുന്നത് മൂന്നു തരത്തി ലാണ്. സുറിയാനിയിലുള്ള ലിപികൊണ്ട് എഴുതാവുന്ന മലയാള അക്ഷരങ്ങളെ അങ്ങനെ എഴുതുന്നു എന്നത് ഒന്നാമത്തേത്. അപ്രകാരം രേഖപ്പെടുത്താൻ കഴി യാത്തവയ്ക്കായി പുതിയ ലിപി ഉണ്ടാക്കുന്നു എന്നതാണ് രണ്ടാമത്തെ തരം.

എന്നിട്ടും പൂർണമാകാത്തതിനാൽ മലയാള ലിപിതന്നെ സ്വീകരിക്കുന്നു എന്നത് മൂന്നാമത്തെ തരവും. ഇങ്ങനെ സ്വീകരിച്ചിട്ടുള്ള മൂന്നുതരം ലിപികളിൽ ആദ്യത്തെ തരം മാത്രമാണ് ലിപ്യന്തരണത്തിന്റെ ഭാഗമായി കാറ്റ്ഫോർഡ് (Catford,1974:66 -7) പറഞ്ഞിട്ടുള്ളത്. ഈ മൂന്നു തരത്തിലുള്ള ലിപി സ്വീകാര്യങ്ങൾ ചവർഗ്ഗ ലിപിയിൽ കാണാവുന്നതാണ്(5.3.2).

സംസ്കൃത തത്ഭവശബ്ദങ്ങളിൽ സ്വരഭക്തി സഹിതമായുള്ള പ്രയോഗങ്ങൾ ധാരാളമായി കാണുന്നുണ്ട്. മൽസിയങ്ങൾ, ക്റുഷി, ഇക്കാരിയത്തുമ്മേൽ, വയിദിയനും, പുണ്ണിയം, ആരോക്കിയ, രാജ്യം, പടിത്ത്വം,ക്റുപയാലേ, ആദിത്തിയേൻ, സാമിയം, വാൽസുല്ലിയ - എന്നിങ്ങനെ. അസവർണ്ണവ്യഞ്ജനങ്ങൾക്കിടയിൽ സ്വരം ചേർത്തുച്ചരിക്കുന്ന ഈ രീതി പ്രാചീനമലയാളത്തിന്റ സവിശേഷതയാണ്. സുറിയാനി ലിപി ഉപയോഗിച്ച് സംയുക്താക്ഷരങ്ങളെ രേഖപ്പെടുത്താൻ ലളിതമായ മാർഗ്ഗം ഉണ്ടായിരിക്കേയാണ് ഇത്തരത്തിൽ സ്വരം ചേർത്തെഴുതുന്നത് എന്നത് പ്രധാനമാണ്. സ്വരചിഹ്നം ചേർക്കാതെ അക്ഷരങ്ങൾ ചേർത്തെഴുതിയാൽ കർസോനിയിൽ അത് സംയുക്താക്ഷരമായി പരിഗണിക്കപ്പെടും. സുറിയാനിയിലാകട്ടെ സ്വരചിഹ്നങ്ങൾ വിട്ടുപോവുക എന്നത് സാധാരണമാണ് താനും. എന്നിട്ടും അസവർണ്ണ വ്യഞ്ജനങ്ങൾക്കിടയിൽ സ്വരം ചേർത്ത് എഴുതുന്നു എന്നത് പ്രാചീനകാലം മുതൽ തുടർന്നുപോരുന്ന സ്വരഭക്തിനയം കൊണ്ടുതന്നെയാണ്.

അക്ഷരങ്ങൾ വിട്ടുപോകുക എന്നത് ഹസ്തലിഖിതങ്ങളുടെ സവിശേഷതയാണ് (5.4). കർസോനി ഭാഷകളിലും ഇത്തരം സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ട്. സ്വരചിഹ്നങ്ങൾ വിട്ടുപോകുന്നതു കൂടാതെ വ്യഞ്ജനാക്ഷരങ്ങളും ചിലപ്പോൾ വാക്കുതന്നെയും ഇപ്രകാരം വിട്ടുപോയിട്ടുണ്ട്.

5.12.4 കുടിപ്പാൻ, കുളിപ്പാൻ, നടപ്പാൻ എന്നിങ്ങനെ കാരിതക്രിയകളിൽ 'പ്പ്' ചേർന്നിട്ടുള്ള രൂപങ്ങൾ കർസോനിപാഠങ്ങളിൽ സുലഭമാണ്. കാരിതക്രിയകളിലെ 'പ്പ്'യുടെ സാന്നിദ്ധ്യം മിഷണറിഗദ്യത്തിന്റെ സവിശേഷതതന്നെയാണ്.

5.12.5 തത്ഭവമായും തത്സമമായും ധാരാളം സംസ്കൃതവാക്കുകൾ

കർസോനിപാഠങ്ങളിൽ കാണുന്നുണ്ട്. 'ചിങ്ങമാസം' എന്നതിന്റെ സംസ്കൃതരൂപമായ 'സിംഹമാസം' പോലുള്ള പ്രയോഗം കർസോനിയിൽ ഉണ്ട് എന്നത് കൗതുകകരമാണ്. മലയാളപദങ്ങളെ സംസ്കൃതീകരിച്ച് പ്രയോഗിക്കുന്ന രീതിയും കണ്ടിട്ടുണ്ട്. 'മുടന്തത്വം' എന്ന് പ്രയോഗിച്ചിരിക്കുന്നത് ഉദാഹരണം. സുറിയാനി വാക്കിന് കർസോനിയിൽ അർത്ഥം കൊടുത്തിരിക്കുന്ന നിഘണ്ടുവിലാണ് ഇങ്ങനെ പ്രയോഗിച്ചിരിക്കുന്നത് (പുസ്തകം 17). സംസ്കൃത വാക്കുകൾ പ്രയോഗിച്ചിട്ടുണ്ട് എങ്കിലും മലയാളവാക്കുകൾ തന്നെയാണ് കൂടുതലുള്ളത് എന്ന് മാതൃകാപഠനങ്ങളിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ട് (അനുബന്ധം 1, 2). സംസ്കൃതവാക്കുകൾ പ്രയോഗിക്കുന്നുണ്ടെങ്കിലും പ്രസിദ്ധങ്ങളായവ മാത്രമേ പ്രയോഗിക്കുന്നുള്ളൂ എന്നതും സംസ്കൃതത്തോട് പ്രത്യേകിച്ചൊരു പ്രതിപത്തിയോ വിപ്രതിപത്തിയോ ഉണ്ടെന്നു തോന്നത്തക്കവിധമുള്ള പ്രയോഗങ്ങളില്ല എന്നതും പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

5.12.6 സുറിയാനി-മലയാളം ഭാഷാസമ്പർക്കത്തിന്റെ ഫലമായുണ്ടായത് എന്നതിന്റെ അടിസ്ഥാനത്തിൽ കർസോനിയിൽ സുറിയാനി വാക്കുകൾ ധാരാളമായി ഉണ്ടാകേണ്ടതാണ്. എന്നാൽ ആരാധനക്കും വേദം, ചടങ്ങ് എന്നിവ വിശദീകരിക്കാനും വേണ്ടി ഉപയോഗിച്ചിട്ടുള്ള സുറിയാനി വാക്കുകളാണ് കർസോനിയിലുള്ളത്. ഇങ്ങനെ ധാരാളം വാക്കുകൾ കർസോനിയിൽ കാണാമെങ്കിലും പൊതുമലയാളത്തിന് പരിചിതമായവയല്ല അവ. പദരൂപത്തിൽ കർസോനിയിൽ ഉപയോഗിച്ചിട്ടുള്ള സുറിയാനിപദങ്ങൾ എല്ലാം നാമങ്ങളും വിശേഷണങ്ങളും മാത്രമാണ്(അനുബന്ധം 1). സുറിയാനി വാക്യങ്ങളും കർസോനി പാഠങ്ങളിൽ ഉണ്ട്. ഒന്നുകിൽ പ്രാർത്ഥനയായി അല്ലെങ്കിൽ വ്യാഖ്യാനത്തിനുള്ള ഉദ്ധരണിയായി - ഇങ്ങനെ രണ്ടു തരത്തിലാണ് സുറിയാനിവാക്യങ്ങൾ കർസോനിപാഠങ്ങളിൽ കണ്ടിട്ടുള്ളത്. വ്യാഖ്യാനത്തിനു വേണ്ടി ചേർക്കുന്ന സുറിയാനിവാക്യങ്ങൾ താരതമ്യേന ചെറുതാണ്. പ്രാർത്ഥനകളാകട്ടെ പത്തും പന്ത്രണ്ടും പുറങ്ങൾ വരെ തുടർച്ചയായി കൊടുത്തിട്ടുണ്ട്(പുസ്തകം 10). സുറിയാനി വാക്കുകൾ കടന്നുവരുന്ന

മറ്റൊരു സന്ദർഭമാണ് നിഘണ്ടുക്കളിലേത്. സുറിയാനിവാക്കുകൾക്ക് കർസോനി യിൽ അർത്ഥം പറഞ്ഞിരിക്കുകയാണവിടെ. ഇത്തരം നിഘണ്ടുക്കളിലെ സുറി യാനി വാക്കുകളെ ഇവിടെ പരിഗണിച്ചിട്ടില്ല. മലയാളഭാഷയുടെ വാക്യഘടനയിൽ രചിക്കപ്പെട്ടിട്ടുള്ള കർസോനി പാഠങ്ങൾക്കകത്തുവരുന്ന സുറിയാനി വാക്കുകളെ മാത്രമേ ഇവിടെ പരിഗണിച്ചിട്ടുള്ളൂ. ഇത്തരം വാക്കുകളിൽ പലതവണ ആവർത്തി ച്ചിട്ടുള്ളവയും ഒന്നോ രണ്ടോ തവണ മാത്രം വന്നിട്ടുള്ളവയും ഉണ്ട്. ശ്ളീഹേമാർ, മാലാക, മൽപ്പാൻ, മാർ, ശെമ്മാശൻ തുടങ്ങിയ ശബ്ദങ്ങൾ പലതവണ ആവർത്തി ക്കുമ്പോൾ ആകൽഖറുസ, പീലാസ, കാസ തുടങ്ങിയവ ഒന്നോ രണ്ടോ തവണ മാത്രം പ്രയോഗിച്ചിട്ടുള്ളവയാണ്.

5.12.7 അക്ഷര - ലിപി വിചാരത്തിൽ വ്യക്തമാകുന്നതുപോലെ വർണവികാര ങ്ങൾ കർസോനിയിൽ സുലഭമാണ്. സ്വരവർണ്ണങ്ങളും വ്യഞ്ജനവർണങ്ങളും മാറ്റത്തോടെ പ്രത്യക്ഷപ്പെടുന്നുണ്ട്.

പൊസ്തകം, കവുൾ, ലെപിക്കണമെന്ന്, ശികുൽസയും, എരുതീ, എരട്ടി, സംപൊന്നൻ, പവുലോസ്, എർങ്ങി, സുരം, പരൂക്ഷിച്ചു എന്നിങ്ങനെ ധാരാളമു ണ്ട്. ഇവയിൽ മിക്കതും പ്രാചീനമലയാളത്തിന്റെയും വ്യവഹാരഭാഷയുടെയും സ്വഭാവം പ്രദർശിപ്പിക്കുന്നവയാണ്. ഇവിടെ ഇന്നുപയോഗിക്കുന്ന സാധാരണ രൂപത്തിൽ നിന്നുള്ള വ്യത്യാസത്തെ മാത്രമേ കാണിക്കുന്നുള്ളൂ.

5.12.8 17, 18 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ടിട്ടുള്ള മിഷണറിമലയാളഗദ്യത്തിന്റെ സ്വഭാവങ്ങൾ തന്നെയാണ് കർസോനിയിലും ഉള്ളത്. മിഷണറി മലയാളത്തെക്കു റിച്ച് മുമ്പുണ്ടായിട്ടുള്ള പഠനങ്ങളുടെ (സ്കറിയ 1994, 1989; Zacharia, 1990) നിഗമ നങ്ങളുമായി ഒത്തുപോകുന്ന ഭാഷാരീതിയാണ് കർസോനിയിലേതെന്ന് മേൽവി വരിച്ചിട്ടുള്ള ഭാഷാസവിശേഷതകൾ തെളിയിച്ചിരിക്കുന്നു.

പോർച്ചുഗീസുകാരുടെ വരവോടെ കേരളത്തിൽ സംഭവിച്ച പാശ്ചാത്യ കോളനിവൽക്കരണത്തിന്റെ ഫലമായുണ്ടായ രാഷ്ട്രീയ പരിവർത്തനങ്ങൾ ഇവി

ടുത്തെ വ്യവഹാരഭാഷയ്ക്ക് സ്വന്തമായൊരു ഗദ്യരീതി വളർത്തിയെടുക്കാൻ സഹായിച്ചു എന്ന സി.എൽ.ആന്റണിയുടെ (1973:662) നിരീക്ഷണം മിഷണറിഗദ്യത്തിന്റെ കാലികപ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. സാമാന്യജനതയോട് ഇടപഴകേണ്ടിവന്ന മിഷണറിമാർ അതുകൊണ്ടുതന്നെ കേരളത്തിലെ സാമാന്യവ്യവഹാരഭാഷ അവരുടെ മാധ്യമമാക്കി. കേരളത്തിൽ നിലനിന്നിരുന്ന ഗദ്യരീതി സംസ്കൃതപദബഹുലവും ദീർഘവാക്യഘടനയോടു കൂടിയതും സംസ്കൃത വാക്യങ്ങളെ പലപ്പോഴും അനുകരിക്കുന്നതുമായിരുന്നു. സാമാന്യ ജനതയുമായി നേരിട്ട് ഇടപെടേണ്ടുന്ന സന്ദർഭങ്ങൾ ഭാഷാഗദ്യത്തിന് ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ഈയൊരു വിടവാണ് മിഷണറിമാർ നികത്തിയത്. മറ്റൊരു വിധം പറഞ്ഞാൽ മലയാള ഭാഷാഗദ്യത്തിന്റെ പ്രയോഗതലങ്ങൾ വിപുലമാക്കുക എന്ന ചരിത്രദൗത്യം നിർവ്വഹിക്കുകയായിരുന്നു മിഷണറിമാർ.

വാമൊഴി വടിവിലും ഉച്ചാരണത്തോടടുത്തും ഉള്ള എഴുത്ത് സാമാന്യവ്യവഹാരഭാഷയുടെ രൂപത്തെയാണ് കാണിക്കുന്നതെന്ന് സി.എൽ.ആന്റണി മുതലുള്ള ഭാഷപണ്ഡിതന്മാർ അംഗീകരക്കുന്നുണ്ട്. മിഷണറിമലയാളത്തിന്റേതായി നിരീക്ഷിക്കപ്പെട്ടിട്ടുള്ള സവിശേഷതകൾ തന്നെയാണ് കർസോനി വിശകലങ്ങളിലും തെളിയുന്നത്. കർസോനി എന്നത് മിഷണറിമലയാളത്തിന്റെ എഴുത്തുഭേദമാണ് എന്ന് ഈ വിശകലനങ്ങൾ തെളിയിക്കുന്നു.

## കുറിപ്പുകൾ

1.1 സുറിയാനിയിലില്ലാത്ത 'ച' കർസോനിയിൽ എഴുതിയത് സുറിയാനിയിൽ തന്നെയുള്ള 'ശീൻ' (ശ- ) എന്ന ലിപി ഉപയോഗിച്ചാണ്. ഇതുപോലുള്ള ഒത്തുതീർപ്പ് ടവർഗ്ഗത്തിന്റെ കാര്യത്തിൽ ഉണ്ടായില്ല.

2. "കൽടാവുകൾക്കില്ലിതത്രേ

അതിപ്രസരമെന്നത്." എന്ന കാരികയിലൂടെ ടവർഗത്തിന് അനുനാസികാതിപ്രസരം സംഭവിക്കാറില്ല എന്ന് രാജരാജവർമ്മ(1999:105) പറയുന്നുണ്ട്. അനുനാസികാതിപ്രസരനയം വ്യക്തമാക്കുന്നിടത്ത് (പുറം 58) മണ്ഡപം – മണ്ണപം എന്നൊരുദാഹരണം

ഏ.ആർ. നൽകുന്നുണ്ട്. സംസകൃതവാക്കുകളിൽ സംഭവിക്കുന്ന ഈ അതിപ്രസരം മൃദുക്കൾക്കാണ് അധികവും എന്നും അദ്ദേഹം പറയുന്നുണ്ട്. മലയാളിയുടെ ഉച്ചാര ണശീലത്തിന് കർസോനിയിലെ ഉദാഹരണങ്ങൾ മികച്ച തെളിവുകളാണ്.

3. എഴുത്തച്ഛന്റെ കാലമാവുമ്പോൾ (16-ാം നൂറ്റാണ്ട്) തന്നെ അനുനാസികാതിപ്രസരം തുടങ്ങിയ ഭാഷാനയങ്ങൾ മലയാളത്തിൽ സംഭവിച്ചു കഴിഞ്ഞതായിക്കാണാം. എങ്കിലും പുരുഷഭേദസഹിതമായ രൂപങ്ങൾ പിന്നീടും വിരളമായി ഭാഷാപ്രയോഗങ്ങളിലുണ്ടാ യിട്ടുണ്ട്. മിഷണറിമലയാളത്തിൽ പുരുഷഭേദസഹിതമായ രൂപങ്ങൾ ഉള്ളതായി സ്കറിയാ സക്കറിയ രേഖപ്പെടുത്തുന്നുണ്ട് (സ്കറിയാ, 1994:83) എന്നൽ കർസോനിപാ ഠങ്ങളിൽ ഇത്തരം പുരുഷഭേദസഹിതരൂപങ്ങൾ കണ്ടിട്ടില്ല. 'ന്ന'യുടെ രൂപഭേദമായി പറഞ്ഞിട്ടുള്ള 'ന്ദ'യാണ് ഭാഷാനയം സംഭവിക്കാത്ത രൂപമായി കർസോനിയിൽ കണ്ടി ട്ടുള്ളത് (5.2.5.6). അതുകൊണ്ടാണ് ഭാഷാനയങ്ങൾ സംഭവിച്ച രൂപങ്ങളാണ് കർസോ നിയിൽ ഉള്ളത് എന്ന് പറഞ്ഞിരിക്കുന്നത്.

4. ഖരമൃദുവിനിമയനയം ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവമാണെന്ന് കാൽഡ്വൽ (1985:150) നിരീക്ഷിക്കുന്നുണ്ട്. ദ്രാവിഡഭാഷാവ്യാകരണം എന്ന കൃതിയിൽ ഇക്കാര്യം ഇങ്ങനെ വിശദീകരിക്കുന്നു: "എല്ലാ ദ്രാവിഡമൊഴികളിലും ഈ നയത്തിന്റെ തെളിഞ്ഞ ലക്ഷ്യങ്ങൾ കാണാം; എങ്കിലും തമിഴ്മലയാളങ്ങളിലാണ് ഇത് ക്രമീകൃതമായും പര മാവധി പരിണതമായും കാണുന്നത്. തമിഴ്-മലയാളങ്ങളിൽ പ്രത്യക്ഷമാകുന്ന വിധ ത്തിൽ ആ നയത്തെ ഇങ്ങനെ വിവിരിക്കാം - ക, ട, ത, പ എന്നീ വർഗ്ഗാദിയിലുള്ള ഖരങ്ങൾ (ഊഷ്മസംസർഗ്ഗമില്ലാത്ത വ്യഞ്ജനങ്ങൾ) പദാദിയിൽ ഒറ്റക്കുവരുമ്പോഴും, ഇരട്ടിച്ച് എഴുതുമ്പോഴും ഖരങ്ങളായിത്തന്നെ (കടതപങ്ങളായിത്തന്നെ) ഉച്ചരിക്കണം; ഇതേ വ്യഞ്ജനങ്ങൾ തന്നെ പദമധ്യത്തിൽ ഒറ്റയായിവന്നാൽ അവയെ മൃദുക്കളായി ഉച്ചരിക്കും". പദമധ്യം എന്ന് കാൽഡ്വൽ സാമാന്യമായി പറഞ്ഞത് സ്വരമധ്യം എന്ന് കൃത്യമായി പറയാം. ഉച്ചാരണത്തിലെ ഭേദത്തെയാണ് ഇവിടെ പറയുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ആറ്

# പൊതുനിഗമനങ്ങൾ

6.1 സുറിയാനി ലിപിയിൽ മലയാളം എഴുതുന്ന രീതിയാണ് കർസോനി. സുറിയാനി ഭാഷയുമായി മലയാളത്തിനുണ്ടായിട്ടുള്ള സമ്പർക്കത്തിന്റെ ഫലമാണ് ഇത്തരമൊരു എഴുത്തുരീതി. ഇന്നത്തെ മലയാളലിപി സാർവ്വത്രികമായി സ്വീകരിക്കുകയും പ്രചരിക്കുകയും ചെയ്യുന്നതിനുമുമ്പ് മലയാളം വിവിധ ലിപികളിൽ എഴുതപ്പെട്ടിട്ടുണ്ട്. (വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, അറബിമലയാളം, ഗ്രന്ഥലിപി എന്നിങ്ങനെ പല ലിപികളിൽ മലയാളം എഴുതിയിരുന്നു) (3 :1). കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ മതജീവിതവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കർസോനി, മലയാളഭാഷയുടെ വ്യത്യസ്ത പ്രയോഗമുഖങ്ങളിൽ ഒന്നായിരുന്നു.

6.2 കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ മതജീവിതത്തെയല്ലാതെ മറ്റ് മേഖലകളേയോ മറ്റു സമുദായങ്ങളുടെ ജീവിതസാഹചര്യങ്ങളേയോ സ്വാധീനിക്കാൽ സുറിയാനിഭാഷയ്ക്ക് കഴിഞ്ഞിട്ടില്ലെങ്കിലും കർസോനിപോലുള്ള ഒരെഴുത്തു സമ്പ്രദായത്തെ സംഭാവന ചെയ്യത്തക്കവിധം അത് ക്രിസ്ത്യൻ ജീവിതത്തെയും അവരുടെ ഭാഷയെയും സ്വാധീനിച്ചു. പോർച്ചുഗീസുകാരുടെ വരവിനു ശേഷം ലത്തീൻ പാരമ്പര്യം സുറിയാനി പാരമ്പര്യം എന്ന് രണ്ടായി പിരിഞ്ഞ ക്രിസ്ത്യാനികളിൽ സുറിയാനി പാരമ്പര്യക്കാർ തങ്ങളുടെ സ്വത്വത്തിന്റെ ഭാഗമായാണ് സുറിയാനിയെയും കർസോനിയെയും കണ്ടത്.

6.3 കേരളത്തിന്റെ മധ്യഭാഗങ്ങളിൽ (കോട്ടയം, എറണാകുളം, തൃശൂർ ജില്ലകൾ) പ്രചരിച്ചിരുന്ന കർസോനിയുടെ ഇരുപതു പാഠങ്ങൾ വിവിധ ദിക്കുകളിൽ നിന്നായി ലഭിച്ചിട്ടുണ്ട്. ഒരു പുറം മാത്രമുള്ള പാഠവും നൂറോളം പുറങ്ങളുള്ള പാഠവും ഇക്കൂട്ടത്തിൽ ഉണ്ട്. സുറിയാനിഗ്രന്ഥത്തിലെ ചില പുറങ്ങളായും കർസോനി രേഖപ്പെടുത്തിക്കാണുന്നു. ഇരുപതു പാഠങ്ങളിലുമായി മുന്നൂറോളം പുറങ്ങളാണ് ലഭിച്ചിട്ടുള്ളത്. ക്രിസ്ത്യാനികളുടെ മതജീവിതവുമായി ബന്ധപ്പെട്ട

കാര്യങ്ങൾ മാത്രമേ കർസോനിയിൽ ഉള്ളൂ എങ്കിലും അതിൽ തന്നെ വിവിധ വിഷയങ്ങൾ ഉള്ളതായി കാണാം. പ്രാർത്ഥന, പ്രസംഗം/വ്യാഖ്യാനം, അനുഷ്ഠാനക്രമവിവരണം, നിഘണ്ടു, കുറിപ്പുകൾ എന്നിങ്ങനെയുള്ള വിഷയവൈവിധ്യം കർസോനിയിൽ ഉണ്ട് (4.3).

6.4 കർസോനിപാഠങ്ങളുടെ വിവരണാത്മകമായ വിശകലനത്തിലൂടെ ലഭിച്ച അറിവുകൾ ഇവിടെ ക്രോഡീകരിക്കുന്നു.

1. ഉദയംപേരൂർ സൂനഹദോസിന്റെ കാലം (ഏ.ഡി.1599) മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ കേരളത്തിൽ നിലനിന്നിരുന്ന എഴുത്തു സമ്പ്രദായമാണ് കർസോനി.

2. സുറിയാനിയുടെ മൂന്ന് എഴുത്തു രീതികളിൽ (പൗരസ്ത്യം, പാശ്ചാത്യം, എസ്ട്രംഗേലാ) പൗരസ്ത്യ രീതിയിലുള്ള എഴുത്താണ് കർസോനിക്കായി ഉപോയോഗിച്ചിട്ടുള്ളത്. അടിസ്ഥാന ലിപിമാല സുറിയാനിയുടേതാണെങ്കിലും 22 വ്യഞ്ജനങ്ങൾ മാത്രമേ സുറിയാനിയിലുള്ളൂ എന്നതിനാൽ മലയാളം എഴുതുന്നതിനായി സുറിയാനി ലിപിമാലയിൽ ചില പരിഷ്കരണങ്ങൾ വരുത്തിയാണ് കർസോനി സൃഷ്ടിച്ചിട്ടുള്ളത്. മലയാളത്തിനായി ചില ലിപികൾ കൂട്ടിച്ചേർത്തുകൊണ്ടാണ് ആ പരിഷ്കരണം നടത്തിയിട്ടുള്ളത്. ങ, ഞ, ണ, ന, ര, ഷ/ഴ, ള എന്നീ അക്ഷരങ്ങൾക്കായി പുതിയ ചില ലിപികൾ ഉണ്ടാക്കിയിരിക്കുകയാണ് കർസോനിയിൽ. കൂടാതെ ജ, ഭ എന്നീ ലിപികളെ മലയാളത്തിൽ നിന്ന് സ്വീകരിച്ചിട്ടുമുണ്ട് (3.13).

3. വ്യഞ്ജനങ്ങളുടെ മുകളിലും താഴെയുമായി കുത്തുകളിട്ടാണ് സുറിയാനിയിൽ സ്വരങ്ങൾ രേഖപ്പെടുത്തുന്നത്. കർസോനി പിന്തുടരുന്നതും ഇതേ രീതിതന്നെയാണ്. അ, ആ, ഇ, ഉ, എ, ഒ എന്നിവയാണ് കർസോനിയിൽ പ്രയോഗിച്ചിട്ടുള്ള സ്വരങ്ങൾ (3.11.1).

4. വ്യഞ്ജനങ്ങൾ

കർസോനിയിലും മലയാളത്തിലും ഉപയോഗിക്കുന്ന വ്യഞ്ജനങ്ങൾ എപ്പോഴും ഒന്നിനൊന്ന് സമാനങ്ങളാണെന്നു പറയാനാവില്ല. കർസോനിയിലെ

ചില വ്യഞ്ജനങ്ങൾ മലയാളത്തിലെ വ്യത്യസ്ത വ്യഞ്ജനങ്ങളെ കുറിക്കുന്നു. അവ താഴെ വിവിരിക്കുന്നു. (മലയാളത്തിലെ അക്ഷരക്രമമാണ് ഇവിടെ സ്വീകരിക്കുന്നത്.)

(i) മലയാളത്തിലെ കകാരത്തെ കുറിക്കാൻ കർസോനിയിൽ കാപ് (ക), ഖോപ് (ഖ) ഗാമൽ (ഗ) എന്നിങ്ങനെ മൂന്നു ലിപികൾ ഉപയോഗിച്ചിരിക്കുന്നു. കൂട്ടക്ഷരം വരുന്ന സംസ്കൃതശബ്ദങ്ങളിലാണ് ഖോപ് ഉപയോഗിച്ചിരിക്കുന്നത്. സംസ്കൃത പദങ്ങളിലെ സ്വരമധ്യത്തിലാണ് ഗാമൽ വരുന്നത് (5.2.1). മലയാളത്തിലെ ഖകാരത്തിനു തുല്യമായി സംസ്കൃത തൽസമങ്ങളിൽ സാമാന്യേന കാപും (ക), (അപൂർവ്വമായി 'ഹ'യും) സുറിയാനി വാക്കുകളാണെങ്കിൽ ഖോപും (ഖ) ഉപയോഗിച്ചിരിക്കുന്നു (5.2.1.1). വിസർഗ്ഗത്തോടു ചേർന്നു വരുമ്പോൾ ഇരട്ടിച്ച കാപ് (ക്ക) ഉപയോഗിക്കുന്നു. ഗകാരത്തെ കുറിക്കുന്നതിന് ഗാമൽ (ഗ) തന്നെയാണ് ഉപയോഗിക്കുന്നത്. കാപും(ക) ഉപയോഗിക്കുന്നുണ്ട്. ഘകാരത്തെ കുറിക്കുവാൻ ഗാമൽ (ഗ) ആണ് കർസോനിയിൽ ഉപയോഗിച്ചിട്ടുള്ളത് (5.2.1.2). ഇരട്ടിപ്പിലും അസവർണ്ണ വ്യഞ്ജന സംയുക്തത്തിലും ക്ക (ഇരട്ടിച്ച കാപ്) എന്നും ഉപയോഗിക്കുന്നു (5.2.1.3). മലയാളത്തിലെ 'ങ്ക' എന്ന കൂട്ടക്ഷരത്തെക്കുറിക്കുന്നതിന് 'ൻക' എന്നാണ് സാമാന്യ പ്രയോഗം. ചിലപ്പോൾ മാത്രം ങ്ക എന്നു തന്നെ ഉപയോഗിക്കുന്നു (5.2.1.4).

(ii) മലയാളത്തിലെ ചകാരത്തെ കുറിക്കാൻ കർസോനിയിൽ ശീൻ (ശ) ആണ് ഉപയോഗിക്കുന്നത്. സ്വരമധ്യത്തിലാണെങ്കിൽ 'ജ'യും ഉപയോഗിക്കാറുണ്ട് (5.2.2). ജകാരത്തെ എഴുതുന്നതിന് മലയാളത്തിലെ 'ജ' തന്നെ ഉപയോഗിച്ചിരിക്കുന്നു.

(iii) ഠകാരത്തെ കുറിക്കുന്നതിന് ടകാരത്തിനുവേണ്ടി ഉണ്ടാക്കിയ പുതിയ ലിപിയാണ് ഉപയോഗിച്ചിട്ടുള്ളത്. 'ണ്ഡ' എന്ന കൂട്ടക്ഷരത്തെകുറിക്കുന്നതിന് 'ണ്ണ'യും (5.2.3).

(iv) വത്സ്യഖരത്തെ രേഖപ്പെടുത്തുന്നതിന് മലയാള രീതിതന്നെ പിന്തുട

രുന്നുണ്ട്. ന്റ എന്നിടത്തെ 'റ' സുറിയാനിയിലെ റീശ് (റ) കൊണ്ടു തന്നെ രേഖപ്പെടുത്തുന്നു. എന്നാൽ ഇരട്ടിച്ചുവരുന്ന വർത്സ്യഖരത്തെ രേഫത്തിന്റെ ഇരട്ടിപ്പായാണ് എഴുതുന്നത്. റ്റ എന്ന് റീശിന്റെ ഇരട്ടിപ്പായല്ല 'ര്ര' എന്ന് രേഫത്തിന്റെ ഇരട്ടിപ്പായി രേഖപ്പെടുത്തും. (5.2.4).

(v) തകാരത്തെ കുറിക്കുന്നതിന് തകാരത്തിന്റെയും (താവ്) ദകാരത്തിന്റെയും (ദാലത്) ലിപികൾ ഉപയോഗിക്കുന്നുണ്ട്. സ്വരമധ്യത്തിൽ വരുന്ന ഖരത്തെയാണ് ദാലത് (ദ) കൊണ്ട് രേഖപ്പെടുത്തിയിട്ടുള്ളത്. (5.2.5).

ഥകാരത്തിന് താവ് (ത), തേസ് (ഥ) എന്ന് രണ്ട് ലിപികളും ഉപയോഗിക്കുന്നുണ്ടെങ്കിലും തേസ്(ഥ) ഉപയോഗിച്ചിരിക്കുന്നത് സുറിയാനി വാക്കുകൾ രേഖപ്പെടുത്താൻ മാത്രമാണ്. സംസ്കൃതവാക്കുകളിലെ ഥകാരത്തെ താവ് (ത) കൊണ്ടാണ് രേഖപ്പെടുത്തുന്നത്. (5.2.5.2)

ദകാരത്തെ കുറിക്കുന്നതിന് ദാലത് (ദ) ആണ് സാധാരണയായി ഉപയോഗിക്കുന്നത്. ചില സന്ദർഭങ്ങളിൽ താവും (ത) ഉപയോഗിച്ചിട്ടുണ്ട്. (5.2.5.3)
ധകാരത്തെ കുറിക്കുന്നതിന് ദാലത് (ദ) ആണ് സാധാരണ ഉപയോഗിക്കാറുള്ളത്. ചിലപ്പോൾ താവ് (ത) കൊണ്ടും 'ധ'യെ രേഖപ്പെടുത്താറുണ്ട്. (5.2.5.4).

കൂട്ടക്ഷരമായ 'ദ്ധ'യെ കുറുക്കുന്നതിന് ദാലതിന്റെ ഇരട്ടിച്ച രൂപം (ദ്ദ), ദാലത് (ദ), താവിന്റെ ഇരട്ടിച്ച രൂപം (ത്ത) എന്നിങ്ങനെ മൂന്ന് രീതികൾ സ്വീകരിച്ചിട്ടുണ്ട്. (5.2.5.5).

'ന്ത' എന്ന കൂട്ടക്ഷരത്തിന് ദന്ത്യാനുനാസികവും ത (കാപ്)യും ചേർന്ന ലിപിരൂപമാണ് സ്വീകരിച്ചിട്ടുള്ളത്. (5.2.5.5).

(vi) പകാരത്തെക്കുറിക്കുന്നതിന് പേ (പ) എന്ന ലിപിതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ സ്വരമധ്യത്തിൽ വരുന്ന 'പ'യെ കുറിക്കുന്നതിന് ബകാര ലിപിയായ ബേസ് ആണ് ഉപയോഗിക്കുന്നത്. (5.2.6.1).

ഫകാരത്തെക്കുറിക്കുന്നതിന് പകാര ലിപിയായ പേ ആണ് ഉപയോഗിച്ചിട്ടുള്ളത്. ചിലപ്പോഴൊക്കെ ഭ എന്നും ഉപയോഗിച്ചിട്ടുണ്ട്. (5.2.6.2).

ബകാരത്തെ കുറിക്കുന്നതിന് ബേസ് (ബ) ആണ് ഉപയോഗിക്കുന്നത്. പദാദിയിലാണെങ്കിൽ പേ(പ)യും 'ഭ'യും ഉപയോഗിച്ചിട്ടുണ്ട്. (5.2.6.3).

ഭകാരത്തെക്കുറിക്കാൻ മലയാളത്തിൽനിന്നും 'ഭ' എന്ന ലിപിയെ സ്വീകരിച്ചിരിക്കുന്നു. എന്നാലും ചിലപ്പോഴൊക്കെ പേ(പ)യും ബേസും(ബ) ഉപയോഗിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. (5.2.6.4).

(vii) രേഫത്തെക്കുറിക്കുന്നതിനായി പുതിയൊരു ലിപി കർസോനിയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ ലിപിതന്നെയാണ് സാമാന്യേന രേഫത്തെ രേഖപ്പെടുത്താൻ ഉപയോഗിക്കുന്നത്. ചിലപ്പോൾ റീശ്(റ) ഉപയോഗിച്ചും രേഫം എഴുതാറുണ്ട്. (5.2.7)

വകാരത്തെക്കുറിക്കാൻ വാവ് (വ) എന്നൊരു അക്ഷരം സുറിയാനിയിലുണ്ടെങ്കിലും കർസോനിയിൽ വകാരത്തെ കുറിക്കുന്നതിന് ബേസ് (ബ) ആണ് സാമാന്യേന ഉപയോഗിച്ചിട്ടുള്ളത്. വാവ് (വ), പേ (പ) എന്നിവയും ചില സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. (5.2.7.1)

ഴകാരത്തെ എഴുതുന്നതിനായി പുതിയൊരു ലിപി ഉണ്ടാക്കുകയാണ് കർസോനിയിൽ ചെയ്തിട്ടുള്ളത്. അതേ ലിപികൊണ്ടുതന്നെയാണ് ഷകാരത്തെയും കുറിക്കുന്നത്. ഷ/ഴ എന്നിവയ്ക്ക് ഒരേ ലിപിതന്നെയാണ് കർസോനിയിൽ ഉപയോഗിച്ചിരിക്കുന്നത്. (5.2.7.3, 5.2.8)

(viii) അസവർണവ്യഞ്ജനങ്ങളുടെ സംയുക്തങ്ങളെ സ്വരഭക്തി ചേർത്തെഴുതുന്ന രീതിയാണ് കർസോനിയിലുള്ളത്. 'യ'കാരം ചേരുമ്പോഴാണ് ഇങ്ങനെ ചെയ്യുന്നത്. വ്യഞ്ജനത്തിന്റെ ഇരട്ടിപ്പിനെ കാണിക്കാൻ അടിവര ഇടുന്ന സുറിയാനി രീതിയാണ് കർസോനിയിലുള്ളത്. ഇരട്ടിപ്പിനെ മാത്രമല്ല കൂട്ടക്ഷരത്തിന്റെ കൂട്ടവസ്ഥയെ കാണിക്കാനും അടിവര ഉപയോഗിക്കുന്നു. വ്യഞ്ജനങ്ങൾ സ്വരം ചേർത്തെഴുതാത്തതു കൊണ്ട് അവ ചേർത്തെഴുതിയാൽ കൂട്ടക്ഷരമായി. എന്നിട്ടുപോലും അവ കൂട്ടക്ഷരമാണെന്നു കാണിക്കാൻ അടിവര ഉപയോഗിക്കുന്നത് മലയാള എഴുത്തിന്റെ രീതിയെ പിന്തുടർന്നാണ്.

5. സ്വരചിഹ്നങ്ങളായ കുത്തുകൾ വിട്ടുപോകുക എന്നത് സാധാരണയായി സംഭവിക്കുന്ന പ്രത്യേകതയാണ്. അതിൽ അകാരചിഹ്നമാണ് അധികവും വിട്ടുപോകുന്നത്. വ്യഞ്ജനാക്ഷരങ്ങൾ അകാര സഹിതമായി ഗണിക്കുന്ന മലയാള സമ്പ്രദായത്തിന്റെ സ്വാധീനമാണ് ഇതിനു കാരണം. (5.4.2) സ്വരങ്ങളിൽ അകാര എകാരങ്ങൾക്കു മാത്രമാണ് ഹ്രസ്വദീർഘ ഭേദമുള്ളത്. മലയാളത്തിൽ 'ഏ'യുടെ ഉപലിപി(േ) ഉപയോഗിച്ചു തുടങ്ങുന്നതിനു മുമ്പുതന്നെ കർസോനിയിൽ ഏകാരത്തെ പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. (5.3.3)

6. വാക്കുമുറിച്ച് അടുത്ത വരിയിൽ എഴുതേണ്ടിവരുമ്പോൾ വാക്ക് മുഴുവൻ അടുത്ത വരിയിലേക്ക് മാറ്റി നീണ്ട വരകൊണ്ട് വരി തികയ്ക്കുന്ന രീതി കർസോനിയിൽ ഉണ്ട്. (5.5.3) ഒരു പുറത്തിലെ അവസാനവാക്ക് അടുത്തപുറത്തിൽ ആവർത്തിക്കുന്ന രീതി കർസോനിയിൽ കാണാം. (5.5.4) പൂർണവിരാമചിഹ്നം കർസോനിയിൽ ഉണ്ട്. വാക്യാവസാനത്തിൽ മാത്രമല്ല ഇത് പ്രയോഗിച്ചിരിക്കുന്നത് എന്നുമാത്രം. (5.5.5).

സുറിയാനി രീതിയിൽ അക്കങ്ങളെഴുതുന്നത് അക്ഷരങ്ങൾക്കു മുകളിൽ വരയിട്ടുകൊണ്ടാണ്. എന്നാൽ കർസോനിയിൽ സാധാരണ കാണുന്ന രീതി മലയാളത്തിലെപ്പോലെ അക്കങ്ങൾ അക്ഷരത്തിൽ എഴുതുന്നതാണ് (5.5.6).

7. പ്രയോജക രൂപസിദ്ധിക്കായി നാലു പ്രക്രിയകളാണ് കർസോനിയിൽ ഉള്ളത്.

1. ഇ, ഈ 2. പ്പി 3. ത്ത് 4. ക്ക് - ഇവ ചേർക്കലാണവ (5.7.1)

8. നിഷേധരൂപങ്ങളിൽ പിൻവിവയെച്ചത്തിന് 'വാൻ' എന്നൊരു പ്രത്യയം കർസോനിയിൽ ഉണ്ട്. (5.7.2.2).

9. ഭൂതകാല പ്രത്യയമായ 'ത്' എന്നതിന് വ്യത്യസ്ത സാഹചര്യങ്ങളിൽ ത്ത്, ച്ച്, ട്ട്, ന്ന്, ഞ്ഞ് എന്നീ ഉപരൂപങ്ങൾ ഉണ്ട് (5.7.3.3)

10. നടുവിനയെച്ച പ്രത്യയങ്ങളായി അ, കാ, കേ - എന്ന് മൂന്നു രൂപങ്ങൾ കർസോനിയിൽ ഉണ്ട് (5.7.8)

11. അം, ത്ത്വം, പ്പ്, ച, മ, പ്പം, ക്ക്, വ് - എന്നീ പ്രത്യയങ്ങൾ ചേർത്തിട്ടുള്ള ക്രിയാ

നാമങ്ങൾ കർസോനിയിൽ ഉണ്ട്. കൂടാതെ ക്രിയാധാതു അങ്ങനെതന്നെ ക്രിയാ നാമമായി ഉപയോഗിക്കുന്ന രീതിയും കർസോനിയിൽ ഉണ്ട് .(5.7.11).

12. കാര് ചേർന്നുള്ള വ്യുല്പന്ന നാമത്തിന്റെ ബഹുവചനരൂപങ്ങൾ 'ക്കാർ' എന്ന് കാണുന്നുണ്ട് (5.8.2). 'കാര്' എന്നതിനോട് 'അർ' ചേർന്ന് 'ക്കാരർ' എന്ന ബഹു വചനരൂപവും കാണുന്നുണ്ട് (5.8.4).

13. പ്രതിഗ്രാഹികാവിഭക്തിപ്രത്യയമായി സാമാന്യേന പ്രയോഗിച്ചിട്ടുള്ളത് ഏ എന്ന ദീർഘ സ്വരമാണ് (5.8.5.2). ഉദ്ദേശികാവിഭക്തിക്ക് ഉ്, ഉ, ന്, ക്ക്, ക്കു എന്നിങ്ങനെ രൂപങ്ങൾ കാണുന്നുണ്ട് (5.8.5.6). ആധാരികാ വിഭക്തിക്ക് ഇൽ, കൽ എന്നിവ കൂടാതെ അൽ എന്നൊരു പ്രത്യയം കൂടി കർസോനിയിൽ ഉണ്ട് (5.8.5.7).

15. ഞാൻ, ഞങ്ങൾ, നീ/നീയ്, നിങ്ങൾ, നാം/നമ്മൾ, അവൻ/അവർ, അവൾ, അത്, ഇവൻ, ഇത്, താൻ, തങ്ങൾ - എന്നീ സർവ്വനാമരൂപങ്ങൾ കർസോനിയിൽ ഉണ്ട് (5.8.7).

16. സ്വതന്ത്രങ്ങളും അർധസ്വതന്ത്രങ്ങളും ആശ്രിതങ്ങളുമായ ദ്യോതക പ്രയോഗ ങ്ങൾ കർസോനിയിൽ ഉണ്ട് (5.9).

17. മലായളത്തിന്റെ വാക്യഘടനാരീതിയെ കർസോനി എഴുത്തുസമ്പ്രദായത്തിൽ കണ്ടെത്താം. കേവലവാക്യങ്ങൾ, സംയുക്തവാക്യങ്ങൾ, സങ്കീർണവാക്യങ്ങൾ എന്നിങ്ങനെയുള്ള വാക്യരചനാ രീതികൾ കർസോനിയിൽ ഉണ്ട് (5.11).

6.5 മലയാളത്തിന്റെ സവിശേഷമായ പ്രയോഗമുഖമാണ് കർസോനിയിൽ പ്രക ടമാകുന്നത്. 17,18,19 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന പ്രത്യേകമായ പ്രയോഗവി ശേഷങ്ങൾ കർസോനിയിലൂടെ വെളിവായിരിക്കുകയാണ്. ഇന്നത്തെ മലയാളിക്ക് അപരിചിതങ്ങളായ പദങ്ങളും പ്രയോഗങ്ങളും കർസോനിയുടെ വ്യതിരിക്തതയെ പ്രകടമാക്കുന്നു. മലയാളത്തിനുവേണ്ടി സുറിയാനിയെ മാറ്റിത്തീർത്തതിന്റെ ചരിത്രം കൂടിയാണ് കർസോനിക്കുള്ളത്. എഴുത്തിന്റെ കാര്യത്തിലും പ്രയോഗങ്ങ ളുടെ കാര്യത്തിലും വ്യവസ്ഥാപിത സങ്കല്പങ്ങളിൽനിന്നും മിഷണറി മലയാളമ ടക്കമുള്ള അക്കാലത്തെ പ്രയോഗവിശേഷങ്ങളിൽ നിന്നും ഭിന്നമായ മലയാള മുഖം

കർസോനിയിൽ വെളിവാകുന്നുണ്ട്.

6.6 കർസോനിയുടെ വാക്യവിചാരപഠനത്തിന്റെ സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. തുടർന്നു നടക്കാവുന്ന ഗവേഷണങ്ങളിൽ കർസോനിയുടെ വാക്യതലത്തെ സമകാലികമായ വിജ്ഞാന പരിസരത്തുനിന്നു കൊണ്ട് പഠിക്കാവുന്നതാണ്.

വംശീയഭാഷ എന്ന നിലയിൽ കർസോനിയെ നോക്കിക്കാണാൻ കഴിയുമോ എന്ന അന്വേഷണവും പ്രസക്തമാണ്. സമകാലികജ്ഞാനശാഖകളെല്ലാംതന്നെ ഭാഷയടക്കമുള്ള സാംസ്കാരികചിഹ്നങ്ങളുടെ വംശീയമുഖത്തെക്കുറിച്ച് ഏറെ ജാഗ്രതപ്പെടുന്നുണ്ട്.

# ഗ്രന്ഥ - ലേഖനസൂചി


ആബു, ഒ. 1970 *അറബി മലയാള സാഹിത്യ ചരിത്രം,*
എൻ.ബി.എസ്
കോട്ടയം

ആന്റണി, സി.എൽ. 1989 *കേരളപാണിനീയഭാഷ്യം*
ഡി.സി.ബുക്സ്
കോട്ടയം

1973 ഭാഷാഗദ്യം
*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
(എഡി. കെ.എം.ജോർജ്ജ്)
എസ്.പി.സി.എസ്.
കോട്ടയം

കാൽഡ്വൽ, റോബർട്ട് 1985 *ദ്രാവിഡഭാഷാവ്യാകരണം* (ഒന്നാംഭാഗം)
(പരി. എസ്.കെ.നായർ)
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

കുട്ടികൃഷ്ണമാരാർ 1980 *മലയാളശൈലി*
മാതൃഭൂമി പബ്ലിഷിംഗ് കമ്പനി
കോഴിക്കോട്

ഗുണ്ടർട്ട്, ഹെർമ്മൻ 1991 *മലയാളഭാഷാവ്യാകരണം*
ഏഷ്യൻ എജ്യുക്കേഷണൽ
സർവീസസ്, ന്യൂഡൽഹി

ഗുപ്തൻ നായർ, എസ്. 2001 *ഗദ്യം പിന്നിട്ട വഴികൾ*
ഡി.സി.ബുക്സ്
കോട്ടയം

ഗോപാലകൃഷ്ണൻ, പി.കെ. 1991 *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജലീൽ, കെ.എ. 1989 *ലിപികളും മാനവസംസ്കാരവും*
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജോർജ്ജ്, സി.ജെ 1998 *വാക്കിന്റെ സാമൂഹികശാസ്ത്രം*
ഡി.സി.ബുക്സ്
കോട്ടയം

| | | |
|---|---|---|
| ജോസഫ്, ഇടമറുക് | 1971 | *കേരള സംസ്കാരം*<br>വിദ്യാർത്ഥിമിത്രം<br>കോട്ടയം |
| ജോസ്, എൻ.കെ. | 1972 | *ആദിമ കേരള ക്രൈസ്തവർ*<br>വിദ്യാർത്ഥിമിത്രം<br>കോട്ടയം |
| | 1974 | *കേരള ക്രൈസ്തവ താമ്രശാസനങ്ങൾ*<br>വിദ്യാർത്ഥിമിത്രം<br>കോട്ടയം |
| ജോസഫ്, എം.ഒ. | 1966 | *കേരളവും ക്രിസ്ത്യൻമിഷണറിമാരും*<br>കേരള ഹിസ്റ്ററി അസോസിയേഷൻ<br>എറണാകുളം |
| | 1972 | *കേരള ക്രിസ്ത്യാനികൾ*<br>പ്രകാശം പബ്ലിക്കേഷൻസ്<br>ആലപ്പുഴ |
| | 1972 | മാർത്തോമാ വന്ന കേരളം<br>*സെന്റ് തോമസ് ചരമ ശതാബ്ദിസ്മാരകം*<br>എറണാകുളം |
| ജോസഫ്, കൂർമ്മാങ്കൻ | 1944 | *തെക്കുംഭാഗരും വടക്കുംഭാഗരും*<br>ആലപ്പുഴ |
| ജോസഫ്, ചാഴിക്കാട്ട് | 1940 | *തെക്കുംഭാഗ സമുദായ ചരിത്രം*<br>കോട്ടയം |
| ജോസഫ് ചീരൻ, ഫാ. | 1991 | കർസോനിയും 18-ാം ശതകത്തിലെ ഭാഷയും<br>*ഭാഷാപോഷിണി (ലക്കം 2)*<br>(ഓഗസ്റ്റ്-സെപ്റ്റംബർ)<br>കോട്ടയം |
| ജോസഫ്, പി.എം. | 1995<br>(1984) | *മലയാളത്തിലെ പരകീയപദങ്ങൾ*<br>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്<br>തിരുവനന്തപുരം |
| ജോസഫ്, പുലിക്കുന്നേൽ | 1986 | *കേരള ക്രൈസ്തവ ചരിത്രം - ചില വിയോജനക്കുറിപ്പുകൾ*<br>ഓശാന പബ്ലിക്കേഷൻസ്, പാല |
| ഡാനിയേൽ, കെ.എൻ. | 1952 | *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ* |

| | | |
|---|---|---|
| | | സി.എൽ.എസ്., തിരുവല്ല |
| തരകൻ.കെ.എം. | 1972 | മാർത്തോമ്മാക്രിസ്ത്യാനികളുടെ ആചാരങ്ങൾ<br>*സെന്റ് തോമസ് ചരമ ശതാബ്ദി*<br>സ്മാരകം, എറണാകുളം |
| തിസ്സരാങ്, കാർഡിനൽ | 1960 | *ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ*<br>(വിവ. എ.ഡി.മറ്റം, ജെ.തച്ചിൽ)<br>ദീപിക ബുക്സ്, കോട്ടയം |
| തോമസ്, പി.ജെ. | 1989<br>(1935) | *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*<br>ഡി.സി.ബുക്സ്<br>കോട്ടയം |
| തോമ്മാക്കത്തനാർ, പാറേമ്മാക്കൽ | 1936 | *വർത്തമാന പുസ്തകം*<br>അതിരമ്പുഴ |
| പരമേശ്വരൻപിള്ള, വി.ആർ | 1963 | *പ്രാചീനലിഖിതങ്ങൾ*<br>നാഷണൽ ബുക്ക്സ്റ്റാൾ<br>കോട്ടയം |
| പവിത്രൻ, ടി | 2008 | *എഴുത്തിടങ്ങൾ*<br>കൈരളി ബുക്സ്<br>കണ്ണൂർ |
| പോൾ മണവാളൻ | 1990 | *കേരളസംസ്കാരവും ക്രൈസ്തവ മിഷണറിമാരും*<br>ഡി.സി.ബുക്സ്<br>കോട്ടയം |
| പ്രബോധചന്ദ്രൻ, വി.ആർ. | 1987 | ലിപികൾ സാംസ്കാരിക പശ്ചാത്തലത്തിൽ<br>*മാതൃഭൂമി ആഴ്ചപ്പതിപ്പ്*<br>ജൂൺ 3-9 |
| പ്രഭാകരവാര്യർ, കെ.എം. | 1988 | *മൊഴിയും പൊരുളും*<br>വള്ളത്തോൾ വിദ്യാപീഠം<br>എടപ്പാൾ |
| ബാലകൃഷ്ണൻ, പി.കെ. | 1971 | *ചന്തുമേനോൻ ഒരു പഠനം*<br>എൻ.ബി.എസ്<br>കോട്ടയം |

| | | |
|---|---|---|
| | 1984 | *ജാതി വ്യവസ്ഥിതിയും കേരളചരിത്രവും*<br>എൻ.ബി.എസ്<br>കോട്ടയം |
| ബെനഡിക്റ്റ്, വടക്കേക്കര | 1998 | *മാർത്തോമ്മാക്രിസ്ത്യാനികളുടെ ഉത്ഭവം: ഒരു ചരിത്രാന്വേഷണം*<br>മീഡിയ ഹൗസ്, ദില്ലി |
| മംഗലം, എസ്.ജെ. | 1997 | *പ്രാചീന ഭാരതീയ ലിപിശാസ്ത്രവും മലയാളലിപിയുടെ വികാസവും*<br>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്<br>തിരുവനന്തപുരം |
| മല്പാൻ, പുത്തമ്പള്ളി സെമിനാരിയിൽ | 1907 | *സുറിയാനി മലയാള നിഘണ്ടു*<br>പുത്തമ്പള്ളി മാർത്തോമ്മാശ്ലീഹാ പ്രസ്സ്<br>വരാപ്പുഴ |
| മഹാദേവശാസ്ത്രി, ടി.എച്ച്(വ്യാഖ്യാ.) | 1989 | *ശിവരാത്രിമാഹാത്മ്യം*<br>(നിരണത്ത് രാമപ്പണിക്കർ)<br>കേരളസാഹിത്യഅക്കാദമി, തൃശൂർ |
| മീര മാർക്കോസ് | 2005 | *രഘുവംശം മധ്യകാല വ്യാഖ്യാന പാഠങ്ങൾ*<br>ലേണേഴ്സ് ബുക്ഹൗസ്<br>കോട്ടയം |
| രവിവർമ്മ, എൽ.ഏ | 1971 | *ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം*<br>കേരളസാഹിത്യ അക്കാദമി, തൃശൂർ |
| രാഘവൻ നായർ, കെ.എൻ | 1971 | എഴുത്തു വിദ്യയും ലിപി വികാസവും<br>*വിശ്വവിജ്ഞാനകോശം* (വാല്യം 3)<br>നാഷണൽ ബുക്സ്റ്റാൾ<br>കോട്ടയം |
| രാജരാജവർമ്മ, ഏ.ആർ. | 1999<br>(1896) | *കേരളപാണിനീയം*<br>ഡി.സി.ബുക്സ്<br>കോട്ടയം |
| വർഗ്ഗീസ് അങ്കമാലി &<br>ജോമോൻ തച്ചിൽ, | 2002 | *അങ്കമാലി രേഖകൾ*<br>മെറിറ്റ് ബുക്സ്<br>എറണാകുളം |

ശ്രീധരമേനോൻ, എ. 1979 *കേരളചരിത്രം*
നാഷണൽ ബുക്സ്റ്റാൾ
കോട്ടയം

സ്കറിയാ സക്കറിയ 1989 *ചർച്ചയും പൂരണവും - (മലയാള സാഹിത്യവും ക്രിസ്ത്യാനികളും- പി.ജെ.തോമസ്),*
ഡി.സി.ബുക്സ്
കോട്ടയം

1994 *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ,*
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം

1997 *ഓറിയന്റലിസത്തിന്റെ മുഷ്കും നസ്രാണികളുടെ പ്രതിരോധവും*
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം

സാമുവൽ ചന്ദനപ്പള്ളി 1977 *മിഷണറി മലയാളഗദ്യം- വർത്തമാന പ്പുസ്തകത്തെ അധികരിച്ചുള്ള പഠനം*
(അപ്രകാശിതം)
കേരള സർവകലാശാല

1975 *മിഷണറി മലയാള ഗദ്യമാതൃകകൾ*
ക്രിസ്റ്റ്യൻ ലിറ്ററേച്ചർ സൊസൈറ്റി
തിരുവല്ല

സുകുമാരപിള്ള, കെ. 1980 *കൈരളീശബ്ദാനുശാസനം*
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

സുജാത, പി. 1997 കേരളത്തിലെ ലേഖനസമ്പ്രദായങ്ങൾ
*വിജ്ഞാനകൈരളി*
ലക്കം2, ഫെബ്രുവരി
കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

സേവ്യർ കൂടപ്പുഴ 1980 *ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്*
വടവാതൂർ, കോട്ടയം.

ശ്രീകുമാരി, കെ. 2003 *മലയാളത്തിലെ നാമവർഗം*
താരതമ്യ പഠന സംഘം
ചങ്ങനാശേരി

Asher, R.E. & T.C.Kumari 1997 *Malayalam*
Routledge
London

Brown, L.W. 1956 *The Indian Christians of St.Thomas*
Cambridge University Press
London

Catford, J.C 1974 (1965) *A Linguistic Theory of Translation*
Oxford University Press
London

Emmanuel, Fr. 1961 *Syro Chaldiac Grammar*
Mannanam

Fasold, Ralph. 1987 (1984) *The Sociolinguistics of Society*
Basil Blackwell Ltd
Oxford.

Firth, C.B. 1968 *An Introduction to Indian Church History*
C.L.S.
Bangalore.

Gabriel, Fr. 1972 *Syro Chaldiac Grammer*
Mannanam

Jacob, Kollaparambil 1972 *The Archdeacon of All India*
Kottayam

Krishnamurthi, Bhadriraju 2003 *The Dravidian Languages*
Cambridge University Press
Cambridge

Ploeg, Vander, JPM 1983 *The Christians of St.Thomas in South India and Their Syriac Manu scripts*
Dharmaram Publications
Bangalore

Prabhakara Variar 1979 *Studies in Malayalam Grammar*
University of Madras
Madras

Prabodhachandran Nayar, V.R. 1973 *Malayalam a Linguistic Description*
N.R.P.C.
Kazhakkoottam

Ramachandran, Puthusseri 1973 *Language of Middle Malayalam*
St.Joseph's Press
Trivandrum

Ramaswami Aiyar, L.V. 1940 Eighteenth Century Malayalm Prose Written by Christians
*New Indian Antiquary,* Vol.3, Issue 9-12

1941 The Malayalam of the Missionaries
*Bulletin of the Rama Varma Research Institute*, Vol. IX, Part I, Kerala Sahitya Accademy, Thrissur.

Sreevalsan,T. 1999 *Linguistics Convergence - Konkany- Malayalam Contact Situation*
Unpublished Ph.D Thesis
Calicut University

Thoma Kathanar, Koonammakkal 1997 Malayalam Karshon
*The Harp,*
Vol X, No. 1, 2 March
SEERI, Kottayam

Weinreich, Uriel 1974 *Linguistics in Contact - Findings and Problems*
Monton and Co.
Paris

Zacharia , Scaria 1990 *A Grammatical Analysis of the Early Missionary Malayalam Prose Texts*, (Unpublished Ph.D Thesis)
Department of Linguistics
University of Kerala

## അനുബന്ധം – 1

# രൂപിമസൂചിക

പ്രബന്ധത്തിന്റെ ആറാമധ്യായത്തിൽ നടത്തിയിട്ടുള്ള രൂപവിശകലനത്തിന് ആധാരമാക്കിയ കർസോനിപാഠങ്ങളിലെ രൂപിമങ്ങളുടെ പട്ടികയാണ് ഇവിടെ ചേർക്കുന്നത്. രൂപിമം എന്നു സൂചിപ്പിച്ചെങ്കിലും നിഷ്കൃഷ്ടാർത്ഥത്തിലുള്ള സ്വതന്ത്രരൂപിമങ്ങളല്ല ചേർത്തിട്ടുള്ളവയെല്ലാം. അ – സർവ്വനാമം / ചുട്ടെഴുത്ത് എന്ന് കൊടുത്തിരിക്കുന്നിടത്ത് 'അ' സർവ്വനാമപ്രകൃതി മാത്രമാണ് എന്ന് മനസ്സി ലാക്കേണ്ടതുണ്ട്.

'അനുഗ്രഹ(ം)' എന്ന് അനുസ്വാരത്തെ വലയത്തിനുള്ളിലാണ് കൊടുത്തിരി ക്കുന്നത്. 'അനുഗ്രഹം' എന്ന രൂപം ഇല്ലാത്തതുകൊണ്ടല്ല; വിഭക്തിചേർന്ന രൂപത്തെ (അനുഗ്രഹത്താൽ, അനുഗ്രഹത്തോട്) വിശദീകരിക്കുവാൻ 'അനുഗ്രഹ' എന്ന രൂപമെടുക്കുകയാണ് കൂടുതൽ സൗകര്യമെന്നതു കൊണ്ടാണ് അങ്ങനെ കൊടുത്തിരിക്കുന്നത്. വേർപെടുത്താൻ കഴിയുന്ന പ്രകൃത്യന്ത അനുസ്വാരങ്ങളെ ഇപ്രകാരം വലയത്തിനുള്ളിലാണ് കൊടുത്തിരിക്കുന്നത്.

പ്രയോഗസവിശേഷത കണക്കിലെടുത്ത് ചിലയിടങ്ങളിൽ രൂപസംയുക്ത ങ്ങളെയും ചേർത്തിട്ടുണ്ട്. ഒരു നിലയ്ക്ക് പിരിക്കാവുന്നവയായ 'അതാത്' തുട ങ്ങിയ രൂപങ്ങളും ഈ പട്ടികയിൽ കാണാം. അത് + അത് എന്ന് പിരിച്ചാൽ ഉണ്ടാകുന്ന അർത്ഥമല്ലല്ലോ 'അതാത്' എന്ന് പ്രയോഗിച്ചാൽ കിട്ടുന്നത് എന്നതാണ് അതിനു കാരണം.

ഓരോ രൂപവും കാണപ്പെടുന്ന ഇടങ്ങളാണ് പിന്നീട് കൊടുക്കുന്ന സംഖ്യ കൾ കൊണ്ട് സൂചിപ്പിക്കുന്നത്. അതിൽ ആദ്യത്തെ സംഖ്യ പുസ്തകത്തെയും രണ്ടാമത്തെ സംഖ്യ പുറത്തെയും മൂന്നാമത്തെ സംഖ്യ വരിയെയും നാലാമത്തെ സംഖ്യ പദത്തെയും കുറിക്കുന്നു. 11:1:3:4 എന്നതിന് പതിനൊന്നാം പുസ്തക

ത്തിലെ ഒന്നാമത്തെ പുറത്തിൽ മൂന്നാമത്തെ വരിയിലെ നാലാമത്തെ പദം എന്നാണർത്ഥം.

സംസ്കൃതശബ്ദങ്ങൾക്ക് 'സം.' എന്നും സുറിയാനിശബ്ദങ്ങൾക്കു 'സു.' എന്നും അറബിശബ്ദങ്ങൾക്ക് 'അറ.'എന്നും വലയത്തിനുള്ളിൽ കൊടുത്തിരിക്കുന്നു.

കാരിതപ്രകൃതിയാണ് എന്നു കാണിക്കാൻ (ക) എന്ന് കൊടുത്തിട്ടുണ്ട്.

പുരുഷസർവ്വനാമങ്ങൾ ചുരുക്കെഴുത്തായിട്ടാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. ഉ.പു.പു.ഏ (ഉത്തമപുരുഷൻ പുല്ലിംഗം ഏകവചനം) എന്നിങ്ങനെ.

## അനുബന്ധം – 2

# കർസോനിപാഠങ്ങൾ

രൂപിമവിശകലനത്തിനായി സ്വീകരിച്ച കർസോനിപാഠങ്ങളുടെ പുറങ്ങളാണ് ഇവിടെ ചേർക്കുന്നത്. ഓരോ കർസോനിപാഠത്തിന്റെയും മലയാളലിപ്യന്തരണം അതാത് കർസോനിപാഠത്തിനു ശേഷം ചേർത്തിരിക്കുന്നു. മലയാളലിപ്യന്തരണത്തിലെ വരികൾ കർസോനിപാഠത്തിലെ വരികൾക്ക് തുല്യമായിട്ടല്ല കൊടുത്തിട്ടുള്ളത്. മലയാളലിപ്യന്തരണപാഠങ്ങളിലെ വരികൾ പഠനസൗകര്യത്തിനായി തിരിച്ചിട്ടുള്ളവയാണ്. സുറിയാനിവാക്യങ്ങൾ ലിപ്യന്തരണം ചെയ്തിട്ടില്ല. അവയെ വലയത്തിനുള്ളിൽ സൂചിപ്പിച്ചിരിക്കുന്നു.

പുസ്തകം: 1

പുറം: 1



പുസ്തകം: 1
പുറം: 1

നാൽപ്പതു ദിവ്സം ദെയ്വത്തോടു കൂടേ മേശയിൽ

ഇരുന്നു അപ്പ്ം കൂടാതേ പ്റഭയുട് ഓളങ്ങ്ളിൽ

അവേൻ ഇംപ്പപ്പെട്ടു. അവനൊക്ക്യും വെളിവായി.

ലോകത്തിൽ നിൻദ് അങ്ങോട്ടും അതിൽ നിൻദ് ഇങ്ങോട്ടും

ചെന്നു കാണും എന്നത്നോളവും നുയംപ് അവ്നേ

വെടിപ്പാക്കി. അവൻറേ പടിത്ത്വത്തിൽ ഊന്നി നിരുപിക്കുന്നുവെന്നുംപ്പോൾ

കുരുങ്ങ്പെടാവാനായിട്ട് ശരീരത്തിനടുത്താ

യാവ്ന്ക്ളും രെസങ്ങ്ളും ദുഷിച്ചുതള്ളി.

യാവ്നകളിൽ നിൻദ് ഭോദം ഇരുളായി ആൽമ്മം കെട്ടുപോകുന്നുവെന്ന്

അവ്ൻ അറിഞ്ഞിരുന്ന്തിനാൽ അപ്പത്തിന്നും

വെള്ള്ത്തിന്നും അന്നിയേൻ ആയ്. മൂശേ അവൻറേ

നുയംപു കൊൺട് ദെയ്വത്തേ കൺട് തൻറേ രെഹ്സ്യങ്ങ്ൾ

പടിച്ചു. അവേൻ തിന്നുവെന്നു വരികിൽ ആ

പടിത്ത്വം അവൻ കയ്ക്കൊള്ളുന്നിലാഞ്ഞു. അപ്പത്തിൻറേ

ചുരുക്കവും യാവനകളിൽ നിൻദുള്ള മുടക്കവും പെരുത്ത്

കയ്ക്കൊള്ളുവ്നായിട്ട് വിസ്ത്താരമായ മടി അവൻറേ ഭോദം

അവേന്നുൺടാക്കി. ദെയ്വസുകത്തിൻറേ –

പുസ്തകം: 2

പുറം: 1



പുസ്തകം: 2

പുറം: 1

മാനുഷ്നേ സ്റ്ഷ്ട്ടിക്ക്ണമെന്ന് ദേവം കരുതിയപ്പോൾ
തംപുരാനേ പെറ്റാ കന്നിയാ സ്റി മറിയത്തേയും
കരുതി ഇരുന്ന്വ്ള്കുന്നു. ഇതു കൊൺട്ട്ത്ത്റേ
മാർയാ എന്നും മ്ശിഹാ എന്നും മറിയം എന്നും ഉള്ള്
മീം എന്നാ അക്ഷരം പെരിനു മുൻവരുവാൻ സങ്ങദി
ആയത്. ഇതു സങ്ങദിയിൽ ആലോഹൂസോ എന്ന് മുഴിയും
പെൺവർകമായത്. തംപുരാനേ പെറ്റ് കന്നിയാ സ്റി അമ മറിയം
ഇല്ലാഞ്ഞു (എ)ന്നു വരികിൽ ഭൂമിയും അതിലൊരു സ്റുഷ്ടിപ്പും
ഉൺടാകുവ്ൻ എട വരുന്നുമില്ലാഞ്ഞു. വേദ്പൊസ്ത്ക്തിൽ
വായ്പൻ നിങ്ങളറിയുന്നില്ലാ എന്നും അവയുടേ മൊഴികളുടേ
സാരമുശ്മായാ തിരിച്റിവ് ഇന്നതെന്ന് നിങ്ങൾ അറിയുന്നുമില്ലാ
എന്നതുകൊൺട് അല്ലയോ നിങ്ങൾ വഴിവിട്ടു നടക്കുന്നു എന്ന്
റുമിയാക്കാറരോട് നമ്മുടേ കർത്താവ് തന്നേ
അരുളിചെയ്തിട്ടുൺടല്ലോ. ലൂക്കോസിൻറേ അറിപിൽ
16 (ആം അധ്യായം) സംപൊന്ന്ൻ മരിച്ച് പാതാൾത്തിൽ
ദുഷ്കർമപെടുന്ന നേരത്തിൽ മേൽപ്പോട്ടു നോക്ക്യാറേ
അബറാഹ്ം ബാവായും ലാഅ്സാർ മടിയിൽ ഇരിക്കുന്ന്തും
കൺടാറേ നിൽവിളിച്ച് എൻറേ ബാവ അബെറാഹമേ എൻറേ
മേൽ മൻസലിവു തോന്നി എൻറേ നാവു നൻപ്പാൻ
ലാഅ്സാറിനേ പറ്ഞ്ഞ്യ്ക്കണമേ എന്ന് അപേക്ഷിച്ചു എന്ന്
ചുല്ലി ഇരിക്കുന്നു. ഈ മരിച്ചവൻ ജീവിച്ചിരുന്ന്പോൾ ദെയ്വതോട്
തിരിച്ചറിഞ്ഞ് അപേക്ഷിപ്പാൻ എട വന്നില്ലാ എൻകിലും മരിച്ച
ശേഷ്വും ദെയ്വമേ മനസലിയപെട്ടുകൊള്ളണമേ എന്നല്ലാതേ
എൻറേ ബാവാ അബെറഹ്മേ എൻറേ മേൽ മനസലിയപെടണമേ
എന്ന് അപേക്ഷിപ്പാൻ എട ആയത് എൻതാകുന്നു.

പുസ്തകം: 3

പുറം: 1



പുസ്തകം: 3
പുറം: 1

**കാദീശെ**

ശുദ്ദമാക്കപെട്ട്വ്രുടെ മേലുള്ളാ എക്ബേകേളുട് പൊസ്ത്തകത്തിൽ

മാർ അപ്റേയ്ം മൽപ്പാൻ എഴുതി ഇരിക്കുന്ന്ത്. (സുറിയാനി)

തിര്ഞ്ഞെടുത്ത്വരും ശുദ്ദമുള്ളവെരുമായാ ശ്ലീഹേമാരേ ലോകത്തിന്ന്

തുണക്ളേ ഒഴുക്കുന്ന ആറുകളേ നിങ്ങ്ളേ ചമച്ച്

നിങ്ങ്ളുടേ അസ്ത്തികേളുടേ നിക്ക്ഷവതിൽ പിന്നെയും തൻറേ

ശക്ക്തിയേ പൊറുപ്പിച്ചു വന്നയവേൻ വാഴുത്ത്പെട്ട്വേനാകുന്നു.

ഞങ്ങൾക്കു വേൺടി നിങ്ങ്ളുടെ കർത്താവിനോട് പ്രാർത്തിക്കപ്പെടുവിൻ

എന്നു ചൊല്ലി ഇരിക്കുന്നു. ആറുകെൾ എന്ന്

ചൊല്ലിയതു വെള്ളമാകുന്നു. വെള്ളം കുടിപ്പാനും കുളിപ്പാനും

നല്ലതാകുന്നു. മുകം കഴുകുവാനും കവുൾ കൊള്ളുവാനും

നല്ലതാകുന്നു. കയ്കാലുകളെ കഴുകുവാനും നല്ലത്കുന്നു.

ഉടുപുക്ളേ അലക്കുവാനും വ്റുഖ്ഷ്ങ്ങളേ നന്പ്പാനും

വെള്ളം വേണ്ടിയിരിക്കുന്നു. വയലുകളിൽ ക്റുഷി ചെയ്വാനും

പർംപുകേളിൽ നടുതലക്ളെ മുളപ്പാനും വളർത്തുവ്നും വെള്ളം

വേൺട്ട്പ്പെടുന്നു. കാപലങ്ങൾ ഉണ്ടാകുവനും വെള്ളം വേൺട്ടപ്പെടുന്നു

ഉഷ്ണ്ണത്തെ കൾവാനും തീയെ കെടുത്തുവാനും

വെള്ളം പ്ടന്ന് വേൺടപ്പെടുന്നു. മാനുഷരും മ്റുഗങ്ങളും

പർവകേളും ഉർവകളുംജി കുടിച്ച് ജീവിച്ചിരിപ്പാനും

വെള്ളം വേൺട്ട്പെടുന്നു. പൂമിളം പൂമിയിൽ പെട് സക്ലാ

വസ്തുക്കളും വെള്ളത്താൽ ജീവിക്കുന്നു. ഭൂമിയും വെള്ളതാൽ

ഉൺടായിരിക്കുന്നു. മല്സ്യങ്ങൾ മുതലിത്

ഒക്ക്യും വെള്ളത്താൽ ഉൺടായിരിക്കുന്നു.

പുസ്തകം: 4

പുറം: 1



പുസ്തകം: 4
പുറം: 1

(സുറിയാനി)..

തംപുരാൻറേ ക്റുപയാലേ കൊല്ലം ആയിരാമാണ്ട്

കന്നി 29 യിൽ ഖദ്മാർ യോഹൻ ഒൻഗിസ്തയുടേ നാമത്തിൽ

പുന്നത്ത്റേ കുര്യൻ മെത്റാച്ചനേ കൊണ്ട് കൊനാട്ട് 104

അപ്റ്ഹം മല്പ്പൻ ആയാ ഞാൻ ഈ പാംപാക്കുടേ

പള്ളിക്കു കല്ലിടീച്ച് ഖുർബാൻ ചൊല്ലി തന്നതു ചിലവ്കേളാലേയും

സ്നേഹിതരുടേ തുണയാലേയും പള്ളിയും മുറിയും പണീച്ചു.

∴ എൻറേ ശേഷം എൻറേ തറവാട്ടിൽ ഇലപെടുന്നു എന്ന്

എൻറേ പിൻവാഴിച്ചക്കാരായാ പട്ടക്കാർ മുറക്കു

പള്ളിമേൽ അവകാശപ്പെട്ടും ഭക്ക്തിയോടേ ബരിച്ചും

മുതൽ എടുത്ത് കയ്കാര്യം എന്നും നടന്നു കൊള്ളണം ∴

(സുറിയാനി)...

പുസ്തകം: 5

പുറം: 1



പുസ്തകം: 5
പുറം: 1

(സുറിയാനി)

തംപുരാൻറേ കിറുപയാലേ കൊൽലം ഒരായിരാമാണ്ട് കന്നി 29 ആം

തിയതി ഖാദിശ് മർ യോഹൻ ഒൻഗിസ്തയുടേ നാമതിൽ മല്യാളത്തിനുടേ

മർ ദിവൊൻനാസിയോസ് ആയ പുന്നത്റേ

കുറയ്ൻ മെത്റൊപൊലിതായേ കൊണ്ട് കൊനാട്ട്

102 (അ)പ്റഹ്ം മൽപ്ൻ എന്ന ഞാൻ ഈ പാംപാക്കുട്

പള്ളിക്കു കല്ല് ഇടുവിച്ച് ഖുർപ്ൻ ചൊല്ലി തന്നത് ചിലവേറിപ്പുകളാലേയും

സ്നേഹിതരുടേ തുണയാലും പള്ളി

പണിയും മുറി പണിയും നടത്തി ⁙

(സുറിയാനി)

എൻറേ കാലശേഷം എൻറേ കുടുമ്മത്തിൽ എൻറേ പദവിയിൽ

ഇലപ്പെടുന്നു എന്ന് എൻറേ പിൻ വാഴിച്ചക്കാറായ്രാ പട്ടക്കാർ

മുറമുറയാ അവകാശപ്പെട്ടു അതാതുകാലത്തു ഭക്തിയോടെ

ഭരിച്ചും മുതലിടപേട്ട് വ്സ്ത്തുവകെക്ൾ കയ്കാര്യം

ചെയ്തും നടന്നു തംപ്പുരാൻ കർത്താവിൻറേ മനോഗുണവും വാഴുവും

കയ്ക്കൊള്ളട്ടേ ⁙

പുസ്തകം: 6

പുറം: 1



പുസ്തകം: 6
പുറം: 1

(രണ്ടു വരി സുറിയാനി)

ആദിയിൻകൽ തംപുര്ൻ ഒന്നാം ദിവ്സം ഞായ്റാഴിച്ചയിൽ

ആകാശവും പൂമിയും സ്റുഷ്ടിച്ചു. പൂമി ഒഴിയപ്പെട്ടതും

ചമയമില്ലാത്തതും ആഴത്തുമ്മേൽ ഇരുളും ദെയ്വാൽമാവ്

വെള്ളത്തുമ്മേൽ വാസിച്ചുമിരിക്കെയിൽ ദെയ്വം

വെളിച്ചമുൺട്കട്ടേ എന്ന്രുളിച്ചെയ്തു. (സുറിയാനി വാക്ക്)

ദെയ്വം വെളിച്ചവും ഇരുളും തമ്മിൽ രൺടായി തിരിച്ചു. വെളിച്ചത്തിന്നു

പകൽൻദും ഇരുളിന്ന് രാവെന്നും പേരുവിളിച്ചു.

അന്തിയും മയ്യലുമുൺടായതിനാൽ ഒൻദാം ദിവസമുൺടായി.

അതായത് ഓനാഗറിനെ ആകാശത്തിന്നും ഹന്നായേ പൂമിക്കും

ഉപമയാക്കിയിരിക്കുന്നു. ആഴത്തുമ്മേലുള്ള ഇരുൾ ഹന്നാക്കുള്ള

മനോദുക്കമാകുന്നു. പൂമി ഒഴിയപ്പെട്ടതും ചമ്യമില്ലാത്തതുമായിരുന്നുവെന്ന്

ചൊല്ലിയത് ഹന്നാക്ക് മക്കളില്ലാതേ

മച്ചി ആയ്രുന്നുവെന്നാകുന്നു. അങ്ങനേ ഇരിക്കെയിലേ

വെളിച്ചമുൺടാകട്ടേ എന്ന് ദെയ്വം അരുളിചെയ്തത്

അത് ഹന്നാക്ക് ഗെർഭമുൺടായി പെറുമെന്നദ് അറുവിച്ചാതകുന്നു.

(സുറിയാനി) എനദു ചൊല്ലിയത് തംപുരാനേ

പെര്രമ്മ പ്റക്കപ്പെട്ടുവെന്ന് ആകുന്നു.

പുസ്തകം: 7

പുറം: 1



പുസ്തകം: 7
പുറം: 1

(കഹനൈത്താ -അച്ചന്മാരുടെ കബറടക്കത്തിന്റെ ക്രമം)

കത്തങ്ങളും ശേമ്മാശ്ശ്മ്മാരും മേത്റാൻമാരും റംപൻമാരും
മരിച്ചാൽ അടക്കേൺടും ക്റമങ്ങൾ എഴുതുവൻ
തുട്ങ്ങുനു. ശവം കുളിപ്പിപ്പാൻ തുടങ്ങുന്നതിനു
മുന്നം അയാൾക്കെടുത്ത് കുപ്പായമൊക്ക്യും തൊപ്പിയും
തല്പ്പാവും കാസായും പീലാസയും ചരിപ്പും കല്മീസും
റീമീസും ..... കരുതികൊൺട് കുളിപ്പിപ്പാൻ
തുടങ്ങണം. കത്തങ്ങളേ കത്തങ്ങളും ശെമ്മാശ്ശമ്മാരേ
ശെമ്മാശ്ശമ്മാരും കുളിപ്പിക്കണം. കുളിപ്പിച്ചാലുടൻ
ആ കുപ്പായവും കമ്മീസും ഇടീച്ച് നമുസ്കരിക്കുന്നത്
(സുറിയാനി)

പുസ്തകം: 8

പുറം: 1



പുസ്തകം: 8
പുറം: 1

(ലക്സീസ)

- ലത്തീൻ ഭാഷ
- മല്യാൻ അക്ഷഷരം അൻപത്തൊന്നും പെൺ വർഗ്ഗമാകകൊൺട് സുറിയാനിയും പെൺ വർഗ്ഗമാക്കി
- ഹിൻദിയുസ്ത്താനി = മലയാള ഭാഷാ
- ബഹുവർഗ്ഗമെന്നു തോന്നും ഏകവർഗ്ഗമാകുന്നു
- നീളം കുറഞ്ഞ രോമം
- നീളമുള്ളതും പട്ടുപോലേ മിനുക്കമുള്ളതുമായ രോമം
- മരത്തിൻറേ പട്ട
- പഞ്ഞി. അർപുഭാഷയിൽ ---------- എന്ന
- മരത്തിൻറേ പട്ടിനു പറയും

പുസ്തകം: 9

പുറം: 1



പുസ്തകം: 9
പുറം: 1

ബാവായും പുത്ത്റ്നും റൂഹാവുഖുദ്ശ്യും മൂവരും
ഏക് സൊരൂപ്മായാ തംപുരാനേ നിൻറേ തിരുമുന്ന്ൽ
അറിഞ്ഞും അറിയാത്യും മനസാൽയും മനസു
കൂടാത്യും നിനവ്കൊൺടും വചനംകൊൺടും പ്റവ്ത്തി
കൊൺടും ഞാൻ പിഴച്ച പിഴകൾ ഒക്കെയും
എനോട് ക്ഷമിച്ച് പൊറുത്തുകൊള്ളണമേ
വെടിപ്പാൽയും ശുദ്ദതയാൽയും നിൻറേ തിരുമുന്നിൽ
ചുര്രാഴ്മ ചെയ്തു എന്ന് പട്ട്ക്കാര്രും മേപ്പട്ട്ക്കാറ്രും
ഒക്കെ കുറിച്ച് ഇനിക്കു വെടിപ്പും ശൂദ്ദതയും
തരണമേ. ഞങ്ങളുടേ കർത്താവായാ ഈശോ മ്ശിഹാ
ഞാൻ യോഗ്യ്നാകുന്നില്ലാ എൻകിലും നിന്നേ
പെര്രമ്മയുടേയും നിൻറേ ശുദ്ദമാക്പ്പെട്ടവേർ എല്ലാവ്രുടേ
നമുസ്ക്കാരത്താലയും നിൻറേ ശുദ്ദമാനാ
ശരീരവും ചോരയും ചുര്രാഴ്മ ചെയ്വാൻ ഇനിക്കു
യോഗ്യത തരണമേ. ഇപ്പോൾ എൻറേ ദോഷങ്ങളായാ
അഴ്ക്കു കുപ്പായങ്ങൾ എന്നിൽ നിന്ന് ഉരിഞ്ഞ് എന്നേ
കഴുകി നിൻറേ ഭങ്ങിക്കൊത്ത നല്ല കുപ്പായം എന്നേ
ഇടീക്കണമേ.

പുസ്തകം: 10

പുറം: 1



പുസ്തകം: 10
പുറം: 1

കത്ത്ങ്ങ്ളും ശെമ്മാശെമ്മാരും മരിച്ചാൽ അട്ക്കുന്നാ

ക്റെമങ്ങ്ൾ ∴ ശവം കുളിപ്പിപ്പൻ തൊടങ്ങ്ന്നുമ്പോൾ

അയാൾക്കു അടുത്താ കുപ്പ്യങ്ങ്ളൊക്കേയും തൊപ്പ്യും

തൽപ്പവും കാസയും പിലസായും ചെരിപ്പും കെയ്ത്തേയം

ക്രുതി കൊൺട് കുളിപ്പിപ്പൻ തൊട്ങ്ങ്ണം. എന്നാൽ

കത്ത്ങ്ങ്ളേ കത്ത്ങ്ങ്ൾ കുളിപ്പിക്കണം. ശെമ്ശെമാരെ

ശെമ്ശെന്മാർ കുളിപ്പിക്കണം എന്നാതിൽ കുളിപ്പിക്കുംപോൾ

നമ്സ്ക്കരിക്ക്ൺടുന്നാ നമ്സ്ക്കര്ങ്ങൾ ∴ (സുറിയാനി 12 പുറം)



പുസ്തകം: 10
പുറം: 13

ഇത് എല്ലാം ചൊല്ലി നംസ്ക്ക്രിച്ച് കുളിപ്പിചതിൻറേ
ശേഷം കാൽകുപ്പ്യവും കമ്മിശെയും ഇടീച്ച് കാൽകളുമേൽ
ചെരുപ്പും ളോകായും ഇടീച്ച് തലാമുൺട് ഇടീക്കുംപോൾ
ചൊല്ലേൺട്ന്നത് ∴ (സുറിയാനി 1 പുറം)

പുസ്തകം: 10

പുറം: 14



പുസ്തകം: 10
പുറം: 14

ഇത് എല്ലം ചൊല്ലി കുപ്പ്യങ്ങളും ഇടീച്ച് തലേയിൽ തൊപ്പ്യും

ഇടീച്ച് തൽപ്പാവും ചുര്രിച്ച് വല്ത്തേ കയ്ക്ക് പട്ടുകൊൺടുള്ളാ

ഒറേയും ഇടീച്ച് എടുപ്പു ഖബറിൽ പക്ർത്തി കയ്കളിൽ

കസായും പിടിപ്പിച്ച് വീട്ടിൽ നിൻദ് രണ്ടു മാവ്തബായും

അതിനടുത്ത നോനാത്കളും മദ്ർശ്കളും ചൊല്ലി

കത്ത്ങ്ങ്ളും എൻകിലും ശെമാശെന്മാരേ എൻകിലും

അത്യൻറേ മര്യാതെക്ക് തക്ക്വണം ഖബ്റും

എടുത്തു പിർപ്പ്ടുംപോൾ (സുറിയാനി)

പുസ്തകം: 11

പുറം: 1

[illegible]

പുസ്തകം: 11
പുറം: 1

ബാവായും പുത്ത്റ്നും റൂഹാദ്ഖുദിശായും എന്നാ മൂന്നു പേരും മൂന്നു ദേഹ്വും സത്ത്യാമുള്ളാ ഒരുവൻ തംപുർൻറേ തിരുനാമത്താലേ തനിക്കു സ്ത്തുതി. നമുടേ മേൽ തൻറേ അനുഗ്ര്ഹ്ങ്ങളും മൻഗുണവും അത് എന്നും എന്ന്നേക്കും ആമീൻ. ബാവായുടേ തനിയൻ പുത്ത്റനായാ നമ്മുടേ കർത്താവ് ഈശോമിശിഹാ എല്ലാ ലോകങ്ങളുടേയും മുന്നൽ ബാവായിൽ നിന്ന് പിറ്ന്നവ്നാകുന്നു. അത് ദെയ്വം തന്നേ അറിയുന്നു. ആയതിനാൽ അത്രേ ബാവാ എന്ന് തിരുനാം പ്രു പറയുന്നത്. (രണ്ടുവരി സുറിയാനി)

എന്നാ നാന്നാലു മുകമുള്ളവരും ആറാറു ചിറകുള്ളവരും സമൂലം കൻങ്ങൾ(?) നിറഞ്ഞവരും തീ ഉടുത്ത് എരുതീ പൊതച്ചവരും ആയാ മലാകേമാര്യും സ്റുഷ്ടിച്ചതും അവരുടേ കർമങ്ങളും നിലകളും (സുറിയാനി) എന്നാ സ്തുതിപ്പുകേളും കൽപിച്ച് ആക്കിയതും പുത്ത്റൻ തംപുരാൻ തന്നേ ആകുന്നു. എത്ത്റയും പ്റഭല്ലിയാ -

പുസ്തകം: 12

പുറം: 1



പുസ്തകം: 12
പുറം: 1

(6 വരി സുറിയാനി)

പെരുനാൾ കൊൺട് ചൊല്ലി അനേകരും മോക്ഷപ്പെട്ട്

രാച്ക്ക്ൾ ഒരു നാട്ടിൽ എഴുന്നെള്ളുവാൻ തുടങ്ങുംപോൾ

അതിന്ന് മുൻപേ തൻറേ മനിഷ്ടങ്ങളേ ചാത്ത്റാക്കും.

ഈ വണ്ണം തന്നേ മശിഹാ ഈ ലോകത്തുങ്കൽ താൻ

എഴുന്ന്ള്ളുന്നതിന്ന് മുൻപേ തൻറ് മനിഷ്ട്ം ആയാ

യോഹ്നൻ മംദാനായേ ചാത്ത്റാക്കി. മാനുഷരായ

നമ്മുട് ആൽമ്മാവ്ക്കളേ സവുട്ടം (?) ആകുവാനും മശിഹാടേ

വഴി ഒപ്പിപ്പാനും ഇതുമ്മേൽ ഗബ്റ്ഈൽ മൽകാ യോഹനാനേ

ഗെർപെനിക്കും മുൻപേ കർയാ എൻറ തൻറേ അപ്പനോട്

ചൊല്ലി (നാലുവരി സുറിയാനി)

പുസ്തകം: 13

പുറം: 1



പുസ്തകം: 13
പുറം: 1

ബ്ഹാദ്മ്ശാകോ (ഞായറാഴ്ച)

പ്റ്യമുള്ള്വരായ് എൻറേ കൂടപിർപ്പുക്ളേ എല്ലാ

ദിവ്സം പോലേ ശുദ്ദ്മാന് ഞായറാഴിച്ച ദിവ്സത്തേ

കരുതി അവമാനിക്കുന്നത് പെരുത്തുപെരുത്ത്

വലിയ ദോഷം തന്നേ ആകുന്നു. ദെയ്വമാർഗം

അറിയുന്നില്ലാത്ത് കാവിയേർ ഞായ്റാഴിച്ച അഴിക്കുന്നതുപോലേ

ക്റിസ്ഥ്മദ്ത്തിൽ ഉൾപ്പ്ട്ട്

ക്റിസ്ഥ്യാനികേൾ ശുദ്ദ്മാന ഞായ്റാഴിച്ച

അഴിച്ച് അതിൽ പലരും കാണേ കന്നുകാലി പൂട്ടുകേയും

മര്രും വേല എടുക്ക്യും എടുപ്പിക്ക്യും ചെയ്യുന്ന്ത്

പര്ചേദ്മായ്ട്ട് നമ്മുടേ കർത്താവ് ഈശോൻ

മ്ശീഹായേ അപമാനപ്പെടുത്തുന്നതാകുന്നു. തങ്ങൾ

തങ്ങളാൽ കഴിയുന്നതുപോലേ ദെയ്വമാർഗത്ത് വളർത്തുന്നതും

ദെയ്വകൽപന പോൽ ശുദ്ദ്മാന പള്ളിക്ക്

ഖിഴമർന്ന് നടക്കുന്നതുമത്ത്റേ കൊള്ളാകുന്നവരുടേ

പ്റവർത്തി ആകുന്നത്. ദെയ്വകല്പനാ പര്യുന്നത്

ചെവികൊൺടു കേട്ട് തല കുലുക്കുവാൻ അല്ലാ

പിന്ന്യോ കേട്ട് ഹ്റ്ദയത്തിൽ സൻക്രഹിച്ച്

അതിൻ പ്റകാരം പ്റവർത്തിച്ച് നടപ്പാനാകുൻദു.

എൻറേ കൂടപിറ്പ്പുക്ളേ ദെയ്വത്തിന്ന് അതികപക്ഷമായി

ഇരിക്കുന്നതും എല്ലാ ജെനങ്ങളും ബെഹുമാനിക്കുന്നതുമെന്നാ

ഞായാർഴിച്ച് ദിവ്സത്തിൻറേ വലിപ്പവും ശക്തിയും കുറഞ്ഞൊ -

**പുസ്തകം: 14**

**പുറം: 1**



പുസ്തകം: 14
പുറം: 1

(രണ്ടുവരി സുറിയാനി)

ആതിൻകൽ തംപുരൻ ഒന്നാം ദിവ്സം ഞായ്റാഴിച്ചയിൽ

ആകാശവും ഭൂമിയും സ്റുഷ്ട്ടിച്ചു. ഭൂമി ഒഴിയപ്പെട്ട്തും

ചമ്യമില്ലാത്ത്തും ആഴ്ത്തുമേൽ ഇരുളും

ദെയ്വത്തിൻറേ റൂഹാ വെള്ളത്തുമേൽ വാസിച്ചുമിരിക്കയിൽ

ദെയ്വം വെളിച്ച്മുൺടാകട്ട് എന്ന്രുളിചെയ്തു.

(സുറിയാനി) വെളിച്ചമുൺടായ് ദെയ്വം വെളിച്ച്വും

ഇരുളും തമ്മിൽ രൺടായ് തിരിച്ചു. വെളിച്ചത്തിന്നു പകലേന്നും

ഇരുളിന്നു രാവെന്നും പേരു വിളിച്ചു. അന്ത്യും

മയ്ലും ഉൺടായ്തിനാൽ ഒന്നാം ദിവ്സം ഉൺടായി.

അതായത് യോനാഗേറിനേ ആകാശത്തിനും ഹന്നായേ

ഭൂമിക്കും ഒപ്പമാക്കി ഇരിക്കുന്നു. ആഴ്ത്തുമേലുള്ളാ ഇരുൾ

ഹന്നാക്കുള്ളാ മനോദുക്ക്മാകുന്നു. ഭൂമി ഒഴിയപ്പെട്ട്തും

ചമയ്മില്ലാത്ത്തും ആയ്രുന്നുവെന്നു ചൊല്ലിയത്

ഹന്നാക്കു മക്ക്ൾ കൂടാതേ മച്ചി ആയ്രുന്നുവെന്നാകുന്നു.

അങ്ങ്നേ ഇരിക്കയിൽ വെളിച്ച്മുൺടാക്ട്ട്-

പുസ്തകം: 15

പുറം: 1



പുസ്തകം: 15
പുറം: 1

(രണ്ടുവരി സുറിയാനി)

നമ്മുടേ കർത്താവിൻറ് കൂട്പിർപ്പ് ശുദ്ദ്മാനാ യാക്കോബ്

പൊതുവിലുള്ള തൻറ് കുറിയിൽ നിങ്ങളിൽ

നിൻറ് ഒരുത്ത്ൻ രോഗി ആയിരികുന്നു

എൻകിൽ പള്ളിയുടേ ഖശീശേമാരേ വിളിച്ച് അവൻറ്

മേൽ അവ്ർ നമുസ്ക്കരിച്ച് നമ്മുടേ കർത്താവ് ഈശോ

മ്ശ്ഹായുടേ തിരുനാമ്ത്തിൽ അവ്നേ എണ്ണ പൂശ്ണാമെന്നും

വിശ്വാസ്ത്തിൻറാ നമ്സ്ക്കരം രോഗി ആയിരിക്കുന്ന്വ്നേ

പൊറുപ്പിച്ചു നമ്മുടേ കർത്താവ് അവ്നേ

എഴുന്നേൽപിക്കുമെന്നും ദോഷ്ങ്ങൾ അവൻ ചേതിരിക്കു

എൻകിൽ പൊർക്ക്പ്പെടുന്നു എന്നും പുണ്ണിയവാളർ അതിൽ

നമുസക്കരിക്കുന്നു എന്ന് നമസ്ക്കാരത്തിൻറ് ശക്തി

വലിതാകുന്നു എന്നും ചൊല്ലിരിക്കുന്നു.

പുസ്തകം: 16

പുറം: 1



പുസ്തകം: 16
പുറം: 1

(നാലുവരി സുറിയാനി)

ഇത്ല്ലോ ലോക്തിൻറേ അതിൻറേ ദോഷ്ം

എടുക്കുന്നു (സുറിയാനി) ആ തംപുരാൻറാ ത്ൻറ കുഞ്ഞട്

(സുറിയാനി) കർതാവേ അടിയത്തിൻറേ ആൽമ്മാവിൽ നീയ്

എഴുന്ന്ള്ളുവാൻ അട്യേൻ യോക്കിയനാകുന്നില്ലാ.

പിന്ന്യോ നിൻറേ തിരുവച്ന്ത്താലേ തനേ

നീ അരുളിചെയ്കാ അടിയതിൻറേ ആൽമം പൊറുക്കപെട്ടും

(സുറിയാനി) എനൽ എന്നദു കൻയാസ്റി മർത്ത

മ്ർയം ഉമ്മായിൽ നിന്ന് ഗബ്റ്യേൽ മാലകാടേ

വചന്ം പോൽ റൂഹാദ്ഖുദ്ശായിൽ നിന്ന്-

217

ORTHODOX THEOLOGICAL SEMINARY KOTTAYAM

[illegible]

പുസ്തകം: 17
പുറം: 1

(നിഘണ്ടു)

- രാത്ത്റിയിൽ പാടുന്ന പക്ഷി.
- എടാവിദാനം
- എടവിദാനത്തിൻടുത്ത്വൻ
- സിമ്ഹമാസം
- ബാവാ
- ബാവാ
- വെളിവുകളുടേ ബാവാ
- ഇത് ചൊല്ലപ്പെടുന്നു
- കനി. കാപലം
- തിമ്മ ചേയ്തു
- വർദ്ദിപ്പിച്ചു. വളർമിപ്പിച്ചു
- മുടൻത്ൻ. ഒരു രാജാവിൻറേ പേരും

പുസ്തകം: 18

പുറം: 1

[illegible]

പുസ്തകം: 18
പുറം: 1

- കുളം. അതിൽ വെള്ളം കൂട്പെടുന്നാ താണ ഇടം.

- അറപ്പുകേട്ടു. നാണംകേട്ടു പറഞ്ഞു.

- ചിര്രാഴ്മ്മാ.

- പിടിപ്പാൻ കയിവശ്മാകുന്ന്യത്ത്റാ കയ്യിൽ പിടിച്ചു.

- ഇർങ്ങി. മേൽ വന്നു. (സു.) ഇറക്കി വാസിപ്പിച്ചു.

(സു.) കുടി ഇരുന്നു. (സു.) ആ എടങ്ങ്ളിൽ നിൻദ് (സു.) പ്റത്ത്യോഗ്മാ

യിട്ട് ദേയ്വകാരിയങ്ങ്ളിൽ പേരുമാറുന്നു

എന്നു ചൊല്ലുന്നു. ദേയ്വതിരുനാമത്തിൻറ്യും

ആകാശ്ത്തിന്ന്ടുത്ത് ഗുൺവ്ദ്യാര്ങ്ങ്ളുടും

പ്റകാര്വും വാസ്പ്പും തിരിച്ച്റിവാൻ നാം മൻസാകുംപോൾ

ഇത് തിരിച്ചറിവാൻ (സു.)

- കുടം. ഭര്ണി (സു.)

- ഇഗ്നാഥോസ് തന്നേ.

- ചാരികിട്ന്നു. ചാരിച്ചു.

- ചെർയാ പാത്ത്റം. ചെറിയ ഭ്ര്ണി.

[illegible]

പുസ്തകം: 19
പുറം: 1

- ഒന്ന് ആയിരം
- പേര്
- എട വെതന്ം  അവ്കാശം
- ഒരുത്തൻ പേര്
- എടവിതാനത്തിന്ന് അടുത്താ വസ്ത്തു
- ആര്യുന്ന് അന്നേഷിച്ചു
- ചേർയാ കടുത്ചുകൾ(?) നുർക്ക്
- വയ്ത്ത്യം ഒള്ള പുല്ലിൻറേയും മര്ത്തിൻറേയും പേര്
- ഒരു തരം വരാ

പുസ്തകം: 20

പുറം: 1

[illegible]

പുസ്തകം: 20
പുറം: 1

ഇതു കൂടാതേ പിന്ന്യും (സുറിയാനി) എന്ന് മാർ പഥ്റോസ് ശ്ലീഹേയുടേ
ഒന്നം കുറി----- പ്സോഖ്യിൽ ചുല്ലി ഇരിക്കുന്നു
പ്റകാരം പല പൊസ്ത്തകത്തിലും ചൊല്ലി ഇരിക്കാറുണ്ട്
പ്റവ്ർത്തികളാൽ മാനുഷ മക്കൾ പുണിയപെടുന്നുവെന്നും
വിദിയുടേ ദിവ്സത്തിൽ അവെനവെൻ ചെയ്തിരിക്കുന്നാ പ്റവ്ർത്തികളുടേ
കൺക്കും പ്റ്കാരം നൻമ്മാ അനുഭവിക്കുന്ന്ത് പ്റവ്ർത്തികെളാൽ
ആകുന്നുവെന്നും പൽസാക്ക്ഷി കെളിൽ നിന്നും ഇപ്പോൾ നിങ്ങൾ കേട്ടുവല്ലോ ∴
അപ്പോഴോ എൻൻറേ കൂടപിർപ്പുക്ളേ മഹാ രോഗിയാ ഒരുത്തൻ
കീർത്തിയുള്ള് ഒരു വയ്ദിയൻറേ അടുക്ക്ൽ ചെന്ന് രോഗ്ങ്ങളേ
ബോദിപ്പിച്ച് ഇന്ന രോഗമെന്നും ഇന്ന ഇന്ന ചിക്ൽസകേൾ ശാസ്ത്ർത്തിൽ
കൽപ്പിച്ചിരിക്കുന്നുവെനും മഹാ വയ്ദിയൻ ഗ്രെന്തം വായ്ച്ചു കേട്ടാൽ
മഹാ രോഗിക്ക് ദീനത്തിന്നു ഏതാനും സവ്ക്കിയമുൺടു ഇല്ലാ പിന്നിയോ
രോഗത്തിന്നു വേണ്ടുന്ന നല്ലവ്ഷിദ്ങ്ങൾ മുതലിത് സേവിച്ചാൽ രോഗം ശമിക്കും
അതിനാലേ വയ്ദിയനു മാനവും ഉപാകാര്വും വർദ്ദിക്കയും ചെയ്യും ∴

അ - പ്ര.പു.സർവ്വനാമം/ചുട്ടെഴുത്ത്
1:1:3:1
1:1:3:3
1:1:4:3
1:1:4:4
1:1:5:5
1:1:6:2
1:1:6:5
1:1:8:3
1:1:10:1
1:1:11:5
1:1:13:2
1:1:14:2
1:1:16:4
1:1:17:1
2:1:1:4
2:1:16:1
2:1:3:4
6:1:13:3
7:1:4:2
9:1:12:4
10:1:3:1
11:1:4:3
11:1:7:4
11:1:13:1
12:1:3:1
13:1:3:2
13:1:8:2
13:1:9:4
13:1:9:5
13:1:11:2
13:1:12:2
13:1:12:5
13:1:14:2
13:1:18:1
14:1:15:1
15:1:4:5
15:1:5:1
15:1:6:3
15:1:8:4
15:1:9:3
15:1:10:5
16:1:1:3
18:1:4:2
20:1:5:3
20:1:6:4
20:1:8:1

അ- തൻവിനയെച്ച പ്രത്യയം
14:1:4:4
14:1:15:2

അ - നടുവിനയെച്ച പ്രത്യയം
1:1:7:1
3:1:6:4
6:1:2:5
6:1:11:3
13:1:9:3
13:1:9:4
20:1:14:5

അ - പേരെച്ച പ്രത്യയം
